5. ധനകാര്യം

## 2014–2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി, ശ്രീ പി. ജെ. ജോസഫ്, അങ്ങേയ്ക്ക് ശുദ്ധജലവിതരണവും ശുചീകരണവുമെന്ന XX–ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ജലസേചനമെന്ന XXXVIII–ാം നമ്പർ ധനാഭ്യർത്ഥനയുടേയും, നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങേയ്ക്ക് നഗരവികസന മെന്ന XXII–ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കെതിരെ 7–ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014–2015 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014–2015

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 3–2–2014–ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക. | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ രൂപ. |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂല ധനം (രൂപ) | |
| 1 | 2 | 3 | 4 | 5 | 6 | 7 |

| | | | | | | |
|---|---|---|---|---|---|---|
| **XX** | ശുദ്ധജലവിതരണവും ശുചീകരണവും | 278,52,26,000 | 89,40,00,000 | 557,04,51,000 | 178,80,00,000 | 735,84,51,000 |
| **XXXVIII** | ജലസേചനം | 122,40,54,000 | 268,29,17,000 | 244,81,07,000 | 536,58,35,000 | 781,39,42,000 |
| **XXII** | നഗരവികസനം | 421,52,75,000 | 16,86,67,000 | 843,05,49,000 | 33,73,35,000 | 876,78,84,000 |

<u>ജലവിഭവ വകുപ്പ്മന്ത്രി (ശ്രീ. പി. ജെ. ജോസഫ്)</u>: ശുദ്ധജലവിതരണവും ശുചീകരണവുമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ജലസേചനമെന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിലും, കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തിൽ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും, വകുപ്പ് മന്ത്രി: (ശ്രീ. കെ. പി. മോഹനൻ)</u>: സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

<u>നഗരകാര്യവും ന്യൂനപക്ഷക്ഷേമവുംവകുപ്പ് മന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി)</u>: സർ, നഗരവികസനമെന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2014-2015 സാമ്പത്തിക വർഷത്തിൽ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി(ശ്രീ. ഷിബു ബേബി ജോൺ): സർ, പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി:(ശ്രീ. കെ. എം. മാണി): സർ, ശുദ്ധജലവിതരണവും ശുചീകരണവുമെന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ജലസേചനമെന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനമെന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന വിഷയ നിർണ്ണയസമതിയുടെ റിപ്പോർട്ടിലെ ശുപാർശകളിൻമേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യം

ധനാഭ്യർത്ഥന നമ്പർ - XX

ശുദ്ധജലവിതരണവും ശുചീകരണവും

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. ശിവൻകുട്ടി: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 735,84,51,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. ( രൂക്ഷമായ

കുടിവെള്ളക്ഷാമം നേരിടുമ്പോഴും പൈപ്പുകൾ പൊട്ടി കുടിവെള്ളം നഷ്ട പ്പെടുന്നതായും, ആയത് ഫലപ്രദമായി തടയാൻ സമയബന്ധിതമായ നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡ നോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 735,84,51,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്. ( സംസ്ഥാ നത്തെ തീരദേശങ്ങളിൽ കടുത്ത കുടിവെള്ളക്ഷാമം നേരിടുന്നതായും തീര പ്രദേശത്ത് ജലമാഫിയ പിടിമുറുക്കുന്നതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നത്)

ധനാഭ്യർത്ഥന നമ്പർ – XXXVIII

ജലസേചനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. ചന്ദ്രൻ : സർ, ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 781,39,42,000 ക. ഒരു ഉറുപ്പി കയായി കുറവുചെയ്യേണ്ടതാണ്. (പറമ്പിക്കുളം– ആളിയാർ കരാർ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ സംസ്ഥാനത്തിന് പ്രതിവർഷം 600 കോടിയുടെ ജലനഷ്ടം ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ – XXII
നഗരവികസനം
നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. ബി. ഡി. ദേവസ്സി : സർ, ജലസേചനം എന്ന XXII- –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 876,78,84,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്.(നഗരത്തിലെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

**ചർച്ച**

ശ്രീ. വി. ശിവൻകുട്ടി: സർ, ശുദ്ധജലവിതരണവും, ശുചീകരണവും, ജലസേചനവും, നഗരവികസനവും എന്ന ഹെഡ്ഡിലുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്. നഗരത്തിൽ മാലിന്യനീക്കവും ശുചീകരണവും സ്തംഭിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരള സംസ്ഥാന ഗവൺമെന്റിനാണ്. 2011 ഡിസംബബർ മാസം 20–ന് വിളപ്പിൽശാലയിൽ മാലിന്യസംസ്കരണ പ്ലാന്റ് പൂട്ടിയതിനുശേഷം തലസ്ഥാന നഗരത്തിൽ മാലിന്യനീക്കവും ശുചീകരണവും പൂർണമായി നിലച്ചിരിക്കുകയാണ്. ഇതോടെ കുടുംബശ്രീ യൂണിറ്റിലെ 800–ഓളം വരുന്ന പാവപ്പെട്ട വനിതകൾ പട്ടിണിയിലായിരിക്കുകയാണ്. പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള നഗരങ്ങളിൽ സ്വന്തമായി ഖര മാലിന്യ സംസ്കരണ യൂണിറ്റ് വേണമെന്ന് സുപ്രീം കോടതി തന്നെ വിധിച്ചിട്ടുള്ളതാണ്. ആ സുപ്രീം കോടതിയുടെ

വിധിയുടെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം കോർപ്പറേഷൻ വിളപ്പിൽ ശാലയിൽ അവിടുത്തെ ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ട് കോർപ്പറേഷന്റെ ഡംപിംഗ് യാർഡിനുവേണ്ടി ബഹാമാനപ്പെട്ട കെ. കരുണാകരൻ കേരളാ മുഖ്യമന്ത്രിയായിരുന്നപ്പോൾ അക്വയർ ചെയ്ത 12 ഏക്കർ 65 സെന്റ് ഭൂമിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഒരു ഗാർബേജ് സംസ്കരണശാല ആരംഭിച്ചത്. പതിനഞ്ച് വർഷക്കാലം അത് നന്നായി പ്രവർത്തിച്ചിരുന്നു. പ്രതിദിനം 192 ടൺ മാലിന്യം സംസ്കരിക്കുന്നതിനുവേണ്ടി ഈ പ്ലാന്റിന് ശേഷിയുണ്ടായിരുന്നു. അടച്ചുപൂട്ടിയ പ്ലാന്റ് തുറന്ന് പ്രവർത്തിക്കുന്നതിനുവേണ്ടി സുപ്രീം കോടതി വിധി കിട്ടിയിട്ടുപോലും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഒരു ഫാക്ടറി അടച്ചുപൂട്ടുമ്പോൾ ഒരു ബദൽ സംവിധാനം ഉണ്ടാക്കിയിട്ടുവേണമായിരുന്നു അത് അടച്ചുപൂട്ടാൻ. യാതൊരു ബദൽ സംവിധാനവുമില്ലാതെ, യാതൊരു ആലോചനയുമില്ലാതെ ഈ തലസ്ഥാനനഗരത്തിലെ ജനങ്ങൾക്ക് എന്തും സംഭവിക്കട്ടെ, സൂററ്റിൽ സംഭവിച്ചതുപോലെ പ്ലേഗ് രോഗം വന്ന് ആയിരക്കണക്കിന് ആൾക്കാർ മരിച്ചാലും ഞങ്ങൾക്ക് ഒന്നും... ഒരു പ്രശ്നവുമില്ലാ എന്നുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് ഒരു ബദൽ സംവിധാനവുമുണ്ടാക്കാതെ വിളപ്പിൽശാലയിലെ ഫാക്ടറി അടച്ചുപൂട്ടിയതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ഈ ഗവൺമെന്റിനാണ് എന്ന് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾ കാലവർഷം പകുതിയായിട്ടുപോലും ഇതുവരെ സർക്കാർ ആരംഭിച്ചിട്ടില്ല. ഇന്നലെ മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ വള്ളക്കടവിലെ ബോട്ട് ക്ലബിൽ ചെന്ന് ഇതിന്റെ പ്രവർത്തനം തുടങ്ങിയതായി പത്രങ്ങളിൽ കണ്ടു. തലസ്ഥാനനഗരത്തിൽ ഏതാണ്ട് 65,000 ഫ്ളൂറസെന്റ് ട്യൂബ് ലൈറ്റുകളും പോസ്റ്റുകളും 15,000

ത്തോളം വരുന്ന സോഡിയം വേപ്പർ ലാമ്പുകളുമാണ് ഉള്ളത്. 2013 ജൂലൈ വരെ ഇവയുടെ അറ്റകുറ്റപണികൾ നടത്തിയിരുന്നത്, ഫ്യൂസായവ മാറ്റി ഇടുന്നത് കെ. എസ് .ഇ. ബി. യാണ്. എന്നാൽ യു.ഡി.എഫ് സർക്കാരിന്റെ പുതിയ ഉത്തരവുപ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികളും ഫ്യൂസായവ മാറ്റുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് കെ.എസ്.ഇ.ബി. ഈ പ്രവർത്തനങ്ങളിൽ നിന്ന് മാറി നിൽക്കുകയാണ്. തദ്ദേശസ്ഥാപനങ്ങളും കെ.എസ്.ഇ.ബി യും തമ്മിലുള്ള തർക്കവും, കോൺട്രാക്ടിലുള്ള കാര്യങ്ങളും, കാശുകൊടുക്കുന്നതിലുള്ള പ്രശ്നങ്ങളുമൊക്കെ പരിഹരിക്കുന്നതിന് കോമണായിട്ടുള്ള തീരുമാനങ്ങൾ ഉണ്ടാകേണ്ടതാണ്. ലൈറ്റുകൾ മൊത്തം അണഞ്ഞുകിടക്കുകയാണ്. നഗരവികസന മന്ത്രി ഈ തലസ്ഥാന നഗരിയിൽ രാത്രി കാറിൽ നിന്ന് ഇറങ്ങി നടന്ന് നേരിട്ടു കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തലസ്ഥാനനഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് തമ്പാനൂരിലെ റോഡ് വികസനവും മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം കഴിഞ്ഞ 12 വർഷക്കാലമായി എൽ.ഡി.എഫും പ്രഖ്യാപിക്കുന്നു യു.ഡി. എഫും പ്രഖ്യാപിക്കുന്നു നമ്മൾ മാറിമാറി പ്രഖ്യാപിക്കുന്നു.മന്ത്രിതലത്തിൽ സബ് കമ്മിറ്റിയുണ്ടാക്കുകയാണ്. റിപ്പോർട്ടുകൾ തയ്യാറാക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ)

വെള്ളപ്പൊക്ക ഭീഷണിയെപ്പറ്റി പറയുകയാണെങ്കിൽ തലസ്ഥാന നഗര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തമ്പാനൂരിലെ റോഡ് വികസനത്തേയും മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനത്തേയുംകുറിച്ച് കഴിഞ്ഞ 12

വർഷമായി എൽ.ഡി.എഫ്, യു.ഡി.എഫ് സർക്കാരുകൾ മാറിമാറി പ്രഖ്യാപിക്കുകയും മന്ത്രിതലത്തിൽ സബ്കമ്മിറ്റിയുണ്ടാക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയുമാണ്. വെള്ളപ്പൊക്ക കെടുതിക്ക് യാതൊരു പരിഹാരമാർഗ്ഗവും കാണാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇപ്പോൾ മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ കൺവീനറായിട്ടുള്ള, മുഖ്യമന്ത്രിയും ഉൾപ്പെടുന്ന ഒരു കമ്മിറ്റി കൂടി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതുവരെ കമ്മിറ്റി കൂടിയിട്ടുണ്ടോയെന്ന് സംശയമാണ്. 16.11.2013-ൽ മുഖ്യമന്ത്രി, ആരോഗ്യവകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി എന്നിവരുടെ യോഗം ചേർന്ന് പഴവങ്ങാടി തോട്, പാർവ്വതീ പുത്തനാർ, തെക്കുംകര കനാൽ, ആമയിഴഞ്ചാന്തോട് എന്നിവയുടെ നവീകരണവും വെള്ളപ്പൊക്കനിവാരണവും എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്ന് തീരുമാനിച്ചെങ്കിലും നാളിതുവരെ യാതൊരു നടപടിയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇതെല്ലാം പ്രധാനപ്പെട്ട പ്രശ്നങ്ങളല്ലേ? തിരുവനന്തപുരം നഗരം തെരുവു നായ്ക്കളുടെ സ്വൈരവിഹാരകേന്ദ്രമാണ്. ഇതുമായി ബന്ധപ്പെട്ട് ഞാനിവിടെ സബ്മിഷനും ശ്രീ.പി.കെ. ബഷീർ ഇന്നലെ ശ്രദ്ധക്ഷണിക്കലും അവതരിപ്പിച്ചു. മന്ത്രി ആട്ടുകല്ലിൽ കാറ്റുപിടിച്ചതുപോലെയിരിക്കുകയല്ലേ; എന്തെങ്കിലുമൊരു തീരുമാനം എടുക്കണ്ടേ? ആളുകൾ പട്ടികടിച്ച് മരിക്കുന്ന അവസ്ഥയുണ്ടായാൽ എന്തെങ്കിലും ഒരു തീരുമാനമെടുക്കുന്നതിന് ഗവൺമെന്റിന് ബാധ്യതയില്ലേ? 13.01.2014-ൽ നിയമസഭ കാണാൻ വന്ന എറണാകുളം സ്വദേശിനിയായ 16 വയസ്സുള്ള രാജലക്ഷ്മിയെ നിയമസഭാ കോമ്പൗണ്ടിനുള്ളിൽവച്ച് പട്ടി കടിച്ചുരുട്ടി. കഴിഞ്ഞ എട്ട് മാസത്തിനുള്ളിൽ നഗരത്തിലെ ജനറൽ ഹോസ്പിറ്റലിൽ മാത്രം മൂവായിരത്തോളം ആളുകളാണ് പട്ടി കടിയേറ്റ് ചെന്നത് എന്നുള്ള

കാര്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. ഒരാൾക്ക് മരുന്ന് കുത്തിവയ്ക്കാൻ എത്ര രൂപവേണമെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ? 24.04.2014-ൽ കാസർഗോഡുള്ള 2 വയസ്സുകാരിയായ ശ്രീക്കുട്ടിയെയും 2014 ജനുവരി മാസം 1-ന് കോവളം ബീച്ചിൽ 3 വയസ്സുകാരിയെയും പട്ടി കടിക്കുകയുണ്ടായി. മന്ത്രിമാരെയൊന്നും പട്ടി കടിക്കില്ല. കാരണം മന്ത്രിമാരെല്ലാം കാറിലും പോലീസ് പ്രൊട്ടക്ഷനിലുമാണ്. മന്ത്രിമാരെ പട്ടികടിക്കില്ലെന്നുള്ളതിനാൽ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാലും മന്ത്രിമാർ ഇക്കാര്യത്തിൽ ഒരു തിരുമാനവുമെടുക്കില്ല എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. തെരുവുനായ്ക്കൾ പെറ്റുപെരുകുന്നത് തടയാൻ പട്ടികൾക്ക് വന്ധീകരണ ചികിത്സ നടപ്പിലാക്കാത്ത ഏക സംസ്ഥാനം കേരളമാണെന്ന് 11.11.2013-ൽ മേനകാ ഗാന്ധി പറഞ്ഞിരിക്കുകയാണ്. കേരളത്തിലെ തെരുവുനായ്ക്കളെ ജീവനോടെ പിടിച്ച് നാഗാലാന്റിലോ കൊറിയയിലോ അയച്ചാൽ നമ്മുടെ മട്ടനും ചിക്കനേക്കാൾ നല്ല ഫുഡ്ഡായി അവരത് കഴിക്കും. അങ്ങനെ കയറ്റി അയക്കാമെന്ന് അങ്ങും പറഞ്ഞു. നമുക്കത് ആലോചിക്കാം. കാരണം കോർപ്പറേഷനുകൾക്ക് ഇതൊരു വരുമാനവും അവർക്ക് ഇഷ്ടംപോലെ പട്ടിയിറച്ചി കഴിക്കാനുള്ള അവസരവും ലഭിക്കും. അങ്ങനെയാണെങ്കിൽ മറ്റ് സംസ്ഥാനങ്ങൾക്ക് പട്ടിയിറച്ചി കഴിക്കുന്നതിനുവേണ്ടി വിലക്കുറവിൽ കൊടുക്കുന്ന ഇന്ത്യയിലെ ഏക മന്ത്രിയെന്ന പേരും അങ്ങേയ്ക്ക് കിട്ടുമെന്നുള്ള കാര്യം ഈ അവസരത്തിൽ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവരുടെ ഇഷ്ടഭോജനമാണ് പട്ടിയിറച്ചി. 2014 ജൂൺ മാസം 8-ാം തീയതി മനുഷ്യാവകാശ കമ്മീഷൻ തെരുവുനായ്ക്കളുടെ ശല്യം അവസാനിപ്പിക്കുന്നതിന് വന്ധീകരണം നടപ്പിലാക്കണമെന്നും മന്ത്രിസഭ അടിയന്തിരമായി നടപടി സ്വീകരിക്കണ

മെന്നും ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. മറ്റു ധാരാളം കാര്യങ്ങളുമായി നിൽക്കുന്ന ചീഫ് സെക്രട്ടറിക്ക് പട്ടികളുടെ വന്ധീകരണവുമായ് ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവാദിത്തമുണ്ടോ? 2001–ലെ നിയമത്തെക്കുറിച്ച് 13 വർഷങ്ങൾക്കുശേഷം സർക്കാർ ചിന്തിച്ചുതുടങ്ങിയത് തികച്ചും നിർഭാഗ്യകരമാണ്. തിരുവനന്തപുരം നഗരത്തിൽ മാത്രം അമ്പതിനായിരത്തിലധികം തെരുവുനായ്ക്കളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിൽ പകുതിയിലേറെയും പെൺപട്ടികളാണ്. ആറേഴ് പട്ടികൾ ചേർന്ന് ഒരു ഗ്യാങ്ങായിട്ടാണ് നടക്കുന്നത്. ഞാൻ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതാണ്. ലിഫ്റ്റിൽ കയറുന്ന പട്ടികളും ഇരുചക്രവാഹനങ്ങളോട് താല്പര്യമുള്ള പട്ടികളും മന്ത്രിയുടെ കാറിന്റെ ലൈറ്റും ബഹളവും കണ്ടാൽ പിന്നാലെ വരുന്ന പട്ടികളും സൈക്കിൾ യാത്രക്കാരുടെ പുറകേ പോകുന്ന പട്ടികളും മനുഷ്യർ നടന്നു പോയാൽ പിന്നാലെ പോകുന്ന പലതരം പട്ടികളുമാണ് ഇവിടെയുള്ളത്. പേവിഷബാധയേറ്റ് ജനറൽ ആശുപത്രിയിലെ സെല്ലിൽ കഴിയുന്ന രോഗികളുടെ മരണം ദയനീയമാണ്. അങ്ങ് ചെന്ന് നോക്കണം. അതു കണ്ടിട്ടെങ്കിലും തെരുവുനായ്ക്കളെ പിടികൂടുന്നതിനും പുനരധിവസിപ്പിക്കുന്നതിനും വന്ധീകരിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: സർ, കേരളം വല്ലാതെ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. ആ ഘട്ടത്തിൽ കേരളത്തിന് വരുമാനമുണ്ടാക്കാൻ..... നാഗാലാന്റിലെ ദിമാപ്പൂർ ഡോഗ് മാർക്കറ്റ് ലോകപ്രസിദ്ധമാണ്. ആട്ടിറച്ചിയേക്കാൾ ഇരട്ടി വിലയാണ് പട്ടിയിറച്ചിക്ക്. കേരളത്തിലെ പട്ടികളെ കയറ്റി അയച്ച് കേരളത്തിന് വരുമാനമുണ്ടാക്കാൻ കഴിയുന്ന രീതിയിലു

ളെളാരു സംവിധാനം  ഗവൺമെന്റ് ആലോചിക്കുമോ എന്നുളള സംശയം നമുക്കുണ്ട്.

ശ്രീ. കെ. ശിവൻകുട്ടി: സർ, അതാണ് ഞാൻ മന്ത്രിക്ക് ഉപദേശം കൊടുത്തുകൊണ്ടിരുന്നത്. വർഷത്തിൽ രണ്ട് തവണ പട്ടികൾക്ക് പ്രത്യുല്പാദന പ്രക്രിയയുണ്ട്. ഇതിനായി പട്ടികൾ റോഡിലേക്കിറങ്ങുകയാണ്. ഈ സമയത്ത് ആളുകൾ റോഡിലൂടെ പോകുമ്പോൾ ഇവ ആക്രമണസ്വഭാവം കാണിക്കുന്നു. ഒരു പ്രസവത്തിൽതന്നെ ഏഴോ എട്ടോ കുട്ടികളുണ്ടാകും. അതുകൊണ്ടാണ് തെരുവുനായ്ക്കൾ പെറ്റുപെരുകി തിരുവനന്തപുരം നഗരമാകെ നായ്ക്കളുടെ വിഹാരകേന്ദ്രമായി മാറിയിരിക്കുന്നത്. ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ, 2001–ലെ എ.ബി.സി.(ഡോഗ്സ്) റൂൾസ് പ്രകാരം  തെരുവുനായ്ക്കളെ ദയാവധത്തിലൂടെ നശിപ്പിക്കാമെന്ന് പറയുന്നുണ്ട്. അങ്ങ് ആ റൂൾ നോക്കണം. തെരുവുനായ്ക്കളെ കൊല്ലുന്നതിൽ യാതൊരു പ്രശ്നവുമില്ല. പീപ്പിൾ ഫോർ എലിമിനേഷൻ ഓഫ് സ്ട്രേ ഡോഗ്സിനെ സംബന്ധിച്ച് ഒരു സംഘടന ബോംബെ ഹൈക്കോടതിയിൽ സമർപ്പിച്ച പെറ്റീഷൻ അനുസരിച്ച് സ്ട്രേഡോഗ്സിനെ കൊല്ലാമെന്ന് എ. ഐ.എഫ്.(ഡബ്യൂ.പി.) നം.6257/2006 പ്രകാരം ഒരു ഉത്തരവ് വന്നു. അതേ സമയം നായ്ക്കളെ സ്നേഹിക്കുന്ന സംഘടന സുപ്രീംകോടതിയിൽ പോയി അത് സ്റ്റേ ചെയ്യുന്ന സ്ഥിതിയാണുണ്ടായത്. അത് എസ്.എൽ.പി.(സിവിൽ) നം.691/2009 എന്ന സുപ്രീംകോടതി വിധിയാണ്. നമുക്ക് ഇതിനെതിരെ അപ്പീൽ കൊടുക്കുന്നതിനുള്ള സൗകര്യം ഇക്കാര്യത്തിൽ ഉണ്ടാക്കേണ്ടതായുണ്ട്. ഇവിടെ 42 കി.മീ. റോഡ് വികസനം നിർത്തിവച്ചിരിക്കുന്നു. രണ്ടാം ഘട്ടം ആരംഭിക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരം നഗരവികസന പ്ലാൻ റദ്ദ്

ചെയ്യണം. കെ.എസ്.യു.ഡി.പി-യുടെ പദ്ധതികൾ പാതിവഴിയായി കിടക്കുന്നത് പൂർത്തീകരിക്കണം. അവിടെ അറുപതോളം സ്റ്റാഫുകളും, 10,000/- രൂപ മുതൽ 60,000/- രൂപവരെ ശമ്പളംവാങ്ങുന്നവരുമുണ്ട്. അവരെല്ലാം കൃത്യമായി ജോലിചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കണം. ആറ്റുകാൽ വികസന പദ്ധതി നടപ്പിലാക്കണം. പൊതുവേ തിരുവനന്തപുരം നഗരസഭയോട് ഒരു ചിറ്റമ്മ നയമാണ് മന്ത്രി സ്വീകരിക്കുന്നതെന്നൊരു ഫീലിംഗ് ആളുകൾക്കുണ്ട്. ശരിയാണെന്നൊന്നും ഞാൻ പറയുന്നില്ല. ആ ഫീലിംഗ് മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാന വാട്ടർ അതോറിറ്റിക്ക് ഏകദേശം 500.10 കോടിരൂപയാണ് 2014 വരെ വെള്ളക്കര കുടിശ്ശിക യിനത്തിത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്. ഹോട്ടലുകൾ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും 112.43 കോടി രൂപയും ഗാർഹിക കണക്ഷനുകളിൽനിന്ന് 299.32 കോടിയും കുടിശ്ശിക കിട്ടാനുണ്ട്. വൻകിട വ്യവസായങ്ങളിൽനിന്നും 50.7 കോടി രൂപയും പിരിഞ്ഞുകിട്ടാനുണ്ട്.

16,06,007 കണക്ഷനുകളുള്ള ജലഅതോറിറ്റിയിൽ വെള്ളക്കരം ഇനത്തിൽ ഒരു മാസത്തെ വരവ് 23.50 കോടി രൂപ മാത്രമാണ്. ഒരു മാസത്തെ ശമ്പളം, പെൻഷൻ, ഓഫീസ് ചെലവ് എന്നീ ഇനങ്ങൾക്കായി 37 കോടി രൂപയും വൈദ്യുത ചാർജ്ജിനത്തിൽ 20 കോടി രൂപയും ചെലവ് വരുന്നു. അതായത് ജല അതോറിറ്റിക്ക് ഈ മാസം 26.44 കോടി രൂപയുടെ റവന്യൂ കമ്മിയാണുള്ളത്. കരാറുകാർക്ക് 64 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. ഇത്രയും ഗുരുതരമായ സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയിൽ നടക്കുന്ന

ധൂർത്തിന് കയ്യും കണക്കുമില്ല. അവിടെ 14 ആഡംബര കാറുകൾ വാങ്ങി. കൂടാതെ 6 കാറുകൾക്കുകൂടി ഓർഡർ കൊടുത്തിരിക്കുന്നു. അവിടെ ഏക ദേശം 50 കോടി രൂപയുടെ സോഫ്റ്റ് വെയർ കമ്പ്യൂട്ടറൈസേഷനാണ് നടന്ന ത്. മെഹവാൻ സൈബർ ടെക്നോ എന്ന സ്വകാര്യ കമ്പനിക്ക് 9.5% ഉയർന്ന നിരക്കിലാണ് ടെണ്ടർ കൊടുത്തത്. അവിടെ വേറെ ടെണ്ടറൊന്നുമില്ലായിരു ന്നു. ഇതു സംബന്ധിച്ച് ധാരാളം ആക്ഷേപവും അഴിമതിയും ഉണ്ട്. ഭീമമായ വെള്ളക്കര കുടിശിക പിരിക്കാൻ നിയമനടപടികൾ സ്വീകരിക്കാൻപോലും ജലഅതോറിറ്റി ഇതുവരെ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ വെള്ളക്കരം കൂട്ടേണ്ടി വരുമെന്നും ഇതിനായി നിർദ്ദേശം സമർപ്പിക്കുവാനും ജലവിഭവ വകുപ്പുമന്ത്രി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. റണ്ണിംഗ് കോൺട്രാക്റ്റിലൂടെ പ്രതിവർഷം 80 കോടി രൂപയാണ് ജല അതോറിറ്റിയിലെ ഉന്നതഉദ്യോഗസ്ഥന്മാരും കരാറുകാരും ചേർന്ന് തട്ടിയെടുക്കുന്നത്. ഇതിനെ സംബന്ധിച്ച് ആരും ചോദിക്കാനും പറയാനുമില്ല. സൗകര്യമുള്ളവർക്ക് റണ്ണിംഗ് കോൺട്രാക്ട് കൊടുക്കും. റണ്ണിംഗ് കോൺട്രാക്ടർമാർ എഴുതുന്നത് അസിസ്റ്റന്റ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീ യർമാരും ചില ഉദ്യോഗസ്ഥന്മാരുമായി ചേർന്ന് വർഷാവർഷം 80 കോടി രൂപയാണ് വാട്ടർ അതോറിറ്റിയിൽ നിന്ന് തട്ടിയെടുക്കുന്നത് എന്നുള്ള കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പദ്ധതി പ്രവൃത്തിൽ ഉൾപ്പെ ടുത്തേണ്ട പ്രവൃത്തികൾ അറ്റകുറ്റപ്പണിയിൽ ഉൾപ്പെടുത്തി വ്യാജ ബിൽ ചമ ച്ചാണ് കോടികൾ തട്ടിയെടുക്കുന്നതെന്ന ആക്ഷേപം അങ്ങ് അന്വേഷിക്കണ മെന്ന് അഭ്യർത്ഥിക്കുകയാണ്. തലസ്ഥാനത്ത് പൈപ്പ് പൊട്ടൽ സ്ഥിരം സംഭവ മാണ്. ആറ്റുകാൽ പെങ്കാല സമയത്തും പൈപ്പ് പൊട്ടി. അന്ന് ശ്രീ. വി. എസ്

ശിവകുമാർ ഇതിന്റെ നടത്തിപ്പുകാരനായിരുന്നു. കേരളത്തിലെ കുടിവെള്ള സംവിധാനമാകെ സ്വകാര്യമൂലധനത്തിന് വിധേയമാക്കി യു.ഡി.എഫ് സർക്കാർ 2012 ഡിസംബർ 30-ന് ഒരു ഉത്തരവിറക്കി. ഈ ഉത്തരവിൽപ്ര കാരം കുടിവെള്ളം സ്വകാര്യവത്കരിക്കുന്ന സിയാൽ മോഡൽ എന്ന കമ്പനി മുഖാന്തിരം സംസ്ഥാനമൊട്ടാകെ കുടിവെള്ളം വിൽക്കാനാണ് തീരു മാനിച്ചിരിക്കുന്നത്. ബി.പി.എൽ വിഭാഗങ്ങൾക്ക് 10 ലിറ്റർ വരെ സൗജന്യമായി രണ്ട് ലക്ഷത്തിലധികം പൊതു ടാപ്പുകളിലൂടെയും 15 ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ വഴിയും 10 ലിറ്ററിന് 42 രൂപയ്ക്കും നൽകുന്ന കുടിവെള്ളത്തിന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി പ്രഖ്യാപിച്ചനിരക്ക നുസരിച്ച് ഇനി 2500 രൂപ കൊടുക്കേണ്ടിവരും.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): ആ ഉത്തരവ് പിൻവലിച്ചു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: ഉത്തരവ് പിൻവലിച്ചത് നമ്മളാരും അറിഞ്ഞിട്ടില്ല. പാവപ്പെട്ടവരിൽ നിന്നും കുടിവെള്ളത്തിന് 2500 രൂപ വാങ്ങാനുള്ള ഉത്തരവി റക്കാനുള്ള ധൈര്യം കാണിച്ചല്ലോ? ഏതായാലും പിൻവലിച്ചത് നല്ലകാര്യം തന്നെ. ഇക്കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് എല്ലാ സ്ഥലത്തും ഒരു റെഗു ലേറ്ററി കമ്മിറ്റി വന്നിട്ടുണ്ട്. അത് അവസാനിപ്പിക്കണം. വെള്ളയമ്പലത്തിലെ വാട്ടർ അതോറിറ്റിയുടെ കെട്ടിടങ്ങളിലും കോമ്പൗണ്ടിലും കോടികൾ ചെലവ ഴിച്ച് വീഡിയോ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നു. സാമ്പത്തിക പ്രതിസന്ധി കൊണ്ട് നട്ടം തിരിയുന്ന അവസ്ഥയിലാണ് ഇത് ചെയ്തിരിക്കുന്നത്. ഇതെന്തി നാണെന്ന് അങ്ങ് അന്വേഷിക്കണം. 2014 മാർച്ചിൽ എല്ലാ പഞ്ചായത്തുക ളിലും, 2015 മാർച്ചിൽ എല്ലാ മുനിസിപ്പാലിറ്റികളിലും, 2016 മാർച്ചിൽ എല്ലാ

കോർപ്പറേഷനുകളിലും കുടിവെള്ള വിതരണം സിയാൽ മോഡൽ കമ്പനി ഏറ്റെടുക്കുമെന്ന് ഒരു ഓർഡിനൻസിൽ പറയുന്നു. ഇതോടെ വാട്ടർ അതോ റിറ്റി ഈ കമ്പനിയുടെ നിഴൽ മാത്രമായി മാറും. സംസ്ഥാന ഗവൺമെന്റിന്റെ ഈ വർഷത്തെ സാമ്പത്തിക അവലോകന റിപ്പോർട്ട് പരിശോധിച്ച് നോക്കി യാൽ, സംസ്ഥാനത്ത് ഇപ്പോൾ ഉപയോഗിക്കുന്ന കുടിവെള്ളത്തിൽ 65% മലിനമാണെന്ന് മനസിലാകും. നേമം മണ്ഡലത്തിലെ തൃക്കണ്ണാപുരം പമ്പ് ഹൗസിൽ ജലം ശുദ്ധീകരിക്കാതെ പൈപ്പുകൾ വഴി കയറ്റിവിടുകയാണ്. തിരുവനന്തപുരത്തുള്ള കരമനയാറ്, കിള്ളിയാറ്, തെക്കനങ്കര ഓട, വഞ്ചിയൂർ തോട്, ആമയിഴഞ്ചാൻ തോട്, പാർവ്വതീപുത്തനാർ എല്ലാ തോടുകളിലും കുളങ്ങളിലും സ്വീവേജ് പൊട്ടിച്ച് വിട്ടിരിക്കുകയാണ്. സ്വീവേജ് ആക്കുളം കായലിലേയ്ക്ക് പൊട്ടിച്ച് വിട്ടിരിക്കുന്നതിനാൽ വളരെ ഭീകരമായ അവസ്ഥ യിലാണെണ് ഡിപ്പാർട്ട്മെന്റ് തന്നെ പറയുകയാണ്. സ്വിവേജ് സംവിധാനമി ല്ലാത്ത പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്വീവേജ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയി ലും, ഐക്യജനാധിപത്യമുന്നണിയിലുമുള്ള നേതാക്കന്മാർ വർഷങ്ങളായി രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തിയും ധാരാളം സമരങ്ങളിൽ പങ്കെടുത്തും, പാർട്ടിക്കകത്തും പുറത്തുമുള്ള ധാരാളം മത്സരങ്ങളിൽ പങ്കെടുത്തുമാണ് കേരള രാഷ്ട്രീയത്തിന്റെ വിവിധസ്ഥാനങ്ങളിൽ വന്നത്. കഴിഞ്ഞ കുറേ നാളു കളായി സോളാർ വിവാദവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് ജഡ്ജി ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അതിൽ സലീംരാജിന്റെ ഭൂമിതട്ടിപ്പിനെക്കുറിച്ചും സരിത എസ്. നായരെ സംബന്ധിച്ച കാര്യങ്ങളുമാണ് പ്രധാനപ്പെട്ട വിഷയങ്ങളായി വന്നത്. ഇന്ത്യൻ സ്വാ

തന്ത്ര്യസമരത്തിന്റെയും മറ്റ് സമരങ്ങളുടെയും പാരമ്പര്യവുമായി, ഒരുപാട് ത്യാഗങ്ങൾ സഹിച്ച് കേരള രാഷ്ട്രീയ നേതൃത്വത്തിൽ പ്രധാനനേതാക്കളായി ഇരിക്കുന്നവരെല്ലാം, അത് എൽ.ഡി.എഫ് ആയാലും യു.ഡി.എഫ് ആയാലും റോഡിലെ ചെണ്ടപ്പോലെ സരിതയ്ക്ക് അടിച്ചിട്ട് പോകാനുള്ള ഉപകരണ മാണോ? ഇതിന് ആരെങ്കിലും ഒരു നിയന്ത്രണമേർപ്പെടുത്താൻ തയ്യാറാകണം. അവർ പറയുകയാണ് 22 പേജുള്ള മൊഴി പുറത്തായാൽ കേരളം ഞെട്ടു മെന്ന്.

<u>മി. ചെയർമാൻ</u>: ...... അങ്ങ് ചുരുക്കണം .......

<u>ശ്രീ. വി. ശിവൻകുട്ടി</u>: ഇവിടെ ഡി.ജിപി-യും ആഭ്യന്തര വകുപ്പുമന്ത്രി യുമുണ്ട്. നിയമജ്ഞനും പാണ്ഡിത്യവുമുള്ള ശ്രീ. ജി. സുധാകരനോട് ഇതി നെക്കുറിച്ച് ചോദിച്ചപ്പോൾ, വേറെ ഏതെങ്കിലുമൊരു രാജ്യത്തായിരുന്നുവെ ങ്കിൽ അവരെ പ്രോസിക്യൂട്ട് ചെയ്യുമായിരുന്നുവെന്നാണ് അദ്ദേഹം പറഞ്ഞ ത്. ഇങ്ങനെ ആരെയെങ്കിലും പറയുന്നത് ശരിയാണോ? 22 പേജുള്ള മൊഴി യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പറഞ്ഞാൽ കേരളത്തിന് താങ്ങാനാവി ല്ലെന്നും അവരുടെ രണ്ടാമത്തെ കുട്ടിയുടെ പിതാവ് ഒരു യുവജനനേതാ വാണെന്നുമൊക്കെയാണ് അവർ പറയുന്നത്. ഇങ്ങനെ പറഞ്ഞാൽ എല്ലാ യുവജന നേതാക്കളേയും സംശയിക്കില്ലേ; ഒന്നുകിൽ ഡി.എൻ.എ ടെസ്റ്റിന് വിധേയമാക്കണം. അല്ലെങ്കിൽ നുണപരിശോധനയ്ക്ക് വിധേയമാക്കണം. അല്ലാതെ രണ്ട് പാർട്ടിയിൽപെട്ട യുവജനനേതാക്കളേയും ........... ഇവർ എലി സബത്ത് രാജ്ഞിയാണോ?

<u>മി. ചെയർമാൻ</u>: അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.....

ശ്രീ. വി. ശിവൻകുട്ടി: കുറിയേടത്ത് ധാത്രിയുടെ, സാവിത്രി അന്തർജ നത്തിന്റെ കഥ എല്ലാവർക്കുമറിയാമല്ലോ. സാവിത്രി അന്തർജനത്തെ പീഡി പ്പിച്ചതിനാൽ രാജസദസ്സിൽ വച്ച് ഒരു ചോദ്യം ചെയ്യലുണ്ടായി. പീഡിപ്പിക്കാൻ നേതൃത്വം കൊടുത്ത 99 ആളുകളേയും ചോദ്യം ചെയ്തു. അവസാനമായി പീഡിപ്പിച്ചതാരെന്ന ചോദ്യത്തിന് രാജാവാണ് എന്ന മറുപടി പോലെ ഈ കാര്യത്തെ സംബന്ധിച്ചും..... അങ്ങേയ്ക്ക് അധികാരമുണ്ടെങ്കിൽ അവരെ ഇവിടെ വിളിച്ചുവരുത്തണം. ജില്ലകൾ തോറും പത്രസമ്മേളനം നടത്തി, കേര ളത്തിലെ രാഷ്ട്രീയ നേതൃത്വത്തെ അപമാനിക്കുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല. ഉപ്പു തിന്നവൻ വെള്ളം കുടിക്കും. അവരുടെ രണ്ടാമത്തെ കുട്ടിയുടെ പിതാവ് ഒരു യുവജന നേതാവെന്ന് പറഞ്ഞാൽ ഒന്നുകിൽ ആയുവജന നേതാവ് കുട്ടിക്ക് ചെലവിന് കൊടുക്കണം അല്ലെ ങ്കിൽ ................ (മൈക്ക് ഓഫ്).

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം.......

ശ്രീ. വി. ശിവൻകുട്ടി: ഇത് വളരെ ഗൗരവമുള്ള വിഷയമായതുകൊണ്ട് പറഞ്ഞു പോയതാണ്. ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, കാർഷിക പ്രധാനമായ നമ്മുടെ രാജ്യത്ത് വൻകിട ജലസേചന പദ്ധതികളും ചെറുകിട ജലസേചന പദ്ധതിക ളുമൊക്കെ ആരംഭിച്ചു. പിന്നീട് ജലസേചനപദ്ധതികളൊക്കെ കുടിവെള്ള പദ്ധതികളായി മാറി. ഈ രംഗത്ത് ജലസേചനത്തിനുവേണ്ടി നാം ആരംഭിച്ച പല വൻകിട പദ്ധതികളും പൂർത്തീകരിക്കാതെ കോടിക്കണക്കിന് രൂപ വീണ്ടും വീണ്ടും ഇൻവെസ്റ്റ് ചെയ്ത് അനന്തമായി നീളുകയാണ്. ആരം ഭിക്കുന്ന കാലത്ത് പ്രതീക്ഷിച്ച അടങ്കൽ തുകയേക്കാൾ പതിന്മടങ്ങ് വർദ്ധി

ച്ചിട്ടും പറയത്തക്ക പ്രയോജനമൊന്നുമില്ലാതെപോകുകയാണ്. കേരളത്തിലെ വൻകിട പദ്ധതികളെക്കുറിച്ച് ഒരു സ്ക്രൂട്ടിണി നടത്തണം, സമയബന്ധിത മായി കമ്മീഷൻ ചെയ്യാൻ പറ്റാത്ത പദ്ധതികൾ ഉപേക്ഷിക്കണം, ഇനിയും കട ലിൽ കായം കലക്കരുത് എന്നതാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. മൈനർ ഇറിഗേഷൻ പദ്ധതികൾ പലതും പ്രയോജനകരമാണ്. എന്നാൽ ചിലത് ഉപയോഗശൂന്യമാണ്. അതിനെപ്പറ്റിയും ഒരു പുന:പരിശോധനയും വേണം. കുടിവെള്ളത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിന്റെ ഫലമായാണ് വാട്ടർ അതോറിറ്റി ഉണ്ടാക്കിയത്. 676 മിഷനിൽ എല്ലാവർക്കും കുടിവെള്ളം എന്ന ആശയം വളരെ അഭിനന്ദനീയമായ ഒരു കാര്യമാണ്. പക്ഷേ വർഷ ങ്ങളേറെ കഴിഞ്ഞിട്ടും വാട്ടർ അതോറിറ്റി ഫലപ്രദമായി കാര്യങ്ങൾ നടത്തു ന്നില്ല. കെടുകാര്യസ്ഥതയുണ്ട്, സാമ്പത്തിക ബുദ്ധിമുട്ടുകളുമുണ്ട്. കാലാവ സ്ഥയുടെ വ്യത്യാസം, ക്യാച്ച്മെന്റ് ഏരിയയിൽ വെള്ളത്തിന്റെ കുറവ് എന്നി ങ്ങനെ നിരവധി കാരണങ്ങൾ പറയാം. പക്ഷേ ആവശ്യത്തിന് ബഡ്ജറ്ററി സപ്പോർട്ട് അതിന് ലഭിക്കുന്നില്ല എന്ന കാര്യം വളരെ വ്യക്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് എമൗണ്ട് കൊണ്ടുപോലും നിശ്ചിത സമയത്തിന് പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയാതിരിക്കുകയാണ്. ജലവിതരണം സൗജന്യമാണ്. അതിന് ടാക്സ് പിരിക്കുന്നില്ല, ഉദ്യോഗസ്ഥന്മാ രില്ല. അതുകൊണ്ട് വാട്ടർ അതോറിറ്റിയെ സ്ട്രെങ്ങ്തൻ ചെയ്യണം. ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണം എന്നതാണ് എന്റെ അഭിപ്രായം. വരൾച്ച വരുമ്പോൾ അടിയന്തര യോഗം ചേരുകയും മഴ പെയ്താൽ തുടർനടപടികൾ നിർത്തി വയ്ക്കുകയും ചെയ്യുന്നത് നമ്മുടെ നാട്ടിലെ ഒരു സ്ഥിരം പരിപാടിയാണ്. ഇത് മാറ്റി നദികളിലെ വെള്ളം സംരക്ഷിക്കാൻ തടയണകൾ നിർമ്മിച്ച്

മഴക്കൊയ്ത്ത് നടത്തി ചിറകളും കുളങ്ങളും കിണറുകളും നവീകരിച്ച് സംരക്ഷിക്കാൻ മഴവെള്ളം പാഴായിപ്പോകാതിരിക്കാനുള്ള സമഗ്ര ജല സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം എന്നതാണ് എന്റെ അഭിപ്രായം. നഗരവികസനം പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളം മുഴുവൻ നഗരമായി മാറിക്കൊണ്ടിരിക്കുകയാണ്. കോൺക്രീറ്റ് വനങ്ങളായി മാറുകയാണ്. പാരിസ്ഥിതിക പ്രശ്നങ്ങൾ വലിയ വെല്ലുവിളികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എവിടെ നോക്കിയാലും മാലിന്യമലകളാണ്. ഇവിടെ മാലിന്യം നിക്ഷേപിക്കരുത് എന്ന ബോർഡ് എല്ലായിടത്തുമുണ്ട്. പക്ഷേ ഇവിടെ മാലിന്യം നിക്ഷേപിക്കണം എന്ന ബോർഡ് ഒരിടത്തും കാണാനില്ല. പിന്നെ എവിടെ മാലിന്യം നിക്ഷേപിക്കണം എന്നാണ് ആളുകൾ ചോദിക്കുന്നത്. ഇതിനുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാരും കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ഇന്നും ഇരുട്ടിൽ തപ്പുകയാണ് എന്നതാണ് സ്ഥിതി. പല സ്വകാര്യ കമ്പനികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് അഡ്വാൻസ് മേടിച്ച് പറ്റിച്ചുപോയ കഥയും നമ്മുടെ നാട്ടിലുണ്ട്. അതുകൊണ്ട് ഇതിന് ആധുനികമായ ഒരു ടെക്നോളജി കൊണ്ടുവരണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ മാത്രം ഏൽപ്പിച്ചാൽ ഇത് വിജയിക്കില്ല. സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണം. അടുത്ത കാലത്തായി സർക്കാർ ഇടപെട്ടത് സന്തോഷകരമായ കാര്യമാണ്. ഫലപ്രദമായി നടത്താവുന്ന ഒരു പദ്ധതി പ്രാവർത്തികമാക്കി കാണിച്ചുകൊണ്ട് അത് കേരളത്തിൽ വ്യാപകമാക്കി നടപ്പിൽവരുത്താനുള്ള ഒരു ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണം. ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇത് ആരംഭിച്ചിട്ടുണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അത് പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തീകരിക്കാൻ ക്ലിപ്തമായ ഒരു മോണിറ്ററിംഗ്

നടത്തുകയും വിജയകരമായി നടപ്പിൽ വരുത്താൻ മറ്റുള്ള ഇടങ്ങളിലേക്ക് വ്യാപിപ്പിക്കാനും ശ്രമിച്ചാൽ മാത്രമേ ഇതിനൊരു ശാശ്വതമായ പരിഹാരം കാണാൻ കഴിയൂ. വെള്ളക്കെട്ടിനെക്കുറിച്ച് പറയുമ്പോൾ മഴക്കാറ് വരുമ്പോ ഴേക്കും വെള്ളക്കെട്ട് ഉണ്ടാകുകയാണ്. തിരുവനന്തപുരം നഗരത്തിന്റെ സ്ഥിതി തന്നെ പറയുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഡ്രെയിനേജ് പദ്ധതി ഇല്ല. സുസ്ഥിര വികസന പദ്ധതിയനുസരിച്ച് കോടികൾ ചെലവഴിച്ചെങ്കിലും ഭാവനാപൂർണ്ണമായി ഡ്രെയിനേജ് സംവിധാനം കൊണ്ടു വരാൻ കഴിഞ്ഞില്ല. അതുകൊണ്ട് നഗരങ്ങളിലെങ്കിലും കുറ്റമറ്റ രീതിയിൽ ഡ്രെയിനേജ് സംവിധാനം ഉണ്ടാക്കാനുള്ള സമഗ്രമായ ഒരു പരീക്ഷണം നടത്തണമെന്നാണ് എന്റെ അഭിപ്രായം. ഗതാഗതക്കുരുക്ക് സകല നഗരങ്ങ ളെയും വീർപ്പുമുട്ടിക്കുകയാണ്. ആളുകൾക്ക് വഴിനടക്കാൻ വയ്യ. വാഹന ങ്ങൾ പാർക്ക് ചെയ്യാൻ സാധിക്കുന്നില്ല. വിമാനത്താവളങ്ങളും മെട്രോയും മോണോറെയിലും ആവശ്യമില്ല എന്ന് ഞാൻ പറയുന്നില്ല. അതെല്ലാം നല്ലതു തന്നെ. പക്ഷേ അതോടൊപ്പം പരിഗണന നൽകേണ്ടത് ബൈപ്പാസിനും റിംഗ് റോഡിനും സിഗ്നലിനും ആണ് എന്ന കാര്യം കൂടി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പണമില്ല എന്നുപറഞ്ഞിട്ട് കാര്യമില്ല. കോർപ്പറേഷനു കളുടെ സമസ്തമായ വികസനത്തിനുവേണ്ടി ബൈപ്പാസുകളും റിംഗ്റോഡു കളും ഉണ്ടാക്കണം. ഓവർബ്രിഡ്ജുകൾ പണിയണം. ഇന്നത്തെ നിയമമനു സരിച്ച് ഒരിഞ്ച് സ്ഥലംപോലും അക്വയർ ചെയ്യാൻ കഴിയില്ല. തീപിടിച്ച വില, നടപടിക്രമങ്ങളുടെ സങ്കീർണ്ണത എന്നിവയാണ് തടസ്സമായി നിൽക്കുന്നത്. അവയിലബിൾ ആയിട്ടുള്ള മാക്സിമം സ്ഥലം നമുക്ക് കിട്ടാൻ കഴിയണം. കോർപ്പറേഷനുകളിൽ പലയിടത്തും കയ്യേറ്റങ്ങളുണ്ട്. ഉള്ള റോഡുകൾ വീതികൂട്ടാൻ കഴിയുന്ന ധാരാളം സ്കോപ്പുണ്ട്. പലപ്പോഴും ടെലിഫോൺ

പോസ്റ്റും ഇലക്ട്രിക് പോസ്റ്റും റോഡിന്റെ മദ്ധ്യത്തിലാണ് വച്ചിരിക്കുന്നത്. ഇരുഭാഗത്തും ഒന്നോ രണ്ടോ മീറ്റർ സ്ഥലം കിട്ടും. കയ്യേറ്റം ഒഴിവാക്കണ മെങ്കിൽ അളന്ന് തിരിക്കണം. അളന്ന് തിരിക്കാൻ ഇവിടെ ഉദ്യോഗസ്ഥരില്ല. റവന്യൂ ഡിപ്പാർട്ടുമെന്റിനെ മാത്രം ആശ്രയിച്ചാൽ സർവ്വേയർമാരെ കിട്ടില്ല. അതുകൊണ്ട് ചുരുങ്ങിയത് അഞ്ച് കോർപ്പറേഷനുകളിലെങ്കിലും കയ്യേറ്റം മാറ്റാൻ അളന്ന് തിരിക്കാൻ പറ്റുന്നവിധം ഒരു ടാക്സ് ഫോഴ്സ് ഉണ്ടാക്കി ആവശ്യത്തിന് സർവ്വേയർമാരെ ചുമതലപ്പെടുത്തി ആവശ്യമെങ്കിൽ ഔട്ട് സോഴ്സിംഗ് നടത്തിയിട്ടെങ്കിലും ഒപ്റ്റിമം സ്പെയ്സ് നമുക്ക് ഉപയോഗി ക്കാവുന്ന ഒരു ഏർപ്പാടുണ്ടാക്കണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. നമ്മുടെ ബിൽഡിംഗ് റൂൾസിൽ മാറ്റങ്ങൾ വരുത്തേണ്ട സമയമായി. റോഡ് വീതികൂട്ടാനുള്ള സ്ഥലം സൗജന്യമായി വിട്ടുതരുന്ന ആളുകൾക്ക് ആനുകൂല്യങ്ങൾ നൽകുന്ന ലിബറൽ ആയിട്ടുള്ള ഒരു ആറ്റിറ്റ്യൂഡ് ഇക്കാര്യത്തിൽ നമുക്ക് വേണം. അതുപോലെതന്നെ എ.ഡി. ബി. പദ്ധതിയനുസരിച്ച്, 4 കോർപ്പറേഷനുകളിൽ സുസ്ഥിര വികസനപദ്ധതി അനുസരിച്ച് ദ്രവമലിനീകരണ സംസ്കരണ സംവിധാനം ഉണ്ടായിട്ടുണ്ട്. തൃശ്ശൂരിൽ ഈ പദ്ധതി ആരംഭിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിൽകൂടി ഈ പദ്ധതി ആരംഭിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. കോർപ്പറേഷനുകൾ നേരിടുന്ന വേറൊരു പ്രശ്നം പെൻഷൻ ഫണ്ടിന്റെ കാര്യത്തിലാണ്. പെൻഷൻ കൊടുക്കുന്നത് കോർപ്പറേഷൻ വഴിയാണ്. തിരുവനന്തപുരത്ത് വർക്ക് ചെയ്തവർക്കും കോഴിക്കോട് വർക്ക് ചെയ്തവർക്കും ഓപ്ഷൻ എടുക്കാം. അവർക്ക് ഓപ്റ്റ് ചെയ്ത് തൃശ്ശൂരോ കൊല്ലത്തോ വരാം. പലപ്പോഴും അതാത് കോർപ്പറേഷനിലെ ജീവനക്കാര

ല്ലാത്തവർക്കുകൂടി പെൻഷൻ കൊടുക്കേണ്ട ബാദ്ധ്യത കോർപ്പറേഷനുണ്ടാകുന്നു. പക്ഷേ യഥാസമയം പെൻഷൻ ഫണ്ട് കൊടുക്കാൻ സർക്കാർ തയ്യാറാകുന്നില്ല. അപ്പോൾ തനത് ഫണ്ട് എടുത്ത് പെൻഷൻ കൊടുക്കേണ്ടി വരും. തൃശ്ശൂർ കോർപ്പറേഷനിൽ പതിമൂന്നരക്കോടി രൂപ പെൻഷൻ ഫണ്ട് വകയിൽ ചെലവഴിക്കേണ്ടിവന്നു. അത്രയും തനത് ഫണ്ടിൽ കുറവ് വന്നതു കൊണ്ട് വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. കരാറുകാർക്ക് കാശുകൊടുക്കാൻ ഇല്ല. അത്യാവശ്യ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. അതുതന്നെയാണ് പല കോർപ്പറേഷനുകളുടെയും സ്ഥിതി. അതുകൊണ്ട് കോർപ്പറേഷനുകൾക്ക് കൊടുക്കേണ്ട പെൻഷൻ ഫണ്ട് തുക നിശ്ചിത സമയത്ത് കൊടുക്കാനുള്ള ഒരു സംവിധാനം വേണം എന്നതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടാക്സ് റിവിഷൻ പ്രൊപ്പോസൽ വന്നു. പതിനാറ് കൊല്ലമായി ടാക്സ് ആക്ട് റിവൈസ് ചെയ്യുകയാണ്. ആവശ്യമില്ല എന്ന് ആർക്കും പറയാൻ കഴിയില്ല. പക്ഷേ ശാസ്ത്രീയമായി അല്ലാത്തതുകൊണ്ട് അന്ന് അത് നടപ്പിൽ വരുത്തിയില്ല. തെരഞ്ഞെടുപ്പ് വന്നു. പുതിയ സംവിധാനം വന്ന് അടുത്തകാലത്തായി, ജൂൺ 30-നുള്ളിൽ എല്ലാവരും റിട്ടേൺസ് കൊടുക്കുന്നതുപോലെ വലിയ ഒരു ഫോം ഫിൽ-അപ് ചെയ്ത് കൊടുക്കണമെന്ന് പറഞ്ഞു. ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. എല്ലാ ഡീറ്റെയിൽസുമുണ്ട്, കാര്യം ശരിയാണ്. 30-ാം തീയതി കഴിയുമ്പോൾ 25 ശതമാനം പേപ്പറും കൊടുത്തിട്ടില്ല. 15-ാം തീയതിവരെ നീട്ടി. 15-ാം തീയതി നടക്കുമെന്ന് എനിക്ക് വിശ്വാസമില്ല. തെരഞ്ഞെടുപ്പ് വരാൻ പോകുകയാണ്.

ഇത് പ്രോസസ് ചെയ്യണമെങ്കിൽ എത്ര ഉദ്യോഗസ്ഥന്മാർ വേണം. എത്ര ബുദ്ധിമുട്ടുകൾ ഉണ്ടാക്കേണ്ടിവരും. ഫിൽഅപ്പ് ചെയ്ത് കൊടുക്കാൻ ആളുകൾ തയ്യാറില്ല. സംഭരിക്കാൻ വേണ്ട സ്റ്റാഫില്ല. ആധാർപോലെ ആളുകൾ ഇതിന്റെ പുറകെ നടന്ന്, അവരുടെ വൈരാഗ്യം സമ്പാദിക്കാം എന്നല്ലാതെ കാൽകാശിന് പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല എന്നതാണ് സത്യം. ഇത് ലളിതവൽക്കരിക്കാൻ കഴിയണം. എന്റെ അഭിപ്രായത്തിൽ 15 കൊല്ലം കഴിഞ്ഞ് ടാക്സ് റിവിഷൻ ഫ്ളാറ്റ് റേറ്റിൽ ഒരു നിശ്ചിത ശതമാനം വർദ്ധിപ്പിച്ച് individual cases -ൽ ഓരോന്ന് പ്രോസസ് ചെയ്യാൻ കഴിഞ്ഞാൽ ഉടനെ അതിന്റെ ഫലം കിട്ടും. അല്ലെങ്കിൽ അനന്തമായി നീളും. തെരഞ്ഞെടുപ്പ് ഉടനെ വരും. അടുത്ത ഭരണസമിതി വരും. അസുഖകരമായ തീരുമാനങ്ങളെടുക്കാൻ ആരും തയ്യാറാകില്ല. ഫലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റവന്യു വർദ്ധന ഉണ്ടാകില്ല എന്നതാണ് സത്യം. അതുകൊണ്ട് നിലവിലുള്ള ടാക്സിൽ ഇത്ര ശതമാനം, മാക്സിമം 25 ശതമാനമേ വർദ്ധിപ്പിക്കാൻ കഴിയൂ എന്നുപറഞ്ഞിട്ടുണ്ട്. ആ 25 ശതമാനം താഴെ വരുന്ന ഒരു ശതമാനം വർദ്ധന വരുത്തി പരാതിക്കാരുടെ പരാതി പരിഗണിച്ചാൽ എളുപ്പം നടക്കും എന്നതാണ് വിചാരം. അതിനൊരു കാരണം കൂടിയുണ്ട്. റിട്ടേൺസ് കൊടുക്കുന്ന സംഖ്യ കണക്കുപ്രകാരം കൊടുക്കേണ്ടതിനേക്കാൾ കുറവാണെങ്കിൽപോലും തിരിച്ചുകൊടുക്കാൻ പ്രൊവിഷനില്ല, 25 ശതമാനം കൂടി കൂട്ടിക്കൊടുക്കണമെന്ന വിരോധാഭാസം കൂടി ഇപ്പോഴത്തെ നിയമപ്രകാരം, മാർഗ്ഗനിർദ്ദേശ പ്രകാരം ഉണ്ടെന്ന കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതായാലും ടാക്സിന്റെ കാര്യം പറഞ്ഞു.

പിന്നെ പരസ്യത്തിന്റെ കാര്യം. മറ്റു സംസ്ഥാനങ്ങളിലെ നഗരങ്ങളിൽ പരസ്യംവഴി കോടിക്കണക്കിന് രൂപ കിട്ടുമ്പോൾ നമ്മൾ നിസ്സാര കാശിന് കൊടുത്ത് ഇടത്തട്ടുകാരൻ സമ്പന്നനാകുന്ന ഒരു സ്ഥിതി പല കോർപ്പറേഷനുകളിലുമുണ്ട് എന്ന കാര്യം അറിഞ്ഞിരിക്കേണ്ടതാണ്. ധാരാളം സാധ്യതകളുള്ള പരസ്യം, അത് ഏകോപിപ്പിച്ചുകൊണ്ടുവരണം. ഇലക്ട്രിക്ക് പോസ്റ്റുമെല്ലാം ആധുനീകരിച്ച് കൊണ്ടുവരണം. നഗരങ്ങളിലെങ്കിലും പോസ്റ്റുകൾ മാറ്റി underground cable വഴി വരുത്താൻ കഴിഞ്ഞാൽ അത്രയും വീതി നമുക്ക് കൂടുതൽ കിട്ടും. അതിനാവശ്യമായ സംഖ്യ സമാഹരിക്കാൻ ഈ പരസ്യം വഴിയും നമുക്ക് കഴിയും എന്നതാണ് എന്റെ അഭിപ്രായം. ഇതുപോലെ നമ്മുടെ നഗരങ്ങളുടെ സമഗ്രമായ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയണം. കേരളത്തിൽ 5 കോർപ്പറേഷനുകളുണ്ട്. തിരുവനന്തപുരത്തും കോഴിക്കോടും കൊച്ചിയിലും നഗര വികസന അതോറിറ്റികൾ കാലമായി പ്രവർത്തിക്കുന്നു. സാമ്പത്തിക സഹായവും കൊടുക്കാറുണ്ട്. കൊല്ലത്തും തൃശ്ശൂരും TUDA ഉണ്ടായിരുന്നില്ല. നിരന്തരമായ ആവശ്യം പ്രമാണിച്ച് ഈ സർക്കാർ അവിടെയൊക്കെ പുന:സ്ഥാപിച്ചു, നല്ല കാര്യം തന്നെയാണത്. പക്ഷേ അവിടത്തെ കമ്മിറ്റി പുന:സംഘടിപ്പിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല എന്ന കാര്യം ഞാൻ ഓർക്കാൻ പറയുകയാണ്. ചെയർമാനെമാത്രം വച്ച് ഓഫീസ് പ്രവർത്തിച്ചതുകൊണ്ട് കാര്യമുണ്ടോ? ഒരു പരിപാടി നടപ്പിൽ വരുത്താൻ നമുക്ക് കഴിയുന്നില്ല. അതുകൊണ്ട് fullfledged ആയി TUDA സംവിധാനം പൂർത്തീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. തൃശ്ശൂർ സാമ്പത്തികരംഗത്തും സാംസ്കാരിക രംഗത്തുമൊക്കെ പ്രധാനപ്പെട്ടൊരു നഗരമാണ്. ഭൂമിശാസ്ത്രപരമായി

നോക്കിയാൽ തൃശ്ശൂരിന് അനന്തമായ സാധ്യതകളുണ്ട്. വളരുന്ന കൊച്ചിയുടെ തൊട്ടടുത്ത സ്ഥലമെന്ന നിലയ്ക്ക് ബോംബെ – പൂനെ പോലെ twin city ആകാൻ സാധ്യതയുള്ളൊരു നഗരമാണ് തൃശ്ശൂർ. പക്ഷേ അടുത്ത കാലത്ത് കോർപ്പറേഷനായതുകൊണ്ട് അവികസിതമായ പല പ്രദേശങ്ങളുണ്ട്. ഇതൊക്കെ haphazard ആയിട്ട് വികസിപ്പിക്കാതെ ആസൂത്രിതമായി ഒരു വികസനത്തിന് കഴിയണം. കേരളത്തിൽ ഏതെങ്കിലുമൊരു നഗരത്തിനെ സ്മാർട്ട് നഗരമാക്കാമെങ്കിൽ അത് തൃശ്ശൂരാണ് എന്ന കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്മാർട്ട് സിറ്റീസ് ഉണ്ടാകുമെന്ന് കേന്ദ്ര ഗവൺമെന്റ് അടുത്ത കാലത്ത് പ്രഖ്യാപിച്ചു. കൊച്ചി നല്ല നഗരമാണ്. കൊച്ചിക്ക് അനന്തമായ സാധ്യതകളുണ്ട്. പക്ഷേ വികസനത്തിന് പരിമിതികളുണ്ട്. അവിടെ വ്യവസായ സ്ഥാപനങ്ങളും മറ്റു പലതുമുണ്ട്. അടുത്തകാലത്തായി അനുബന്ധ വ്യവസായങ്ങൾ വരുന്നു. എല്ലാം നല്ലതാണ്. തിരുവനന്തപുരത്തിന് വേറൊരു പ്രാധാന്യമുണ്ട്. കോഴിക്കോടിനും മറ്റൊരു പ്രാധാന്യമുണ്ട്. പക്ഷേ കേരളത്തിൽ ജനവാസത്തിന് ഏറ്റവും പറ്റിയ സ്ഥലം തൃശ്ശൂരാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. ചെയർമാൻ: ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ നിർത്തുകയാണ്. തൃശ്ശൂരിന്റെ വളർച്ചയ്ക്ക് അനുകൂലമായി എക്സ്പേർട്ട്സിനെ വച്ച് ഒരു കമ്മിറ്റിയുണ്ടാക്കി ആസൂത്രിതമായി, സ്മാർട്ട് സിറ്റിയായി തൃശ്ശൂരിനെ വളർത്താൻ ശ്രമിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട്, ക്രിയാത്മകമായ കുറെ സംഭാവനകൾ ചെയ്ത ഐക്യജനാധിപത്യ മുന്നണിയുടെ, പ്രത്യേകിച്ചും

ഭാവനാപൂർണ്ണമായി പെരുമാറുന്ന നഗരവികസന വകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ, ജലസേചന കാര്യത്തിൽ എല്ലാവർക്കും വെള്ളം എല്ലാ കാലത്തും എന്ന പുതുമുദ്രാവാക്യവുമായി വന്ന ജലസേചന വകുപ്പുമന്ത്രിയുടെയും ധനാഭ്യർത്ഥനകളെ അഭിനന്ദിച്ചുകൊണ്ട്, പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. രാജു: സർ, ഞാൻ ഈ ഡിമാന്റ്സിനെ എതിർക്കുകയാണ്. അതിന്റെ കാര്യമെന്താണെന്ന് പറയാം. കാലാവസ്ഥാ വ്യതിയാനം അതുപോലെത്തന്നെ വേനലിന്റെ രൂക്ഷത ഇതെല്ലാംകൊണ്ട് കുടിവെള്ളക്ഷാമം സാധാരണയായി ഇപ്പോൾ കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും അനുഭവപ്പെട്ടുവരുന്ന ഒരു സംഗതിയായി മാറിക്കഴിഞ്ഞു. ഈ അവസരം മുതലെടുത്തുകൊണ്ട്, ഭൂമാഫിയ പോലെ ജലമാഫിയയും ഇവിടെ പിടിമുറുക്കുകയാണ്. യാതൊരുവിധമായ തത്വദീക്ഷയുമില്ലാതെ വലിയ ഫ്ളാറ്റുകളായാലും ഹോട്ടലുകളായാലും അവിടേയ്ക്കെല്ലാം ലോറികളിൽ വെള്ളം കൊണ്ടുവരുന്നത് ഈ ജലമാഫിയകളാണ്. ശുദ്ധജലമെന്ന വ്യാജേന കായലുകളിലെ വെള്ളം ലോറികളിലും ടാങ്കറുകളിലും സംഭരിച്ച് ഈ ഫ്ളാറ്റുകളിലേക്കും ഹോട്ടലുകളിലേക്കും കൊടുക്കുകയാണ്. അതുകൊണ്ടുതന്നെ ഈ മാലിന്യത്തിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന പകർച്ചവ്യാധി അടക്കമുള്ള ആരോഗ്യ പ്രശ്നങ്ങൾ ഒരു വിഷയമായി വളർന്നിരിക്കുന്ന ഈ സാഹചര്യത്തിൽ യഥാർത്ഥത്തിൽ ഈ ശുദ്ധജല വിതരണവും നഗരാസൂത്രണവുമായി വലിയ ബന്ധമാണുള്ളത്. അതുകൊണ്ട് രണ്ട് വകുപ്പുമന്ത്രിമാരുടെയും കൂടി ഡിമാന്റ് യോജിപ്പിച്ച് ചർച്ചചെയ്യുന്നതിൽ കുഴപ്പമില്ല. ഇപ്പോൾ കേരളത്തിൽപോലും

ആ ഭൂമാഫിയകളെ സർവ്വ സ്വാതന്ത്ര്യവും കൊടുത്ത് തുറന്നുവിട്ടിരിക്കുന്ന ഒരു സ്ഥിതിയാണ്. ഇവിടെ പറയപ്പെടുന്നത് കേരളത്തിന് 44 നദികളും സ്വന്തമായിട്ട് ഇഷ്ടംപോലെ മഴയും വെള്ളവും ഉണ്ട് എന്നൊക്കെയാണ്. എന്നാൽ സംഗതിയാകെ മാറി. നമുക്ക് ജലം സംരക്ഷിക്കുന്നതിനാവശ്യമായ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ വളരെ ആവശ്യമാണ്. പദ്ധതികൾ പലതും നമ്മൾ നടപ്പിലാക്കുന്നുണ്ട്. പക്ഷേ അതൊന്നുംതന്നെ പൂർത്തീകരണത്തിലേയ്ക്ക് പോകുന്നില്ല. 100 ശതമാനം പ്രയോജനം ജനങ്ങളിലേയ്ക്ക് കിട്ടുന്ന നിലയിലേയ്ക്കുള്ള പൂർത്തീകരണത്തിലേയ്ക്ക് ഈ പദ്ധതികളൊന്നും തന്നെ ചെന്നെത്തുന്നില്ല എന്നുള്ള പോരായ്മ ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെത്തന്നെ വകുപ്പും പരിഗണിക്കണം, പരിശോധിക്കണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. 1022 കോടി രൂപ മുടക്കി 200-ഓളം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭിക്കുന്നതിലേയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ ഒരു പദ്ധതിയാണ് - ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം. കേരളത്തിൽ ഒട്ടാകെയൊന്ന് പരിശോധിച്ചാൽ ജലനിധി പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചതിന്റെ സ്ഥിതി നമുക്ക് വ്യക്തമായിട്ട് മനസ്സിലാക്കാൻ സാധിക്കും. അതിൽ ഏറിയപങ്കും പല കാരണങ്ങളാൽ പ്രവർത്തനരഹിതമായി കിടക്കുകയാണ്. പ്രാദേശിക കമ്മിറ്റികളുടെ തകരാറായാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ വരുത്തിയ വീഴ്ചയുടെ കാര്യമായാലും, യന്ത്രത്തകരാറുകൊണ്ടായാലും എതു നിലയിലായാലും ശരി ജലനിധി പദ്ധതിയുടെ ഒന്നാംഘട്ടവുമായി ബന്ധപ്പെടു

ത്തിക്കൊണ്ട് അന്ന് പൂർത്തീകരിച്ച പല പദ്ധതികളും ഇപ്പോൾ പ്രവർത്തന രഹിതമാണ്. ഇപ്പോൾ 1022 കോടി രൂപയുടെ പദ്ധതി രൂപീകരിച്ചു.

1022 കോടി രൂപ അനുവദിച്ചതിൽ 31-12-2013 വരെ 55.36 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. യഥാർത്ഥത്തിൽ ഇത്രയും കോടി രൂപയുടെ പദ്ധതി വിഭാവന ചെയ്തതിന്റെ പ്രയോജനം കേവലം 10-12 ഗ്രാമ പഞ്ചായത്തുകളിൽ മാത്രം ഒതുങ്ങിയ സ്ഥിതിയാണുള്ളത്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയണം. 200 ഗ്രാമപഞ്ചായത്തുക ളിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന സമഗ്രമായ ഇത്തരമൊരു പദ്ധതിക്കുവേണ്ടി പണം നീക്കി വച്ചിട്ടുള്ള സാഹചര്യത്തിൽ അത് പൂർത്തീകരിക്കുന്നതിൽ ഗവൺമെന്റ് കൂടുതൽ ശുഷ്കാന്തി കാണിക്കണം. കൂടാതെ, കേരളത്തിൽ തിരുവനന്ത പുരം, മീനാട്, ചേർത്തല, കോഴിക്കോട്, പട്ടുവം തുടങ്ങിയ അഞ്ച് പ്രദേശ ങ്ങളിലാണ് ജൈക്ക പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ചേർത്തല പദ്ധതി യുടെ പണി മാത്രമാണ് പൂർത്തീകരിച്ചുവെന്ന് പറയാവുന്നത്. ബാക്കിയുള്ള പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടോ? എന്റെ നിയോജകമണ്ഡലവു മായി ബന്ധപ്പെട്ടുകൊണ്ട് കൊല്ലം ജില്ലയിലെ മൂന്നുപഞ്ചായത്തുകളിലും മറ്റ് പല മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും ശുദ്ധജലമെത്തിക്കുന്നതിന് വേണ്ടിയാണ് മീനാട് പദ്ധതി രൂപീകരിച്ചത്. 250 കോടി രൂപയിലധികം ചെലവഴിച്ചുകഴിഞ്ഞ ഈ പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് കിട്ടുന്നുണ്ടോ? യഥാർത്ഥത്തിൽ വ്യാജമായി ഇങ്ങനെ പണം ചെലവഴിക്കാമോ? 240-ഓളം ഹൗസ് വാട്ടർ കണക്ഷനുകൾ മാത്രമാണ് ഇതു

വരെ കൊടുത്തിട്ടുള്ളത്. എന്റെ മണ്ഡലത്തിൽപ്പെടുന്ന അഞ്ചൽ, ഇട മുളയ്ക്കൽ, കരവാളൂർ എന്നീ മൂന്നുപഞ്ചായത്തുകളിലെ ഏതാനും ചില വീടുകളിൽ മാത്രമേ ഈ പദ്ധതിപ്രകാരം കണക്ഷൻ കൊടുക്കാൻ സാധിച്ചിട്ടുള്ളൂ. ഈ പദ്ധതിയുടെ ഒന്നും രണ്ടും സ്റ്റേജിന്റെ പണി പൂർത്തീക രിച്ചു. മൂന്നാമത്തെ സ്റ്റേജായപ്പോൾ കോൺട്രാക്ടർ പണി ഉപേക്ഷിച്ചു പോവുകയും പകരം, പുതിയ കോൺട്രാക്ടറെ ഏൽപ്പിക്കുകയും ചെയ്തു. അക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്തുവെന്ന കാര്യ ത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ, ആ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? പുതിയ കോൺട്രാക്ടർ വന്നതിനുശേഷവും വർക്ക് അൽപംപോലും നീങ്ങുന്നില്ല. 250 കോടി രൂപ ചെലവഴിച്ചപ്പോൾ 240 വീടുക ളിൽ മാത്രമാണ് വാട്ടർ കണക്ഷൻ ലഭിച്ചത്. ഇങ്ങനെപോയാൽ ഈ പദ്ധതി എവിടെപ്പോയി നിൽക്കും. മീനാട് പദ്ധതിയും ജൈക്കയുടെ മറ്റ് പദ്ധതികളും പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ഇതിനായി ബന്ധപ്പെട്ട ആളുകളുടെ യോഗം വിളിച്ചുചേർത്ത് അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗ സ്ഥർക്കും കോൺട്രാക്ടർമാർക്കുമെതിരെ നടപടി സ്വീകരിച്ച് അടിയന്തര മായ പരിഹാരം കാണാൻ കഴിയുന്നില്ലെങ്കിൽ ശുദ്ധജലക്ഷാമം പരിഹരിക്കു ന്നതെങ്ങനെയാണ്. ഇത്രയും രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുന്ന തിന് അടിയന്തര നടപടികളുമായി മുന്നോട്ടുപോകാൻ കഴിയണം. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെടുത്തി നേരത്തെ ശ്രീ. വി. ശിവൻകുട്ടി ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഒരുപാട് അഴിമതി ആരോപണങ്ങൾ അവിടെ നടക്കുന്നുവെന്ന പത്രവാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഉന്നതാധികാര സമിതി അറിയാതെ ടെണ്ടർ, ജലഅതോറിറ്റിയിൽ 19 കോടി

രൂപയുടെ സോഫ്റ്റ്‌വെയർ അഴിമതി എന്നിങ്ങനെയുള്ള വാർത്തകളാണ് മിക്കവാറും എല്ലാ പത്രങ്ങളിലും വന്നിരിക്കുന്നത്. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. ജലവിഭവ വകുപ്പിനുകീഴിൽ ഗ്രൗണ്ട് വാട്ടർ എന്നൊരു വിഭാഗമുണ്ട്. ഇത്രയ്ക്കും അനങ്ങാപ്പാറ നയം സ്വീകരിക്കുന്ന മറ്റൊരു വിഭാഗം വേറെയില്ല. വരൾച്ചാ ദുരിതാശ്വാസവുമായി ബന്ധപ്പെടുത്തി കളക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് കുഴൽകിണറുകൾ നന്നാക്കുന്നതിനുള്ള ലിസ്റ്റ് കൊടുത്താൽ അക്കാര്യം ജനപ്രതിനിധികളുമായി ചർച്ച ചെയ്യുകയോ അവിടെ എന്താണ് നടത്തേണ്ടതെന്നതിനെ സംബന്ധിച്ച് അന്വേഷണം നടത്തുകയോ ചെയ്യാതെ അനങ്ങാപ്പാറനയം സ്വീകരിക്കുന്ന ഏറ്റവും ജനദ്രോഹപരമായിട്ടുള്ള സമീപനം സ്വീകരിക്കുന്നൊരു വകുപ്പായി ഗ്രൗണ്ട് വാട്ടർ വിഭാഗം മാറിയിരിക്കുന്നു. ഗവൺമെന്റിന്റെ അടിയന്തരമായ ഇടപെടൽ ആവശ്യമാണ്. അവിടെ ആവശ്യമായിട്ടുള്ള ഉദ്യോഗസ്ഥരില്ല. നഗരവികസന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് എന്റെ നിയോജകമണ്ഡലത്തിൽ ആകെയൊരു മുനിസിപ്പാലിറ്റി മാത്രമേയുള്ളൂ. അത് പുനലൂർ മുനിസിപ്പാലിറ്റിയാണ്. ചുറ്റുപാടും നഗരമാണെങ്കിൽ കൂടി അതൊരു വനമേഖലയാണെന്നദ്ദേഹത്തിന് അറിയാം. വിദൂരമായൊരു ബ്ലോക്കിലെ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഈ മുനിസിപ്പാലിറ്റിയുടെ ചാർജ്ജ് കൂടി കൊടുത്താൽ എങ്ങനെയാണ് വികസനപ്രവർത്തനങ്ങൾ നടക്കുന്നത്. നമ്മുടെ നാട്ടിൽ എഞ്ചിനീയർമാർ ഇല്ലാത്തതുകൊണ്ടാണോ? ഉദ്യോഗസ്ഥന്മാർ തമ്മിലുള്ള തർക്കം, സംഘടനക്കാർ തമ്മിലുള്ള തർക്കം, ഡിപ്ലോമാക്കാരും ഡിഗ്രിക്കാരും തമ്മിലുള്ള തർക്കം ഇവ മൂലം അദ്ദേഹത്തിന്റെ വകുപ്പിൽ ആവശ്യമായിട്ടുള്ള എഞ്ചിനീയർമാരെ നിയമിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടെങ്കിൽ എന്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് ഒരു

നെഗോസിയേഷനിലൂടെയോ അല്ലെങ്കിൽ കോടതിയിൽ കേസ് പെട്ടെന്ന് തീർത്തുകൊണ്ടോ ഒരു പരിഹാരം കാണാൻ സാധിക്കുന്നില്ല. പുനലൂർ മുനിസിപ്പാലിറ്റിയിൽ അടിയന്തരമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിച്ചേ മതിയാവൂ. കേരളത്തിലൊട്ടാകെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എഞ്ചിനീയർമാരുമില്ലാതെ നഗരങ്ങളിലെ വികസനപ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകണം. പണ്ടുകാലത്ത് എം.പി. ഗംഗാധരൻ, മന്ത്രിയായിരിക്കുന്ന കാലത്ത് പല റോഡുകളുടെയും നടുവിലൂടെ സ്ഥാപിച്ച കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പുകൾ, ഇപ്പോഴും പൊട്ടിക്കൊണ്ടിരിക്കുകയാണ്. അടൂർ-കെ.പി.റോഡിന്റെ നടുവിലൂടെ സ്ഥാപിച്ചിരിക്കുന്ന ഈ പൈപ്പ് ആഴ്ചതോറും പൊട്ടിക്കൊണ്ടിരിക്കുകയാണ്. പഴയകാലത്ത് ഈ വിധത്തിൽ സ്ഥാപിച്ച പൈപ്പുകൾ സമ്പൂർണ്ണമായി മാറ്റി പകരം പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനൊരു പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചതാണ്. പക്ഷേ, നാളിതുവരെ അത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അതിന്റെ ഫലമായി റോഡുകളെല്ലാം ഗതാഗതയോഗ്യമല്ലാതായി മാറിക്കൊണ്ടിരിക്കുകയാണ്. പുനലൂരുമായി ബന്ധപ്പെടുത്തികൊണ്ട് പറയാനുള്ള കാര്യം, യഥാർത്ഥത്തിൽ കൊല്ലം ജില്ലയുടെതന്നെ വിവിധ പദ്ധതികൾക്കാവശ്യമായിട്ടുള്ള വാട്ടർ സോഴ്സ് പുനലൂർ മുനിസിപ്പൽ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. പുനലൂർ പേപ്പർമിൽ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ അവിടെ ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ചൊരു തടയണയുണ്ടായിരുന്നു. ആ തടയണ അവിടെയുണ്ട് എന്നുള്ളതുകൊണ്ടാണ് ജലം തടഞ്ഞുനിറുത്തി പുനലൂർ മുനിസിപ്പൽ മേഖലയിലേയ്ക്കുള്ള വെള്ളവും കുണ്ടറ ജലസേചനപദ്ധതിക്കുള്ള വെള്ളവും ജൈക്ക

പദ്ധതിക്കുള്ള വെള്ളവും എടുക്കാൻ സാധിക്കുന്നത്. വെള്ളപ്പൊക്കം വന്നപ്പോൾ ആ തടയണയുടെ കുറേഭാഗം ഇടിഞ്ഞുപോയി. വർഷങ്ങൾ ഒരുപാടായി. കല്ലടയാറിനു കുറുകെ പുനലൂർ മുനിസിപ്പൽ ഏരിയയാണ്. പക്ഷെ, ഇതുവരെ ആ തടയണ പൂർത്തീകരിക്കാനോ അതിന്റെ മെയിന്റ നൻസ് നടത്തി പഴയനിലയിലാക്കാനോ അതിന്റെ ഉയരം കൂട്ടാനോ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ വരൾച്ച സമയത്ത് ഈ പദ്ധതി കൾക്കാവശ്യമായിട്ടുള്ള വെള്ളം അവിടെ സ്റ്റോർ ചെയ്തുനിർത്താൻ സാധിക്കാത്ത ഒരു സാഹചര്യം വന്നിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം. മറ്റൊന്ന്, കുളങ്ങളും അതു പോലെ ചിറകളും വൃത്തിയാക്കുന്നൊരു പദ്ധതി അങ്ങ് വളരെ സന്തോഷ ത്തോടുകൂടി ആവേശത്തോടുകൂടി നിയമസഭയിൽ പറഞ്ഞതാണ്. അതിൽ കുറച്ചൊക്കെ നടന്നിട്ടുണ്ട്. നടന്നിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. ഒരു പഞ്ചായ ത്തിൽ ഒരു കുളം പദ്ധതി അടക്കം ചില പദ്ധതികൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിച്ചു. പക്ഷെ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനത്തിനു ശേഷം വളരെ അപൂർവ്വമായി ചില കുളങ്ങളും ചിറകളും വൃത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ, ഭൂരിപക്ഷം വരുന്ന കുളങ്ങളും ചിറകളും ഇനിയും വൃത്തിയാക്കാനുണ്ട്. അതൊക്കെ സംരക്ഷിക്കുക എന്നത് നമ്മുടെ നാട്ടിൻ പ്രദേശത്ത് ഭൂജലം സംരക്ഷിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ഇവിടെ പറഞ്ഞിട്ടുള്ളതാണ്. തീർച്ചയായും അതിനുവേണ്ടി കൂടുതൽ തുക നീക്കിവയ്ക്കുകയും ഒരു വർഷംകൊണ്ട് സമയബന്ധിതമായി കേരളത്തിലെ ദേവസ്വം ബോർഡിന്റേതായാലും ക്ഷേത്ര കുളങ്ങളായാലും പൊതുവായി ജനങ്ങൾ ഉപയോഗിക്കാൻ തയ്യാറാണെങ്കിൽ അത്തരം കുളങ്ങൾ അടക്കമുള്ളവ സംരക്ഷിക്കുന്നതിനുള്ള ഒരു പൊതു

പദ്ധതി പ്രഖ്യാപിക്കണം. അതുപോലെതന്നെ ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ കല്ലട ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കല്ലട ഇറിഗേഷൻ പ്രോജക്ട് നടപ്പിലാക്കുന്ന കാലത്ത് ആ പ്രോജക്ടിന്റെ ആവശ്യത്തിനായി ധാരാളമായി ഭൂമി അക്വയർ ചെയ്തിരുന്നു. എന്നാൽ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർണ്ണമായി അവസാനിച്ച സാഹചര്യത്തിൽ പല ഭാഗത്തും ഭൂമി അധികമായി കിടക്കുന്നുണ്ട്. കല്ലട പ്രോജക്ടിന് ആവശ്യമില്ലാത്തസ്ഥലം സർക്കാരിന്റെ പൊതുആവശ്യത്തിനുവേണ്ടി വിട്ടുകൊടുക്കാൻ തയ്യാറാകണം. അതോടൊപ്പംതന്നെ കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്ന ധാരാളം ആളുകളുണ്ട്. റവന്യൂ-ജലവിഭവ വകുപ്പുകൾ സംയുക്തമായി ആവശ്യമായിട്ടുള്ള ഇൻസ്പെക്ഷൻ നടത്തി കനാലുകൾക്ക് തടസ്സമില്ലാത്ത വിധത്തിൽ കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്ന വേറെ ഭൂമിയില്ലാത്ത അർഹരായിട്ടുള്ള ആളുകൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണം. തടയണ നിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചില പദ്ധതികൾ കേരളത്തിൽ നടന്നുവരുന്നുണ്ട്. എന്റെ മണ്ഡലത്തിൽ അങ്ങ് വന്ന് ഉദ്ഘാടനം ചെയ്ത പണികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കുളത്തൂപ്പുഴ ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തോടനുബന്ധിച്ച് ഒരു തടയണ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തന്നിട്ടുള്ളതാണ്. അതുകൂടി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. ജലസ്രോതസ്സുകളെയും ജൈവ സാന്നിദ്ധ്യത്തെയും അതോടൊപ്പം ഇതൊക്കെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നതിനെക്കുറിച്ചും വളരെ നന്നായി അറിവുള്ള ആളാണ് പരിണിതപ്രജ്ഞനും ബഹുമാന്യനുമായ മന്ത്രി ശ്രീ. പി. ജെ. ജോസഫ്. വായിച്ചറിഞ്ഞതല്ല, അനുഭവത്തിലൂടെയും പരിചയസമ്പന്നതയിലൂടെയും നേടിയിട്ടുള്ള അറിവുകളാണ് അദ്ദേഹത്തിനുള്ളത്. അതുകൊണ്ട് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ജലം വളരെയേറെ അമൂല്യമാണ്. അത് മലിനപ്പെട്ടുകൂടാ, പാഴായിക്കൂടാ. അതുകൊണ്ടുതന്നെ ഈ രാജ്യത്ത് രണ്ടാമതൊരു ലോകമഹായുദ്ധം ഉണ്ടാകുകയാണെങ്കിൽ അത് വെള്ളത്തിനുവേണ്ടിയായിരിക്കുമെന്നത് വളരെ ഗൗരവത്തോടുകൂടി നിയമസഭകൾ ചർച്ച ചെയ്യപ്പെടുകയാണ്. ജലസ്രോതസ്സുകൾ ഏറെയുള്ള സംസ്ഥാനമാണ് കേരളം. മൺസൂൺ മഴ ഇഷ്ടം പോലെ കിട്ടുന്നു. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ, ചെങ്കുത്തായ പ്രദേശങ്ങളിൽ, എന്റെ മലയോര കുടിയേറ്റ മേഖലയെപ്പോലെയുള്ള പ്രദേശങ്ങളിൽ ഈ വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല. ഈ വെള്ളത്തിൽ അധികഭാഗവും കടലിൽ ഒഴുകിയെത്തുകയാണ്. 2800 മുതൽ 2900 മി.മീ. വരെയാണ് മഴ കിട്ടുന്നത്. എന്നിട്ടും ആ വെള്ളം വേണ്ടതുപോലെ പരിരക്ഷിക്കാൻ സാധിക്കുന്നില്ല. നാൽപ്പത്തിയൊന്നോളം പുഴകളിൽനിന്ന് ഒഴുകിയെത്തുന്നത് 7000 കോടി ഘനമീറ്റർ വെള്ളമാണ്. എന്നാൽ ഇതിൽ നമ്മുടെ ഡാമുകളിൽ ശേഖരിക്കുന്നതാകട്ടെ, കേവലം 115 കോടി ഘനമീറ്റർ മാത്രമാണെന്നാണ് കണക്ക്. മലയോര മേഖലയിൽ ജലസംഭരണശേഷി നിരന്തരമായി കുറഞ്ഞു വരുന്നതായിട്ടാണ് വാർത്തകൾ. വനനശീകരണവും ക്വാറികളുടെ

പ്രവർത്തനവുമൊക്കെയാകാം അതിനുള്ള കാരണം. ഇത്തരം പ്രദേശങ്ങളിൽ താരതമ്യേന ചെലവുകുറഞ്ഞ പ്രകൃതിദത്ത ഉറവകൾ പ്രയോജനപ്പെടുത്താനുള്ള നടപടിവേണം. പലവട്ടം ഈ സഭയിൽ അത് ഉന്നയിച്ചതാണ്. താരതമ്യേന ചെലവുകുറഞ്ഞ പദ്ധതികൾ, പൈപ്പും അത്യാവശ്യ ഉപകരണങ്ങളും കൊടുക്കുകയാണെങ്കിൽ വെള്ളമെത്തിക്കാവുന്ന എല്ലാ സാധ്യതകളുമുള്ള മലയോര മേഖലയാണ് ഞങ്ങളുടേതൊക്കെ. മലയോര മേഖലകളിലെ ഇത്തരം കാര്യങ്ങളിൽ വളരെ ഗൗരവമായി ഇടപെടണം. ഇത്തരം മേഖലകളുടെ ഒരു പ്രത്യേകത, കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം, man animal conflict-മായി ബന്ധപ്പെട്ട വിഷയങ്ങൾ ഇതൊക്കെ നിലനിൽക്കുന്ന ഒരുസംസ്ഥാനമെന്ന നിലയിൽ കർഷകന്റെ കാലിൽ കൂച്ചുവിലങ്ങിടാൻ പാടില്ല. കുടിവെള്ളവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീർച്ചയായും പരിസ്ഥിതി സംരക്ഷണം അനിവാര്യമാണ്. ഇത് രണ്ടും പരസ്പരവിരുദ്ധമല്ല, പരസ്പരപൂരകങ്ങളാണ്. അതുകൊണ്ടുതന്നെ ഗൗരവതരമായിട്ടുള്ള ചർച്ചയും പരസ്പരവിശ്വാസവും ഇക്കാര്യത്തിൽ വേണം. ജലലഭ്യത ഉറപ്പുവരുത്താൻ കൂടുതൽ ഉദ്യോഗസ്ഥരുടെയും വകുപ്പുകളുടെയും ഏകോപനം വളരെ അനിവാര്യമാണ്. ഇപ്പോൾ ഒരു പ്രധാനപ്പെട്ട വിഷയമെന്നുപറയുന്നത് ഇല്ക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റും വാട്ടർ അതോറിറ്റിയും തമ്മിലാണ്. മന്ത്രിമാർ തമ്മിലല്ല, വകുപ്പുകൾ തമ്മിലുള്ള കോ-ഓർഡിനേഷന്റെ കുറവ് പലപ്പോഴും ഇതിനെയൊക്കെ പ്രതികൂലമായി ബാധിക്കുന്നു, അനന്തമായി നീണ്ടുപോകുന്നു എന്ന വസ്തുതകൂടി അങ്ങ് തിരിച്ചറിയണമെന്ന് സൂചിപ്പിക്കുകയാണ്. ജലദൗർലഭ്യം നേരിടുന്ന എന്റെ മണ്ഡലത്തിലെ കുടിയേറ്റ മേഖലയിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള നടപടിവേണം. കുറെയേറെ

തടയണകൾ അങ്ങ് നൽകിക്കഴിഞ്ഞു. ഇനിയും അത്തരം മേഖലകളിൽ കൂടുതൽ തടയണകൾ ആവശ്യമാണ്. മഴവെള്ളം പരമാവധി തടഞ്ഞു നിർത്താനും പരമാവധി ജലം ഭൂഗർഭത്തിൽ സംഭരിക്കാനുമുള്ള തീവ്രപദ്ധതികൾ അനിവാര്യമാണ്. വേനൽക്കാലം വരുമ്പോൾ നമ്മുടെ മനസ്സിൽ തീയാണ്. ഈ ആശങ്ക നീക്കാനായി അങ്ങ് സ്വീകരിച്ച നടപടികളെ സ്വാഗതം ചെയ്യുകയാണ്. അമൂല്യമായ ജലം പാഴായിപ്പോകുന്ന സാഹചര്യം കണ്ടെത്തുകയും നമ്മുടെ ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ ഈരംഗത്ത് കാണിക്കുന്ന കെടുകാര്യസ്ഥത, അത് പല ജില്ലകളിലും വരുന്നുണ്ട്; വെള്ളം ധാരാളം ഒഴുകിപ്പോകുന്നു, ദുരുപയോഗം ചെയ്യുന്നു, പലരും ചൂഷണം ചെയ്യുന്നു, ഇക്കാര്യത്തെക്കുറിച്ച് ഗൗരവതരമായ ഇടപെടൽ വേണം. ഫ്ളാറ്റ് സംസ്ക്കാരം അതോടൊപ്പം അണുകുടുംബങ്ങൾ, ജനസാന്ദ്രത ഇതൊക്കെ വർദ്ധിക്കുമ്പോൾ സ്വാഭാവികമായും ഭീതിജനകമായ അവസ്ഥയാണ് കുടിവെള്ളത്തെ സംബന്ധിച്ചിടത്തോളം നമ്മൾ നാളെ നേരിടാൻ പോകുന്നത്. പഴയ കാലത്തെ പ്രകൃതിക്കിണങ്ങിയ രീതിയിലുള്ള കൃഷി മഴവെള്ളത്തെ ഒരു തുള്ളിപോലും പാഴാക്കാതെ മണ്ണിൽത്തന്നെ സംഭരിക്കാൻ പര്യാപ്തമായിരുന്നു. കുളങ്ങളും കിണറുകളും കൊച്ചുനീരുറവകളും നമ്മുടെ അനുഗ്രഹമായിരുന്നു. ജനസാന്ദ്രത വർദ്ധിച്ചപ്പോൾ, മനുഷ്യന്റെ അധിനിവേശവും ആക്രാന്തവും മണ്ണിനോടുള്ള ആർത്തിയുമെല്ലാംകാരണം ഇതൊക്കെ ഓരോന്നോരോന്നായി നഷ്ടപ്പെടുകയാണ്. ഈ വിഷയം ഗൗരവമായി കാണണം. ആവശ്യമായ സംരക്ഷണമില്ലാതെ സ്വാഭാവിക കുടിവെള്ള സ്രോതസ്സുകൾ നശിക്കുകയാണ്. പലയിടത്തും വൻകിട എസ്റ്റേറ്റുകളിൽനിന്ന് വെള്ളം ഊറ്റിക്കൊണ്ടുപോകുകയാണ്. എസ്റ്റേറ്റ് ഉടമകൾ വലിയ ശക്തിയേറിയ മോട്ടോർ ഉപയോഗിച്ച് വെള്ളം അടിച്ചുമാറ്റിക്കൊണ്ടിരിക്കുകയാണ്. എന്റെ പ്രദേശത്ത്

100 കണക്കിനും 1000 കണക്കിനും ഏക്കർ വസ്തുക്കളിലെ വെള്ളം ഊറ്റിയെടുക്കുന്നുണ്ട്. ഇങ്ങനെ വെള്ളം ഊറ്റിയെടുക്കുന്നത് ഡിപ്പാർട്ടുമെന്റിന്റെ അറിവോടുകൂടിയാണോ എന്ന് സംശയിക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ മാനേജ്മെന്റ് ആകാര്യം ഗൗരവമായി കാണണം. ഇന്ന് പൊതുകിണറുകളിലും തോടുകളിലും പുഴകളിലും മാലിന്യം ഡമ്പ് ചെയ്യുന്ന അവസ്ഥയാണ് കാണുന്നത്. ആ അവസ്ഥ ഇപ്പോഴും തുടരുകയാണ്. ഉപദേശവും ബോധവൽക്കരണവുമല്ല, ശക്തമായ നടപടികളാണ് അതിനാവശ്യം. അതിനാവശ്യമായ നിയമപരമായ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക്, ത്രിതല പഞ്ചായത്തുകൾക്ക്, പോലീസിനൊക്കെ നൽകിക്കൊണ്ട് ഡിപ്പാർട്ടുമെന്റിന്റെ സഹകരണത്തോടുകൂടി അത്തരം ദുഃശക്തികളെ കണ്ടെത്താൻ സാധിക്കണം. ത്രിതല പഞ്ചായത്തുകൾക്കും പോലീസിനും ഇക്കാര്യത്തിൽ നിയമപരമായി ഇടപെടാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. പുതിയ നിയമനിർമ്മാണം കൊണ്ടുവരണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരവധി പൊതുകിണറുകൾ സംരക്ഷിച്ചിരുന്നു. പഴയകാലത്ത്, നമ്മളൊക്കെ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ, പത്തുനാൽപ്പത് വർഷങ്ങൾക്കുമുമ്പ് പൊതുകിണറായിരുന്നു ഏറ്റവും പ്രധാനമായിട്ടുള്ളത്. പൈപ്പിന്റെ സാന്നിദ്ധ്യം വന്നതോടുകൂടി, ഇന്ന് അത്തരം പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ലെന്നുമാത്രമല്ല, അത് ഡമ്പിംഗ് കേന്ദ്രങ്ങളായി മാറുകയാണ്. നേരത്തെ മുതൽമുടക്കിയിട്ടുള്ള അത്തരം കിണറുകൾ സംരക്ഷിക്കുന്നതിനും പരിരക്ഷിക്കുന്നതിനും അത് വൃത്തികേടാക്കുന്ന ശക്തികളെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകണം. വാട്ടർ അതോറിറ്റിയുടെ സജീവ സാന്നിദ്ധ്യമായ നഗരപ്രദേശങ്ങളിൽപ്പോലും 45 ശതമാന

ത്തിൽ താഴെ മാത്രം ആളുകൾക്കാണ് ഇന്ന് ശുദ്ധജലം ലഭിക്കുന്നത്. പിന്നെ ഗ്രാമീണ ജനതയുടെ കാര്യമെന്താണ്? കുടിവെള്ളം, വിശിഷ്യ എസ്.റ്റി. കോളനികളിൽ ഏറെ മലിനമായിക്കൊണ്ടിരിക്കുകയാണ്. മലബാർ മേഖലകളിൽ ഏറ്റവും കൂടുതൽ എസ്.സി./എസ്.റ്റി. കോളനികളുള്ള പ്രദേശമാണ് എന്റേത്. അവിടെയൊക്കെയുള്ള വെള്ളം മലിനമായിക്കൊണ്ടിരിക്കുകയാണ്. ഈ വിഭാഗമാകട്ടെ, അതിനെക്കുറിച്ച് വേണ്ടതുപോലെ ബോധവാന്മാരുമല്ല. അതിനാവശ്യമായ കോ-ഓർഡിനേഷൻ നടക്കുന്നില്ല, പരിശോധന നടക്കുന്നില്ല, അതുമായി ബന്ധപ്പെട്ട് ആശുപത്രികൾ നിറഞ്ഞുകവിയുകയാണ്. ഈ വിഷയത്തിൽ വളരെ ഗൗരവമായി ഇടപെട്ട്, ഇത്തരം ജലസ്രോതസ്സുകളെ പരമാവധി ശുദ്ധീകരിക്കുന്നതിനുള്ള നടപടികളും കോ-ഓർഡിനേഷനും ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. പൈപ്പ് വഴിയുള്ള ശുദ്ധജല ലഭ്യത, ദിനംപ്രതി 40 ലിറ്ററാണ് ആളോഹരി ലഭിക്കുന്നത്. ഇത് 70 ലിറ്ററായി ഉയർത്തുന്നതിനുവേണ്ടി 12-ാം പഞ്ചവത്സര പദ്ധതിയിൽ ചില നിർദ്ദേശങ്ങളുണ്ടായിരുന്നു. ഇക്കാര്യത്തിൽ നമ്മുടെ പുരോഗതി എന്താണെന്ന് അങ്ങ് വിശദീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. ഗ്രാമീണമേഖലയിൽ പൈപ്പ്ലൈൻ വഴിയുള്ള കുടിവെള്ളം 35 ശതമാനംപേർക്കാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അവശേഷിക്കുന്ന 65 ശതമാനംപേർക്ക് സ്വാഭാവിക ജലസ്രോതസ്സുകൾ മാത്രമാണ് അഭയം. അതുകൊണ്ടുതന്നെ മുഖ്യപരിഗണനയും ഇടപെടലും ഇക്കാര്യത്തിലുണ്ടാകണം. നാടാകെ ഇന്ന് കോൺക്രീറ്റ് കുന്നുകളും അതൊടൊപ്പംതന്നെ ഭൂമിയുടെ സന്തുലിതാവസ്ഥ തകർക്കുന്നതിനുവേണ്ടിയുള്ള ആക്രാന്തങ്ങളും അധിനിവേശങ്ങളുമൊക്കെ നടക്കുകയാണ്. 2011–2012

കാലഘട്ടത്തിൽ കേരളത്തിലെ 69 ശതമാനം കിണറുകളിലെയും ജലനിരപ്പ് സാരമായി താഴുന്നുവെന്ന പഠനമാണ് നമ്മളെ ആശങ്കാകുലരാക്കുന്നത്. ഇക്കാര്യം ഗവമൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? അങ്ങയുടെ മുഖ്യപരിഗണന അർഹിക്കുന്ന ഒന്നാണ് മഴക്കുഴികൾ. ജനകീയ പരിപാടികളിലൂടെയും പൊതുബോധവൽക്കരണത്തിലൂടെയും ഇത്തരം മഴക്കുഴികൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമുണ്ടാകണം. മലിനജലം ശുദ്ധീകരിക്കലും പുനരുപയോഗം നടത്തലും ഇന്ന് ലോകമെമ്പാടും സാർവ്വത്രികമായി മാറുകയാണ്. ഈ രംഗത്തുള്ള നമ്മുടെ പ്രവർത്തനങ്ങൾ എവിടംവരെയായി? മലിനജലം ശുദ്ധീകരിക്കുന്നതിനും അത് പുനരുപയോഗം ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് അങ്ങ് വിശദീകരിക്കണം. ഇന്ന് എല്ലാ യാത്രക്കാരുടെ കയ്യിലും കുടിവെള്ളം, മിനറൽവാട്ടർ കാണുന്നത് സാധാരണയാണ്. ഈ മിനറൽ വാട്ടറിൽ 60 ശതമാനവും മലിനമാണെന്നാണ് പത്രമാധ്യമങ്ങൾ വിശദീകരിക്കുന്നത്. ഇതിൽ വല്ല വസ്തുതയുമുണ്ടോ; ഇത് പരിശോധിക്കാൻ വല്ല സംവിധാനവുമുണ്ടോ; സർക്കാരിന് ഇത്തരം കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിക്കാൻ സാധിക്കുമോ? പ്രകൃതിദത്ത ഉറവകൾ, വളരെ ശുദ്ധമായ നല്ല ഒന്നാംതരം വെള്ളം, അവ പ്രയോജനപ്പെടുത്തിക്കൊണ്ട്, ശുദ്ധീകരിച്ചുകൊണ്ട് പരമാവധി വിലകുറച്ച് ജനങ്ങൾക്ക് ഈ കുടിവെള്ളം എത്തിക്കുന്നതിനുള്ള വല്ല നടപടികളും ആലോചിക്കാൻ തയ്യാറാകുമോ? 1 കോടിരൂപ ഇതിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു. അത് സംബന്ധച്ചുള്ള പ്രവർത്തനങ്ങൾ എന്തായി എന്നകാര്യം അറിയാൻ താൽപ്പര്യമുണ്ട്. 95 കോടി രൂപ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി വകയിരുത്തിയിട്ടുണ്ട്. ഈ പൈപ്പ്ലൈനാണ് പല രോഗങ്ങളുടേയും പ്രഭവകേ

ന്ദ്രം. ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ വർക്ക് എത്രത്തോളമായി; ഈരംഗത്ത് കൂടുതൽ ഫണ്ട് അനുവദിക്കണമെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. പുഴകൾ നമ്മുടെ അഭിമാനമാണ്, ഇവ മലിനമാണ്. ഇങ്ങനെ മലിനീകരിക്കുന്നവർക്കെതിരായി കർശന നടപടികളുണ്ടാകണം, അത് മുഖം നോക്കാതെയുള്ള നടപടികളായിരിക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. നമ്മുടെ ജലപദ്ധതികൾ പലപ്പോഴും സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. പല കാരണങ്ങളാൽ അങ്ങനെ അനന്തമായി നീണ്ടുപോകുകയാണ്. ആ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പരിശ്രമങ്ങളുണ്ടാകണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് വൻതോതിലുള്ള ഫണ്ട് നമുക്ക് നഷ്ടപ്പെട്ടുപോകുന്നുണ്ട്. അതുകൊണ്ട് കൃത്യമായി അതിന്റെ മോണിറ്ററിംഗ് നടക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് എങ്ങനെയാണ് ഉപയോഗപ്പെടുത്തുന്നതെന്നറിയില്ല. ഞങ്ങളുടെയൊക്കെ പ്രദേശത്തുള്ള ഒരു ബുദ്ധിമുട്ട് എന്നുപറയുന്നത്, കാലവർഷം വരുമ്പോൾ പുഴകൾ ഒന്നടങ്കം കുത്തിയൊലിച്ച് പോകുന്നതോടൊപ്പംതന്നെ മണ്ണുംകൂടി കൊണ്ടുപോകുകയാണ്, കിടപ്പാടം നഷ്ടപ്പെടുകയാണ്. റിവർ മാനേജുമെന്റ് ലഭിക്കുന്നില്ല. എത്രയോ പെന്റിംഗ് ഫയലുകൾ ഓഫീസിൽ കിടക്കുകയാണ്. ഈ ഫണ്ട് പ്രയോജനപ്പെടുത്തി നഷ്ടപ്പെട്ടുപോകുന്ന സ്വത്തും ഭൂമിയും വീണ്ടെടുക്കുന്നതിനും അവർക്കാവശ്യമായ നഷ്ടപരിഹാരം നൽകുന്നതിനുംവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് അപേക്ഷിക്കുകയാണ്. എന്റെ മണ്ഡലവും കൊടുവള്ളി മണ്ഡലവും ഉൾപ്പെടുത്തിയുള്ള 40 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതി അങ്ങ് ഞങ്ങൾക്ക്

നൽകി. അതിന് അങ്ങയോടുള്ള നന്ദിയും കടപ്പാടും ഞാൻ അറിയിക്കുകയാണ്.

സർ, നഗരകാര്യ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങളാണ് എനിക്ക് പറയുവാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി വളരെ പ്രായോഗികവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളാണ് ഈ രംഗത്ത് നടത്തുന്നത്. ഞാൻ നഗരവാസിയല്ല എങ്കിൽത്തന്നെയും ആ പ്രവർത്തനങ്ങളെ സാകൂതം വീക്ഷിക്കുകയാണ്. ഗതാഗതക്കുരുക്ക്, വാഹന പാർക്കിംഗ്, മാലിന്യ നിക്ഷേപം, കുടിവെള്ളം, പട്ടികളുടെ ശല്യം എന്നിവയൊക്കെ നിരന്തരമായ ചർച്ചാവിഷയങ്ങളാണ്. ഇതിന് പരസ്പരം ആരോപണമുന്നയിച്ചതുകൊണ്ടോ വാദപ്രതിവാദം നടത്തിയതുകൊണ്ടോ ഒരു കാര്യവുമില്ല. ഒരു മേശയ്ക്ക് ചുറ്റുമിരുന്നുകൊണ്ട് ഈ വിഷയം പരിഹരിക്കാനുള്ള മനസുണ്ടെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കൂവെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ആര് ഭരിച്ചാലും ഈ കാര്യം വളരെ ഗൗരവകരമായ വിയഷയമാണ്. അത് പരിശോധിക്കാനുള്ള നടപടികളുണ്ടാകണം. ഓരോ നഗരങ്ങളിലെയും പ്രകൃതിദത്തവും പൈതൃകവുമായിട്ടുള്ള പാരമ്പര്യങ്ങൾ നിലനിർത്താൻ സാധിക്കണം. ഒരുപാട് ചരിത്രമുറങ്ങിക്കിടക്കുന്ന നഗരമാണ് അങ്ങയുടെകൂടി നഗരമായിട്ടുള്ള കോഴിക്കോട് പട്ടണം. അതുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ട് നിരവധി വർഷങ്ങളായി. ഒച്ചിന്റെ വേഗതയിലാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നീങ്ങുന്നത്. അടിയന്തരമായി ഇടപെട്ടുകൊണ്ട് കോഴിക്കോടിന്റെ മഹിതമായ പാരമ്പര്യം കെടാതെ, പോറലേൽക്കാതെ നിലനിറുത്തുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണമെന്നുകൂടി അങ്ങയോട് അപേക്ഷിക്കുകയാണ്. കെട്ടിടനിർമ്മാണം അംഗീകരി

ക്കുന്നതിന് പുതുതായി ഇറക്കിയ നിയമപ്രകാരം ഫൈൻ ഈടാക്കി റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള നിയമമുണ്ട്. കെട്ടിട ഉടമകളുടെ അറിവില്ലായ്മമൂലമോ കോൺട്രാക്ടറുടെ സൂക്ഷ്മതക്കുറവുമൂലമോ ഉണ്ടാകുന്ന ഈ ചെറിയ പിഴവുകൾക്ക് വൻതുക ഈടാക്കുന്നത് പ്രയാസമുണ്ടാക്കുകയാണ്. ഉദാഹരണത്തിന് ഒരു കാർ ഷെഡ് റെഗുലറൈസ് ചെയ്യാൻ 5 ലക്ഷംരൂപയാണ് ഈടാക്കുന്നത്. ദയവായി ഈ തുക കുറയ്ക്കുന്നതിനു വേണ്ടിയുള്ള നടപടികളുണ്ടാകണം. തെരുവ് നായ്ക്കളെക്കുറിച്ച് ശ്രീ. വി. ശിവൻകുട്ടി ഇവിടെ സൂചിപ്പിച്ചു. ഞങ്ങൾ മിസോറാമിൽ പോയപ്പോൾ അവിടെ കാണാൻ സാധിച്ചത്, പട്ടിയുടെ ഇറച്ചിയാണ് ഏറ്റവും വിലയുള്ള ഇറച്ചി. തീർച്ചയായും നാഗാലാൻഡിലേയ്ക്കും മിസോറാമിലേയ്ക്കുമൊക്കെ കയറ്റി അയച്ച് ആവശ്യമായ ഫണ്ടുണ്ടാക്കിയാൽ.... അത് നഗരസഭതന്നെ എടുത്തോട്ടെ. ആ ഫണ്ടുകൂടി സമാഹരിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഇവിടെ ബഹുമാനപ്പെട്ട വി. ശിവൻകുട്ടിയുണ്ടോയെന്ന് എനിക്കറിയില്ല. ഏതായാലും കോട്ടൺഹിൽ സ്കൂളുമായി ബന്ധപ്പെട്ടുള്ള വളരെ ഗൗരവകരമായ ചർച്ച ഇവിടെ നടന്നു. 11 മണിക്കാണ് മന്ത്രി അവിടെ എത്തേണ്ടിയിരുന്നത്. ഒരു മണിക്കൂറാണ് വൈകിയത്. അപ്പുറത്തുള്ള ആളുകൾ പടിയടച്ച് പിണ്ഡം വച്ച വർഗ്ഗമാണ്. 11 മണിക്ക് എത്തേണ്ടയാൾ 12 മണിക്ക് എത്തിയപ്പോൾ ഗേറ്റടച്ച് പരസ്യമായി ആ മനുഷ്യനെ ആക്ഷേപിച്ചു. നിയമസഭ എന്നു പറയുന്ന ജനാധ്യപത്യത്തിന്റെ ശ്രീകോവിലിൽ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് എന്താണ്? വളരെ ഗൗരവമുള്ള വാക്കുകളല്ലേ ഇവിടെ പറഞ്ഞത്. അദ്ദേഹം പറഞ്ഞ വാചകം എന്താണ്? അൽപ്പന് അർത്ഥം കിട്ടിയാൽ അർദ്ധ രാത്രി കുടപിടിക്കും. എന്തുപറഞ്ഞാലും മാപ്പ് ചോദിച്ചാൽ പ്രശ്നം തീരില്ലേ.

പിൻവലിച്ചാൽ, രേഖയിലില്ലെങ്കിൽ പ്രശ്നമില്ല. ഞങ്ങൾ ആത്മാഭിമാനമുള്ള ഒരു പാർട്ടിയാണ്. ഇത് ദളിതൻമാരെ എല്ലാ അർത്ഥത്തിലും പരിപോഷിപ്പിച്ച ഒരു പ്രസ്ഥാനമാണ്. നമുക്ക് ആഴത്തിലുണ്ടായിരുന്ന മുറിവ് വളരെ ഗൗരവകരമായ മുറിവാണ്.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ........

ശ്രീ. കെ. രാജു: സർ, എനിക്ക് തോന്നുന്നു അങ്ങുതന്നെ ചെയറിലിരുന്നപ്പോഴാണ് ഈ പറഞ്ഞ പരാമർശമുണ്ടായത്.

മി. ചെയർമാൻ: അല്ല.

ശ്രീ. കെ. രാജു: സർ, ശ്രീ. വി. ശിവൻകുട്ടി അത് അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്തതാണ്. ആ പിൻവലിച്ച വിഷയം, സഭയുടെ രേഖയിലില്ലാത്ത ആ വിഷയം വീണ്ടും ഇവിടെ ഉന്നയിക്കുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: ശ്രീ. സി. മോയിൻകുട്ടി, അദ്ദേഹം പറഞ്ഞത് പിൻവലിച്ച സ്ഥിതിക്ക് ആ സബ്ജക്ട് ക്ലോസ് ചെയ്യാം.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞങ്ങളുടേതും ആത്മാഭിമാനമുള്ള പാർട്ടിയാണെന്ന് ഓർമ്മപ്പെടുത്താൻവേണ്ടിയാണ് പറഞ്ഞത്. ഇവിടെ ശ്രീ. എ. കെ. ബാലൻ അധികാരത്തിലിരുന്നപ്പോൾ നടന്നിട്ടുള്ള കാര്യങ്ങളൊക്കെ എല്ലാവർക്കും അറിയാം. വ്യത്യസ്തനായൊരു മന്ത്രിയാം ബാലനെ........ എന്ന് പാടിയതിനാണ് ഐ.എൻ.ടി.യു.സി.-യുടെ അഖിലേന്ത്യാ സംസ്ഥാന ജനറൽ സെക്രട്ടറിയായിട്ടുള്ള ഒരാളെ പന്ത് തട്ടുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും തട്ടിയത്. ആ കാര്യത്തിൽ ബഹുമാന്യനായ ബെന്നി ബെഹനാന്റെ നേതൃത്വത്തിൽ പോരാട്ടവും സമരവും നടന്നതാണ്. അപ്പോൾ പരസ്പര വിശ്വാസവും പരസ്പര ബഹുമാനവും വേണം. ഇപ്പുറത്ത് പറയുമ്പോൾ വേദന തോന്നിയിട്ട് കാര്യമില്ല. ഒന്നാന്തരം അശ്ലീലമായിരുന്നു അന്ന് ഇവിടെ

വിളിച്ചുപറഞ്ഞത്. ഇനി അത് ആവർത്തിക്കാതിരിക്കുന്നതാണ് നല്ലത്. അതു കൊണ്ട് ഞാനും എന്റെ വാചകങ്ങൾ പിൻവലിക്കുകയാണ്. ഞങ്ങളാരും ഓടിളക്കി വന്നവരൊന്നുമല്ല. 22000 വോട്ടിന്റെ ഭൂരിപക്ഷത്തോടെ വന്നയാ ളാണ് ശ്രീ. പി. കെ. അബ്ദു റബ്ബ്. പഞ്ചായത്ത് പ്രസിഡന്റായി, അദ്ദേഹ ത്തിന്റെ പിതാവ് പഞ്ചായത്ത് പ്രസിഡന്റുമായി അവസാനം മുൻമുഖ്യമന്ത്രി യുമായി. ഇത്തരം ആളുകളെക്കുറിച്ച് ഇങ്ങനെയൊന്നും ആക്ഷേപിക്കരുത്. എന്റെ സുഹൃത്ത് ശ്രീ. പി. ഉബൈദുള്ളയ്ക്ക് 43000 വോട്ടിന്റെ ഭൂരിപക്ഷമാ ണുള്ളത്. ഞങ്ങളെ അങ്ങനെ ആസ് ആക്കിക്കളയാമെന്ന് ആരും കരുതണ്ട. ഏത് രേഖയിലില്ലെങ്കിലും ശരി, ഞങ്ങളെ ഊതിപറപ്പിച്ച് കളയാമെന്നൊന്നും ആർക്കും തോന്നണ്ടായെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ സഹർഷം സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥകളെ എതിർക്കു കയാണ്. വളരെയേറെ ഗൗരവമുള്ള രണ്ട് വിഷയങ്ങളാണ് ഇന്നുള്ളത്. ജല സംബന്ധമായ കാര്യവും നഗരവൽക്കരണവും. അത് കേരളത്തിന്റെ രണ്ട് മാന്യൻമാരായ മന്ത്രിമാരുടേതാണ്. ഭാവനയ്ക്കും ഭാവിക്കും യാതൊരു കുറവുമില്ല. പക്ഷേ ഇപ്പോൾ സ്ഥിതി അതല്ല.

മി. ചെയർമാൻ: ശ്രീ. ജോസ് തെറ്റയിൽ, ഈ സഭയിലെ നമ്മളെല്ലാ വരും മാന്യൻമാർതന്നെയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, കൂടുതൽ മാന്യമാരായ മന്ത്രിമാരാണ്. യാതൊരു സംശയവുമില്ല. നല്ല ഭാവനയുള്ളവരാണ്. അതാണ് അതിന്റെ പ്രത്യേകത. ശ്രീ. പി. ജെ. ജോസഫാണെങ്കിൽ അതിയായ ഭാവനയുള്ള

ആളാണ്. പക്ഷേ ഇപ്പോൾ അതൊന്നും ഫലിക്കുന്നില്ല, നടക്കുന്നില്ലായെന്നു ള്ളതാണ് ഖേദകരമായ കാര്യം. നമ്മുടെ നാട്ടിലെ പ്രധാന വിഷയമായ ജലത്തെക്കുറിച്ച് ആദ്യം പറയുവാനുള്ളത് ഇന്റർസ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ടിന്റെ കാര്യമാണ്. ഇന്റർസ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ടിന്റെ വിഷയങ്ങളിൽ നമ്മുടെ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? വാട്ടർ റിസോഴ്സ് വിഷയങ്ങളിൽ കഴിഞ്ഞ ജൂൺ 3–ാം തീയതി, പുതിയ നരേന്ദ്രമോഡി ഗവൺമെന്റ് വന്നതിനു ശേഷം ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രി നിവേദനം കൊടുത്തു. 3–ാം തീയതിയും 14–ാം തീയതിയും കണ്ടു. നമ്മുടെ മുഖ്യമന്ത്രി നിവേദനം കൊടു ത്തിട്ടുണ്ടോ? അവർ കൊടുത്ത നിവേദനത്തിൽ ഒന്നാമതായി പറഞ്ഞിരിക്കു ന്നത്, വാട്ടർ റിസോഴ്സസ് ഇഷ്യൂവാണ്. അതിനകത്ത് കാവേരി മാനേജു മെന്റ് ബോർഡിന്റെ കാര്യമാണ് പറഞ്ഞിട്ടുള്ളത്. രണ്ടാമതായി പറഞ്ഞിരിക്കു ന്നത്, മുല്ലപ്പെരിയാറിന്റെ കാര്യമാണ്. മൂന്നാമതായി പറഞ്ഞിരിക്കുന്നത് നെയ്യാർ ഡാമിലെ വെള്ളത്തെപ്പറ്റിയാണ്. നാലാമതായി പറഞ്ഞിരിക്കുന്നത്, inter linking water from peninsular rivers ആണ്. അത് പമ്പ, അച്ചൻകോവിൽ നദികളുടെ സംയോജനമാണ്. ഇപ്പോൾ അവർ ഉന്നയിക്കു ന്നതിന് മറ്റൊരു പ്രധാന കാരണംകൂടിയുണ്ട്. ബഹുമാനപ്പെട്ട പ്രധാന മന്ത്രിയുടെ നേതൃത്വത്തിലുള്ള പാർട്ടിയും മുന്നണിയും അന്തർസംസ്ഥാന നദികളെ സംയോജിപ്പിക്കുന്നത് സംബന്ധമായ ഒരു നിലപാട് സ്വീകരിച്ചി ട്ടുണ്ട്. അക്കാര്യത്തിൽ കേരള ഗവൺമെന്റിന്റെ നിലപാട് എന്താണ്; ഇതുസം ബന്ധമായി പ്രധാനമന്ത്രിയെ കാണുകയോ എന്തെങ്കിലും കാര്യങ്ങൾ പറയു കയോ ചെയ്തിട്ടുണ്ടോ? പിന്നെ പറയാമെന്ന് പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രി ജയലളിത പ്രധാനമന്ത്രിയെക്കണ്ട് പറഞ്ഞ ഒരു കാര്യം, അച്ചൻകോവിലാർ–പമ്പ ഡൈവേർഷനുമായി ബന്ധപ്പെട്ട് വൈപ്പാറിലേയ്ക്ക് കൊടുക്കുന്നതിന് ഒരു പൊതുതാൽപ്പര്യ ഹർജിയുമായി ബന്ധപ്പെട്ടുകൊണ്ട് 2012–ന് സുപ്രീം കോടതിയുടെ ഒരു വിധിയുണ്ടായിരുന്നു, ആ കമ്മിറ്റി ഇപ്പോൾ നിർജ്ജീവമാണ്. അത് സജീവമാക്കണമെന്ന് പറഞ്ഞുകൊണ്ട് ശ്രീമതി ജയലളിത ഇപ്പോൾ മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. നമുക്ക് ഇപ്പോൾ ഉള്ളതുംകൂടി നഷ്ടപ്പെടാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞുവരുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങനെയാണെങ്കിൽ അതൊന്ന് സ്പെസിഫിക്കായി, കൺവിൻസിംഗായി സഭയുടെ മുമ്പാകെ പറയണം. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്

ശ്രീ. ജോസ് തെറ്റയിൽ: സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞതുതന്നെയാണ് ഞാൻ  ഉദ്ദേശിച്ചത്. ഇത് വളരെ ഗുരുതരമായ കാര്യമാണ്. കേരളത്തിലെ ജലവിഭവത്തിന്റെ ഉദ്യോഗസ്ഥൻമാരോ മന്ത്രിയോ മുഖ്യമന്ത്രിയോ.......... അതിന് മുഖ്യമന്ത്രിയാണ് പ്രധാനമായും ഉത്തരവാദിത്വം വഹിക്കേണ്ടത്. ഇന്ന് ഇപ്പോൾ ഒരു പ്രസ്താവന നടത്തുന്നുണ്ട്. അണക്കെട്ടുകൾ നാലും നമ്മുടേതെന്ന് ഇവിടെനിന്ന് പറഞ്ഞിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട കർണ്ണാടക മുഖ്യമന്ത്രി ഇതുസംബന്ധമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജയലളിതയുടെ മെമ്മോറാണ്ടത്തിന് മറുപടി കൊടുത്തുകഴിഞ്ഞു. അവിടെനിന്ന് അവർ സർവ്വകക്ഷിയോഗം പോയി കണ്ടുകഴിഞ്ഞു. കാവേരി ജലവിതരണത്തെക്കുറിച്ചുള്ള പ്രശ്നം അവിടെ ഉയർത്തിക്കഴിഞ്ഞു. നമ്മുടെ നാട്ടിൽ എന്താണ് ചെയ്തിട്ടുള്ളത്? നമ്മൾ ഇവിടെക്കിടന്ന് പ്രസ്താവന നടത്തിയിട്ട്

കാര്യമില്ല. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഉൾപ്പെടെ എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് അന്വേഷിക്കണം. 7–5–14–ലെ സുപ്രീം കോടതിയുടെ വിധി തമിഴ്നാടിന് അനുകൂലമാണ്. നമ്മൾ അതിനകത്ത് കക്ഷി ചേർന്നിട്ടുണ്ടോയെന്ന് അന്വേഷിക്കേണ്ടതാണ്. വളരെ ഗുരുതരമായ അനാസ്ഥയാണ് നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. ഒരു പൊതു താൽപ്പര്യ ഹർജി വന്നപ്പോൾ നമ്മുടെ സർക്കാർ എന്ത് ചെയ്തു? ഈ ഗവൺമെന്റിനെ മാത്രമല്ല പറയുന്നത്. മൊത്തത്തിലുള്ള നമ്മുടെ സംസ്ഥാനം, നമ്മുടെ അവകാശങ്ങൾക്കുവേണ്ടി ഉറങ്ങുകയാണ്, അനങ്ങുന്നില്ല. വെള്ളം ഇങ്ങനെ ഒന്നൊന്നായി  പൊയ്ക്കൊണ്ടിരിക്കുകയാണ്. നാല് ഡാമുകളും നമുക്ക് നഷ്ടപ്പെട്ടുവെന്ന് രേഖ പറയുമ്പോൾ കുഴപ്പമില്ല....... പണ്ട് നമ്പൂതിരി പണപ്പെട്ടി കളവ്  പോയപ്പോൾ പറഞ്ഞു, കുഴപ്പമില്ല, പെട്ടി കൊണ്ടുപോയിക്കോട്ടേ, താക്കോൽ എന്റെ കയ്യിലിരിക്കുന്നുവെന്ന് പറഞ്ഞതുപോലെയാണ്. ഇത് പറഞ്ഞിട്ട് കാര്യമില്ല. നമുക്ക് വെള്ളം കിട്ടാതിരിക്കുകയാണ്.

പറമ്പിക്കുളം – ആളിയാർ പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ രണ്ട് നിയോജകമണ്ഡലങ്ങളായ അങ്കമാലിയും ആലുവായും കുടിവെള്ളത്തിന്റെ പ്രശ്നമുള്ള സ്ഥലങ്ങളാണ്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്  പറമ്പിക്കുളം – ആളിയാറിൽനിന്നാണ് വെള്ളം കിട്ടേണ്ടത്. ഇതിനെക്കുറിച്ചൊന്നും നമ്മുടെ ഗവൺമെന്റ് അന്വേഷിക്കുന്നില്ല. ഗവൺമെന്റിന്റെ ചിന്തകളും രാഷ്ട്രീയവും വ്യത്യസ്തമാണ്. ഇങ്ങനെ പോയാൽ ശരിയാകുകയില്ല. ഞാൻ ഇതിന്റെ ഗൗരവം സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു.  നെയ്യാർഡാമിലെ വെള്ളം എവിടെയാണ് പോകുന്നത്, പറമ്പി

ക്കുളം – ആളിയാർ പദ്ധതി പുതുക്കിയിട്ടുണ്ടോ എന്നുള്ളതൊന്നും ഗവൺമെന്റ് അറിയുന്നില്ല. എന്താണ് നമ്മുടെ ഗവൺമെന്റ് ചെയ്യുന്നത്? ഇതെല്ലാം ആരോടാണ് പറയേണ്ടത്? എന്തുപറഞ്ഞാലും കാര്യമില്ല. വെറുതെ രണ്ട് പ്രസ്താവനയും നടത്തി ഇവിടെവന്ന് ബഹളം ഉണ്ടാക്കിയിട്ട് കാര്യ മുണ്ടോ? പറയേണ്ടിടത്ത് പോയി പറയണം. ഇതിനുമുമ്പ് ശ്രീമതി സോണിയാ ഗാന്ധിയും കൂട്ടരും കേന്ദ്രം ഭരിച്ചിരുന്നപ്പോൾ നേരിട്ട് കാര്യങ്ങൾ പറയാമായിരുന്നു. ഇന്ന് കേന്ദ്രത്തിൽ പോകാൻ നിവൃത്തിയില്ല. ചെന്നുകാണ ണമെങ്കിൽ അപ്പോയിന്റ്മെന്റ് ആവശ്യമാണ്. ഒറ്റ ഫോൺകോളിൽ ചെന്ന് കാണേണ്ട സാഹചര്യമല്ല ഇപ്പോഴുള്ളത്. ചെന്നുകണ്ടാൽതന്നെ മെമ്മോ റാണ്ടം പോലും തയ്യാറാക്കിയിട്ടില്ല. എന്താണ് ഇവിടെ നടക്കുന്നത്? ഇത്തര ത്തിൽ കാര്യങ്ങൾ നടത്തിക്കഴിഞ്ഞാൽ ഇവിടെയുള്ള ജലസമ്പത്തുകൂടി നഷ്ടമാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരംഭിച്ചി ട്ടുള്ള ജലസേചന പദ്ധതികളൊന്നും ഇതുവരെ അവസാനിപ്പിക്കാൻ സാധി ച്ചിട്ടില്ല. എന്റെ മണ്ഡലത്തിലുള്ള ഇടമലയാർ പദ്ധതി, 33 കൊല്ലമായി തുട ങ്ങിയിട്ടും ഇന്നുവരെ അവസാനിപ്പിച്ചിട്ടില്ല. 356 കോടി രൂപയാണ് അതിനു വേണ്ടി ചെലവാക്കിയിട്ടുള്ളത്. 67 കോടി രൂപ മുതൽമുടക്കിയാണ് ഈ പദ്ധതി ആരംഭിച്ചത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് 136 കോടി രൂപ അഞ്ചുകൊല്ലം കൊണ്ടുമാത്രം ചെലവഴിച്ചു. ഇപ്പോഴാണ് വെള്ളം അത്യാവശ്യത്തിന് ഒഴുക്കാൻ തുടങ്ങിയത്. വെള്ളം ഒഴുക്കുന്നതിനെക്കുറിച്ച് മുൻ ചീഫ് എഞ്ചിനീയറോട് ഞാൻ നേരിട്ട് സംസാരിച്ചു. വെള്ളം ഒഴുക്കുന്നതിന് ഇവിടെയുള്ള ഉദ്യോഗസ്ഥന്മാർക്ക് താല്പര്യമില്ല. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരിൽ പ്രത്യേകിച്ചും ഗവൺമെന്റ്

എഞ്ചിനീയർമാർക്ക് (ഇറിഗേഷൻ) ഇതിനൊന്നും താല്പര്യവുമില്ല. ഇവരുടെ താല്പര്യം വ്യത്യസ്തമാണ്. ഒന്നുകിൽ ഇവർ കറപ്റ്റാണ്, അല്ലെങ്കിൽ ഇവർ കെയർലെസ്സായിട്ടുള്ള ആൾക്കാരാണ്. എന്തുസംഭവിച്ചാലും അവർക്ക് ഒരു കുഴപ്പവുമില്ല. അവർക്ക് ശമ്പളം ലഭിക്കുന്നുണ്ട്. വെള്ളം ഒഴുക്കുന്നതിന് നട പടി സ്വീകരിക്കുന്നതിനുപകരം കോൺട്രാക്ടർക്ക് പരാതി ഉണ്ടാവുമെന്നാണ് അവർ പറഞ്ഞത്. കോൺട്രാക്ടർമാരുടെ പരാതിക്കാണോ ഉദ്യോഗസ്ഥന്മാർ നടക്കുന്നത്? 33 കൊല്ലമായ ഒരു പദ്ധതിക്കുവേണ്ടി വെള്ളം എടുക്കാനുള്ള സാഹചര്യം ഞങ്ങൾ ഉണ്ടാക്കുകയും നാട്ടിലെ ആളുകളെകൊണ്ട് ലക്ഷക്കണെ ക്കിന് രൂപ മുടക്കിയിട്ടും ആരംഭിക്കുന്നില്ല. എന്നിട്ടും അതിനെക്കുറിച്ച് അന്വേ ഷിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നബാർഡിന്റെ സഹായ ത്തോടുകൂടി 12 കോടി രൂപയിൽ തുടങ്ങിയ ഒരു പദ്ധതിയാണ് മാഞ്ഞാലി ത്തോട് പദ്ധതി. ആ വെള്ളം അങ്കമാലി, ആലുവ നിയോജകമണ്ഡലങ്ങളിൽ കുടിവെള്ളത്തിനും കൃഷിക്കുംവേണ്ടി ഉപയോഗിക്കുന്നതാണ്. 2007-ൽ തുടങ്ങിയ പദ്ധതിക്ക് അഞ്ചരക്കോടി രൂപയുടെ പണികൾ ചെയ്തു. ഇപ്പോൾ പന്ത്രണ്ടരക്കോടി രൂപ അനുവദിച്ചിരിക്കുകയാണ്. 2011 ജൂൺ മാസത്തിൽ എ.എസ്. കിട്ടിയതാണ്. മൂന്നുവർഷംകൊണ്ട് എന്തുകൊണ്ട് പണികൾ നട ന്നില്ല, ആരുടെ അനാസ്ഥയാണ് ഇങ്ങനെയുണ്ടായതെന്ന് അന്വേഷിക്കണം. പന്ത്രണ്ടരക്കോടി രൂപയ്ക്ക് അനുവദിച്ചിട്ട് പതിനാലരക്കോടി രൂപയായിട്ടും ഇപ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയാണ്. എന്താണ് ഉത്തരവാദിത്തം? ഇന്നും അതിന്റെ ടെക്നിക്കൽ സാങ്ഷൻ കൊടുത്തിട്ടില്ല. മൂന്നുവർഷമായി ഈ ഉദ്യോഗസ്ഥന്മാർ എന്തിനാണ് ഇരിക്കുന്നത്? എന്തുനോക്കാനാണ് നമ്മുടെ മന്ത്രിമാർ ഇരിക്കുന്നത്? മൂന്നുവർഷമായി ഒരു എ. എസ്. കിട്ടിയ

വർക്കിന് ടെക്നിക്കൽ സാങ്ഷൻ കൊടുത്തിട്ടില്ല. ഒന്നും ചെയ്യുന്നില്ല. എന്തിനാണ് നമ്മൾ നടക്കുന്നത്? എന്റെ അഭിപ്രായത്തിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതുസംബന്ധിച്ച ഒരു കത്ത് കൊടുക്കുന്നുണ്ട്. മൂന്നുവർഷം കൊണ്ട് എക്സ്കലേഷൻ വരികയും റിവൈസ് ചെയ്തതിന്റെ പേരിലുണ്ടായി ട്ടുള്ള നഷ്ടത്തിന് ഉത്തരവാദിയായിട്ടുള്ള ഉദ്യോഗസ്ഥന്മാർക്കെതിരെ വിജി ലൻസ് കേസ്സെടുത്ത് നടപടി സ്വീകരക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാ നുള്ളത്. അതിന് തയ്യാറുണ്ടോയെന്നാണ് അറിയേണ്ടത്? അല്ലാതെ ഈ നാട്ടിലുള്ള കാര്യങ്ങൾ പ്രസംഗിച്ചിട്ട് കാര്യമില്ല. ഒരുകാര്യവും നടക്കുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇതെല്ലാം വളരെ ഗുരുതരമായ കാര്യങ്ങളാ ണ്. നമ്മുടെ നാട്ടിലെ വെള്ളം നഷ്ടപ്പെടുക, ഉള്ള വെള്ളം നിലനിർത്താൻ കഴിയാതിരിക്കുക ഇങ്ങനെയുള്ള വാട്ടർ അതോറിറ്റിയുടെ നിരവധി പദ്ധതി കൾ............ എന്റെ നിയോജകമണ്ഡലത്തില 15 വർഷക്കാലമയി തുടങ്ങിയ പദ്ധതികൾ ഇന്നും പൂർത്തീകരിച്ചിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാ ലത്ത് സ്പാൻ പദ്ധതി പ്രകാരം 21 കോടിരൂപയിൽ 17 കോടിരൂപ അനുവ ദിച്ചിട്ടും പൂർത്തീകരിക്കുന്നില്ല. ഇന്നും പൂർത്തീകരിച്ചിട്ടില്ല. ഉദ്യോഗസ്ഥ ന്മാർക്ക് പൂർത്തീകരിക്കാനുള്ള സമയമില്ല. നീട്ടിക്കൊണ്ടുപോകാനാണ് താല്പര്യം. ഇതിനൊക്കെ ഒരു ഉത്തരവാദിത്തം വേണ്ടേ? കുടിവെള്ള പദ്ധ തിക്ക് ഇതുപോലെയാണെങ്കിൽ എന്തുചെയ്യാനാണ്? പാറക്കടവ്-അയിരൂർ പദ്ധതി സഖാവ് ശ്രീ. എസ്. ശർമ്മയുടെ കാലത്ത് ആരംഭിച്ചതാണ്. കഴിഞ്ഞ ഗവൺമെന്റ് അനുവദിച്ച തുകയാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. ഇപ്പോഴും പണി തുടരുന്നില്ല. പദ്ധതികളൊക്കെ നടപ്പാക്കാതെ എന്തിനാണ് ഇവിടെ നട ക്കുന്നത്? വാട്ടർ സോഴ്സസിനെക്കുറിച്ച് ഒരു മാപ്പിംഗോ രേഖയോ ഇല്ല.

ഈ രേഖ ഉപയോഗിച്ച് ഒന്നും ചെയ്യാൻ കഴിയില്ല. യു.എൻ.ഒ. യുടെ നേതൃത്വത്തിലുള്ള അഡ്രസ്സിംഗ് ചൈന വാട്ടർ സ്കേഴ്സിറ്റി എന്നുള്ള അന്വേഷണ ഏജൻസിയുണ്ട്. അവർ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് കൃത്യമായി രൂപമുണ്ടാക്കുന്നു. ഇവിടെ ഒരു രൂപവുമുണ്ടാക്കുന്നില്ല. ഉദ്യോഗസ്ഥന്മാർ രൂപ ഉണ്ടാക്കുന്നുണ്ട്. 2025 ആകുമ്പോൾ നമ്മുടെ ജലദൗർലഭ്യം അഭിമുഖീകരിക്കേണ്ടിവരുന്നത് ഗുരുതരമായ പ്രശ്നങ്ങളെയാണ്. വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഫോർ നേച്ചർ കൺസർവേഷൻ (WWF). ഇവർ ഒരു പഠനം നടത്തിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഇതിനെ സംബന്ധിച്ചൊരു അറിവുമില്ല. ഇവിടെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നില്ല, ഇവിടെയുള്ള നദികൾ സംരക്ഷിക്കുന്നില്ല. ഉള്ളവെള്ളം കൃത്യമായി എടുക്കുന്നില്ല. എടുക്കുന്ന വെള്ളാമാണെങ്കിൽ ശുദ്ധജലവുമല്ല. പൊല്യൂഷനെക്കുറിച്ച് പറയുകയാണെങ്കിൽ എല്ലാ നദികളും പൊല്യൂട്ടഡാണ്. ചാലക്കുടിപ്പുഴയും പെരിയാർ പുഴയും പൊല്യൂട്ടഡാണ്. ശ്രീ. വി. ഡി. സതീശൻ സ്ഥിരമായി സമരവും ബഹളവുമുണ്ടാക്കുന്ന സ്ഥലമാണ് പെരിയാർ. നദികൾ പൊല്യൂട്ടഡാകുകയും ശുദ്ധജലം പൊല്യൂട്ടഡാകുകയും ചെയ്യുന്നു. ശുദ്ധജലമേ ലഭിക്കുന്നില്ല എന്നുള്ള സ്ഥിതിയിലേക്ക് വരുന്നു. ഇങ്ങനെ കാര്യങ്ങൾ പോയാൽ എവിടെചെന്ന് അവസാനിക്കും? ഭാവിയിലുള്ള കാര്യങ്ങളെക്കുറിച്ചും ഇന്നത്തെ കാര്യത്തെക്കുറിച്ച ആലോചിക്കുന്നില്ല. വാട്ടർ സ്കേഴ്സിറ്റിയും വാട്ടർ മാനേജുമെന്റിനുവേണ്ടി ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ല. ഇതിനെക്കുറിച്ച് എന്തെങ്കിലും പഠിക്കുകയോ........... ഇതിനെക്കുറിച്ച് ഒരു ജാഗ്രതയുമില്ല.

<u>മി. ചെയർമാൻ</u> : ശ്രീ. ജോസ് തെറ്റയിൽ അങ്ങേയ്ക്ക് 6 മിനിട്ടാണ് അനുവദിച്ച് തന്നിട്ടുള്ളത്.

<u>ശ്രീ. ജോസ് തെറ്റയിൽ</u> : സർ, ഞാൻ നിർത്തുകയാണ്. ഇത്രയും സമയം തന്നതിന് നന്ദി പറയുകയാണ്. എന്റെ അഭിപ്രായത്തിൽ ഇതിനെക്കുറിച്ച് എല്ലാവരും ആലോചിക്കണം. നമ്മുടെ സംസ്ഥാനത്ത് ജലസ്രോതസ്സ് നിലനിർത്താൻ, സംസ്ഥാനത്തിന് കിട്ടേണ്ട അർഹതപ്പെട്ട........ കാവേരിയിൽ നിന്നും കിട്ടേണ്ട വെള്ളത്തിനെക്കുറിച്ചുള്ളതൊന്നും ഇവിടെ ശ്രദ്ധിക്കുന്നില്ല. ഈ നിഷ്ക്രിയത്വം അവസാനിപ്പിക്കണം. അതിനുവേണ്ടി സർവ്വകക്ഷിയോഗം ചേരുകയോ അതിനുവേണ്ടി സർവ്വകക്ഷി ഡെലിഗേഷൻ നടത്തി പ്രധാനമന്ത്രിയെ കാണാൻ വേണ്ടിയുള്ള കാര്യങ്ങൾ ചെയ്തില്ലെങ്കിൽ നമുക്ക് ഇവിടെനിന്ന് പ്രസംഗിക്കാനോ ഇവിടെനിന്ന് തമ്മിൽ വർത്തമാനം പറയാനോ മാത്രമേ സാധിക്കുകയുള്ളു. എന്നാൽ വെള്ളം ലഭിക്കുകയില്ല. അടുത്ത തലമുറയ്ക്ക് വെള്ളം കിട്ടുന്നതിന് സാഹചര്യംതന്നെ വറ്റിപ്പോകുന്ന സ്ഥിതിയിലേക്ക് വരാതിരിക്കാൻ ഒരുമിച്ച് എല്ലാവരും നിൽക്കണമെന്ന് സൂചിപ്പിച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്.

<u>ശ്രീ. സി. എഫ്. തോമസ്</u> : സർ, ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ബഹുമാന്യനായ ശ്രീ. ജോസ് തെറ്റയിൽ പറഞ്ഞ കാലതാമസം നമ്മളെല്ലാവരും ഉത്കണ്ഠയോടുകൂടി കാണണം. അദ്ദേഹം 32 കൊല്ലവും 12 കൊല്ലവും കാലതാമസം വന്ന പദ്ധതികളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. തീർച്ചയായിട്ടും ഇത് ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി പി. ജെ. ജോസഫ് ഈ വകുപ്പിന്റെ ചാർജ്ജ് എടുത്തപ്പോൾ

അദ്ദേഹം എല്ലാ ജില്ലകളിലും ഇഫക്ടീവായിട്ടുള്ള റിവ്യൂ മീറ്റിംഗ് നടത്തുക യുണ്ടായി. തിരുവല്ലായിലെ ശ്രീ. മാത്യു. ടി. തോമസിന്റെ മണ്ഡലത്തിലെ കറ്റോട് പദ്ധതിയുള്ള നദിയിൽ നിന്നുംവരുന്ന വെള്ളമാണ് എന്റെ കോൺസ്റ്റി റ്റ്യൂവൻസിയിൽ വെള്ളം കൊടുക്കുന്നത്. 50 വർഷമായി പൈപ്പ് പൊട്ടി, മൂന്നുകൊല്ലം തടർച്ചായി ആവശ്യപ്പെട്ടിട്ടും അന്ന് തന്നില്ല. മന്ത്രി വിളിച്ചു കൂട്ടിയ അന്നത്തെ മീറ്റിംഗിൽ ഈ ഒരു ബുദ്ധിമുട്ട് അവതരിപ്പിക്കുകയും ഉട നെതന്നെ അനുവദിച്ചുതരികയും ചെയ്തു. 11 കോടി രൂപയാണ് ചെലവായത്. ഇപ്പോൾ അതിന്റെ പണി കംപ്ലീറ്റ് ചെയ്യുകയാണ്. 11 കൊല്ലവും 12 കൊല്ലവും എടുത്തില്ല. മൂന്ന് കൊല്ലംകൊണ്ട് അതിന്റെ വർക്ക് തൊണ്ണൂറ് ശത മാനം കംപ്ലീറ്റാകും. നമ്മുടെ നാട്ടിലെ ജല ദൗർലബ്യത്തെക്കുറിച്ചുള്ള പ്രശ്നം ശരിക്ക് വിലയിരുത്തികൊണ്ട് പ്രാക്ടിക്കലായി എന്തൊക്കെ ചെയ്യാം എന്നുള്ള നല്ല ഭാവനയോടുകൂടിതന്നെയാണ് ജലവിഭവമന്ത്രി മുന്നോട്ടുനീ ങ്ങുന്നത്. കൂടുതൽ സജഷൻ കൊടുക്കണം. രണ്ടുമൂന്ന് മാർഗ്ഗങ്ങളാണുള്ളത്. ഒന്ന് നമ്മുടെ വാട്ടർ അതോറിറ്റിയുടെ വെള്ളം, രണ്ട് നമുക്ക് നാച്ചറലായി കിട്ടുന്ന മഴവെള്ളം, മറ്റൊന്ന് പരമ്പരാഗതമായി ന്മമുടെ നാട്ടിലുണ്ടായിരുന്ന കുളങ്ങൾ, ചെറിയ ചെറിയ തോടുകൾ ഈ മൂന്ന് കാര്യങ്ങളും ഒരുപോലെ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. അവിടെയൊക്കെ പദ്ധതികൾ ആവിഷ്ക്കരി ച്ചരിക്കുന്നു എന്നുള്ളതാണ് ഈ കഴിഞ്ഞ മൂന്നുവർഷം ജലവിഭവവകുപ്പ് നട ത്തിയിരിക്കുന്ന പ്രധാനപ്പെട്ട കാര്യം. ഇത് ചെറിയ കാര്യമല്ല. ഇപ്പോൾ വാട്ടർ അതോറിറ്റിയുടെ 250 പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് പുരോഗമിക്കന്നത്. 250 പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. ഇപ്പോൾ പുതിയ മിഷൻ 676 അതനുസരിച്ച് 184 കുടിവെള്ള പദ്ധതികൾ പൂർത്തീകരി

ക്കാൻ സാധിക്കും, അതനുസരിച്ചാണ് കാര്യങ്ങൾ നീക്കാൻ പോകുന്നത്. നഗരപ്രദേശങ്ങൾക്ക് പ്രത്യേകമായി യൂഡിസ്മാറ്റിനും ജെൻറം പദ്ധതിക്കു വേണ്ടി ധനസഹായം ലഭിക്കാൻ കൊടുത്തിരിക്കുന്നത് 2,384 കോടി രൂപ യ്ക്കാണ്.

അതോടൊപ്പംതന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം നിലവിലുള്ള കുടി വെള്ള വിതരണത്തിന്റെ സോഴ്സുകൾ മെച്ചപ്പെടുത്തണമെന്നതാണ്. തടയണ കളുടെ കാര്യം സൂചിപ്പിച്ചു. 184 പുതിയ തടയണകൾ നിർമ്മിക്കുവാനുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. അതോടൊപ്പംതന്നെ ജലനിധി– അതൊക്കെ ശരിയായി മോണിറ്റർ ചെയ്യണം. ഇപ്പോൾ 200 ഗ്രാമപഞ്ചായ ത്തുകളിലാണ് ജലനിധിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. അതോടൊപ്പംതന്നെ 'മഴസമൃദ്ധി' എന്ന പുതിയ ആശയം 100 പഞ്ചായത്തുകളിൽ കൊണ്ടുവന്നു. കുടിവെള്ള പ്രശ്നത്തിന്റെ രൂക്ഷത നന്നായി മനസ്സിലാക്കിക്കൊണ്ടാണ് ഈ സ്കീമുകളൊക്കെ കൊണ്ടുവന്നത്. പക്ഷേ നമുക്ക് വന്നിരിക്കുന്ന ഒരു പ്രയാസത്തെക്കുറിച്ച് പറയാതിരിക്കാനാകില്ല, ഇതിനൊക്കെ വരുന്ന താമസങ്ങൾ എന്താണെന്നറിയി ല്ല. അത് ബഹുമാന്യനായ വകുപ്പുമന്ത്രി നേരത്തെ ചെയ്തതുപോലെതന്നെ ഓരോ പ്രാവശ്യവും അവലോകനം നടത്തി ഓരോ പ്രാവശ്യവും ലക്ഷ്യമിട്ടിരി ക്കുന്ന ടാർജറ്റിൽ എത്തിയോ എന്നുള്ളത് പരിശോധിക്കുന്നത് കാലതാമസം ഒഴിവാക്കാൻ അത്യാവശ്യമാണ്. ആ വഴിക്കുള്ള ഫലപ്രദമായ നീക്കങ്ങൾ നടത്തി വർക്കുകൾ വിലയിരുത്തിയാൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നമുക്ക് സാധിക്കും. നഗര വികസന മന്ത്രി ഒരുപാട്

ആശയങ്ങളുമായാണ് മുന്നോട്ടു നീങ്ങുന്നത്. രണ്ട് ഗുരുതരമായ പ്രശ്നങ്ങളാണ് ഈ സഭ ഇന്ന് ചർച്ച ചെയ്യുന്നത്. കേരളത്തിന്റെ ഏറ്റവും രൂക്ഷമായ കുടിവെള്ള പ്രശ്നംപോലെതന്നെ നമ്മൾ എപ്പോഴും ചർച്ച ചെയ്യുന്ന മറ്റൊരു വിഷയമാണ് മാലിന്യ പ്രശ്നം – എല്ലാവരുംകൂടിച്ചേർന്ന് ഈ പ്രശ്നം പരിഹരിക്കാനായി ഒരു എഫക്ടീവ് ക്യാമ്പയിൻ എങ്ങനെ ആരംഭിക്കാമെന്നതിനെക്കുറിച്ച് നഗര വികസന വകുപ്പുമന്ത്രി ആലോചിക്കണം. ഈ നിയമസഭാ സമ്മേളനം തുടങ്ങിയപ്പോൾ മുതൽ നമ്മൾ ചർച്ച ചെയ്യുന്ന വിഷയമാണ്. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ കുറെ നല്ല സ്കീമുകൾ കൊണ്ടുവന്നിട്ടുണ്ട്. വൻകിട പദ്ധതികൾ പലപ്പോഴും പരാജയപ്പെടുന്നു, അടച്ചുപൂട്ടുന്നു. പ്രധാനപ്പെട്ട നഗരങ്ങളിലുണ്ടാക്കിയിരിക്കുന്ന പദ്ധതികളൊക്കെ പൊളിയുന്നു. പിന്നെ ഏറ്റവും നല്ല മാർഗ്ഗം ഡീ-സെൻട്രലൈസ് ചെയ്തുകൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾ, പൈപ്പ് കമ്പോസ്റ്റ് എന്ന ആശയത്തിലേയ്ക്കുവന്നു. എല്ലാ മുനിസിപ്പാലിറ്റികൾക്കും സബ്സിഡി നൽകി. അതുപോലെ പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി എല്ലാ പഞ്ചായത്തുകൾക്കും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ സബ്സിഡി കൊടുക്കുന്നു. അതിനുവേണ്ടിയുള്ള സംവിധാനങ്ങളൊരുക്കിയെങ്കിലും ആവശ്യത്തിന് ബയോഗ്യാസ് പ്ലാന്റുകൾ എല്ലായിടത്തും നടപ്പിലാക്കാൻ സാധിക്കുന്നുണ്ടോ; എന്താണ് അതിന്റെ തടസ്സം എന്ന് നമ്മൾ ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു. ഗവൺമെന്റ് ഇപ്പോൾ പത്ത്-ഇരുപത് സ്ഥാപനങ്ങളെ സർവ്വീസ് പ്രൊവൈഡേഴ്സ് എന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്. ഈ സർവ്വീസ് പ്രൊവൈഡേഴ്സ് കൊണ്ടുവരുന്ന ഉപകരണങ്ങളൊക്കെ പരിശോധിക്കാനുള്ള ചുമതല കൊടുത്തിരിക്കുന്നത് മുനിസിപ്പൽ

എഞ്ചിനീയേഴ്സിനാണ്. ഈ എഞ്ചിനിയേഴ്സ് പറയുന്നത് അവർക്ക് ഇതിലൊരു പരിചയവുമില്ലെന്നാണ്. സർവ്വീസ് പ്രൊവൈഡേഴ്സ് കൊണ്ടുവരുന്ന ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും പരിശോധിക്കാൻ നമ്മുടെ മുനിസിപ്പൽ എഞ്ചിനിയേഴ്സിന് കഴിയുന്നില്ല എന്നുള്ളത് വലിയ കാലതാമസമുണ്ടാക്കുന്നുണ്ട്. പലയിടങ്ങളിലും ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ പരാജയമുണ്ടായിരിക്കുകയാണ്. ബയോഗ്യാസ് പ്ലാന്റുകൾ എങ്ങനെ നമ്മുടെ നഗരങ്ങളിൽ വിജയകരമായും സമയബന്ധിതമായും നടപ്പിലാക്കാം എന്നുള്ളത് ഗൗരവത്തോടുകൂടി ആലോചിക്കേണ്ടതായിട്ടുണ്ട്. അങ്ങ് ഇനി കൊണ്ടുവരാൻ പോകുന്ന വലിയൊരു പദ്ധതിയെക്കുറിച്ച് പറയുന്നുണ്ട്. പ്ലാസ്റ്റിക്കിന്റെ പ്രശ്നം പല പ്രാവശ്യം ഇവിടെ പറഞ്ഞതാണ്. പക്ഷേ ഇപ്രാവശ്യം ഒരു നിശ്ചയദാർഢ്യത്തോടുകൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നു. എറണാകുളത്ത് വിപുലമായ പദ്ധതി കൊണ്ടുവരാൻ പോകുന്നു. കേരളത്തിലെ എല്ലാ സ്ഥലങ്ങളിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ കളക്ട് ചെയ്ത് എറണാകുളത്ത് എത്തിച്ച്, ആളുകൾക്കൊരു വെല്ലുവിളിയായി മാലിന്യ രംഗത്ത് ഏറ്റവും വലിയ ഭീഷണിയായിരിക്കുന്ന പ്ലാസ്റ്റിക്കിന്റെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നുള്ള അങ്ങയുടെ പരീക്ഷണം വിജയകരമാക്കണമെങ്കിൽ അക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി.-യുമായി സഹകരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡിനുവേണ്ടി ഉപയോഗിക്കാമെന്ന് പറഞ്ഞു. രണ്ടുവർഷമായി ഇതൊക്കെ നമ്മൾ പറയുന്നതാണ്. ചില സ്ഥലങ്ങളിൽ ഇത് പ്രായോഗികമാക്കിയിട്ടുണ്ട്. അത് നടത്തിയെടുക്കാൻ നമ്മൾ മുന്നോട്ടുപോകണം. ഞാൻ, ചങ്ങനാശ്ശേരി

മുനിസിപ്പൽ നഗരത്തിന്റെ നടുവിൽ താമസിക്കുന്ന ഒരാളാണ്. മുനിസിപ്പൽ കൗൺസിലിലെ ആളുകൾ ഈ വിഷയം ചർച്ച ചെയ്തിരുന്നു. അവർക്ക് കുറെ പ്രശ്നങ്ങളുണ്ട്. ഞാൻ എല്ലാ നഗരങ്ങളുടെയും കാര്യമാണ് പറയുന്നത്. ഉദാഹരണമായി എന്റെ നഗരത്തിന്റെ കാര്യം പറഞ്ഞുവെന്നേയുള്ളൂ. എല്ലാ നഗരങ്ങളുടേയും പൊതുമരാമത്ത് വർക്കുകൾക്ക് അംഗീകാരം നൽകുന്നതിന് കേരളത്തിൽ ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറേ ഉള്ളൂ. 60 മുനിസിപ്പാലിറ്റികളുടേതും ഈ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് പരിശോധിച്ച് അംഗീകാരം നൽകേണ്ടത്. പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് അയച്ച് അംഗീകാരം വാങ്ങാം. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്തിൽ കൊടുത്താൽ ഉടനെ അംഗീകാരം ലഭിക്കും. കേരളത്തിലെ 60 മുനിസിപ്പാലിറ്റികൾക്കുംകൂടി ആകെ ഒരൊറ്റ സൂപ്രണ്ടിംഗ് എഞ്ചിനീയറേയുള്ളൂ. ഇതുകാരണം സമയത്തിന് ഡി.പി.സി.-യുടെ അംഗീകാരം വാങ്ങാൻ കഴിയുമോ; നിശ്ചിത സമയത്തിനുള്ളിൽ ഡി.പി.സി.-യുടെ അംഗീകാരം കിട്ടിയില്ലെങ്കിൽ ഒരു ഗഡു കുറയ്ക്കുമെന്നാണ് ഗവൺമെന്റ് ഇപ്പോൾ പറയുന്നത്. എങ്ങനെ ഇതിനെല്ലാംകൂടി അംഗീകാരം നൽകും; അതിനെന്താണൊരു മാർഗ്ഗം; ജില്ലാടിസ്ഥാനത്തിൽ ഓഫീസ് വേണം. പ്രാരംഭഘട്ടമെന്ന നിലയിൽ റീജിയണലായിട്ടെങ്കിലും ഇതിനുള്ള ഒരു ഓഫീസ് സംവിധാനം കൊണ്ടുവന്നാൽ ഏറ്റവും പ്രയോജനകരമായിരിക്കും. അതുപോലെതന്നെ പ്ലാൻ ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ, ഇന്നിപ്പോൾ ജൂൺ 30 ആണ്. ഇന്ന് അംഗീകാരം വാങ്ങിയിരിക്കണം എന്നാണ്. വർക്കുകൾ തീർക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. എങ്ങനെയാണ് സാധിക്കുന്നത്; ഇപ്രാവശ്യം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വന്നപ്പോൾ നമ്മുടെ നഗരസഭകൾക്കും, എല്ലാവർക്കും ഈ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട്

ജൂൺ 30 എന്നുള്ള ഡേറ്റ് കുറച്ചുകൂടി എക്സ്റ്റന്റ് ചെയ്ത് പ്ലാൻഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ അംഗീകാരം വാങ്ങാനുള്ള സമയം കുറച്ചു കൂടി നീട്ടണം എന്നാണ് ഈ അവസരത്തിൽ പ്രത്യേകം അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ പ്രാവശ്യം അങ്ങൊരു വലിയ കാര്യം ചെയ്തു. മുനിസിപ്പാലിറ്റി കളുടെ ഏറ്റവും വലിയ പ്രശ്നം അവയുടെ സാമ്പത്തിക പ്രതിസന്ധിയാണ്. അധികാര വികേന്ദ്രീകരണമാണ്. അവരോട് വർക്കുകളെല്ലാം ചെയ്യാൻ പറയുന്നുണ്ട്. പക്ഷേ ശമ്പളവും പെൻഷനും നേരത്തെ എടുത്ത കടത്തിന്റെ തവണകളും അടച്ചുകഴിഞ്ഞാൽ പിന്നെ കാശൊന്നും കാണില്ല. ഒരു കാര്യവും മുനിസിപ്പാലിറ്റികളെക്കൊണ്ട് ചെയ്യാൻ സാധിക്കുന്നില്ല. കൗൺസിലർമാർ വെറുതെ ചീത്ത കേൾക്കുകയാണ്. ഗവൺമെന്റിലേയ്ക്ക് കൊടുക്കുന്ന പെൻഷൻ ഫണ്ട് അവർക്ക് തിരിച്ചുകൊടുക്കണ്ടേ; മുനിസിപ്പാലിറ്റിയുടെ വിഹിതം അവർ അടയ്ക്കുന്നുണ്ട്. ജീവനക്കാരുടെ വിഹിതവും അടയ്ക്കുന്നുണ്ട്. പക്ഷേ പെൻഷൻ ഫണ്ട് കൊടുക്കണ്ടേ; അങ്ങ് മുൻകയ്യെടുത്ത് കഴിഞ്ഞ പ്രാവശ്യം 60 മുനിസിപ്പാലിറ്റികൾക്ക് 30 കോടി രൂപ കൊടുത്തതുകൊണ്ടാണ് അന്ന് മുനിസിപ്പാലിറ്റികൾ പിടിച്ചു നിന്നത്. അതുകൊണ്ട് ഇപ്രാവശ്യവും കഴിഞ്ഞപ്രാവശ്യത്തെപ്പോലെ എത്രയുംനേരത്തെ പെൻഷൻ ഫണ്ടിന്റെ വിഹിതം കൊടുത്തുകൊണ്ട് നമ്മുടെ നഗരങ്ങളെ ഒന്ന് ജീവിപ്പിക്കണം എന്ന് പ്രത്യേകമായി ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അതുപോലെ നമ്മുടെ എഞ്ചിനീയറിംഗ് രംഗത്ത് വന്നിരിക്കുന്ന ബുദ്ധിമുട്ട് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടൗൺ പ്ലാനിംഗ് പ്രധാനമായും വരുന്നത് മുനിസിപ്പാലിറ്റികളിലാണ്. പഞ്ചായത്തുകളിൽ വരുന്നതേയുള്ളൂ. പഞ്ചായ

ത്തുകളിൽനിന്നുള്ള എഞ്ചിനീയർമാർ നഗരസഭകളിൽ വരുമ്പോൾ അംഗീകാരം കൊടുക്കുന്നതിൽ ചില പ്രയാസങ്ങൾ വരുന്നുണ്ട്. അതു കൊണ്ട് സാധിക്കുമെങ്കിൽ നഗരസഭകളിൽ വരുന്ന എഞ്ചിനീയർമാരെ മറ്റ് നഗരസഭകളിൽനിന്നുതന്നെ അയച്ചാൽ പ്രായോഗികമായി അത് വളരെ പ്രയോജനകരമായിരിക്കും. അങ്ങ് ഈ നിർദ്ദേശങ്ങൾക്കുകൂടി എന്തെങ്കിലും പരിഹാരമുണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ രണ്ട് ധനാഭ്യർത്ഥനകളേയും ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. അച്ചുതൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. വളരെയധികം പരിമിതികളുണ്ടെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന രംഗത്ത് ക്രിയാത്മകമായ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രതിപക്ഷത്തുള്ള ആളുകൾകൂടി ശ്രദ്ധിക്കാൻ വേണ്ടിയാണ് ഒരു കാര്യം പറയുന്നത്. ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എന്റെ നിയോജകമണ്ഡലത്തിലെ വടകരപ്പതി എന്ന പഞ്ചായത്തിൽ ഏറ്റവും കൂടുതൽ വോട്ട് വാങ്ങിയത് നോട്ടയാണ്. എല്ലാവരും ശ്രദ്ധിക്കുന്നത് നന്നായിരിക്കും. 5935 വോട്ട് ഒരു പഞ്ചായത്തിൽ നോട്ട വാങ്ങിയപ്പോൾ യു.ഡി.എഫ്-ന് 3625-ഉം എൽ.ഡി.എഫ്-ന് 3313-ഉം വോട്ടുകളാണ് ലഭിച്ചത്. 2310 വോട്ട് യു.ഡി.എഫ്.-നെക്കാൾ കൂടുതൽ വാങ്ങി കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽത്തന്നെ ഒരു പഞ്ചായത്തിൽ നോട്ട ഭൂരിപക്ഷം കരസ്ഥമാക്കിയത് എന്റെ നിയോജകമണ്ഡലത്തിലാണ്. നോട്ടയ്ക്ക് വോട്ട് ചെയ്ത ആളുകളെ കുറ്റപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.

കാരണം വർഷത്തിൽ 365 ദിവസവും ലോറിയിൽ കുടിവെള്ളം കൊടുക്കുന്നതാണ് എന്റെ നിയോജകമണ്ഡലത്തിലെ ഈ പ്രദേശം. ഈ വിഷയം ഗൗരവത്തിൽ മനസ്സിലാക്കാതെ നോട്ടയ്ക്ക് വോട്ടുകൊടുത്തുവെന്ന് പറഞ്ഞ് അവരെ വൈരാഗ്യത്തിൽ കാണാൻ ഞാൻ തയ്യാറല്ല, ഈ ഗവൺമെന്റും അത്തരത്തിൽ കാണരുത് എന്നാണ് എന്റെ അഭിപ്രായം. അവിടെയുള്ളവർക്ക് കുടിവെള്ളമാണ് പ്രശ്നം. കുന്നങ്ങാട്ടുപതി എന്ന സ്ഥലത്തുനിന്ന് 15 കിലോമീറ്റർ ദൂരെ പമ്പ് ചെയ്ത് മൂന്ന് സ്റ്റെപ്പായിട്ടാണ് അവിടെ വെള്ളം എത്തിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ അവിടെ വെള്ളം എത്തിക്കുമ്പോൾ എവിടെയെങ്കിലും ഒരു മണിക്കൂർ കറണ്ട് പോയാൽ മുഴുവൻ പണിയും നിന്നുപോകും. അങ്ങനെ ഒരു ദിവസവും കൃത്യമായി വെള്ളം കൊടുക്കാൻ കഴിയാത്ത തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന വേലന്താവളം പോലെയുള്ള പ്രദേശത്ത് നോട്ടയ്ക്ക് 605 വോട്ട് ലഭിച്ചപ്പോൾ യു.ഡി.എഫ്.-ന് 41 വോട്ടും എൽ.ഡി.എഫ്.-ന് 52 വോട്ടുമാണ് ലഭിച്ചത്. നമ്മൾ അവിടത്തെ ബുദ്ധിമുട്ട് മനസ്സിലാക്കി പരിഹരിക്കുകയല്ലാതെ നോട്ടയ്ക്ക് വോട്ട് ചെയ്തവരെ കാണിച്ചുതരാമെന്ന് പറയുന്ന സമീപനമൊന്നും സ്വീകരിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്. നോട്ടയ്ക്ക് എല്ലാവരെക്കാളും ഭൂരിപക്ഷം ലഭിച്ചപ്പോൾ, പല ആളുകളും ശ്രദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്. നാളെ നിങ്ങൾക്കും ഈ അനുഭവമുണ്ടാകുമെന്ന കാര്യത്തിൽ തർക്കമൊന്നും എന്നെ സംബന്ധിച്ചില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിരവധി തവണ വെള്ളത്തിന്റെ പ്രശ്നം വളരെ സജീവമായി ശ്രീ. കെ. അച്ചുതൻ നിയമസഭയിൽ പറഞ്ഞതാണ്. അതിന്റെ ഭാഗമായി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ 72 കോടി

രൂപയുടെ ‘റൈറ്റ് ബാങ്ക് കനാൽ’ എന്ന പദ്ധതി യാഥാർത്ഥ്യമാക്കുമെന്ന് പറഞ്ഞതാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ. കെ. അച്ചുതൻ എല്ലാ സ്ഥലത്തും ഇതുസംബന്ധിച്ച് പ്രസംഗിച്ചിട്ടുള്ളതാണ്. ഈ വിഷയം ബഡ്ജറ്റിൽ ഉണ്ടായിരുന്നില്ലായെന്നുള്ളത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതും; ഇത് തിരിച്ചടിക്കുമെന്നും ഞാൻ പറഞ്ഞതാണ്. ശ്രീ. കെ. അച്ചുതൻ പറയുന്നത് തെറ്റാണ് എന്ന് ഞാൻ പറഞ്ഞതുമാണ്.

ശ്രീ. കെ. അച്ചുതൻ: സർ, മുഖ്യമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും കൂടി ചേർന്ന് ഒരു തീരുമാനമെടുത്ത് ബഡ്ജറ്റിൽ പണം വകയിരുത്തിയില്ലെങ്കിലും അത് ചെയ്യുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. അവിടെ ഉണ്ടായ ഒരു തടസ്സമെന്ന് പറയുന്നത്, ഒരു വ്യക്തി ഫ്രീ സറണ്ടർ ആയിട്ടാണ് കനാൽ പണിയാൻ തന്നത്. എഴുപതര കോടി രൂപ അനുവദിച്ചതു എന്നത് ശരിയാണ്. ഒരു വ്യക്തി സ്ഥലം വിട്ടുതരാൻ ഇന്നലെ തീരുമാനിച്ചു കഴിഞ്ഞു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആ കനാലിന്റെ പ്രവൃത്തി തുടങ്ങുന്നതിന് വേറെ യാതൊരു തടസ്സവുമില്ല. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നാൽ അവർക്ക് ആ പണി തുടങ്ങാവുന്നതാണ്. ഫ്രീ സറണ്ടറായി നേരത്തെയും സ്ഥലം കൊടുത്തതാണ്. അക്കാര്യം ശ്രീ. എ. കെ. ബാലനും അറിയാവുന്നതാണ്. നിങ്ങളുടെ ഒരു ഘടകകക്ഷിയുടെ കാരണം കൊണ്ട് മാത്രം വിജിലൻസ് കേസ്സാക്കി പത്തുകൊല്ലത്തോളം ആ കനാലിന്റെ പണി പൂർത്തിയാക്കാതെ പോയതാണ്. ഇപ്പോഴാണ് എല്ലാ പ്രശ്നവും തീർന്ന് അതിന്റെ പ്രവൃത്തി തുടങ്ങാനുള്ള ഒരു സാഹചര്യമുണ്ടായിരിക്കുന്നത്.

ശ്രീ. കെ. വി. വിജയദാസ്: സർ, 15 വർഷം തുടർച്ചയായി ബഹുമാനപ്പെട്ട അങ്ങാണ് അവിടെ എം.എൽ.എ. സ്ഥാനം വഹിച്ചത്. അങ്ങയുടെ കൂടി ഒരു പരാജയമായി ഇതിനെ കണക്കാക്കുന്നതല്ലേ ശരി?

ശ്രീ. കെ. അച്ചുതൻ: സർ, ഫ്രീ സറണ്ടർ ചെയ്താൽ മാത്രമേ കനാൽ പണി ചെയ്യാൻ പറ്റൂവെന്ന് പറയുമ്പോൾ..... ഒരാൾ ഫ്രീ സറണ്ടർ തരാതിരുന്നാൽ അതിന്റെ പിന്നിലും ഞാൻ മനസ്സിലാക്കുന്നത് നിങ്ങളുടെ ചില ആളുകളാണെന്നാണ്. അത് കൊടുക്കണ്ടേ എന്ന് പറഞ്ഞ് ശ്രീ. കെ. അച്ചുതനും മെച്ചമുണ്ടാകേണ്ട എന്ന് വിചാരിച്ച് പറഞ്ഞതായിട്ടുളള എല്ലാ തെളിവും ഇപ്പോൾ കിട്ടിക്കഴിഞ്ഞു. ഇന്നലെയാണ് അദ്ദേഹം സമ്മതിച്ചത്. നിങ്ങൾ ഒരു കക്ഷിയാണ്, നിങ്ങൾ ഭരിക്കുന്ന കാലത്ത് കൊടുക്കേണ്ട എന്ന് പറഞ്ഞു. ഇപ്പോൾ അദ്ദേഹം പൊളളാച്ചിയിലാണ്. ഞങ്ങളുടെ പഞ്ചയത്തു പ്രസിഡന്റുമാരും ഞാനും എല്ലാവരും കൂടി പോയി കണ്ട് സംസാരിക്കുകയും അതിന് അദ്ദേഹം സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. ഇനി അതിന്റെ പ്രവൃത്തി തുടങ്ങുന്നതിന് യാതൊരു തടസ്സവും അവിടെയില്ല.

ശ്രീ. എ. കെ. ബാലൻ: സർ, 72 കോടി രൂപ എവിടെനിന്നുകിട്ടും?

ശ്രീ. കെ. അച്ചുതൻ: സർ, ഇന്ന് മറുപടി പറയുമ്പോൾ മന്ത്രിയും വേണ്ടി വന്നാൽ മുഖ്യമന്ത്രിയും 70 കോടി രൂപ എവിടെനിന്ന് കിട്ടുമെന്ന് പറയും. വെറുതെ ഒരു യോഗം വിളിച്ചതല്ല. അത് ഒരാൾ തരാത്തതു കൊണ്ടാണ്. അതിന്റെ പിന്നിലും പ്രവർത്തിച്ച കുറെ ആളുകളെയൊക്കെ എനിക്കും അറിയാം. ഞാൻ അതിനെ രാഷ്ട്രീയമാക്കാൻ ഉദ്ദേശിക്കുന്നില്ല. അവിടെയുള്ള ആളുകൾക്ക് കുടിക്കാനും കൃഷി ചെയ്യാനും വെള്ളമില്ല. എന്നാൽ വെള്ളം ധാരാളം പുഴയിലൊഴുകി പോകുന്നു. ഈ ഒഴുകി

പോകുന്ന വെള്ളം മഴക്കാലത്ത് വേലന്താവളത്ത് എത്തിച്ചാൽ പ്രശ്നം മുഴുവൻ കഴിയും. ഈ വർഷം തന്നെ ടെണ്ടർ ചെയ്യാനുള്ള ഏർപ്പാട് ജലവിഭവ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. അക്കാര്യത്തെക്കുറിച്ച് ഞാൻ ഇതുമാത്രമേ പറയുന്നുള്ളു. മൂലത്തറ ഡാം തകർന്നിട്ട് 5 വർഷമായി. ഇനിയും അതിന്റെ പണി ആരംഭിച്ചിട്ടില്ല. ഇക്കാര്യം ഞാൻ പറയുകയാണെങ്കിൽ, അന്നത്തെ അവിടത്തെ എം.എൽ.എ. എന്റെ മുൻഗാമിയായിരുന്നു. കുഞ്ഞുമായീൻ എന്ന കരാറുകാരനും ജയപാലൻ എന്ന് പറയുന്ന ഒരു എ.ഇ.-യും കൂടി യോജിച്ച് ഡാമിൽ ഒഴുകിപ്പോകുന്ന വെള്ളം രണ്ടുമീറ്ററോളം....... ഷട്ടർ പൊക്കിയാൽ അടിയിൽകൂടി വെള്ളം പോകുന്ന സ്ഥിതിയാണുള്ളത്. രണ്ടു മീറ്റർ കോൺക്രീറ്റ് ചെയ്ത് കെട്ടി. ഉടൻ തന്നെ വെള്ളം വന്നാൽ രണ്ടു സൈഡും തള്ളിപോകുന്ന സ്ഥിതിയാണ്. ഇങ്ങനെ സൈഡ് തള്ളിപോയിട്ട് ഇപ്പോൾ അഞ്ചുകൊല്ലമായി. ഇത്രയേറെ വിവരക്കേട് ചെയ്ത ഒരു എഞ്ചിനീയർ ഇന്ന് സർവ്വീസിൽ ഉണ്ടോയെന്ന് എനിക്കറിയില്ല. അതിനെല്ലാം എന്റെ മുൻഗാമി തന്നെയായാണ് കൂട്ടുനിന്നത്. കുഞ്ഞുമായീൻ എന്നു കരാറുകാരനെ കൊണ്ടുവന്ന് അവിടെ കോടിക്കണക്കിന് രൂപ ചെലവാക്കി.... ബെഡ് കോൺക്രീറ്റ് ചെയ്ത് ഹൈറ്റ് കൂട്ടിയാൽ എന്താണ് അതിന്റെ അർത്ഥം? വെള്ളം കൂടുതൽ വരുമ്പോൾ സൈഡ് തള്ളിപ്പോകും. ഇക്കാര്യം ബഹുമാനപ്പെട്ട ജലവിഭവകുപ്പുമന്ത്രി അടിയന്തരമായി ശ്രദ്ധിക്കണം. മൂലത്തറ ഡാമിന്റെ ബെഡ്, രണ്ടുമീറ്റർ കോൺക്രീറ്റ് ചെയ്ത ഭാഗം പൊക്കിയിരിക്കുകയാണ്. ഒരു കരാറുകാരനുവേണ്ടി ഒരു എഞ്ചിനീയർ ഉണ്ടാക്കിയ, എന്റെ മുൻഗാമി എം.എൽ.എ.-യുടെ അനുവാദത്തോടുകൂടി

പുഴയെ തൂർത്തു. അപ്പോൾ വെള്ളം എവിടെയാണ് പോകുന്നത്? വെള്ളം വരുമ്പോൾ രണ്ടുസൈഡും തള്ളും. അഞ്ചുകൊല്ലമായി ഇപ്പോൾ തള്ളിക്കിടക്കുന്നുണ്ട്. നേരെയാക്കാൻ സാധിച്ചിട്ടില്ല. അവിടെ കൂടുതൽ ഷട്ടറുകൾ വയ്ക്കുവാൻ ആവശ്യമായ നടപടി അടിയന്തരമായി ഉണ്ടാകണം. സൈഡ് തള്ളിപോയതുകാരണം അഞ്ചുകൊല്ലമായി അവിടെക്കൂടി ഒരാൾക്കും കടക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. എഞ്ചിനീയർമാർ ചെയ്ത വിവരക്കേട് അന്നത്തെ എം.എൽ.എ.-യുടെ ഒത്താശയോടുകൂടി കുഞ്ഞുമായീൻ എന്ന കരാറുകാരന് പണി ഉണ്ടാക്കിക്കൊടുത്തു. അദ്ദേഹം തോറ്റപ്പോൾ കുഞ്ഞുമായീനെ തന്നെ പിടിച്ച്, വിജിലൻസ് കേസ്സാക്കി 10-15 കൊല്ലം അയാളെ ഒരു പരുവത്തിലുമാക്കി. അതുകൊണ്ട് അടിയന്തരമായി അക്കാര്യങ്ങളെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കണം. നോട്ടയുടെ കാര്യം പറഞ്ഞത് അതിനുവേണ്ടിയാണ്. നാളെ NOTA എല്ലാസ്ഥലത്തും ബാധിക്കാതിരിക്കണമെങ്കിൽ നമ്മൾ അടിയന്തരമായി ആ കാനാൽ നീട്ടുന്ന കാര്യത്തെക്കുറിച്ച് ഇടപെടണമെന്നാണ് എനിക്ക് അഭിപ്രായമുള്ളത്. ഇപ്പോൾ നമുക്ക് നാല് ഡാമുകളാണുള്ളത്. തമിഴ്നാടിന്റെ ഡാം ആണെന്നാണ് തമിഴ്നാട് മുഖ്യമന്ത്രി കുമാരി ജയലളിത പറയുന്നത്. കുമാരി ജയലളിത കേന്ദ്ര ഗവൺമെന്റിനെ പിന്താങ്ങുന്നതുകൊണ്ട് ഇക്കാര്യം സാധിച്ചെടുക്കാൻ പരമാവധി നോക്കും. അതുകൊണ്ട് നിങ്ങൾ എല്ലാവരും ഒരു കാര്യം മനസ്സിലാക്കണം. പറമ്പിക്കുളത്തുനിന്ന് ആളിയാറിൽ വെള്ളം വന്നാൽ ആളിയാറിൽ നിന്ന് 40 കിലോമീറ്റർ തമിഴ്നാട്ടിൽ കൂടി വന്നിട്ടുവേണം ചിറ്റൂരിൽ വെള്ളമെത്താൻ. ഇക്കാര്യം വേറെയാർക്കും അറിയില്ല. ആളുകളുടെ വിചാരം പറമ്പിക്കുളം വെള്ളം തുറന്നുവിട്ടാൽ ചിറ്റൂരിൽ

വെള്ളമെത്തുമെന്നാണ്. 40 കിലോമീറ്റർ പുഴയിൽ കൂടി തമിഴ്നാട്ടിൽ കൂടിയാണ് വരേണ്ടത്. തമിഴ്നാടുമായി നല്ല ബന്ധം പുലർത്താൻ കഴിഞ്ഞില്ലെങ്കിൽ ജയലളിത നമ്മൾ വിചാരിക്കുന്നതുപോലെയല്ല, ഒരു തുള്ളി വെള്ളം പോലും ചിലപ്പോൾ നമുക്ക് ലഭിക്കാതെ വന്നാൽ പരാതി പറയാൻ കേന്ദ്രത്തിൽ പോയാൽ ജയലളിത കേന്ദ്രവുമായി പിന്തുണയിലാണ്. ഇല്ലെങ്കിലും ജയലളിത പിന്താങ്ങേണ്ട ഒരു സ്ഥിതി അവിടെ വന്നിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് ഗൗരവമായി ഗവൺമെന്റ് ആലോചിച്ച് ഒരു സംഘർഷമുണ്ടാക്കാതെ നോക്കണം.

കാരണം കേരളത്തിലെ ലക്ഷക്കണക്കിനാളുകൾ തമിഴ്നാട്ടിൽ ജീവിക്കുന്നുണ്ട്. തമിഴ്നാടും കേരളവുമായി സംഘർഷമുണ്ടായാൽ ഈ ലക്ഷണക്കണക്കിനാളുകൾക്കും വലിയ ബുദ്ധിമുട്ടുണ്ടാകും. തമിഴ്നാട്ടിൽനിന്ന് ഇവിടേയ്ക്ക് മൺവെട്ടാൻ വരുന്ന കുറച്ച് ആളുകൾ പാലക്കാടുണ്ട്. അവരെ വേണമെങ്കിൽ നമുക്ക് തമിഴ്നാട്ടിലേയ്ക്ക് തിരിച്ചയയ്ക്കാം. പക്ഷേ നമ്മുടെ ആളുകൾ നല്ല രീതിയിൽ പൊള്ളാച്ചി, കോയമ്പത്തൂർ ഭാഗങ്ങളിൽ ജീവിക്കുന്നുണ്ട്. അവർക്കെല്ലാം പ്രശ്നങ്ങളുണ്ടാ കാത്ത രീതിയിൽ, എങ്ങനെ സമ്മർദ്ദം ചെലുത്തി വെള്ളം ഇവിടെ എത്തിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായിത്തന്നെ ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അല്ലെങ്കിൽ ചിറ്റൂർ, പാലക്കാട്, കുഴൽമന്ദം പ്രദേശങ്ങളിലുണ്ടാകുന്ന കൃഷിനാശം വളരെ ഗൗരവതരമായിരിക്കും. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യം ഗൗരവമായിട്ടെടുക്കണം. നിങ്ങൾ കോൺക്രീറ്റ് ചെയ്ത് പുഴ മുഴുവൻ

തൂർത്തിരിക്കുകയാണ്. അതാണ് സൈഡ് തള്ളിപ്പോകുന്നത്. ഡാമുകളുടെ കാര്യം വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യാതിരുന്നാൽ കുമാരി ജയലളിത എടുക്കുന്ന തീരുമാനം.... കരുണാനിധിയാണ് ഈ പ്രശ്നം തുടങ്ങിവച്ചത്. അതിന് സപ്പോർട്ടായാണ് ജയലളിത ഡാമുകൾ നമ്മുടേതാണ് എന്ന് പറയുന്നത്. തഴിഴ്നാട്ടിൽ കരുണാനിധിയും ജയലളിതയും യോജിച്ചാൽ നമുക്ക് വെള്ളം ലഭിക്കാനുള്ള സാധ്യത കുറയും. അതുകൊണ്ട് മൂലത്തറ മുതൽ ചിറ്റൂർ വരെയുള്ള പ്രദേശത്ത് നാലഞ്ച് റെഗുലേറ്ററുകൾ സ്ഥാപിച്ചാൽ മഴക്കാലത്ത് ഒഴുകിപ്പോകുന്ന വെള്ളം ഒരു പരിധിവരെ തടഞ്ഞുനിർത്താൻ കഴിയും. കുന്നംകാട്ടുപതിയിൽ ഒരു റഗുലേറ്റർ സ്ഥാപിച്ചത് വളരെയേറെ പ്രയോജനം ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന് ബുദ്ധിമുട്ടില്ലാതെ വെള്ളം എത്തിക്കാൻ കഴിയുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇ. കെ. നായനാരും മുഖ്യമന്ത്രിയായും പ്രതിപക്ഷനേതാവായും ഇരുന്ന പെരുവമ്പ് പഞ്ചായത്തിൽ പുഴയിൽനിന്ന് നേരിട്ടെത്തുന്ന ജലമാണ് ജനങ്ങൾ കുടിച്ചു കൊണ്ടിരുന്നത്. ബഹുമാനപ്പെട്ട മന്ത്രി ആറരക്കോടി രൂപ തന്ന് ഇപ്പോൾ പണി തുടങ്ങിയിട്ടുണ്ട്. പ്രതിപക്ഷനേതാവായിട്ടും മുഖ്യമന്ത്രിയായിട്ടും കാര്യമില്ല, ജനങ്ങളുടെ കാര്യങ്ങൾ നോക്കണമെങ്കിൽ അതിനുയോജിച്ച ജനപ്രതിനിധികൾ വരണമെന്ന് അവിടത്തെ ജനങ്ങൾ പറയുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ 17 വർഷത്തോളം മുനിസിപ്പൽ ചെയർമാനായിരുന്നു. ഞാൻ ചെയർമാനായിരുന്നപ്പോൾ ശമ്പളം കൊടുക്കാൻ വഴിയില്ലാത്ത കേരളത്തിലെ ഏറ്റവും വരുമാനം കുറഞ്ഞ മുനിസിപ്പാലിറ്റിയാണ് ചിറ്റൂർ–തത്തമംഗലം. രണ്ട് മുനിസിപ്പാലിറ്റി ആയിരുന്നു. രണ്ടുംകൂടി ഒന്നാക്കി.

ചിറ്റൂർ–തത്തമംഗം ആയാലും ശമ്പളം കൊടുക്കാൻ വഴിയില്ല. എന്റെ പി.എ. ആയി 12 വർഷത്തോളം ജോലി ചെയ്തിരുന്ന ശ്രീ. വെങ്കിടേശ് പെൻഷനായി ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ ആനുകൂല്യങ്ങളൊന്നും ലഭിച്ചിട്ടില്ല. കഴിഞ്ഞ ആഴ്ച അദ്ദേഹം എന്നോടൊപ്പം തിരുവനന്തപുരത്തേയ്ക്ക് വന്ന് അന്വേഷിച്ചപ്പോൾ മുനിസിപ്പാലിറ്റിയിൽനിന്ന് പണം അടച്ചാലെ പെൻഷൻ കിട്ടുകയുള്ളൂ എന്ന് പറഞ്ഞതുകൊണ്ട് അദ്ദേഹം വളരെ നിരാശയിലാണ് മടങ്ങിപ്പോയത്. അതുകൊണ്ട് സ്പെഷ്യൽ ഫണ്ട് ചിറ്റൂർ–തത്തമംഗലം മുനിസിപ്പാലിറ്റിക്ക് അനുവദിക്കണം. മുമ്പ് എല്ലാ ആനുകൂല്യങ്ങളും ആദ്യം ചിറ്റൂരിന് നൽകിയിരുന്നു. ഇപ്പോൾ ഒരു രൂപപോലും അങ്ങ് കൊടുത്തിട്ടില്ല. പാലക്കാട് മുനിസിപ്പാലിറ്റിക്ക് കൊടുത്തതായി അറിഞ്ഞു. അതിനുശേഷം കോഴിക്കോട് കോർപ്പറേഷനും കുറച്ച് കൊടുത്തതായി അറിഞ്ഞു.

ശ്രീ. എം. ഹംസ: സർ, പാലക്കാട് ജില്ലയിലെ പ്രശ്നങ്ങൾകൂടി അങ്ങ് പറയുന്നുണ്ട്, ചിറ്റൂരിന്റെ പ്രശ്നങ്ങൾ മാത്രമല്ല. അങ്ങ് സീനിയർ എം. എൽ.എ.–യുമാണ്. പാലക്കാട് ജില്ലയിൽ ഒരു പഞ്ചായത്തിന് രണ്ട് കുളമെന്നത് വരൾച്ചാ പ്രശ്നം പരിഹരിക്കുന്ന സമയത്ത് നമുക്ക് കിട്ടിയ വാക്കാണ്. അത് നടപ്പാക്കണമെന്ന് അങ്ങ് ആവശ്യപ്പെടുന്നുണ്ടോ?

ശ്രീ. കെ. അച്ചുതൻ: സർ, ഒരു പഞ്ചായത്തിന് രണ്ട് കുളം കൊടുത്തിരുന്നു. അത് പ്രോസസ് ചെയ്തു വന്നപ്പോൾ മഴ ആരംഭിച്ചു. ഇപ്പോഴും എസ്റ്റിമേറ്റ് തയ്യാറാക്കി പണി ആരംഭിക്കാനൊരുങ്ങിയപ്പോൾ നല്ല മഴയായി. മഴ നന്നായി പെയ്തപ്പോൾ കുളം നിറഞ്ഞു. ഫണ്ടിന്റെ കാര്യത്തിൽ പ്രശ്നമില്ല. മഴയായതുകൊണ്ടാണ് പണി നിർത്തിയിരിക്കുന്നത്. ഒരു പഞ്ചായത്തിൽ രണ്ട് കുളം പദ്ധതി നടപ്പാക്കണമെന്നുതന്നെയാണ് എന്റെ അഭിപ്രായം. ഞാൻ മുനിസിപ്പൽ ചെയർമാനായിരുന്നപ്പോൾ മുനിസിപ്പാലിറ്റി

യിലെ എല്ലാകുളങ്ങളും വൃത്തിയാക്കിയതാണ്. ഒരു പഞ്ചായത്തിന് രണ്ട് കുളംതന്നെ ബഹുമാനപ്പെട്ട മന്ത്രി അനുവദിക്കും. മുനിസിപ്പാലിറ്റികൾക്ക് തൊഴിലുറപ്പ് പദ്ധതി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ആരംഭിച്ചത്. അത് നന്നായി നടക്കുന്നുണ്ടെങ്കിലും അതിനുള്ള ഫണ്ടും കൊടുക്കാനുണ്ടെന്ന് പറഞ്ഞു. അത് കൊടുക്കുന്നതോടൊപ്പംതന്നെ സാമ്പത്തികമായി ഏറ്റവും പിന്നിൽ നിൽക്കുന്ന മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്ന ആഭ്യർത്ഥനയോടെ ഈ ധനാഭ്യർത്ഥനകളെ ശക്തമായി പിന്താങ്ങുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജലസേചന വകുപ്പുമന്ത്രിയും നഗരവികസന വകുപ്പു മന്ത്രിയുംകൂടി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളിൽ നഗരത്തിനോ കുടിവെള്ളത്തിനോ ഉപകരിക്കുന്ന പദ്ധതിയല്ലാത്തതുകൊണ്ടാണ് ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നത്. നഗരമെന്നോ ഗ്രാമമെന്നോ വ്യത്യാസമില്ലാതെ ജനങ്ങൾ അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് മാലിന്യ പ്രശ്നം. മാലിന്യ പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് കുറെ കാലമായി പ്രസംഗിക്കുന്നു എന്നല്ലാതെ അത് പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങളോ നടപടിയോ സ്വീകരിക്കുന്നില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. ത്രിതല പഞ്ചായത്തായാലും കോർപ്പറേഷ നായാലും ഇത് സംബന്ധിച്ച് ചർച്ചചെയ്ത് ഗവൺമെന്റിനുമുന്നിൽ പ്രൊപ്പോസൽ സമർപ്പിച്ചാൽ അത് അംഗീകരിച്ച് നടപ്പിലാക്കിക്കുന്നതിനു വേണ്ടി എന്ത് നടപടിയാണ് ഗവൺമെന്റ് ചെയ്തതെന്ന് ആർക്കും പറയാൻ

കഴിയില്ല. ഇവിടെ ധനാഭ്യർത്ഥനകൾ അവതരിപ്പിച്ച രണ്ട് മന്ത്രിമാരും മുമ്പ് എൽ.ഡി.എഫ്.–ൽ ആയിരുന്നു. എൽ.ഡി.എഫ്.–നോടൊപ്പം ആയിരുന്നപ്പോൾ അവർ രണ്ടുപേരും ഊർജ്ജസ്വലരായിരുന്നു. ഇപ്പോൾ അവർക്ക് പദ്ധതിയും ഇല്ല, ഭാവനയും ഇല്ല. ബഹുമാന്യനായ പി. ജെ. ജോസഫ് നല്ല സംഗീതജ്ഞനും കലാകാരനുമെന്ന നിലയിൽ ഭാവനയുള്ള ആളായിരുന്നു. ഇപ്പോൾ രണ്ടുപേരും ഭാവനയില്ലാത്ത മന്ത്രിമാരായി ഭരണപക്ഷത്തിരിക്കുന്നു എന്നല്ലാതെ പദ്ധതികളൊന്നും നടപ്പിലാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്തതിനാലാണ് നഗരവികസനവും ജലസേചനവും ഇങ്ങനെ ആയിപ്പോയതെന്ന പരാതിയാണ് എനിക്ക് പറയാനുള്ളത്. ശ്രീ. വി. ശിവൻകുട്ടി നായ്ക്കളെ സംബന്ധിച്ച് പറഞ്ഞിരുന്നു. എം.എൽ.എ. ക്വാർട്ടേഴ്സിൽ നിന്നും കഴിഞ്ഞ ദിവസം ഞാൻ പുറത്തിറങ്ങിയപ്പോൾ എം. എൽ.എ. ഹോസ്റ്റലിനു മുൻവശത്ത് സ്റ്റെപ്പിൽ നാല് നായ്ക്കൾ കിടക്കുന്നു. അതിന്റെ ഫോട്ടോയെടുത്ത് പത്രത്തിൽ കൊടുക്കാമെന്ന് ആദ്യം തോന്നിയെങ്കിലും പിന്നെ ഞാൻ തന്നെ അങ്ങനെ ചെയ്യണ്ട എന്ന് വിചാരിച്ചു. എം.എൽ.എ. ഹോസ്റ്റലിൽനിന്നുപോലും പുറത്തിറങ്ങാൻ കഴിയാത്ത തരത്തിൽ നായ്ക്കളുടെ ശല്യം രൂക്ഷമാണ്. ഇക്കാര്യത്തിൽ ഞാൻ മന്ത്രിയെ മാത്രം കുറ്റം പറയുന്നില്ല. ഇത് എങ്ങനെ പരിഹരിക്കാമെന്നത് സംബന്ധിച്ച് ഉന്നതതല ചർച്ചകൾ നടത്തി പരിഹാരം കാണേണ്ടത് അത്യാവശ്യമാണ്. തലസ്ഥാന നഗരി ആയതുകൊണ്ട് സംസ്ഥാനത്തിനുപുറത്തുനിന്നും ആൾക്കാർ വരുന്ന പ്രദേശമാണ്. അതിനാൽ നായ ശല്യം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. മന്ത്രി മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഭരിച്ചിട്ട് അടുത്ത പ്രാവശ്യം ഇതെങ്ങനെ യു.ഡി.എഫ്.–ന്

കൊടുക്കാം എന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. അതിന്റെ ഭാഗമായി മുനിസിപ്പാലിറ്റിയും കോർപ്പറേഷനും അതിന്റെ വാർഡ് വിഭജനവും മറ്റ് കാര്യങ്ങളുമൊക്കെ നടത്തി അവരുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ എന്റെ മണ്ഡലത്തിലെ ഉദുമ പഞ്ചായത്തുംകൂടി മുനിസിപ്പാലിറ്റി ആക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബേക്കൽ റിസോർട്ട് സ്ഥിതി ചെയ്യുന്ന, ഏറ്റവും കൂടുതൽ വരുമാനമുള്ള പഞ്ചായത്താണ്. അതുകൊണ്ട് ഇക്കാര്യം പരിഹരിക്കും എന്ന് ഞാൻ വിശ്വസിക്കുകയാണ്. മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ശ്രദ്ധ ചെലുത്തണമെന്നാണ് അദ്ദേഹത്തോട് പറയാനുള്ളത്.

പ്രധാനമായും ചർച്ച ചെയ്തത് കുടിവെള്ള പദ്ധതിയെക്കുറിച്ചാണ്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ 'മിഷൻ 676' എന്ന കൈപുസ്തകമുണ്ട്. മന്ത്രിയെ വ്യക്തിപരമായി പറയാൻ ആഗ്രഹിക്കുന്നില്ല. 100, 200, 300, 400, 500 ദിവസങ്ങളിലെ പദ്ധതികളെക്കുറിച്ചാണ് ഈ കൈപുസ്തകത്തിൽ പറയുന്നത്. എന്നാൽ കാസർഗോഡ് ജില്ലയ്ക്ക് എന്ത് പദ്ധതിയാണുള്ളത്? വളരെ നിരാശയാണ്. 100-ാം ദിവസത്തിലും 200-ാം ദിവസത്തിലും കാസർഗോഡ് ജില്ലയ്ക്ക് ഒരു പദ്ധതിയുമില്ല. 400-ാം ദിവസത്തിലും 500-ാം ദിവസത്തിലും കാസർഗോഡ് ജില്ലയ്ക്ക് പറഞ്ഞിട്ടുള്ളത്, പഞ്ചായത്തുകളുടെ എൻഡോസൾഫാൻ പദ്ധതിയാണ്. അത് കാസർഗോഡ് എം.പി. അവിടത്തെ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നബാർഡിൽ നിന്നും വാങ്ങിയ ഫണ്ട് കൊടുക്കു

ന്നതിന്റെ ഭാഗമായിട്ടുള്ളതാണ്. കാസർഗോഡ് കേരളത്തിന്റെ ഭാഗമല്ലേ? കാസർഗോഡുകാർ കർണ്ണാടകക്കാരൊന്നുമല്ലല്ലോ. അവിടെ കന്നട സംസാരിക്കുന്ന കുറച്ച് ആളുകളുണ്ടെങ്കിലും ഞങ്ങളും കേരളത്തിന്റെ ഭാഗം തന്നെയല്ലേ; കാസർഗോഡ് ജില്ലയെ പാടേ അവഗണിച്ച കൈപുസ്തകമാണിത്. മുഴുവൻ വായിച്ചെങ്കിലും കാസർഗോഡ് ജില്ലയ്ക്ക് ഒറ്റ പദ്ധതിയുമില്ല. കണ്ണൂർ ജില്ലയ്ക്ക് ഒരു പദ്ധതിയുണ്ട്. ഇതെന്തായാലും ശരിയായ നടപടിയല്ല. നമ്മുടെ ജില്ലയോട് കാണിക്കുന്ന അവഗണന പരിഹരിക്കണമെന്നും കാസർഗോഡ് ജില്ലയ്ക്ക് പദ്ധതിവിഹിതം നൽകണമെന്നും സബ്ജക്ട് കമ്മിറ്റിയിലൊക്കെ വളരെ ശക്തമായി പറയാറുണ്ട്. ബഹുമാന്യനായ മന്ത്രി ഇനിയെങ്കിലും പരിഹരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. കാസർഗോഡ് ജില്ലയുടെ പദ്ധതികളെക്കുറിച്ച് പറഞ്ഞാൽ, 1958-ൽ വി.ആർ. കൃഷ്ണയ്യർ ജലസേചന വകുപ്പുമന്ത്രിയായിരിക്കുന്ന കാലത്താണ് കാസർഗോഡ് ജില്ലയിൽ ആദ്യത്തെ പദ്ധതി വരുന്നത്; മൂന്നാംകടവ് പദ്ധതി. 40 വർഷത്തിനുശേഷം 1998-ൽ ഗവൺമെന്റ് ആ പദ്ധതി ഉപേക്ഷിച്ചു. 40 വർഷം ജലസേചന വകുപ്പ് ഉദ്യോഗസ്ഥന്മാർ സർവ്വ് ചെയ്ത്, കോടിക്കണക്കിന് രൂപ ചെലവ് ചെയ്ത്, നാട്ടുകാർക്ക് ഉപകരിക്കുന്ന പദ്ധതിയാണെന്ന് പല റിപ്പോർട്ടുകൾ കൊടുത്തിട്ടും 1998-ൽ ആ പദ്ധതി ഉപേക്ഷിച്ചു. അതിനുശേഷം ഇന്നുവരെ കാസർഗോഡ് ജില്ലയ്ക്ക് പ്രധാനപ്പെട്ട ഒരു ജലസേചന പദ്ധതിയുമില്ല. എന്നാൽ ചെറുകിട ജലസേചന പദ്ധതിയെങ്കിലും തരണമെന്ന് കാസർഗോഡ് എം.എൽ.എ. മാർ ആവശ്യപ്പെട്ടു. പ്രധാനമായി പറയേണ്ട കാരണം, ജില്ലയുടെ തലസ്ഥാനമായ കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ ജനങ്ങൾ മുഴുവൻ കുടിക്കുന്നത് ഉപ്പുവെള്ളമാണ്. ആ ഉപ്പുവെള്ളം കുടിക്കുന്നത് പരിഹരി

ക്കണം. ശുദ്ധജലം കുടിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കാസർഗോഡ് ജില്ലയിലെ എല്ലാവരുടേയും ആവശ്യമാണ്. അത് കാസർഗോഡ് എം.എൽ.എ. മാരുടേയോ കാസർഗോഡ് മുനിസിപ്പാലിറ്റിക്കാരുടേയോ മാത്രമാവശ്യമല്ല. അത് പരിഹരിക്കാൻ മാറിവന്ന ഗവൺമെന്റുകൾ പല നടപടികളും സ്വീകരിച്ചെങ്കിലും ഇന്നുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് വസ്തുത. പ്രധാനപ്പെട്ട ഒരു പദ്ധതിക്കുവേണ്ടി സംഖ്യ ചെലവഴിച്ചതുമാണ്. നമ്മുടെ നാട്ടിൽ ഏറ്റവും വലിയ ബുദ്ധിമുട്ടുള്ള കാര്യം പാലം നിർമ്മിക്കാനാണ്. വലിയ പുഴയ്ക്ക് കുറുകെയുള്ള തീവണ്ടിപ്പാലങ്ങൾപോലും 2–3 വർഷം കൊണ്ട് നിർമ്മിക്കുന്നുണ്ട്. ജലസേചന വകുപ്പ് ഏറ്റെടുത്ത പദ്ധതികളൊന്നും 10–ഉം 15–ഉം വർഷങ്ങൾ കൊണ്ടോ, ശ്രീ. ജോസ് തെറ്റയിൽ പറഞ്ഞതുപോലെ 33 കൊല്ലംകോണ്ടോ പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നുള്ളത് വസ്തുതയാണ്. ഇക്കാര്യം വളരെ ഗൗരവമായി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ജില്ലയിൽ മാത്രമല്ല, കേരളത്തിലുള്ള മുഴുവൻ പദ്ധതികളുടേയും കാര്യം ഇതുതന്നെയാണ്. ജലസേചന വകുപ്പിന്റെ പദ്ധതിമാത്രം നീണ്ടുപോകുന്നത് എന്തുകൊണ്ടാണെന്ന കാര്യം പരിശോധിക്കാൻ ആർക്കും കഴിയുന്നില്ല. 59 കോടി രൂപ അടങ്കൽ തുക വകയിരുത്തി എസ്റ്റിമേറ്റെടുത്ത് ചെലവ് ചെയ്യാൻ തീരുമാനിച്ച് ടെണ്ടർ ചെയ്ത പദ്ധതിക്ക് 500 കോടി രൂപ ചെലവഴിച്ചിട്ടും പൂർത്തീകരിക്കപ്പെടുന്നില്ലെന്നുപറഞ്ഞാൽ കേരളീയ സമൂഹത്തിന് അപമാനകരമാണ്. അത് എന്തുകൊണ്ടാണെന്ന് വളരെ ഗൗരവമായി ഇനിയെങ്കിലും ഭരണ–പ്രതിപക്ഷത്തുള്ളവർ ഒന്നിച്ചിരുന്ന് പരിശോധിക്കണം. ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട ആളുകളും അറിയാൻ ഞാൻ ഒരു കര്യം പറയുകയാണ്. നിശ്ചയിച്ച എല്ലാ

കുടിവെള്ള പദ്ധതികൾക്കും പൈപ്പിട്ടു. ഒന്നോ രണ്ടോ കൊല്ലംകൊണ്ട് പൈപ്പിട്ടുതീരും. പൈപ്പിടുന്നതല്ലാതെ അതിൽക്കൂടി വെള്ളം സപ്ലൈ ചെയ്യു ന്നില്ല. എന്റെ മണ്ഡലത്തിൽ 2008–09–ൽ തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതി യുണ്ട്. 142 കിലോമീറ്റർ നീളമുള്ള പദ്ധതിയാണ്. 142 കിലോമീറ്റർ പൈപ്പിട്ട് രണ്ട് പഞ്ചായത്തുകൾക്ക് വെള്ളം കെടുക്കാൻ ടെണ്ടർ ചെയ്തു. എന്തുകൊ ണ്ടാണെന്ന് അറിയില്ല, ഉദ്യോഗസ്ഥന്മാരും കരാറുകാരനും കൂടി അത് 100 കിലോമീറ്ററായി ചുരുക്കി. പൈപ്പിട്ടതല്ലാതെ ഇതുവരെ ടാങ്കോ, പമ്പ്സെറ്റോ സ്ഥാപിക്കാൻ കഴിയാത്തതിന്റെ ഫലമായി ഇന്നുവരെ വെള്ളം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഇക്കാര്യം പല പ്രാവശ്യം പറഞ്ഞ താണ്. മന്ത്രിയും വളരെ ശ്രമിച്ചു, അത് സംബന്ധിച്ച് ഉദ്യോഗസ്ഥർ ഒരു മീറ്റിംഗിൽ പറഞ്ഞത്, മോട്ടോറിന് ടെണ്ടർ ചെയ്തിട്ട് കിട്ടാത്തതുകൊണ്ട് ഇതുവരെ മോട്ടോർ വയ്ക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. ഈ സഭയ്ക്കിത് നാണ ക്കേടാണ്. പണികൾ ഏറ്റെടുത്തെങ്കിലും ടെണ്ടർ ചെയ്തിട്ട് മോട്ടോർ വയ്ക്കാൻ ആളെക്കിട്ടുന്നില്ലെന്ന പേരിൽ 100 കിലോമീറ്റർ ദൂരം പൈപ്പിട്ടത് വേസ്റ്റായി കിടക്കുന്നു എന്നുപറയുന്നത് ജലസേചന വകുപ്പിന് മാത്രമല്ല, എല്ലാവർക്കും അപമാനമാണ്. രണ്ടാമത്തെ മീറ്റിംഗിൽ, ശുദ്ധീകരിച്ച പ്ലാന്റ് ഇല്ലെന്നാണ് ഉദ്യോഗസ്ഥർ പറഞ്ഞത്. പ്ലാന്റ് ഉണ്ടാക്കേണ്ടത് അവർ തന്നെയ ല്ലേ? പ്ലാന്റും മോട്ടോറും കിണറുമുണ്ടാക്കാൻ കഴിയില്ലെങ്കിൽ എന്തിനാണ് പൈപ്പിടുന്നത്. റോഡുകൾ മുഴുവൻ കിളച്ച് പൈപ്പിടുകയാണ്. അവസാനം മോട്ടോർ, പ്ലാന്റ്, കിണർ എന്നിവ ഇല്ലെന്ന് പറയും. ഇത്തരത്തിലുള്ള സംഭവ ങ്ങൾ നമ്മുടെ നാട്ടിൽ നടക്കപ്പെടുന്നുവെന്നുള്ളത് വളരെ ഗൗരവമായി പരി ശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇനി ജലസേചന വകുപ്പിൽ ഏതെ

ങ്കിലും ഒരു പദ്ധതി നടപ്പാക്കപ്പെടുമ്പോൾ ആ പദ്ധതി സമയബന്ധിതമായി, നിശ്ചിത സമയംകൊണ്ട് തീർക്കുമെന്നുള്ള കാര്യം ഉറപ്പുണ്ടാക്കാൻ കഴിയുമെങ്കിൽ മാത്രമേ പദ്ധതി നടത്തേണ്ടതുള്ളുവെന്ന് ഗൗരവമായി കാണാൻ കഴിയണം. ജില്ലയിലെ പദ്ധതിയെക്കുറിച്ച് പറയുമ്പോൾ പ്രധാനപ്പെട്ട കാര്യം പറയാനുള്ളത്, കാസർഗോഡ് ജില്ലയിലെ ജലസേചന വകുപ്പിന്റെ വർക്ക് നോക്കിനടത്തുന്നത് കണ്ണൂർ ജില്ലയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ഡി.ഡി.സി. മീറ്റിംഗിൽ ഇക്കാര്യം പറയുമ്പോൾ, ഞങ്ങൾ കണ്ണൂർ ജില്ലയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേകമായി എക്സിക്യൂട്ടീവ് എഞ്ചീനിയറില്ല. അതുകൊണ്ട് പദ്ധതികൾ നോക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയ്ക്ക് പ്രത്യേകമായി എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിശ്ചയിക്കണം. ഇത് വളരെ ഗൗരവമായിക്കണ്ട് അടിയന്തരമായി നടപ്പിലാക്കാൻ കഴിയണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ വെള്ളം കൊടുക്കാൻ കഴിയുന്ന ബാവിക്കര പദ്ധതി എന്റെ മണ്ഡലത്തിലാണ്. ആ പദ്ധതി തുടങ്ങിവച്ചിട്ട് കുറച്ചുകാലമായി. പദ്ധതി ഇടയ്ക്കുവച്ച് മതിയാക്കിപ്പോയി. രണ്ടാമത് വീണ്ടും എസ്റ്റിമേറ്റും ടെണ്ടറുമായി പദ്ധതി തുടങ്ങി. ഇപ്പോഴും ആ പദ്ധതി പകുതിവഴിയിൽ നിൽക്കുകയാണ്. ഇപ്പോൾ ഉദ്യോഗസ്ഥന്മാർ പറയുന്നത്, ഈ പദ്ധതി പൂർത്തീകരിച്ചാൽ എത്രകാലം നിൽക്കുമെന്ന് പറയാൻ കഴിയില്ലെന്നാണ്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ തുകയെക്കാൾ കൂടുതൽ ചെലവഴിച്ചാൽ മാത്രമേ പദ്ധതി നിർത്താൻ കഴിയുകയുള്ളുവെന്നതുകൊണ്ട് പുതിയ എസ്റ്റിമേറ്റ് തുക കൊടുത്തിരിക്കുകയാണ്. അതിന്റെ ഫലമായി വീണ്ടും ടെണ്ടർ നടപടികൾ സ്വീകരിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ വെള്ളമെത്തിക്കാൻ പൈസ ചെലവായാലും കുഴപ്പ

മില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി നിർബന്ധമായി പറഞ്ഞതിന്റെ ഫലമായി, എങ്ങനെയെങ്കിലും വെള്ളമെത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥ ഗൗരവമാണ്. അത് പരിഹരിക്കാൻ കഴിയണം. മൈനർ ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ബഡ്ജറ്റിൽ മന്ത്രി പ്രഖ്യാപിച്ച കുറച്ച് കാര്യങ്ങളുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് 'പഞ്ചായത്തിൽ ഒരു കുളം' എന്നുള്ളത്. ആ പദ്ധതിയെ ഞങ്ങളെല്ലാവരും സ്വാഗതം ചെയ്തു. കഴിഞ്ഞ തവണ അവലോകന യോഗം നടത്തിയപ്പോൾ കേരളത്തിൽ ആകെ 368 കുളങ്ങൾക്ക് മാത്രമാണ് സാങ്ഷൻ കൊടുത്തിട്ടുള്ളതെന്നാണ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും യോഗത്തിൽ പറഞ്ഞത്. അതിൽ മലപ്പുറം മുതൽ വടക്കോട്ടുള്ള ജില്ലകൾക്ക് ഒന്നുമില്ല. എല്ലാം തെക്കൻ കേരളത്തിൽ മാത്രമാണ്. കാസർഗോഡ്, കണ്ണൂർ ജില്ലകൾക്ക് ഒന്നുമില്ല, എല്ലാം കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകൾക്കാണ്. അതിനപ്പുറമുള്ള ജില്ലകൾക്ക് ഒറ്റ പദ്ധതിയുമില്ല. അങ്ങനെ വരാൻ പാടുണ്ടോ? സംസ്ഥാനത്തെ പദ്ധതി വിഹിതം എല്ലാ ജില്ലക്കാർക്കും കൊടുക്കണ്ടേ? ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം ഞെട്ടിപ്പോയി. ഇതെങ്ങനെ വന്നുവെന്നും നോക്കിനടത്താൻ ഉദ്യോഗസ്ഥന്മാരില്ലേയെന്നും ബന്ധപ്പെട്ട എം.എൽ.എ. മാരുമായി ആലോചിക്കപ്പെടുന്നില്ലേയെന്നുമാണ് അദ്ദേഹം ചോദിച്ചത്. ഒറ്റ പദ്ധതിയും നമ്മുടെ നാട്ടിലില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, അടിയന്തരമായി ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നാണ്. സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാവ്യതിയാനവും കണക്കിലെടുത്ത് ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച്

കുടിവെള്ള വിതരണത്തിനും കൃഷിക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകാൻ പറ്റുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് 505 കോടി രൂപ വകയിരുത്തിയത്. കുളത്തിന് പുറമേ, നദിക ളിലൂടെ ഒഴുകി കടലിൽ പോകുന്ന ജലം വിവിധ സ്ഥലങ്ങളിൽ തടയണ നിർമ്മിച്ച് സംഭരിച്ച് ഉപയോഗമാക്കുന്നതിന് എല്ലാ നദികളിലും പഠനങ്ങൾ നടത്തി ചെക്കുഡാമുകളും റെഗുലേറ്ററുകളും പണിയുന്നതിന് ഇപ്രകാരം 700–ഓളം തടയണകൾ നിർമ്മിക്കാൻ വേണ്ടി തീരുമാനമായി. ഇതിന്റെ അവ ലോകനം മന്ത്രിസഭാ യോഗത്തിൽ വന്നു. കണ്ണൂരിൽ ഒരു പദ്ധതി കഴിഞ്ഞാൽ മറ്റ് വടക്കൻ ജില്ലകൾക്ക് ഒരു പദ്ധതിയുമില്ല. കാസർഗോഡ് ജില്ലയിൽ ഒരു പദ്ധതിയുമില്ല, കുളമില്ല, തടയണയുമില്ല. ഇത് ശരിയായ നടപടിയല്ല. ഇത് ഞങ്ങൾ എങ്ങനെയാണ് അംഗീകരിക്കുന്നത്. ഇക്കാര്യത്തിൽ കാസർഗോഡ് ജില്ലയിലെ എം.എൽ.എ. മാർ ഒന്നിച്ച് നിൽക്കാം. ഭരണ–പ്രതിപക്ഷത്തിന്റേ തല്ല, കാസർഗോഡുകാരുടെ, മലബാറുകാരുടെ പ്രശ്നമാണിത്. ഈ ഏർപ്പാട് ശരിയല്ലാത്തതുകൊണ്ടാണ് പരസ്യമായി എതിക്കുന്നത്.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. മുരളീധരൻ)

നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് കുടിവെള്ളം വേണമെന്നുപറഞ്ഞപ്പോൾ, മിഷൻ – 676 പദ്ധതി പ്രകാരം ഇത് നടപ്പിലാക്കുമെന്നാണ് മന്ത്രി പറഞ്ഞത്. സംസ്ഥാനത്താകെയാണ് ഈ പദ്ധതിയെന്നാണ് പറയപ്പെടുന്നത്. സംസ്ഥാന ത്തിലെ ജില്ലയ്ക്കുപോലും ഒരു പദ്ധതി കൊടുക്കാതെ നിങ്ങളെങ്ങനെ സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കും? അത് വളരെ ഗൗരവമായ പരിശോധ നയ്ക്ക് വിധേയമാക്കണം. നമ്മുടെ നാട്ടിൽ മഴക്കാലത്തുപോലും ഇപ്പോൾ മഴയില്ലാത്ത രീതിയായി മാറിയിരിക്കുകയാണ്. ജൂണിൽ ഏറ്റവും നല്ല മഴകി

ട്ടുന്ന കാലമാണ്. ജൂൺ മാസം കഴിഞ്ഞ് ജൂലൈ മാസത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുകയാണ്. ഈ മാസം മഴകിട്ടിയില്ലെന്നുമാത്രമല്ല, എവിടെയും വെള്ളമില്ലെന്നൊരു സ്ഥിതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണ്. കൃഷിക്കാർ ബുദ്ധിമുട്ടി, എന്നുമാത്രമല്ല, നമ്മുടെ നാട്ടിലെ കുടിവെള്ള പദ്ധതികൾപ്പോലും ഏറ്റവും വലിയ തകരാറിലാകുന്ന ഒരു കാലഘട്ടത്തിൽ ആളുകൾക്ക് ഏറ്റവുമുപകരിക്കുന്ന ഒരു പദ്ധതിയായി മാറേണ്ടതാണ് കുടിവെള്ള പദ്ധതികൾ. ആ പദ്ധതികളെല്ലാം തകർന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ഗവൺമെന്റും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റും വളരെ നിസ്സംഗതയോടെ ഈ കാര്യം നോക്കിക്കാണുന്നത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്തതാണ്. ഈ കാര്യത്തിലൊക്കെ വളരെ ഗൗരവമായി ഇടപെടുന്ന ഒരു മന്ത്രിയെന്ന നിലയ്ക്കാണ് കഴിഞ്ഞ കൊല്ലം മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് പദ്ധതി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനൊരു പ്രത്യേക അസംബ്ലി സമ്മേളനം വിളിച്ചുചേർത്തത്. മുല്ലപ്പെരിയാർ പദ്ധതിയിൽ തമിഴ്നാടുമായി ബന്ധപ്പെട്ട കാര്യം ചർച്ചചെയ്യുന്നതിന് സഭവിളിച്ചുചേർത്തപ്പോൾ മന്ത്രി തന്നെ ആ പദ്ധതിയെക്കുറിച്ച് അസംബ്ലിയിൽ അവതരിപ്പിക്കുകയും വേദനയോടുകൂടി 'ആ അണക്കെട്ട് പൊട്ടിയാൽ കേരളമിങ്ങനെ നശിച്ചുപോകും, ഇത്ര ആളുകൾ നശിച്ചുപോകും, നമ്മളെന്തിന് ജീവിക്കുന്നു' വെന്ന് അന്ന് വളരെ ഗൗരവമായി മന്ത്രി പറഞ്ഞത് ഞാനിപ്പോഴും ഓർക്കുകയാണ്. ഇപ്പോൾ ആർക്കുമൊരു പരാതിയുമില്ല. മുല്ലപ്പെരിയാർ ഇപ്പോൾ ചർച്ചയിൽപ്പോലും കൊണ്ടുവരുന്നില്ല. ഇപ്പോൾ എന്തായി മുല്ലപ്പെരിയാർ? കുമാരി ജയലളിതയുടെ നേതൃത്വത്തിലുള്ള തമിഴ്നാട് ഗവൺമെന്റിന് മുല്ലപ്പെരിയാർ അവരുടേതാക്കി മാറ്റാൻ സുപ്രീം കോടതി അവരുടെ കൂടെനിന്നുവെന്ന് പറഞ്ഞപ്പോൾ അതി

നെതിരായി ഒരു പ്രമേയം പാസ്സാക്കിയെന്നല്ലാതെ ആ മുല്ലപ്പെരിയാർ ഡാം നമ്മുടേതാക്കി മാറ്റാൻ അല്ലെങ്കിൽ കേരളത്തിന്റെ സമ്പത്താക്കി മാറ്റാൻ ഒരു നടപടിയും നമുക്ക് സ്വീകരിക്കാൻ കഴിയുന്നില്ലെന്നത് ഒരു വസ്തുതയാണ്. അതിനുശേഷമാണ് ഇപ്പോൾ നാലു ഡാമുകൾകൂടി അങ്ങോട്ട് കൊടുക്കാൻ തീരുമാനിച്ചത്. ശ്രീമതി ജമീലാ പ്രകാശം ഇക്കാര്യം നിയമസഭയുടെ ശ്രദ്ധ യിൽ കൊണ്ടുവന്നതും അക്കാര്യം ചർച്ചചെയ്തതും എല്ലാപേർക്കുമറിയാം. പക്ഷെ ഇപ്പോൾ മുല്ലപ്പെരിയാർ ഡാം മാത്രമല്ല നാലു ഡാമുകൾകൂടി തമിഴ്നാ ടിനുകൊടുത്തുവെന്ന രീതിയിലേയ്ക്ക് നമ്മൾ പോയിക്കൊണ്ടിരിക്കുകയാണ്. എന്തൊക്കെയാണ് ഇതിന്റെ പിന്നിലെന്നുള്ള കാര്യം വളരെ ഗൗരവമായി പരി ശോധിക്കാൻ നമുക്ക് സാധിക്കണം. ഈ രംഗത്ത് പ്രവർത്തിക്കുന്ന നമ്മുടെ തലപ്പത്തുള്ള ഉദ്യോഗസ്ഥരെക്കുറിച്ചും ഗവൺമെന്റിന്റെ തലപ്പത്തുള്ള ആളു കളെക്കുറിച്ചും ഞാൻ പറയും. ഇതൊക്കെ വളരെ ഗൗരവായി ചർച്ചചെ യ്യാനും ആലോചിക്കാനും കഴിയുന്നില്ലെങ്കിൽ നാളെ കേരളംതന്നെ തമിഴ്നാട്ടി ലേയ്ക്കും കർണ്ണാടക എന്നിങ്ങനെയുള്ള സംസ്ഥാനങ്ങളിലേയ്ക്കും മാറ്റി മാറ്റി നൽകാനുള്ള നടപടി ഈ ഉദ്യോഗസ്ഥന്മാർ സ്വീകരിക്കുമെന്നുള്ള കാര്യം നമ്മൾ പരിശോധനയ്ക്ക് വിധേയമാക്കണം. അങ്ങനെവന്നാൽ അത് നമുക്ക് നാണക്കേടാകുമെന്നുള്ളതുകൊണ്ടാണ് ഞാനീക്കാര്യം പറയുന്നത്.

<u>മി. ചെയർമാൻ:</u> യെസ്.. അഞ്ച് മിനിട്ട് അധികമായി.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, ഞാൻ അവസാനിപ്പിക്കാം. ചാലക്കുടിയേയും അതുപോലെ ആലുവപ്പുഴയെക്കുറിച്ചുമൊക്കെ മന്ത്രി ഇടയ്ക്കിടയ്ക്ക് പറയാറുണ്ട്. ആ രണ്ടുപുഴയുടെയും കരയിൽ നിർമ്മിച്ചിരി ക്കുന്ന റിസോർട്ടുകളിലെ മലിനജലം ഈ പുഴയിലേയ്ക്ക് തുറന്നുവിടുമെ ന്നാണ് പറയുന്നത്. അതിനെക്കുറിച്ച് നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് ഒരു പരാ

തിയുമില്ല. നമ്മുടെ ഗവൺമെന്റിനും നാട്ടുകാർക്കുമില്ല. പുഴയുടെ അരികിൽ കെട്ടിടങ്ങൾ പണിത് അവിടെനിന്ന് മലിനജലം പുഴയിലൊഴുക്കിവിട്ട് നമ്മുടെ നാട്ടിലെ ആളുകളെ മലിനജലം കുടിപ്പിക്കണമെന്നു പറഞ്ഞാൽ ചോദിക്കാനും പറയാനും നമ്മുടെ നാട്ടിലാരുമില്ല. ഉദ്യോഗസ്ഥന്മാരില്ല, അവരാണല്ലോ ഇത് ചെയ്യേണ്ടത്. ഗവൺമെന്റ് തലത്തിൽ അംഗീകാരം വാങ്ങണമെങ്കിൽ അത് വാങ്ങേണ്ട ഉത്തരവാദിത്വം അവർക്കല്ലേ; നമ്മുടെ ഉദ്യോഗസ്ഥന്മാർ ഇടപെട്ട് ഒരുകാര്യവും നിർവ്വഹിക്കുന്നില്ല. അതിന്റെ ഫലമായി നമ്മുടെ നാട്ടിലെ ജനങ്ങൾ ശുദ്ധജലത്തിനുപകരം മലിനജലം കുടിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. അങ്ങനെ നമ്മുടെ നാട്ടിൽ തകർന്നുകൊണ്ടിരിക്കപ്പെടുന്ന ഈ പദ്ധതികളെല്ലാം പൂർത്തീകരിക്കുന്നതിനുവേണ്ടി ആയിരക്കണക്കിന് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതുകൊണ്ട് കാര്യമില്ല, ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട ആളുകളും ഇടപ്പെട്ട് എല്ലാപേരുടെയും സഹായത്തോടുകൂടി ഇതെങ്ങനെ പൂർത്തീകരിക്കാൻ കഴിയുമെന്നതിനെക്കുറിച്ചാലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. മന്ത്രിയുടെ കലാപരമായ, സംഗീതപരമായ കഴിവ് ഉപയോഗപ്പെടുത്തി ഇവ നന്നായി നടപ്പാക്കുന്നതിനുവേണ്ടി ഇടപെടാൻ കഴിയണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ പദ്ധതി ഒരു കാരണവശാലും നമ്മുടെ നാട്ടിലെ ജനങ്ങൾക്കുപകരിക്കാത്ത പദ്ധതിയെന്നതുകൊണ്ടും കാസർഗോഡിന് പദ്ധതിയില്ലാത്തതുകൊണ്ടും ഞാൻ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ വളരെ സന്തോഷത്തോടെ പിന്താങ്ങുകയാണ്. കാരണം, എനിക്കുമുമ്പ് സംസാരിച്ച ഉദുമ എം.എൽ.എ. ബഹുമാന്യനായ എന്റെ സുഹൃത്ത് ശ്രീ. കെ.

കുഞ്ഞിരാമൻ, എൽ.ഡി.എ.ഫ്-ൽ ഉണ്ടായിരുന്നപ്പോൾ രണ്ട് മന്ത്രിമാരും ഭാവനയുള്ളവരായിരുന്നുവെന്ന് പറഞ്ഞു, ശ്രീ. മഞ്ഞളാംകുഴി അലിയുടെ ഭാവന പരിശോധിക്കാൻ എൽ.ഡി.എഫ്. തയ്യാറായില്ല, പക്ഷേ യു.ഡി.എഫ്-ൽ വന്നപ്പോൾ ഞങ്ങൾ ഏതായാലും അദ്ദേഹത്തിന്റെ ഭാവന പരിശോധിക്കാൻ തീരുമാനിച്ചു, അദ്ദേഹം ഭാവനയുള്ള ആളാണെന്ന് കഴിഞ്ഞ വർഷങ്ങളിൽ തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. ശ്രീ. പി. ജെ. ജോസഫിന് ഭാവനയുണ്ടായിരുന്നത് സമ്മതിച്ചു, ആ ഭാവന ഇപ്പോഴുമുണ്ട്. കാരണം, ഒരിക്കൽ സൈക്കിൾ ഓടിക്കാൻ പഠിക്കുന്നയാളിന് മരണം വരെ സൈക്കിൾ ബാലൻസ് പോകുകയില്ല. ഭാവന ഒരിക്കലുണ്ടായാൽ എന്നും കാണും, അത് മരണംവരെയുണ്ടാകും. തീർച്ചയായും ഈ രണ്ട് മന്ത്രിമാരുടെ പ്രവർത്തനങ്ങൾ പ്രശംസിക്കേണ്ടതാണ്. ശ്രീ. മഞ്ഞളാംകുഴി അലി ലോകം കണ്ട ഒരാളാണ്. രാഷ്ട്രീയത്തിലേയ്ക്ക് വരുന്നതിനുമുമ്പ് ഈ ലോകത്തെ എല്ലാ രാജ്യങ്ങളിലും യാത്ര ചെയ്യാനും അവിടത്തെ ജീവിതവും സാഹചര്യങ്ങളും മനസ്സിലാക്കാൻ കഴിഞ്ഞയാളാണ്. ഈ സംസ്ഥാനത്തെ നഗരങ്ങളിലെ ചവർ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വളരെ നല്ല ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതിലെനിക്ക് തിരുവനന്തപുരത്ത് എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ താമസ്സിക്കാൻ വന്നയാൾ എന്നുള്ളനിലയിൽ ദുഃഖമുള്ള ഒരു കാര്യമുണ്ട്, അതിന് മറുപടി അങ്ങയുടെ മറുപടി പ്രസംഗത്തിൽ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, കൊച്ചിയിൽ നടപ്പാക്കിയ ചവർ സംസ്കരണ പരിഷ്കാരങ്ങൾ, സെപ്റ്റിക് ടാങ്ക് മാലിന്യ സംസ്കരണ പദ്ധതി, തൃശ്ശൂരിലെ ലാലൂറിലെ മാലിന്യ സംസ്കരണ പദ്ധതി എന്നിവയിലൂടെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ അങ്ങേയ്ക്ക് കുറഞ്ഞ സമയംകൊണ്ട് കഴിഞ്ഞു. എന്നാൽ തിരുവനന്തപുരം നഗരസഭയിലെ മാലിന്യ പ്രശ്നം പരിഹരിക്കാൻ അങ്ങേയ്ക്ക് കഴിയാത്തതെന്തുകൊണ്ടെന്ന്

ഞാൻ അങ്ങയോട് ഒരു ചോദ്യമായി ചോദിക്കുകയാണ്, അങ്ങ് മറുപടി പ്രസംഗത്തിൽ പറഞ്ഞാൽ മതി. തിരുവനന്തപുരത്തെ മാലിന്യങ്ങൾ വളരെ മാരകമായ രോഗങ്ങൾ ഉണ്ടാക്കുന്നുവെന്ന് നമ്മൾ കേട്ടു. പക്ഷെ, എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം മറ്റുള്ളവർക്കുമത് തോന്നിക്കാണും, ഈ മാലിന്യങ്ങൾ എവിടെപ്പോയി മറയുന്നു; തിരുവനന്തപുരം നഗരത്തിലുണ്ടാകുന്ന മാലിന്യങ്ങൾ ഇപ്പോൾ കാണാനില്ല. ഇത് അപ്രത്യക്ഷമാകുന്ന ഈ ടെക്നോളജി, മജീഷ്യന്മാർക്കുപോലുമറിയാത്ത ഈ ടെക്നോളജി എന്താണെന്നറിയാൻ പൊതുജനങ്ങൾക്കുമൊരു താൽപ്പര്യമുണ്ട്. ഇതെവിടെപ്പോകുന്നു, നമ്മുടെ വയറ്റിലേയ്ക്കുതന്നെയാണോ തിരിച്ചു വരുന്നത്? കോട്ടയം ടൗണിന്റെ നടുവിലൂടെ ഒഴുകുന്ന ഒരു തോടിന്റെ ഇരുവശത്തുമുള്ള കെട്ടിടങ്ങളിൽ നിന്ന് കക്കൂസ് മാലിന്യങ്ങൾ ആ തോട്ടിലേക്ക് ഒഴുകിയിറങ്ങുന്നത് ഒരു ചലച്ചിത്രത്തിന്റെ ഷൂട്ടിംഗിന് പങ്കെടുക്കാൻ പോയപ്പോൾ ഞാൻ നേരിൽ കണ്ടു. ഇതാണ് മറ്റൊരു സ്ഥലത്ത് കുടിവെള്ളമായി മാറുന്നത്. കക്കൂസ് മാലിന്യങ്ങൾ മുഴുവൻ മീനച്ചിലാറിലേയ്ക്ക് ഒഴുകുകയാണ്. അതുപോലെ തന്നെ തിരുവനന്തപുരംപോലുള്ള നഗരങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചിട്ടുണ്ടാകും, നൂറും നൂറ്റിയമ്പതും കുടുംബങ്ങൾ താമസിക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളുടെ മുഴുവൻ സെപ്റ്റിക് ടാങ്ക് മാലിന്യങ്ങളും എവിടെപ്പോകുന്നുവെന്ന് നമ്മൾ ചിന്തിച്ചിട്ടുണ്ടോ; കേരളത്തിലെ ജനങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? എവിടെ ചപ്പുചവറുകൾ സംസ്കരിക്കാൻ ചെന്നാലും ഇവിടത്തെ ചവർ ഇവിടെ സംസ്കരിക്കാം, അടുത്ത വാർഡിലേത് പറ്റുകയില്ല എന്നുള്ള ന്യായങ്ങളാണ് അവിടെ പറയുന്നത്. താൽക്കാലിക രാഷ്ട്രീയ ലാഭത്തിനുവേണ്ടി നമ്മൾ ചെറുക്കുന്ന ഇത്തരം പദ്ധതികൾ നാളെ നമ്മളെ വീട്ടിലിരുത്തുമെന്ന് എല്ലാപേരും മനസ്സിലാക്കുന്നത് നന്നായിരിക്കും, രാഷ്ട്രീയമില്ലാതെ എല്ലാ

ജനപ്രതിനിധികളും അതായത് പഞ്ചായത്തുമുതൽ മനസ്സിലാക്കണം. ഇപ്പോൾ ഇടതുകാലിലെ മന്ത് വലത് കാലിലേയ്ക്ക് മാറ്റി വച്ചാലും മന്ത് പോകുകയില്ല. ഇതൊരു പൊതുപ്രശ്നമാണ്. മാലിന്യമെന്നു പറയുന്നത് മാരക രോഗങ്ങൾ പകർത്തുന്ന ഒരു പ്രശ്നമാണ്. കേരളമൊരു രോഗാവസ്ഥ യിലേയ്ക്ക് പോകാതിരിക്കാൻ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്ക ണം. അതിൽ പ്രാദേശികമായ വികാരങ്ങളും വിചാരങ്ങളും വെടിയാൻ രാഷ്ട്രീയ പ്രവർത്തകർ തയ്യാറാകണം. കാരണം, ഒരു കൈയടിയോ താൽക്കാലികമായ ഒരു പ്രശസ്തിയോ കിട്ടാനും മാധ്യമങ്ങൾ പുകഴ്ത്തിയെ ഴുതുന്നതു കാണാനും ചെയ്യുന്ന ഈ ഗോഷ്ടി പിന്നീട് ഈ രാജ്യത്തെ നശി പ്പിക്കും, ഈ രാജ്യത്തെ അടുത്തൊരു തലമുറയെ രോഗാവസ്ഥയിലേയ്ക്ക് കൊണ്ടുപോകും. നമ്മൾ കാസർഗോഡ് എൻഡോസൾഫാൻ ബാധിതരെ കാണുന്നു. അവരുടെ വേദനകണ്ട് നമ്മൾ പൊട്ടിക്കരയുകയാണ്. ഇത് തട യാൻ അന്നു നമുക്ക് കഴിഞ്ഞില്ല. ഇപ്പോൾ മാലിന്യങ്ങൾ സംസ്കരിക്കാതെ നാടിനു ദോഷം ചെയ്യുമ്പോൾ അതിന്റെ പരിണിതഫലം അനുഭവിക്കേണ്ടത് മറ്റൊരു തലമുറയാണ്, ജനിക്കാൻ പോകുന്ന കുഞ്ഞുങ്ങളാണ്, അവരുടെ ജീവിതമാണ് ദുരിതത്തിലാകാൻ പോകുന്നുത്. ഇതൊക്കെ നമ്മളിപ്പോഴേ കണ്ട് പ്രവർത്തിക്കണം. കണ്ട് പ്രവർത്തിക്കുന്നവൻ മോശക്കാരനും കാണാ ത്തവൻ മിടക്കനുമാകുന്ന സാമൂഹിക രാഷ്ട്രീയ സാഹചര്യം കേരളത്തിൽ മാറേണ്ടതുണ്ട്. അതിനുള്ള ബോധവൽക്കരണം വേണം. നല്ല ശക്തമായ നടപടികൾ വേണം. ബഹുമാനപ്പെട്ട മന്ത്രി, തിരുവനന്തപുരത്തെ സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ എവിടെ പോകുന്നു; കടലിലോ, പാർവ്വതിപുത്തനാറിലോ, കരമനയാറ്റിലോ? അതുപോലെ ശാസ്താംകോട്ട തടാകം, അവിടെ കൊല്ല ത്തുനിന്നുള്ള സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ ലോറിയിൽ കൊണ്ടുവന്ന് തട്ടി

യത് നാട്ടുകാർ തടഞ്ഞ് പിടിച്ചു. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം, ഒരുപക്ഷെ സൗത്ത് ഇന്ത്യയിലെത്തന്നെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലിൽ ലോറിക്കണക്കിന് കക്കൂസ് മാലിന്യങ്ങൾ കൊണ്ടുതട്ടുകയാണ്. ഇതു നമ്മൾ കണ്ടില്ലെന്ന് നടിക്കരുത്, ഇതിനെന്താണ് പരിഹാരം? അതങ്ങയുടെ മറുപടിയിൽ ഞാൻ പ്രതീക്ഷിക്കുന്നു. തീർച്ചയായും ലോകം കണ്ട ഒരാളെന്ന നിലയിൽ അങ്ങയുടെ മറുപടിയിൽ ഇതിനൊരു പരിഹാരം ഞാൻ പ്രതീക്ഷിക്കുന്നു. ഇതിനൊരു പരിഹാരം വേണം. ഈ അടുത്തകാലത്തൊരു പത്രസമ്മേളനത്തിൽ, മാലിന്യത്തിൽനിന്നും ഗ്യാസ് ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ കൊണ്ടുവരുമെന്ന് അങ്ങ് പറഞ്ഞു. ആ പദ്ധതി എവിടെവരെയായി? അത് പ്രദർശിപ്പിക്കണം, കാരണം, ഇതിന്റെ സുതാര്യതയ്ക്കുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി വിജയകരമായി നടത്തുന്ന ഇത്തരം പദ്ധതികൾ നമ്മളുടെ നാട്ടിലാണെങ്കിലും തമിഴ്നാട്ടിലാണെങ്കിലും കർണ്ണാടകയിലാണെങ്കിലും പഞ്ചാബിലാണെങ്കിലും അത് വീഡിയോയിൽ ഷൂട്ട് ചെയ്ത് യൂട്യൂബിലൂടെ ഇന്റർനെറ്റുവഴി സാധാരണക്കാരായ ജനങ്ങൾക്ക് കാണുവാൻ അങ്ങ് അവസരം കൊടുക്കണം. എങ്കിൽമാത്രമെ നമ്മുടെ ജനങ്ങളെ ബോധവൽക്കരിക്കാൻ കഴിയൂ. രാഷ്ട്രീയ പ്രസംഗങ്ങൾ കേട്ടും പത്രം വായിച്ചും ബോധവൽക്കരിക്കപ്പെടുന്നവരല്ല ഇന്ന് കേരളത്തിലെ ജനങ്ങൾ. അതിന് ഇന്റർനെറ്റ് പോലുള്ള മാദ്ധ്യമങ്ങൾ അങ്ങ് ഉപയോഗപ്പെടുത്തണം. സത്യമെന്തെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തികൊടുക്കാൻ അങ്ങേയ്ക്ക് സാധിക്കും. അങ്ങയുടെ പ്രസ്താവന പൂർണ്ണമായും പത്രങ്ങളിൽ വരണമെന്നില്ല. പക്ഷെ സത്യമെന്തെന്ന് ജനങ്ങൾക്ക് നേരിട്ട് കാണാൻ ഇന്റർനെറ്റിലൂടെ അവസരം നൽകണമെന്ന് ഞാൻ പറയുന്നു. ഇനി ജലവിഭവ വകുപ്പിലേയ്ക്ക് കടക്കാം. വളരെ നല്ല പ്രവർത്തനങ്ങളാണ് ശ്രീ.

പി. ജെ. ജോസഫ് നടത്തുന്നത്. പല പദ്ധതികളും പൂർത്തിയാകുന്നില്ലെന്ന് ഇവിടെ പറഞ്ഞു. പണ്ടുകാലങ്ങളിൽ കുഴിച്ചിട്ട പൈപ്പുകൾ കാറ്റ് നിറഞ്ഞുകിടക്കുന്ന കാഴ്ച കാണുമ്പോൾ ഞങ്ങൾക്കെല്ലാം വിഷമമുണ്ട്. ഈ അടുത്ത കാലത്ത് അങ്ങയുടെ വകുപ്പിന്റെ സെക്രട്ടറി ശ്രീ. വി. ജെ. കുര്യനുമായി ഞാൻ സംസാരിച്ചു. അങ്ങയുടെ പ്രവർത്തനങ്ങളിൽ എനിക്ക് വളരെ സന്തോഷം തോന്നി. ഞാൻ അങ്ങയേയും അങ്ങയുടെ സെക്രട്ടറിയേയും അങ്ങയോടൊപ്പം പ്രവർത്തിക്കുന്ന വാട്ടർ അതോറിറ്റിയിലെ എം.ഡി. യടക്കുമുള്ള ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുകയാണ്. ഞാൻ പൈപ്പ് എക്സ്റ്റൻഷനുവേണ്ടി ഒരു അപേക്ഷ കൊടുത്തു, ഒരു പദ്ധതി ഉത്ഘാടനം ചെയ്യുമ്പോൾ 3 കോടി രൂപ ഇതിനുവേണ്ടി അനുവദിക്കാമെന്ന് മന്ത്രി പറഞ്ഞു. അതിനപേക്ഷ കൊടുക്കുമ്പോൾ സോഴ്സ് ഉണ്ടോയെന്നാണ് എന്നോട് സെക്രട്ടറി ചോദിച്ചത്. ഇവിടെ പൈപ്പ് കുഴിച്ചിട്ടാൽ പിറ്റേദിവസം കണക്ഷൻ കൊടുക്കാനുള്ള സോഴ്സുണ്ടെന്ന് ഞാൻ പറഞ്ഞു. സോഴ്സുണ്ടെങ്കിൽ മാത്രമെ ഇപ്പോൾ തരികയുള്ളൂ, സോഴ്സില്ലാതെ, ഫിൽറ്ററിംഗ് പ്ലാന്റോ കിണറോ മോട്ടോറോ ഇല്ലാതെ കഴിഞ്ഞ കാലങ്ങളിൽ അശാസ്ത്രീയമായി പൈപ്പ് കുഴിച്ചിട്ടതിന്റെ ദാരുണമായ ഫലമാണ് എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച എം. എൽ.എ. ഇവിടെ അവതരിപ്പിച്ചത്. അത് ശ്രീ. പി. ജെ. ജോസഫിന്റേയോ, ഈ ഗവൺമെന്റിന്റേയോ കുറ്റമല്ല. മുൻകാലങ്ങളിൽ സർവ്വെ ചെയ്യാതെ വെള്ളം മലമുകളിൽ കയറിവരുമോയെന്ന് പരിശോധിക്കാതെ ശാസ്ത്രീയമായി സർവ്വെ ചെയ്യാതെ കുഴൽ കുഴിച്ചിടുകയാണ് ചെയ്തിരുന്നത്.

എന്റെ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്ന് കിട്ടിയ പണമുപയോഗിച്ച് 13 കിലോമീറ്റർ കുഴൽ കുഴിച്ചിട്ടിട്ട് 14 വർഷം കഴിഞ്ഞു. ഇപ്പോഴാണ് അതിലേയ്ക്ക് വെള്ളം വന്നത്. ഒരു മെയിൻ പദ്ധതിയിൽനിന്ന് അതിലേയ്ക്ക് വെള്ളം പിടിച്ചുകൊടുത്തപ്പോൾ ഈ പൈപ്പെല്ലാം പൊട്ടിത്തെറിച്ചുപോയി. അത്രയ്ക്ക് നിലവാരം കുറഞ്ഞ പൈപ്പുകളായിരുന്നു. പക്ഷെ ഈ ഗവണ്മെന്റ് വന്നതിനുശേഷം പൈപ്പിന്റെ കാര്യത്തിൽ കർശനമായ നിലവാര പരിശോധന നടത്തുന്നു. ഉദ്യോഗസ്ഥന്മാർ ഫാക്ടറിയിൽപ്പോയി പൈപ്പ് പരിശോധിച്ച് ഗുണനിലവാരമുറപ്പുവരുത്തിയതിനുശേഷംമാത്രമെ സൈറ്റിൽ പൈപ്പ് കൊണ്ടുവരികയുള്ളൂ. ആ സൈറ്റിൽവച്ച് വീണ്ടും പരിശോധിക്കുന്നു. ഞാൻ അത് നേരിട്ട് കണ്ടതാണ്. ശക്തമായ പരിശോധനയ്ക്കുശേഷമാണ് പൈപ്പ് കുഴിച്ചിടുന്നത്. ഇതെല്ലാം വേഗത്തിൽ നടത്താൻ വാട്ടർ അതോറിറ്റിക്ക് കഴിയുന്നുണ്ട്. ഇനി ചില പദ്ധതികൾകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. കാരണം ദീർഘമായി ഒന്നും പറയുവാനുള്ള സമയമില്ല. പക്ഷെ നല്ല കാര്യങ്ങൾ നല്ലതെന്നുപറയണം. ഇവിടെ മൈനർ ഇറിഗേഷനെക്കുറിച്ച് പറഞ്ഞു. തടയണകൾ നിർമ്മിക്കാൻ, കുളങ്ങൾ നിർമ്മിക്കാൻ അനുവാദം കൊടുക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി, ഒരു നിയോജക മണ്ഡലത്തിൽ മിനിമം രണ്ടോ മൂന്നോ ചെറിയ തടയണയെങ്കിലും ഈ വർഷം മൈനർ ഇറിഗേഷൻവഴി അങ്ങ് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ജലസമ്പത്തിനെ രക്ഷിക്കാൻ, കിണറുകളിലെ വെള്ളം, തോടുകളുടെ നിലനിൽപ്പ് ഇതിനൊക്കെ അത് വളരെ അത്യാവശ്യമാണ്. തോടുകൾപലതും മണ്ണ് വന്നടിഞ്ഞ് നശിച്ചു. തടയണ നിർമ്മിച്ചാൽ തോടുകൾ പുനർജീവിക്കും. ഇത്

വനംവകുപ്പിൽ ഞാൻ മന്ത്രിയായിരുന്നപ്പോൾ പരിശോധിച്ചതാണ്. 10 മാസം കൊണ്ട് കേരളത്തിലെ വനത്തിനുള്ളിൽ വനംവകുപ്പ് ഉദ്യോഗസ്ഥൻമാർ 100 തടയണകൾ നിർമ്മിച്ചു. അതിന്റെ തുടർച്ചയായി താഴോട്ടുള്ള നദികളിൽ മുഴുവൻ നീരുറവയുണ്ടായി. നമ്മുടെ തോടുകളിലെ കുഴികളും കയങ്ങളും മണ്ണുവന്ന് നികന്നുകഴിഞ്ഞു. അതുകൊണ്ട് തടയണ നിർമ്മിച്ച് വെള്ളം നിർത്തി തോടുകളെ പുനർജീവിപ്പിക്കണം. അതോടൊപ്പം ഒരു പഞ്ചായത്തിൽ ഒരു കുളം കൊടുത്തില്ലെങ്കിലും ഒരു നിയോജക മണ്ഡലത്തിൽ മൂന്ന് കുളമെങ്കിലും നൽകണം. ഒരു പഞ്ചായത്തിൽ ഒരു കുളം ആവശ്യമാണ്. പക്ഷെ അത് കഴിഞ്ഞ പ്രാവശ്യം അനുവദിച്ചു. അദ്ദേഹത്തെ കുറ്റം പറയണ്ട, കാരണം അദ്ദേഹത്തിന്റെ വകുപ്പിലേയ്ക്കും ഫണ്ടിലേയ്ക്കും ബഡ്ജറ്റിൽ മാറ്റിവച്ച തുക മഴപെയ്ത് റോഡിൽ ഗട്ടർ വന്നപ്പോൾ അതിലേയ്ക്ക് വകമാറ്റുകയും അത് കിട്ടാതെ പോവുകയും ചെയ്തു എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ആ സത്യം അദ്ദേഹമാണ് പറയാനുള്ളത്. പഞ്ചായത്തിൽ ഒരു കുളം എന്ന ആശയം നല്ലതാണ്. മൂന്ന് കുളമെങ്കിലും ഓരോ നിയോജകമണ്ഡലങ്ങളിലും തരണം. കുളത്തോടൊപ്പം ഒരാശയംകൂടി പറയുകയാണ്. കുളം നവീകരിക്കുമ്പോൾ ആ കുളത്തിനടുത്ത് ഒരു കിണർ കുഴിക്കാൻ തയ്യാറാകണം. ആ കിണറ്റിൽ ഒരു സബ്മേർജബിൾ പമ്പും ഒരു മോട്ടറും ഒരു സിന്തറ്റിക് ടാങ്കും വച്ച് പൈപ്പിട്ട് ആ പ്രദേശത്തുള്ള 100 കുടുംബങ്ങൾക്കെങ്കിലും വെള്ളം ലഭിക്കത്തക്ക രീതിയിലുള്ള ഒരു ചെറിയ പദ്ധതികൂടി ഇതോടൊപ്പം നടപ്പിലാക്കാനൊരാശയം ഞാൻ അങ്ങയുടെ മുന്നിലും ഈ സഭയുടെ മുന്നിലും വയ്ക്കുകയാണ്. ഇതിനെല്ലാംകൂടി പരമാവധി അഞ്ചോ ആറോ ലക്ഷം രൂപയെ ചെലവാകുകയുള്ളൂ. പത്ത് ലക്ഷം

രൂപ അതിനോടൊപ്പം ചെലവാക്കിയാൽ പ്രാദേശികമായി അവിടെയൊരു കുടിവെള്ള പദ്ധതിയുണ്ടാകും. മാത്രമല്ല, എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം 26 കിലോ മീറ്റർ............

മി. ചെയർമാൻ : അങ്ങയ്ക്ക് 6 മിനിറ്റ് കൂടുതലായി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഞാൻ അവസാനിപ്പിക്കാം. ദീർഘിപ്പിക്കുന്നില്ല. നല്ലതുമാത്രമെ പറയുന്നുള്ളു. എനിക്കും മറ്റ് എം.എൽ. എ.മാർക്കും നാട്ടിനും ഗുണമുള്ള കാര്യമാണ് പറയുന്നത്. 26 കിലോമീറ്ററാണ് കല്ലടയാർ പത്തനാപുരം നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നത്. അവിടെ മിനിമം ഇറിഗേഷൻ വകുപ്പും വൈദ്യുതി വകുപ്പും ഇപ്പോൾ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ഒരു തടയണ നിർമ്മിക്കാൻ പണം നൽകിയിട്ടു ണ്ട്. മേജർ ഇറിഗേഷനിൽ മിനിമം നാല് തടയണയെങ്കിലും 26 കിലോമീറ്ററിനു ള്ളിൽ നിർമ്മിക്കണം. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഒരു തടയണയിൽനിന്ന് ഒഴുകിപ്പോകുന്ന വെള്ളത്തിൽനിന്നും ഒരു മെഗാവാട്ട് അല്ലെങ്കിൽ അര മെഗാവാട്ട് വൈദ്യുതിയെങ്കിലും ഉത്പാദി പ്പിക്കാനുള്ള പദ്ധതി അടിയന്തരമായി തയ്യാറാക്കണം. ഇറിഗേഷൻ വകുപ്പ് ചെലവാക്കുന്ന പണത്തോടൊപ്പം കുറച്ച് പണം ഇലക്ട്രിസിറ്റി ബോർഡുകൂടി ചെലവഴിച്ചാൽ ഒരു തടയണയിൽനിന്ന് മിനിമം ഒരു മെഗാവാട്ടോ അര മെഗാ വാട്ടോ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. ഇത്തരം നല്ല പദ്ധതികളുമായി മുന്നോട്ട് വരണം. ഒരു കാര്യം പറയാനുള്ളത്, യാതൊരു പ്രയോജനവുമി ല്ലാത്തതാണ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. ഒരു കുഴൽക്കിണർ കുഴിക്കാൻ കൊടുത്താൽ അവർ എസ്റ്റിമേറ്റെടുക്കും. പക്ഷെ ആദ്യം വെള്ളം കാണുന്നിട ത്തുവച്ച് അവർ നിർത്തും. 10-50 അടി താഴുമ്പോൾ സ്വാഭാവികമായും മണ്ണിന

ടിയിൽ വെള്ളം കാണും. അത്രയും കുഴിക്കാനല്ലല്ലോ കുഴൽ കിണർ. എല്ലാ കാലഘട്ടത്തിലും വെള്ളംലഭിക്കുന്ന രീതിയിൽ കുഴിക്കുന്നതാണ് കുഴൽക്കിണർ. 100 അടി താഴ്ന്നുകഴിയുമ്പോൾ വെള്ളം കണ്ടെന്നുപറഞ്ഞ് അവർ കുഴിക്കുന്ന ജോലിമതിയാക്കി പോകും. വെള്ളം കുടിക്കാൻവരുന്നവന് വെള്ളം കാണില്ലെന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഈ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയെ വാട്ടർ അതോറിറ്റിയുമായി ലയിപ്പിക്കണം. ഇറിഗേഷൻ വകുപ്പിലും വാട്ടർ അതോറിറ്റിയിലും യാതൊരു ആവശ്യമില്ലാത്ത ആളുകളെ പണിഷ്മെന്റ് ട്രാൻസ്ഫർകൊടുക്കുന്ന ഒരു സ്ഥലമായി ഇത് മാറുകയാണ്. കേന്ദ്ര ഗവണ്മെന്റിന്റെ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിവഴി കോടിക്കണക്കിന് രൂപ കിട്ടി. അത് ഉപയോഗിക്കുന്നത് വളരെ ദയനീയമായിട്ടാണ്. സൈഡ്ലൈൻ ചെയ്യപ്പെട്ട ഉദ്യോഗസ്ഥന്മാർ പല ഉൾപ്രദേശങ്ങളിലുംവന്ന് കുഴൽക്കിണറിൽനിന്ന് ടാങ്ക് വച്ച് വെള്ളംകൊടുക്കുന്ന പദ്ധതി ഏറ്റെടുക്കുന്നു. അവർക്ക് പൈപ്പ് പരിശോധനയൊന്നുമില്ല. നിലവാരംകുറഞ്ഞ പൈപ്പിടുന്നതുകാരണം രണ്ടു ദിവസത്തിനുള്ളിൽ പൈപ്പ് പൊട്ടുന്നയവസ്ഥയുണ്ടാകുന്നു. ഈ വകുപ്പ് സർക്കാരിന്റെ പണം വെറുതെ കളയാനുള്ളതാണ്. അതുകൊണ്ട് അത് വാട്ടർ അതോറിറ്റിയുമായി ലയിപ്പിച്ചുകൊണ്ട് വകുപ്പിനെ വളരെ ശക്തമാക്കി മുന്നോട്ടുകൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രിമാർക്ക് കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ വളരെ ശക്തമായി ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സാഹചര്യ

ത്തിൽ വളരെ പ്രധാനപ്പെട്ട രണ്ട് വകുപ്പുകളാണ് ശുദ്ധജല വിതരണമുൾപ്പെടെയുള്ള ജലസേചനവും നഗരവികസനവും. കേരളം മൊത്തത്തിൽ ഒരു മെട്രോപൊളിറ്റൻ വില്ലേജാണ്, with forest pocket and water pocket. അതുകൊണ്ടുതന്നെ നഗരവികസനം ശരിയായ പ്ലാനിംഗോടുകൂടി ഒരു മാസ്റ്റർ പ്ലാനും അർബൻ പോളിസിയും നമുക്കുണ്ടാക്കണം. ഇവിടെ കാലഹരണപ്പെട്ട ചില ആക്ടുകളാണ് നമുക്കുണ്ടായിരുന്നത്. 920–ൽ മദ്രാസ് ൗൺ പ്ലാനിംഗ് ആക്ട്, 1118–ൽ ട്രാവൻകൂർ കൊച്ചിൻ ൗൺ പ്ലാനിംഗ് ആക്ട്, 1120–ൽ ട്രാവൻകൂർ ൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് എന്നീ ബ്രിട്ടീഷ് നിയമങ്ങളാണ് കേരളത്തിലുണ്ടായിരുന്നത്. അതുവച്ചാണ് കഴിഞ്ഞകാലഘട്ടങ്ങളിൽ നമ്മൾ ആസൂത്രണം നടത്തിയത്. അതിനുശേഷം ഐക്യകേരളം രൂപീകൃതമായപ്പോൾ ഒരു ഏകീകൃത നഗര ഗ്രാമാസൂത്രണ നിയമം അനിവാര്യമാണെന്നും പ്രസ്തുത സാഹചര്യമുൾക്കൊണ്ടുകൊണ്ട് 1983–ൽ 7–ാം നിയമസഭ കേരള ൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് സ്വീകരിച്ചു. അന്ന് ആ നിയമസഭയിൽ ഞാനും അംഗമായിരുന്നു. പക്ഷെ അത് നടപ്പാക്കാതെപോയി. പിന്നീട് 1973-1974 കാലഘട്ടത്തിലുണ്ടായ ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് ജില്ലാസൂത്രണം ഫലപ്രദമായി നടപ്പിൽവരുത്തുന്നതിനുവേണ്ടി ഒരു ഏകീകൃത ൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് കാലോചിതമായി ക്രോഡീകരിച്ച് സമയബന്ധിതമായി നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെകൂടി വിധിപ്രകാരം 2011 ഫെബ്രുവരിയിൽ വിധിയുണ്ടായത്. 2013–ൽ കേരള ൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബിൽ ക്രോഡീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചു. ആ ഓർഡിനൻസ് ഇന്നിവിടെ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ചുള്ള ചർച്ചകളാണിവിടെ നടന്നുകൊണ്ടിരിക്കു

ന്നത്. 2014–ൽ വീണ്ടും പുറപ്പെടുവിച്ച ഓർഡിനൻസിന്റെ അടിസ്ഥാനത്തി ലാണ് ഠൗൺ പ്ലാനിംഗിനെക്കുറിച്ച് നമ്മളിൽ കാഴ്ചപ്പാടുണ്ടാക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്നത് മൂന്ന് തലങ്ങളിലാണ്. ഒന്ന്, ലോക്കൽ സെൽഫ് ഗവണ്മെന്റ് നടത്തുന്ന പ്ലാനിംഗ്, രണ്ട്, ഡിസ്ട്രിക്ട് തലങ്ങളിൽ നടക്കുന്ന പ്ലാനിംഗ്, മറ്റൊന്ന് സ്റ്റേറ്റ് പ്ലാനിംഗ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് നമ്മുടെ ഭരണഘടനാ ഭേദഗതിയനുസരിച്ച് വന്നിരിക്കുന്ന ലോക്കൽ സെൽഫ് ഗവ ണ്മെന്റ് നടത്തുന്ന പ്ലാനിംഗാണ്. അതിനകത്തുവന്നിരിക്കുന്ന ഒരു കുഴപ്പം, അത് വേണ്ടത്ര കാര്യക്ഷമമായി നമുക്ക് നടത്താൻ കഴിയുന്നില്ല. കിട്ടുന്ന പണം വീതിച്ചുകൊടുക്കുകയെന്നതല്ല പ്ലാനിംഗ്. അവിടെയൊരു ലാന്റ് യൂസ് സർവ്വെ നടത്തണം. അതനുസരിച്ച് ഒരു ലാന്റ് യൂസ് മാപ്പ് തയ്യാറാക്കണം. എല്ലാ വികസന മേഖലയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുന്ന ഒരു ഡേറ്റാ ബാങ്ക് ഉണ്ടാക്കണം. ഇവിടെ ഇപ്പോൾ കാണുന്നത് നമ്മുടെ പട്ടണങ്ങ ളിലുണ്ടാകുന്ന ട്രാഫിക് ബ്ലോക്കാണ്. അതെല്ലാം നമ്മുടെ പ്ലാനിംഗിൽ വരേ ണ്ടതാണ്. ട്രാഫിക് സർവ്വെ നടത്തണം. അതനുസരിച്ച് റോഡുകൾ പ്ലാൻ ചെയ്യണം. റോഡുകൾ വീതി കൂട്ടണം. ഇന്നത്തെ പീക്കബിൾ ട്രാഫിക്, ട്രാഫിക് സെൻസസ്, ട്രാഫിക് പോപ്പുലേഷൻ എന്നിവയുടെ കണക്കുകളെടു ത്തുകൊണ്ട് ജംഗ്ഷനുകൾ രൂപകല്പന ചെയ്യണം. ഇത്തരം പ്രവർത്തന ങ്ങൾക്ക് ഇപ്പോൾ ലോക്കൽ ബോഡീസിൽ വേണ്ടത്ര ആളില്ല, വേണ്ടത്ര കാഴ്ചപ്പാടില്ല, വേണ്ടത്ര മെഷിനറിയില്ല. അതുകൊണ്ട് നമ്മുടെ ഈ പ്ലാനിം ഗിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ നടക്കേണ്ടത് നമ്മുടെ സെൽഫ് ഗവ ണ്മെന്റ് തലത്തിലായതുകൊണ്ട് ഈ സെൽഫ് ഗവണ്മെന്റ് തലത്തിൽ നട ക്കുന്ന പ്ലാനിംഗ് ഔട്ട് സോഴ്സ് ചെയ്യണമെന്ന നിർദ്ദേശം ഞാൻ ശക്തമായി

മുന്നോട്ടുവയ്ക്കുന്നു. ഔട്ട് സോഴ്സ് ചെയ്യുമ്പോൾ സ്വാഭാവികമായും ചില പരാതികളൊക്കെയുണ്ടാകാം. അങ്ങനെ ഔട്ട് സോഴ്സ് ചെയ്യുമ്പോൾ അതിന് കോമ്പിറ്റന്റ് ഏജൻസിയെ സെലക്ട് ചെയ്യണം. ആ കോമ്പിറ്റന്റ് ഏജൻസിയുടെമേൽ ഗവണ്മെന്റിന് ഒരു കൺട്രോളുണ്ടാകണം. ആ കോമ്പി റ്റന്റ് ഏജൻസിയ്ക്ക് ഒരു റേറ്റ് തീരുമാനിച്ച് അതിന്റെ അടിസ്ഥാനത്തിൽ കൊടുക്കാൻ കഴിയണം. എന്നാൽ മാത്രമെ നമുക്ക് നല്ല പ്രൊപ്പോസൽ...... ഇപ്പോൾ ഘട്ടംഘട്ടമായിട്ടാണ് കാര്യങ്ങൾ പോകുന്നത്. ലോക്കൽ ബോഡീ സ് നടപ്പാക്കുന്ന പ്ലാനിംഗിന്റെ റിപ്പോർട്ട് ഡിസ്ടിക്ട് പ്ലാനിംഗിലേയ്ക്ക് കൊടു ക്കുന്നു. ഡിസ്ട്രിക്ട് പ്ലാനിംഗ് അത് സ്റ്റേറ്റ് പ്ലാനിംഗിലേയ്ക്ക് കൊടുക്കു ന്നു. ഡിസ്ട്രക്ട് പ്ലാനിംഗിന് ഇത് ഏകീകരിപ്പിക്കുകയെന്ന ഉത്തരവാദിത്ത മാണുള്ളത്. ചിലതൊക്കെ നമുക്ക് ഏകീകരിക്കേണ്ടിവരും. ലോക്കൽ ബോഡീസിൽനിന്ന് വരുന്ന പ്ലാനിംഗിൽ ചില അപാകതകളുണ്ടാകും. ഉദാഹര ണത്തിന് റോഡ്, ജലസ്രോതസ് തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടിയുള്ള രൂപ കല്പന നൽകുന്നത് ഡിസ്ട്രിക്ട് പ്ലാനിംഗാണ്. ഡിസ്ട്രിക്ട് പ്ലാനിംഗിന് വേണ്ടത്ര രീതിയിലുള്ള കാര്യക്ഷമതയും ഇച്ഛാശക്തിയും പ്രകടിപ്പിക്കാൻ കഴി യുന്നില്ല. അതിന് വേണ്ട നിർദ്ദേശങ്ങളും ട്രെയിനിംഗുമൊക്കെ കൊടുക്കുന്ന തിനാണ് കില പോലുള്ള സ്ഥാപനങ്ങളുള്ളത്. കുറേക്കാര്യങ്ങളൊക്കെ ചെയ്യു ന്നുണ്ടെങ്കിലും കിലയുടെ പ്രവർത്തനം കുറച്ചുകൂടി ശക്തിപ്പെടുത്തണമെന്ന് ഞാൻ ഈ അവസരത്തിൻ സൂചിപ്പിക്കുകയാണ്.

മൂന്നാമത്തെ ഘട്ടമാണ് സ്റ്റേറ്റ് പ്ലാനിംഗ്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ ചെയർമാൻ ചീഫ് മിനിസ്റ്ററും ക്യാബിനറ്റ് റാങ്കുള്ള വ്യക്തി വൈസ് ചെയർമാനുമാണ്. എല്ലാവരെയും ഞാൻ ബഹുമാനിക്കുന്നു. പക്ഷെ ഇപ്പോൾ

സ്റ്റേറ്റ് പ്ലാനിംഗ് ചെയ്തുകൊണ്ടിരിക്കുന്നത് ഇക്കണോമിക് പ്ലാനിംഗാണ്. നമുക്ക് കിട്ടുന്ന പണം എങ്ങനെ ചെലവഴിക്കണം, അത് ഏതെല്ലാം സെക്ടറിലേയ്ക്ക് കൊടുക്കണമെന്നല്ലാതെ റിസോഴ്സ് അടിസ്ഥാനത്തിലുള്ള പ്ലാനിന് നമ്മുടെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് രൂപം കൊടുക്കുന്നില്ല എന്ന അഭിപ്രായമാണ് എനിക്ക് വ്യക്തിപരമായുള്ളത്. Land, Water, Manpower ഇവയാണ് നമ്മുടെ റിസോഴ്സസ്. ഇവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്ലാനിന് രൂപം കൊടുക്കണം. അത് അഞ്ച് വർഷത്തേയ്ക്ക് മാത്രമല്ല, പത്തോ പതിനഞ്ചോ വർഷത്തേയ്ക്ക് നീണ്ടുനിൽക്കുന്ന കാഴ്ചപ്പാടോടുകൂടി വേണം രൂപം കൊടുക്കാൻ. നിലവിൽ നമുക്ക് മാസ്റ്റർ പ്ലാനുണ്ട്. അവ പലതും 30 വർഷം പഴക്കമുള്ളതാണ്. തിരുവനന്തപുരത്തെ മാസ്റ്റർ പ്ലാനിന് 43 വർഷവും എറണാകുളത്തേതിന് പ്ലാനിന് 33 വർഷവും പഴക്കമുണ്ട്. ഓർഡിനൻസിന്റെ സെക്ഷൻ 42-ൽ ചില അപാകതകളുണ്ട്. "........an existing Plan or Detailed Town Planning Scheme is to be deemed as the Master Plan.........." മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ധാരാളം സമയമെടുക്കും. അങ്ങനെ സമയമെടുക്കുമ്പോൾ നിലവിലുള്ള മാസ്റ്റർ പ്ലാൻ തുടരണമെന്നാണ് പറയുന്നത്. അങ്ങനെ 43–ഉം 33–ഉം വർഷം പഴക്കമുള്ള മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ മുന്നോട്ടുപോകുന്നതെങ്കിൽ നമ്മുടെ നാട്ടിൽ ഒരു വികസന പ്രവർത്തനവും നടക്കുകയില്ല. അതിന് സോണിംഗ് തിരിച്ചിട്ടുണ്ട്. പഴയ സോണിംഗാണ് നിലവിലുള്ളത്. ലാന്റ് യൂട്ടിലൈസേഷന്റെ കാലഹരണപ്പെട്ട സോണിംഗ് സമ്പ്രദായം മാറ്റണം. എന്റെ നിയോജക മണ്ഡലത്തിൽ സ്മാർട്ട് സിറ്റിയും ടെക്നോപാർക്കും വരുന്നു. അവിടെ അഗ്രികൾച്ചർ സോണിലും

റെസിഡൻഷ്യൽ സോണിലും ഉൾപ്പെട്ട പ്രദേശങ്ങളുണ്ട്. ഈ സോണുകൾ മാറ്റിയില്ലെങ്കിൽ അവിടെ വികസന പ്രവർത്തനം നടക്കുകയില്ല. അതുകൊണ്ട് ഓർഡിനൻസ് വരുന്നതിനുള്ള കാലതാമസത്തിനുള്ളിൽത്തന്നെ ഓർഡിനൻസിൽ വകുപ്പെഴുതിച്ചേർത്ത് കാലഹരണപ്പെട്ട സോണിംഗ് മാറ്റുന്നതിനുള്ള തീരുമാനം എടുക്കണം. ഇൻഡസ്ട്രിയൽ പൊട്ടൻഷ്യാലിറ്റിയും കൊമേഴ്സ്യൽ പൊട്ടാൻഷ്യാലിറ്റിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സോണുകൾ ഉണ്ടാക്കണം. സോണുകൾ രൂപീകരിക്കുന്നതിനുവേണ്ടി സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കണം. പാരിസ്ഥിതിക പ്രശ്നമുൾപ്പെടെ ഇത്തരം കാര്യങ്ങൾ പരിഗണിച്ച് സർക്കാർ രൂപീകരിക്കുന്ന ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ച് സോൺ മാറ്റുന്നതിനുവേണ്ടിയുള്ള പുതിയ ഓർഡിനൻസ് ഉണ്ടാക്കണം. അതിൽ എന്തെങ്കിലും ഒബ്ജക്ഷൻ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള അധികാരം ഈ കമ്മിറ്റിക്ക് കൊടുക്കണം. സോണുകളിൽ മാറ്റം വരുത്തുമ്പോൾ അത് സുതാര്യമായിരിക്കണം. സോണുകളിലുണ്ടാകേണ്ട മാറ്റം വർത്തമാനപത്രത്തിൽ നോട്ടിഫൈ ചെയ്ത് പരാതികൾ പരിഹരിച്ച് വികസന പ്രവർത്തനം നടത്താൻ കഴിയണം. ഇങ്ങനെ ഒരു മാറ്റം നടത്തിയില്ലെങ്കിൽ രണ്ടുമൂന്ന് വർഷക്കാലംകൊണ്ട് കേരളത്തിൽ ഇൻവെസ്റ്റ്മെന്റ് വളരെ കുറയും. ലോകം കണ്ടിട്ടുള്ള അങ്ങ് ഇത്തരം കാര്യങ്ങളിൽ മുൻകൈയെടുക്കണം. അതുപോലെതന്നെയാണ് നമ്മുടെ അർബൻ പോളിസി. 2002-ലെ അർബൻ പോളിസിയാണ് നമുക്ക് ഇപ്പോഴുമുള്ളത്. ഇതിൽ ധാരാളം അപാകതകളുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിലുണ്ടായ ടെക്നോളജിക്കൽ ഇന്നോവേഷൻ, സോഷ്യോ-ഇക്കണോമിക് ചെയിഞ്ച് ഇവ അർബൻ പോളിസിയിൽ ഉൾപ്പെടുത്താൻ കഴിയണം. ഐ. റ്റി.

മേഖലയും ഇൻഡസ്ട്രിയൽ മേഖലയും പുതിയ ടൗൺഷിപ്പുകളും വരുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായിരിക്കുന്ന മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്ന അർബൻ പോളിസിയല്ലെങ്കിൽ പലപ്പോഴും ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ തർക്കം വരും. കഴിഞ്ഞ പത്ത് വർഷമായി നമ്മുടെ സമൂഹത്തിലുണ്ടാകുന്ന സോഷ്യോ ഇക്കണോമിക് ചെയ്ഞ്ച് അർബൻ പോളിസിയിലുൾപ്പെടുത്താൻ കഴിയണം. അവിടെയാണ് ആരോഗ്യമേഖലയെക്കുറിച്ചും ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും മാലിന്യ പ്രശ്നങ്ങളെക്കുറിച്ചും പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടതും മാറ്റങ്ങളുണ്ടാകേണ്ടതും. ഒരു നഗരം ആസൂത്രണം ചെയ്യുമ്പോൾ അവിടെ ജനങ്ങൾക്ക് ശുദ്ധവായുവും ശുദ്ധജലവും താമസിക്കാൻ സ്ഥലവുമുണ്ടാകണം. മാലിന്യം ഇന്ന് ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമാണ്, അത് പരിഹരിക്കണം. നിയമസഭയിൽ എത്രയോ പ്രാവശ്യം ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ബ്രഹ്മപുരത്ത് ഒരു മാലിന്യപ്ലാന്റിനുവേണ്ടി എത്രയോ നാളുകളായി ശ്രമിക്കുന്നു. നമ്മുടെ തൊട്ടടുത്ത രാജ്യമായ സിലോണിൽ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ കണ്ടാൽ നമ്മൾ അത്ഭുതപ്പെട്ടുപോവും. മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കണം, ശാസ്ത്രീയമായ പഠനം നടത്തണം. നഗരത്തെക്കുറിച്ച് ആസൂത്രണം നടത്തുമ്പോൾ ഇത്തരം കാര്യങ്ങൾ പരിഗണിക്കണം. തൃശ്ശൂരിൽ സാറ്റ്ലൈറ്റ് ടൗൺഷിപ്പുണ്ടാക്കണമെന്ന് ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞു. ഡൽഹി, നോയിഡ, ഫരീദാബാദ് ഇവയെല്ലാം സാറ്റ്ലൈറ്റ് ടൗൺഷിപ്പുകളാണ്. കേരളത്തിൽ ഏഴ് കോർപ്പറേഷനുകളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ഇവിടങ്ങളിൽ അർബൻ മെട്രോപൊളിറ്റൻ പ്ലാനിംഗിന്

രൂപം കൊടുക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. തൃക്കാക്കരയുൾപ്പെടെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കൊച്ചിയെ ഒരു മെട്രോപൊളിറ്റൻ സിറ്റിയായി പ്രഖ്യാപിക്കണം. മറ്റൊരു കാര്യം കുടിവെള്ള മാണ്. ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കേണ്ട കാര്യം കുടിവെള്ള ത്തിനാണ്. ഗവൺമെന്റിന്റെ മിഷൻ 676 പദ്ധതിയിൽ കുടിവെള്ളത്തിന് മുന്തിയ പരിഗണന നൽകണം. ഈ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടായിട്ടു ണ്ട്. 2011 വരെ 30 ശതമാനം ഏരിയ മാത്രമേ കവർ ചെയ്യാൻ കഴിഞ്ഞിരിന്നുള്ളൂ. ഈ ഗവൺമെന്റ് വന്നതിനുശേഷം 2014-ൽ 45 ശത മാനം പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ നമുക്ക് കഴിഞ്ഞു. 2016–ൽ 60 ശതമാനം നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ദേശീയ തലത്തിൽ റൂറൽ ഏരിയയിൽ 70 ശതമാനവും അർബൻ ഏരിയ യിൽ 130 ശതമാനവുമാണ് പറഞ്ഞിരിക്കുന്നത്. ആവറേജ് 80-85 ശതമാനം വരും. ഇപ്പോൾത്തന്നെ 85 ശതമാനം ഈ രംഗത്ത് നേടിയിട്ടുണ്ട് എന്ന് വ്യ ക്തമാക്കിക്കൊണ്ട് ശ്രീ. പി. ജെ. ജോസഫിനെ ഞാൻ അഭിനന്ദിക്കുന്നു. കുടി വെള്ളത്തിന്റെ ഏറ്റവും വലിയ സ്രോതസ് നദികളാണ്. ഇന്ന് മാനവരാശി യുടെ ഏറ്റവും വലിയ പ്രശ്നം കുടിവെള്ളമാണ്. 2020 ആകുമ്പോൾ ലോക ജനസംഖ്യയുടെ മൂന്നിലൊന്ന് ശതമാനം ആളുകൾ രൂക്ഷമായ കുടിവെള്ള ക്ഷാമം അഭിമുഖീകരിക്കേണ്ടി വരുമെന്ന് യു.എൻ. പോലുള്ള സംഘടനകൾ മുന്നറിയിപ്പ് നൽകിയപ്പോൾ കേരളീയരായ നമ്മൾ അതിനെ അവജ്ഞയോടു കൂടി കണ്ടു. നമുക്ക് 44 നദികളുണ്ട്, ആറുമാസം മഴയുണ്ട്, കായലുണ്ട്.

ഇത്രയേറെ ജലസ്രോതസ്സുള്ള കേരളത്തിൽ കുടിവെള്ളക്ഷാമം നേരിടില്ലെന്ന അഹങ്കാരം മലയാളികളായ നമുക്കുണ്ടായിരുന്നു. എന്നാൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്? കോസ്റ്റൽ ഏരിയായിലെ എം.എൽ.എ.മാരായ ശ്രീ. റ്റി. എൻ. പ്രതാപനും, ശ്രീ ഡൊമിനിക് പ്രസന്റേഷനുമുൾപ്പെടെയുള്ളവർ കടലാക്രമണത്തെക്കുറിച്ചാണ് പറയുന്നത്. ശക്തമായ മഴപെയ്യുന്നു. ഒരു ഭാഗത്ത് ശക്തമായ കടലാക്രമണം നേരിടുന്ന കേരളത്തിന്റെ തീരദേശ പ്രദേ ശങ്ങളിൽപ്പോലും ഇന്ന് കുടിവെള്ളത്തിന് ക്ഷാമമുണ്ടായിക്കൊണ്ടിരിക്കുക യാണ്. കടലാക്രമണം തടയണമെന്ന് പറയുന്നതോടൊപ്പംതന്നെ കുടിവെള്ള ത്തിന് വേണ്ടിയും പറയുന്നു. നമ്മുടെ ജലസ്രോതസ്സുകൾ ഇപ്പോൾ നഷ്ടപ്പെ ട്ടുകൊണ്ടിരിക്കുന്നു. ഭൂമിയിൽ ജീവന്റെ ആധാരമാണ് ജലം. ആ ജലത്തോ ടുള്ള ബഹുമാനം നമുക്ക് കുറഞ്ഞുവരുന്നു. നാം തന്നെയാണ് നമ്മുടെ ജലം മലിനപ്പെടുത്തുന്നത്. സയൻസും വേദശാസ്ത്രങ്ങളും നമ്മെ പഠിപ്പിക്കു ന്നത് വെള്ളം നിലനിൽപ്പിന് ആധാരമായ ഘടകമെന്നാണ്. അതുകൊണ്ടാണ് നദികളെ പുണ്യനദികളായി ചിത്രീകരിക്കുന്നത്. നദികളെ നമ്മൾ കാത്തു സൂക്ഷിക്കുകയും അതിന് ദൈവീകത്വം കൊടുക്കുകയും ചെയ്തിരുന്നു. അത് അന്നത്തെ കാലഘട്ടത്തിൽ നദിയെ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാ ദിത്തം ജനങ്ങളെ പഠിപ്പിക്കുന്നതിന് വേണ്ടിയാണ്. ഇന്ന് നദികളുടെ സ്ഥിതി എന്താണ്? ഇന്ന് ഫോറസ്റ്റ് കയ്യേറുന്നതുപോലെ നദികളും കൈയ്യേറുന്നു, മണലെടുക്കുന്നു. കയ്യേറ്റം തടയുന്നതിനായി അളന്ന് തിരിച്ച് ജണ്ടയിട്ട് ഫോറ സ്റ്റിനെ സംരക്ഷിക്കുന്നു. നദി നമ്മുടെ ദേശീയ സമ്പത്താണ്. വനം പോലെതന്നെ നദിയും സംരക്ഷിക്കപ്പെടണം. നദികളുടെ കയ്യേറ്റം അവസാനി പ്പിക്കുന്നതിനുവേണ്ടി നദീതീരങ്ങൾ അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കണം. നദികൾ മാത്രമല്ല, കായലുകളും മറ്റ് ജലാശയങ്ങളും സംരക്ഷിക്കണം.

എന്റെ നിയോജകമണ്ഡലത്തിലെ ഇടപ്പള്ളിത്തോട് നന്നാക്കുന്നതിനു വേണ്ടി 6 കോടി രൂപ അനുവദിച്ചു. എന്നാൽ അവിടെ കയ്യേറ്റം നടന്നുകൊണ്ടിരിക്കുകയാണ്. അത് തടയണമെങ്കിൽ ഇറിഗേഷൻ വകുപ്പ് മാത്രം വിചാരിച്ചാൽ പോരാ, സർവ്വേ വകുപ്പും കൂടി ശക്തിപ്പെടുത്തണം. സർവ്വേ വകുപ്പ് ഇന്ന് കുത്തഴിഞ്ഞുകിടക്കുകയാണ്, വേണ്ടത്ര ആളുകളില്ല. അതിനാൽ സർവ്വേ വകുപ്പിനെ ശക്തിപ്പെടുത്തി നദികൾക്കെതിരായ കൈയേറ്റം അവസാനിപ്പിക്കണമെന്ന് ഈയവസരത്തിൽ സൂചിപ്പിക്കുകയാണ്. നദികൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നതിനെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. എന്റെ സ്നേഹിതൻ ശ്രീ. കെ. ബി. ഗണേഷ് കുമാർ കുളങ്ങളെക്കുറിച്ച് പറഞ്ഞു. ഇന്ന് കുളമില്ല, നദികളില്ല. “കാടെവിടെ മക്കളെ, കൂടെവിടെ മക്കളെ, കാട്ടുപൂഞ്ചോലയുടെ കുളിരെവിടെ മക്കളെ...” എന്ന് പണ്ട് അയ്യപ്പപ്പണിക്കർ പാടിയിട്ടുണ്ടെങ്കിൽ “നദിയെവിടെ മക്കളെ, കുളമെവിടെ മക്കളെ, കുടികളിൽ കാണുന്ന കിണറെവിടെ മക്കളെ...” എന്ന് പുതിയ തലമുറയ്ക്ക് പാടേണ്ട ഗതികേടിലേയ്ക്ക് നമ്മൾ മാറിപ്പോകുന്നു. അതുകൊണ്ട് ജലസ്രോതസ്സുകൾ മലിനപ്പെടാതെ അതിന്റെ പരിശുദ്ധി വീണ്ടെടുത്തുകൊണ്ട് പരിപൂർണ്ണമായി സംരക്ഷിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ജലത്തെക്കുറിച്ച് എത്രയോ മഹാന്മാർ പറഞ്ഞിട്ടുണ്ട്. ജലത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സർദാർ വല്ലഭായ് പട്ടേലും ആസാദ്ജിയും ഇടക്കാല മന്ത്രിസഭയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി മഹാത്മാഗാന്ധിയെ സമീപിച്ചു. അദ്ദേഹം ഭക്ഷണം കഴിച്ചശേഷം യമുനാ നദിയിൽ പോയി കൈ കഴുകിക്കൊണ്ടിരിക്കുന്ന സമയത്താണ് ചർച്ച ചെയ്യാൻ പോയത്. അവരുമായി സംസാരിച്ചുകൊണ്ടി

രുന്നപ്പോൾ കൈ കഴുകിയ സമയം കൂടിപ്പോയതിനാൽ, "ഞാൻ മാപ്പ് ചോദിക്കുന്നു; ഞാൻ സമൂഹത്തോട് മാപ്പ് ചോദിക്കുന്നു; എനിക്ക് അനുവദിക്കപ്പെട്ടതിനേക്കാൾ കൂടുതൽ വെള്ളം ഞാൻ ഉപയോഗിച്ചുപോയി, അതിനാൽ എനിക്ക് കുറ്റബോധം തോന്നുന്നു" എന്ന് അദ്ദേഹം ആ കാലഘട്ടത്തിൽ പറഞ്ഞു, അതൊരു മെസേജാണ്. എല്ലാ പ്രവാചകൻമാരും എല്ലാ സയൻസും പഠിപ്പിക്കുന്നത് വെള്ളം മുലപ്പാൽ പോലെ അമൂല്യമായ സമ്പത്താണെന്നാണ്. കേരളത്തിൽ മഴയുണ്ട്, കുളമുണ്ട് അതുപോലെ നദികളുമുണ്ടെങ്കിലും കുടിക്കാൻ വെള്ളമില്ലാത്ത അവസ്ഥയിലേയ്ക്ക് പോകുകയാണ്. പണ്ട് നെഹ്റു പറഞ്ഞതുപോലെ, "Water, water everywhere, not a single drop to drink" എന്നതുപോലെ കോരിച്ചൊരിയുന്ന ഇടവപ്പാതി സമയത്ത് പോലും വെള്ളം കുടിക്കാൻ കഴിയാതെ കേഴുന്ന കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ നാം കുറച്ചുകൂടി ഉത്തരവാദിത്വബോധത്തോടെ പെരുമാറണം. കുടിവെള്ളത്തിനെ സംബന്ധിച്ചുള്ള ഒന്ന് രണ്ട് നിർദ്ദേശങ്ങൾ കൂടിയുണ്ട്, ശുദ്ധജലവിതരണ പദ്ധതിക്ക് ഇൻഡസ്ട്രിയൽ റേറ്റിലാണ് ഇലക്ട്രിസിറ്റി ബോർഡ് താരിഫ് ഏർപ്പെടുത്തിയിരിക്കുന്നത്. അത് മാറ്റണം. ഗാർഹിക ആവശ്യങ്ങൾക്ക് കൊടുക്കുന്നതുപോലെ ശുദ്ധജലവിതരണത്തിന് വേണ്ടിയുപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജിൽ ഇളവ് വരുത്തണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ദിവസം എന്റെ ഒരു ശ്രദ്ധക്ഷണിക്കലിൽ എറണാകുളത്തെയും പരിസരപ്രദേശങ്ങളിലെയും സ്വീവറേജ് പ്രശ്നങ്ങൾ സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നു. ഇന്ന് നമ്മുടെ നാട്ടിലെ ഉൾപ്രദേശങ്ങളിലെ കിണറുകൾപോലും മലീമസമാകുന്നത് വേണ്ടത്ര സ്വീവറേജ് സംവിധാനമില്ലാത്തതുകൊണ്ടാണ്. എറണാ

കുളത്തിന്റെ ചരിത്രം ഒരിക്കൽ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. എറണാകുളത്ത് അഞ്ച് ശതമാനംപോലും സ്വീവറേജില്ല, അതിന് വേണ്ടത്ര പരിഗണന നൽകണം. ഒരു പ്രത്യേക സ്വീവറേജ് ഡിവിഷൻ നമുക്കുണ്ടാകണം. ഇവിടെ കടലാക്രമണത്തെക്കുറിച്ച് പറയുന്നു. കടലിൽ കല്ലിടുക എന്ന ഒരു ഫ്രെയ്സുണ്ട്. വെറുതെ കല്ലിട്ടാൽ പോരാ, എല്ലാ തീരപ്രദേശങ്ങളിലും കല്ലിട്ടിട്ട് കാര്യമില്ല, ശാസ്ത്രീയമായ ഒരു പഠനം നടത്തി, ഏരിയ സർവ്വേ നടത്തി അതിന്റെ അടിസ്ഥാനത്തിൽ കടലാക്രമണമുള്ള സ്ഥലത്ത് പുലിമുട്ടുകളോടുകൂടിയ കല്ലിടണം. ഇന്ന് കോളിഫോം ബാക്ടീരിയ കാരണം കിണറുകളിലെ വെള്ളംപോലും കുടിക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഉള്ള കിണറുകൾപോലും സംരക്ഷിക്കാൻ കഴിയുന്നില്ല. കുളം സംരക്ഷിക്കണമെന്ന് പറഞ്ഞു. അത് നമുക്ക് ചെയ്യാവുന്നതാണ്. അതിനായി പണം മാറ്റിവയ്ക്കണം. മിഷൻ 676 എന്ന പദ്ധതിയിൽ ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കേണ്ടത് കുടിവെള്ളത്തിനാണ്. കേരളത്തിൽ കുടിവെള്ളമെത്താത്ത ഒരു പ്രദേശവുമുണ്ടാകരുത്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് കുടിവെള്ളം സൗജന്യമായി കൊടുക്കുമെന്ന് പറയാൻ അങ്ങേയ്ക്ക് കഴിയണമെന്ന് ഞാൻ ബഹുമാനപ്പെട്ട പി. ജെ. ജോസഫിനോട് അഭ്യർത്ഥിക്കുന്നു. ഭക്ഷണത്തേക്കാൾ വലുതാണ് കുടിവെള്ളം. ഇവിടെ ഒരു രൂപയ്ക്ക് അരി കൊടുക്കുന്നുണ്ട്. ഏറ്റവും കുറച്ച് സബ്സിഡി നൽകുന്നത് കുടിവെള്ളത്തിനാണ് (0.004%). ഒരു വാട്ടർ സപ്ലൈ സ്കീമില്ലാത്ത ഏക ജില്ലാ ആസ്ഥാനം എറണാകുളത്തെ തൃക്കാക്കരയാണ്. തൃക്കാക്കരയിൽ മാത്രമല്ല തൊട്ടടുത്തുകിടക്കുന്ന കളമശ്ശേരി, ചേരാനെല്ലൂർ എന്നീ പ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ബഹുമാ

നപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച തൃക്കാക്കര പദ്ധതി കഴിയുന്നത്ര വേഗം പണി തുടങ്ങുന്നതിനുവേണ്ടിയുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നിയമസഭയിൽ അംഗമായ ശേഷം, 2008 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ പ്രത്യേകിച്ച് ജലവിഭവവുമായി ബന്ധപ്പെട്ട മേഖലകളിൽ കാര്യമായ പുരോഗതിയില്ലാതിരുന്ന ഒരു കാലഘട്ടം ഞാൻ ഓർക്കുകയാണ്. ഒരു ജനപ്രതിനിധി എന്ന നിലയിൽ, പലതവണ എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒട്ടേറേ ആവശ്യങ്ങൾ നിയമസഭയിൽ കൊണ്ടുവന്നെങ്കിലും അതൊന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, പ്രത്യേകിച്ച് ജലവിഭവ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യത്തിൽ സമയബന്ധിതമായി എടുത്ത തീരുമാനങ്ങളെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. മിഷൻ 676-ന്റെ, എല്ലാവർക്കും കുടിവെള്ളം എന്ന കൈപ്പുസ്തകത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്ന പദ്ധതികളുടെ നീണ്ട പട്ടിക തന്നെയുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പലരും സൂചിപ്പിച്ചതുപോലെ, ജലസേചനവും കുടിവെള്ളവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നതാണ്. 1982-ൽ ആരംഭിച്ച എന്റെ നിയോജകമണ്ഡലത്തിലെ മണിമല മേജർ കുടി

വെള്ള പദ്ധതി ഇന്നും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അന്ന് വിഭാവനം ചെയ്തതിൽനിന്നും എത്രയോ ഇരട്ടി പണം സംസ്ഥാന ഖജനാവിൽനിന്ന് അതിന്റെ പൂർത്തീകരണത്തിനുവേണ്ടി ഇനിയും മുടക്കേണ്ടി വരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിന്റെ അങ്ങോളമിങ്ങോള മുള്ള പല മേഖലകളിലും കടന്നുചെല്ലുമ്പോൾ, വലിയ ടാങ്കുകളും കുള ങ്ങളും കിണറുകളും പൈപ്പുകളുമൊക്കെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അടി സ്ഥാനപരമായി കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ പലപ്പോഴും നമുക്ക് കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. മുൻഗവൺമെന്റിന്റെ കാലത്ത് ടെണ്ടർ എക്സസ് കൊടുക്കുകയില്ല എന്ന വളരെ ഗൗരവമായ നിലപാടാണ് എടുത്തിരുന്നത്. എന്നാൽ ശ്രീ. പി. ജെ. ജോസഫ് ഈ വകുപ്പിന്റെ മന്ത്രിയായി വന്നശേഷം വളരെ ലിബറലായ ഒരു നിലപാടാണ് ഈ ഗവൺമെന്റും വകുപ്പും സ്വീകരിച്ചിരിക്കുന്നത്. അതു കൊണ്ടാണ് ഈ പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞത്. പി.ഡബ്ല്യു.ഡി. റോഡു കളുടെ ടെണ്ടർ സ്വഭാവത്തിനേക്കാൾ ഏറെ വ്യത്യസ്തമാണ് വാട്ടർ അതോറി റ്റിയുടെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ പലതും. പ്രത്യേകിച്ച്, ഇത് സ്പെഷ്യൽ ടൈപ്പ് വർക്കുകളാണ്. ടാങ്കുകൾ, ട്രീറ്റ്മെന്റ് പ്ലാന്റുകൾ തുടങ്ങി യവ നിർമ്മിക്കുമ്പോൾ കൃത്യമായ ഒരു നിലപാടിലേയ്ക്ക് പോയാൽ കുടി വെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാകു മെന്നുള്ള തിരിച്ചറിവിൽനിന്നാണ് അക്കാര്യത്തിൽ ഒരു പ്രായോഗികമായ സമീപനമെടുക്കുവാൻ ഈ ഗവൺമെന്റ് തയ്യാറായത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതോടൊപ്പം മുൻഗവൺമെന്റിന്റെ കാലത്ത് കുടിവെള്ള പദ്ധതികൾക്കും ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കും ബഡ്ജറ്ററി സപ്പോർട്ട് വളരെ കുറവായിരുന്നു. ഈ ഗവൺമെന്റ് അധികാര

ത്തിൽ വന്നശേഷം പ്രത്യേകിച്ചും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ കാണിച്ച വളരെ നിർലോഭമായ സഹകരണം പല കുടിവെള്ള പദ്ധതികളുടെയും പൂർത്തീകരണത്തിന് ഏറെ സഹായകരമായി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെ പഴയ കാലത്തുണ്ടായിരുന്ന ഗ്രാമീണ ശുദ്ധജല പദ്ധതികളിൽ പലയിടത്തും ആസ്ബറ്റോസ് കൊണ്ടുണ്ടാക്കിയ എ.സി. പൈപ്പുകളാണ് ഉപയോഗിച്ചിട്ടുള്ളത്. ആ പൈപ്പുകൾ പൊട്ടുന്നതായി പരാതികളുണ്ടായ സാഹചര്യത്തിൽ, ഇന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പഴയ ശുദ്ധജല പദ്ധതികൾ പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് സജീവമായി മുന്നോട്ട് പൊയ്ക്കോണ്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷനിലെ 25 ലക്ഷം രൂപവരെയുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം കൊടുക്കാനുള്ള അനുമതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് സംസ്ഥാനത്ത് ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുമ്പോൾ Ductile Iron Pipe-കൾ സമയത്ത് കിട്ടാതെ വരുന്ന അവസ്ഥയുണ്ട്. സൗത്ത് ഇന്ത്യയിൽ ആകെ ഒരു കമ്പനി മാത്രമാണ് ഈ പൈപ്പ് ഉത്പാദിപ്പിക്കുന്നത്. മറ്റുള്ളതെല്ലാം കൽക്കട്ട ബേസ്ഡായിട്ടുള്ള കമ്പനികളാണ്. അതുകൊണ്ട് പൈപ്പുകൾ സമയത്ത് ലഭിക്കാതെ വരുന്ന സാഹചര്യമുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ള കാര്യം, മറ്റ് സംസ്ഥാനങ്ങളിൽ കമ്പനികളുമായി അവിടത്തെ ഗവൺമെന്റുണ്ടാക്കിയിട്ടുള്ള ധാരണയുടെ അടിസ്ഥാനത്തിൽ

പ്രോജക്ടുകൾക്ക് ആവശ്യമായ പൈപ്പുകൾ ലഭ്യമാകുന്നുണ്ട്. പക്ഷേ, കേരളത്തിൽ ഒരു കാലഘട്ടത്തിലുണ്ടായിട്ടുള്ള ആരോപണങ്ങളുടെ അടിസ്ഥാനത്തിലായിരിക്കാം, ഇന്ന് ഈ പൈപ്പുകൾ കണ്ടെത്തേണ്ടത് വർക്ക് ഏറ്റെടുക്കുന്ന കോൺട്രാക്ടേഴ്സിന്റെ ചുമതലയായി മാറിയിരിക്കുകയാണ്. ഡി.ഐ. പൈപ്പുകളെ സംബന്ധിച്ചിടത്തോളം ലഭിക്കാനുള്ള കാലതാമസം മാത്രമല്ല പ്രശ്നം, ഒരു പ്രോജക്ടിന് ആവശ്യമായതിന്റെ പത്തോ ഇരുപതോ ശതമാനം മാത്രമാണ് കമ്പനി സപ്ലൈ ചെയ്യുന്നതെന്നത് പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ മുൻകയ്യെടുക്കണം. ഇന്ത്യയിൽ ഡി.ഐ. പൈപ്പുകൾ ഉത്പാദിപ്പിക്കുന്ന കുറച്ച് കമ്പനികൾ മാത്രമാണുള്ളത് എന്നതിനാൽ അവരുമായി ധാരണയുണ്ടാക്കി സമയബന്ധിതമായി ഡി.ഐ. പൈപ്പുകൾ ലഭ്യമാക്കാൻ കഴിയണം. അല്ലെങ്കിൽ വൻകിട പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വരുമെന്ന വസ്തുതയുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട ചർച്ചയിൽ സൂചിപ്പിച്ച കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്, പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ടുമെന്റ് പലപ്പോഴും വാട്ടർ അതോറിറ്റിക്കുവേണ്ടി പൈപ്പ് ലൈൻ ഇടുന്ന സന്ദർഭങ്ങളിൽ വളരെയേറെ exorbitant ആയിട്ടുള്ള എസ്റ്റിമേറ്റുകൾ കൊടുക്കുന്നതായിട്ടാണ് തോന്നിയിട്ടുള്ളത്. കാരണം 60 ലക്ഷം രൂപയുടെ വർക്കിന് ആറ് കോടി രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കുന്നത്. പ്രോജക്ടുകൾ തയ്യാറാക്കുന്ന സമയത്ത് റോഡ് restoration-നുവേണ്ടി നീക്കിവയ്ക്കുന്ന പണത്തേക്കാൾ എത്രയോ അധികമാണ് പി.ഡബ്ല്യൂ.ഡി.യുടെ റേറ്റുകളെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കും. പ്രായോഗികമായ സമീപനം ഇക്കാര്യത്തിൽ

ഉണ്ടാകണം. എന്റെ മണ്ഡലത്തിലുൾപ്പെടെയുള്ള പല പ്രദേശങ്ങളിലും റോഡുകൾ കട്ട് ചെയ്യാൻ കഴിയാത്ത സ്ഥിതിയിൽ നിൽക്കുകയാണ്. പലയിടത്തും നിർമ്മാണ പ്രവർത്തനങ്ങൾ ഒരു ഘട്ടത്തിൽ നിറുത്തിവച്ചിരിക്കുന്നതിന്റെ കാരണം എൻ.എച്ച്.ന്റെയും പി.ഡബ്ല്യൂ.ഡി.യുടെയും സമീപനമാണ്. ഇനിഷ്യലായിട്ടുള്ള ഒരു തുക അടച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പിന്നീട് വാട്ടർ അതോറിറ്റിയും പി.ഡബ്ല്യൂ.ഡിയും ചേർന്ന് കൃത്യമായി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വേണ്ടിവരുന്ന അധിക തുക എടുക്കാനുള്ള നടപടി സ്വീകരിച്ചാൽ ഇക്കാര്യത്തിൽ കുറേക്കൂടി മുന്നോട്ട് പോകാൻ കഴിയുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം എല്ലാ ഡിപ്പാർട്ടുമെന്റുകളും വ്യത്യസ്തമായ കമ്പാർട്ടുമെന്റുകളായിട്ടാണ് പ്രവർത്തിക്കുന്നത്, പരസ്പരമുള്ള ഏകോപനമില്ല. ജില്ലാ വികസന സമിതികളിൽ ഒരു പൊതുവായ കാര്യത്തിൽപോലും ഓരോരുത്തരും അവരവരുടെ നിലപാടുകൾ പറയുന്നതിനപ്പുറത്ത് പ്രായോഗികമായ സമീപനം ഉണ്ടാകുന്നില്ല. പ്രത്യേകിച്ച് നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചില യോഗങ്ങളിൽ വരാറുപോലുമില്ല. വാട്ടർ അതോറിറ്റിക്ക് റോഡ് ക്രോസ് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടിവരുമ്പോൾ നാഷണൽ ഹൈവേയിലെ ഉദ്യോഗസ്ഥരോട് അനുവാദം ചോദിച്ചാൽ അവർക്ക് ഉന്നത തലങ്ങളിൽനിന്നുമുള്ള ഉത്തരവ് വേണമെന്നാണ് പറയുന്നത്. ശുദ്ധജല വിതരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പല നിയോജകമണ്ഡലങ്ങളിലും ഇത്തരം സമീപനങ്ങൾ തീർച്ചയായും കാണാൻ സാധിക്കും. ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള ഏകോപനക്കുറവ് പലപ്പോഴും ഇത്തരം നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് പി.ഡബ്ല്യൂ.ഡി.യും വാട്ടർ അതോറിറ്റിയുംചേർന്ന് ഒരു ജോയിന്റ്

ഇൻസ്പെക്ഷൻ നടത്തി പല കാലങ്ങളായി ഓരോ പ്രദേശങ്ങളിലുമുള്ള തർക്കങ്ങൾ പരിഹരിക്കാനുള്ള നടപടി എടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട കുടിവെള്ള പദ്ധതികളായ കാഞ്ഞിരപ്പള്ളി-എലിക്കുളം ഉൾപ്പെടുന്ന മേഖലയുടെയും അതോടൊപ്പം മണിമല മേജർ കുടിവെള്ള പദ്ധതിയുടെയും പ്രവൃത്തി 1982-ൽ ആരംഭിച്ചതാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കാൻ വർഷങ്ങളോളം കാത്തിരിക്കേണ്ടിവന്ന അവസ്ഥയായിരുന്നു. ഇപ്പോൾ ആ പദ്ധതികൾ 300 ദിവസംകൊണ്ട് പൂർത്തീകരിക്കുമെന്നുപറയുമ്പോൾ, ഒരു പ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയത്തിന് പരിഹാരം കാണാൻ ഗവൺമെന്റിന് കഴിഞ്ഞുവെന്ന കാര്യത്തിൽ ഒരു ജനപ്രതിനിധിയെന്ന നിലയിൽ വിശിഷ്യാ അദ്ദേഹത്തെയും ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരേയും ഞാൻ വളരെയേറെ അഭിനന്ദിക്കുകയാണ്. ശ്രീ. ബെന്നി ബെഹനാൻ ചെക്ക് ഡാമുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. റവന്യൂ വകുപ്പാണ് റിവർ മാനേജ്മെന്റ് ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത്. നമ്മുടെ കടവുകളിൽ നിന്നെടുക്കുന്ന മണലിനുള്ള സെസ്സ് റിവർ മാനേജ്മെന്റ് ഫണ്ടായി മാറ്റി വയ്ക്കുകയാണ്. നദിയുടെ കസ്റ്റോഡിയൻ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണെങ്കിലും നദിയുടെ സംരക്ഷണത്തിനാവശ്യമായ ഫണ്ട് റവന്യൂ ഡിപ്പാർട്ടുമെന്റാണ് കൈകാര്യം ചെയ്യുന്നത്. ഏതാണ്ട് 19.26 ശതമാനം തുക മാത്രമാണ് പ്രൊട്ടക്ഷൻ ഓഫ് റിവർ ബാങ്ക്സിനുവേണ്ടി കഴിഞ്ഞ കാലഘട്ടങ്ങളിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നാണ് പത്ര റിപ്പോർട്ട് വായിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. ശ്രീ. സി.പി. മുഹമ്മദ് ചെയർമാനായ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട നിയമസഭാ കമ്മിറ്റിയുടെ റിപ്പോർട്ടിൽ,

റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് വളരെയേറെ irregularities-ഉം mis management-ഉം നടന്നിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ജില്ലാ കളക്ടറാണ് പ്രധാനമായും ഫണ്ട് കൈകാര്യം ചെയ്യുന്ന വ്യക്തി. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും റിവർ മാനേജ്മെന്റ് കൈകാര്യം ചെയ്യുന്ന റവന്യൂ വകുപ്പും തമ്മിലുള്ള കോ-ഓർഡിനേഷന്റെ കുറവാണ് റിവർ മാനേജ്മെൻ് ഫണ്ട് ചെലവഴിക്കാതെ ലാപ്സായി പോകുന്നതിന്റെ പ്രധാന കാരണം. നമ്മുടെ പുഴകൾ ആളുകൾ കയ്യേറുന്നതായി ഇവിടെ പറഞ്ഞു. എന്നാൽ പുഴകൾ സംരക്ഷിക്കാനുള്ള പണം ചെലവഴിക്കാതെ പോകുന്നത് തീർച്ചയായും ഉൾക്കൊള്ളാൻ കഴിയാത്ത കാര്യമാണ്. ഇക്കാര്യത്തിൽ രണ്ട് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള പരസ്പര ധാരണയുണ്ടാകണം. ഒരു റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് യഥാർത്ഥത്തിൽ കേരളത്തിലുണ്ടാകണം. ഇന്ന് നദിയുടെ അവകാശം റവന്യൂ വകുപ്പിന്റെയും ഇറിഗേഷൻ വകുപ്പിന്റെയും തുടങ്ങി പല വകുപ്പുകളുടെയും കൈവശമുള്ള സാഹചര്യത്തിൽ ഇവിടെ റിവർ പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ച് നമ്മുടെ നദികളെ സംരക്ഷിക്കേണ്ടതിന്റെ വലിയ ബാധ്യത നമുക്കുണ്ടെന്ന് ഓർമ്മപ്പെടുത്തുകയാണ്. ഏതായാലും വളരെ വന്ധ്യമായ മേഘങ്ങളാണ് നമ്മുടെ ആകാശത്തിന് മുകളിൽ കാണുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം കാരണം കർക്കടകക്കാലത്തുപോലും കേരളത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സാഹചര്യത്തിൽ ഒരു ജനതയുടെ അടിസ്ഥാനപരമായ ആവശ്യമെന്ന നിലയിൽ കുടിവെള്ളത്തിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും കൂടുതൽ ഊന്നൽ നൽകേണ്ടതാണ്. അതിനായി വളരെയേറെ താൽപ്പര്യത്തോടെ പ്രവർത്തിക്കുന്ന ഡിപ്പാർട്ടു

മെന്റിന്റെ പ്രവർത്തനങ്ങളെ ഒരിക്കൽകൂടി ഹൃദയപൂർവ്വം അഭിനന്ദിച്ചുകൊണ്ട് ഞാൻ ഈ ഡിമാന്റുകളെ പിന്താങ്ങുന്നു.

ശ്രീ. കെ. ദാസൻ: സർ, 2014–15 വർഷത്തേയ്ക്കുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ഏതാനും അംഗങ്ങളുടെ പ്രസംഗങ്ങൾ കേട്ടു. ഭരണകക്ഷി ബെഞ്ചിലിരിക്കുന്ന ആളുകൾ ധാരാളം പ്രവർത്തനങ്ങൾക്ക് എ.എസ്. കിട്ടിയ കാര്യത്തെ സംബന്ധിച്ച് സംസാരിച്ചു. എന്നാൽ, പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഏതെങ്കിലും ഒരു വർക്കിന് എ.എസ്. കിട്ടിയെന്ന് ആരും പറഞ്ഞതായി കേട്ടില്ല. ഇത് രണ്ടും വ്യത്യസ്തമായിട്ടാണ് കാണുന്നത്. ഇക്കാര്യത്തിൽ ഞാൻ ഒരു അനുഭവസ്ഥനാണ്. എന്റെ പ്രദേശത്ത്, 2009–ൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയാണ് അന്നത്തെ ഗവൺമെന്റ് ചിറ്റാരിക്കടവ് റെഗുലേറ്റർ–കം–ബ്രിഡ്ജിന് ഭരണാനുമതി നൽകിയത്. തുടർന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പ്രവൃത്തി ഏതെങ്കിലുമൊരു ബഡ്ജറ്റിൽ ഉൾപ്പെടുത്താൻവേണ്ടി നിരന്തരമായി ആവശ്യപ്പെട്ടുവെങ്കിലും ഇന്നുവരെ അതിന് ബഡ്ജറ്റ് പ്രൊവിഷൻ അനുവദിച്ചിട്ടില്ല. ബഡ്ജറ്റിൽ പ്രൊവിഷനുണ്ടെങ്കിൽ മാത്രമേ പ്രവൃത്തികൾ തുടർന്നും നടത്താൻ സാധിക്കുകയുള്ളൂ. ഞാൻ അതിന്റെ റിക്കാർഡുകളുമായി ബന്ധപ്പെട്ട മന്ത്രിമാരെയെല്ലാം സമീപിച്ചെങ്കിലും ഒരു നടപടിയും ഇതുവരെ പൂർത്തിയായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട മെക്കാനിക്കൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക്, സിവിൽ വർക്ക് ഇതെല്ലാം വെവ്വേറെ വിഭാഗങ്ങളാണ് ചെയ്യുന്നത്. അന്വേഷിച്ചപ്പോൾ അവർക്കാർക്കും ഇങ്ങനെയൊരു പദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശം

ലഭിച്ചിട്ടില്ലായെന്നാണ് പറയുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പത്തുകോടി രൂപയുടെ എ.എസ്. നൽകിയ ഈ പദ്ധതി യു.ഡി. എഫ്. ഗവൺമെന്റ് വരുമ്പോൾ എങ്ങനെയാണ് അട്ടിമറിക്കപ്പെടുന്നത്. ഈ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാനും കൃഷിക്കായി ജലസേചന സൗകര്യ ങ്ങൾ വർദ്ധിപ്പിക്കാനും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കാർഷികാവശ്യ ത്തിനും ജലവിതരണത്തിനുമായുള്ള ഈ പദ്ധതിയുടെ ചെലവ് ഇപ്പോൾ 20 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. 2009-ൽ ഈ പദ്ധതിക്കായി പത്ത് കോടി രൂപ അനുവദിച്ചപ്പോൾ ഡിസൈൻ തയ്യാറാക്കുന്ന നടപടിയാണ് പ്രാരംഭമായി നടന്നത്. ഞാൻ എം.എൽ.എ. ആയതിനുശേഷം ഇതിന്റെ ഡിസൈൻ പൂർത്തിയായി. 2012-ൽ അതിന്റെ എസ്.ആർ.ഒ. മാറിയതിനനു സരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ അത് 16.5 കോടി രൂപയായി ഉയർന്നു. വീണ്ടും എസ്റ്റിമേറ്റ് ചീഫ് ടെക്നിക്കൽ എഞ്ചിനീയർക്ക് കൊടുത്ത പ്പോൾ ഇത് ഒന്നുകൂടി ടെക്നിക്കൽ എക്സാമിനറെ കാണിക്കണമെന്നു പറഞ്ഞുകൊണ്ട് കുറിപ്പെഴുതി. ഇപ്പോൾ പറയുന്നത് സി.പി.ഡബ്ല്യൂ. ഡേറ്റാ പരിഷ്ക്കരിച്ച് നൽകണമെന്നാണ്. സി.പി.ഡബ്ല്യൂ. ഡേറ്റാ സംബന്ധിച്ച് മെക്കാ നിക്കൽ എഞ്ചിനീയറോടും ഇലക്ട്രിക്കർ എഞ്ചിനീയറോടും ചോദിച്ചപ്പോൾ, ഡേറ്റാ പുതുക്കണമെന്ന നിർദ്ദേശം മന്ത്രിമാർ അവർക്ക് നൽകിയിട്ടില്ലായെ ന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചപ്പോൾ ഞാൻ പി. എസ്.നെ ഏൽപ്പിച്ചിട്ടുണ്ടെന്നുമാണ് പറയുന്നത്. നാളിതുവരെയായും ഇതിനാ വശ്യമായ ഒരുനടപടിയും ഉണ്ടായിട്ടില്ല.

ഇതെന്താണ് രണ്ട് സമീപനങ്ങൾ. വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നിലപാടല്ലേ മന്ത്രിമാർ സ്വീകരിക്കേണ്ടത്. ഇടതുപക്ഷമാണോ യു.ഡി.എഫ്. ആണോ എന്ന് നോക്കിയിട്ടാണോ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. അങ്ങനെയുള്ള നിലപാടുകളാണുള്ളതെന്ന് ഞാനിവിടെ സംസാരിച്ചപ്പോൾ എനിക്ക് ബോദ്ധ്യമായിട്ടുണ്ട്. ഇങ്ങനെയാണെങ്കിൽ ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ വികസനം നടത്തുന്നത് എങ്ങനെയാണ്? എന്റെ മണ്ഡലത്തിലെ പയ്യോളി പഞ്ചായത്തിൽ നാല് കടവുകളുണ്ട്. റിവർ മാനേജ്മെന്റിലേയ്ക്ക് വലിയ തുക സെസ്സായി കൊടുക്കുന്നുണ്ട്. അവിടെ എൺപതോളം കുടുംബങ്ങൾ താമസിക്കുന്ന ഒരു തുരുത്തുണ്ട് - കോട്ട തുരുത്ത്. കാലവർഷം, കടലാക്രമണം എന്നിവ മൂലം ഈ തുരുത്ത് പൂർണ്ണമായും ഇടിഞ്ഞ് അവിടെയുള്ള കുടുംബങ്ങളെത്തന്നെ മാറ്റിതാമസിപ്പിക്കേണ്ട സ്ഥിതി വന്നു. ഈ പ്രശ്നം ഞാൻ ബഹുമാനപ്പെട്ട മന്തിയോട് സംസാരിച്ചിട്ടുണ്ട്. റിവർ മാനേജ്മെന്റിൽനിന്ന് ഒരു ഫണ്ട് അലോട്ട് ചെയ്യാൻ കോഴിക്കോട് ജില്ലാ കളക്ടർ സ്പെഷ്യൽ റിക്വസ്റ്റ് കൊടുത്തു. ഒരു നടപടിയും ഉണ്ടായിട്ടില്ല. ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടുള്ള ജീവൽ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റ് വിസമ്മതം കാണിക്കുന്നത്. ആ രീതിയിലേക്ക് കാര്യങ്ങൾ മാറുന്നു എന്നുള്ളതാണ്. പ്രകൃതിയുടെ വരദാനംകൊണ്ട് ജലത്താൽ സമ്പന്നമാണ് കേരളം. ഏറ്റവുംകൂടുതൽ അളവിൽ ജലം ലഭ്യമാകുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിലെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിനും ജലസംഭരണികളെ നിലനിർത്തുന്നതിനും ഉറവകളെ സംരക്ഷിക്കുന്നതിനും കനാലുകളെയും തോടുകളെയും സംരക്ഷിക്കുന്നതിനും ജലാശയങ്ങളെയും കുളങ്ങളെയും സംരക്ഷിക്കുന്നതിനും കിണറുകളെ

സംരക്ഷിക്കുന്നതിനും എന്ത് ഭരണനടപടിയാണ് സ്വീകരിച്ചത്? അങ്ങനെ ഒരു നടപടി സ്വീകരിച്ചതായി എനിക്ക് തോന്നുന്നില്ല. ജലവിഭങ്ങൾക്ക് ശരിയായ ഒരു മാനേജ്മെന്റ് കേരളത്തിലുണ്ടാകുന്നില്ല. മാനേജ്മെന്റ് ഉണ്ടാകാത്ത തിന്റെ കാരണം ഇതെല്ലാം വികേന്ദ്രീകരിച്ച് പോകുകയാണ്. ഒരു ഏകീകൃത മായ സ്വഭാവത്തിൽ സംഘടിപ്പിക്കാനാവശ്യമായ നടപടിയുണ്ടാകണം. പല സ്ഥലങ്ങളിലും പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് ഫണ്ട് ലഭ്യമാകു ന്നത്. ഒരു സംസ്ഥാനത്തിന്റെ ആകെ ജലവിഭവങ്ങളുടെ കാര്യത്തിൽ സംര ക്ഷണം നൽകാൻ കഴിയുന്ന രീതിയിൽ ഒരു പദ്ധതി ആവിഷ്കരിക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റ് വിസമ്മതിക്കുന്നത്? ആരാണോ പ്രോജക്ട് തയ്യാറാക്കി കൊടുക്കുന്നത്, ആ പ്രോജക്ടിനാവശ്യമായ ഫണ്ട് കൊടു ക്കുക എന്നതിനപ്പുറം കടന്ന് ചിന്തിക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല. അതു കൊണ്ടുതന്നെ അപൂർണ്ണമാണ് ഇതിന്റെ റിസൾട്ട്. ശരിയായ രീതിയിലുള്ള ഒരു റിസൾട്ട് ഉണ്ടാകുന്നില്ല. ഇത് പുനരാവിഷ്കരിക്കേണ്ടതായിട്ടുണ്ട്. ബഹുതലത്തിൽ ചിന്തിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ നാനാവശങ്ങളെ സംബ ന്ധിച്ച് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. എല്ലാ വശങ്ങളും പരിശോധിക്കേണ്ടതാ യിട്ടുണ്ട്. അങ്ങനെ പരിശോധിച്ചുകൊണ്ടുള്ള ഒരു സമീപനം സ്വീകരിച്ചാൽ പരിസ്ഥിതിയുടെ കാര്യത്തിൽ വളരെ സജീവമായി ഉയർത്തിക്കൊണ്ടുവരാൻ കഴിയും. ആ രീതിയിലുള്ള ഒരു നയം നമ്മൾ എന്തുകൊണ്ട് സ്വീകരിക്കു ന്നില്ല? ജലമാനേജ്മെന്റ് ഭൂമിയുടെയും ജൈവസമ്പത്തിന്റെയും ആകെ മാനേജ്മെന്റാണെന്ന് നമ്മൾ കാണണം. അങ്ങനെ കണ്ടുകൊണ്ടുള്ള ഒരു സമീപനം ശാസ്ത്രീയമാണ്. അങ്ങനെയുള്ള ഒരു സമീപനം ഇതുവരെ കേരളം സ്വീകരിക്കാത്തതിന്റെ ഫലമായിട്ടാണ് നമുക്ക് ഇങ്ങനെയുള്ള ചെറിയ പ്രശ്നങ്ങൾ പോലും പരിഹരിക്കാൻ കഴിയാത്തതെന്നാണ് എന്റെ വിമർശ

നം. ജലലഭ്യത വർദ്ധിപ്പിക്കുന്ന നദീതടങ്ങൾ നികന്നുപോകുന്നു എന്നുള്ളത് സത്യമാണ്. പുഴ മരിക്കുന്നു എന്ന് നമ്മൾ പത്രങ്ങളിൽ വായിക്കുന്നു. കോരപ്പുഴയുടെ അഴിമുഖത്ത് മണ്ണും ചെളിയും വന്നുനിറഞ്ഞ് വെള്ളം ഒഴുകാനുള്ള സൗകര്യമില്ല. അതിന് മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു മീറ്റിംഗ് വിളിച്ച് ചർച്ച നടത്തിയിട്ടുണ്ട്. കോരപ്പുഴ വടക്കോട്ട് ഒഴുകുന്ന വലിയൊരു ജലാശയമാണ്. ഈ നദിയെ സംരക്ഷിക്കാനുള്ള ബാദ്ധ്യത നമുക്ക് വേണം. വർഷങ്ങളായി അവിടത്തെ ജനങ്ങൾ ഉന്നയിക്കുന്ന കാര്യമാണിത്. അവസാനം അവിടത്തെ ജനങ്ങളെല്ലാംകൂടി ഹൈക്കോടതിയിൽ പോയപ്പോൾ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി ഗവൺമെന്റിനോട് നിർദ്ദേശിച്ചു. പക്ഷേ യാതൊരു നടപടിയുമുണ്ടായില്ല. ഈ അടുത്ത കാലത്താണ് ഇതിനെ സംബന്ധിച്ച് ഒരു പുനരാലോചന നടത്താൻ മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു മീറ്റിംഗ് വിളിച്ചത്. ഇപ്പോൾ അതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. നമ്മുടെ പുഴകളെല്ലാം മരിച്ചുകൊണ്ടിരിക്കുമ്പോൾ ആ പുഴയുടെ സംരക്ഷണത്തിനും അതിന്റെ ഒഴുക്ക് നിലനിർത്താനുംവേണ്ടി എന്തെങ്കിലും നടപടി ധനകാര്യ മാനേജ്മെന്റ് സ്വീകരിക്കുന്നുണ്ടോ? അതിന്റെ സ്ഥിരതയ്ക്കായുള്ള ഒരു സംവിധാനം ഉറപ്പുവരുത്താനും ജലനയത്തിൽ പ്രധാനമായിട്ടുള്ള ഘടകങ്ങൾ ഏതാണെന്ന് പരിശോധിച്ച് അതിനാവശ്യമായ നടപടി സ്വീകരിക്കാനും മഴവെള്ളം ശരിയായി അതിനകത്ത് നിലനിർത്താനും പുഴയിലേക്ക് ഒഴുകിപ്പോകുന്ന മഴവെള്ളം അവിടെ തടഞ്ഞുനിർത്താനുള്ള ചെക്ക് ഡാമുകൾ ശരിയാക്കി കൊണ്ടുവരാനും മഴവെള്ളം നഷ്ടപ്പെടുന്നത് കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കാനും ഭാവി പരിപാടികളെ സംബന്ധിച്ചുള്ള ഒരു സമഗ്രമായ വീക്ഷണം നമുക്കില്ലാത്തതിന്റെയും ഫലമായി

ട്ടാണ് കുടിവെള്ള ക്ഷാമം രൂക്ഷമാകുന്നത്. എന്റെ നിയോജക മണ്ഡല മായ കൊയിലാണ്ടി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശമാണ്. ഏതാണ്ട് 32 കി.മീറ്റർ ദൈർഘ്യമുള്ള കടലോരമാണ്. തീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ ഇടതിങ്ങി താമസിക്കുകയാണ്. ജനസാന്ദ്രതയുള്ള പ്രദേശമാണ്. അവിടെ കുടിവെള്ളം കൊടുക്കാനാവശ്യമായ നടപടിയില്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതിനെല്ലാം നടപടി സ്വീകരിക്കുമെന്നാണ്. പക്ഷേ ഇന്നുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നടപടി സ്വീകരിക്കണമെന്ന് നമ്മൾ പറഞ്ഞാലും സ്വീകരിക്കുമെന്ന് നിയമസഭയിൽ നമുക്ക് ഉറപ്പ് തരുന്നുണ്ടെങ്കിലും ഒരു നടപടിയും അതിന്റെ ഭാഗമായി ഉണ്ടാകുന്നില്ല എന്നുള്ളതാണ്. അത് പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകണം. തീരപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് ലഭ്യമാകുന്നത് ഉപ്പുവെള്ളമാണ്. മഴ സുലഭമായി കിട്ടുമ്പോഴും ജലലഭ്യത ധാരളം ഉണ്ടാകുമ്പോഴും ഈ പാവപ്പെട്ട മത്സ്യത്തൊഴിലാളികളായ കടലിന്റെ മക്കൾ ജീവിക്കാൻ വേണ്ടി വിഷമിക്കുകയാണ്. ഒരു തുള്ളി കുടിനീരിനുവേണ്ടി അവർ മൺപാത്രമോ അലൂമിനിയം പാത്രമോ കൊണ്ട് മുനിസിപ്പാലിറ്റിയുടെയും പഞ്ചായത്തിന്റെയും കുടിവെള്ളത്തിന്റെ വണ്ടി വരുന്നതും കാത്ത് വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ്. അവർക്ക് സ്ഥിരമായി കുടിവെള്ളം കൊടുക്കാനുള്ള ധാർമ്മികവും നിയമപരവുമായ ബാദ്ധ്യത നമുക്കില്ലേ. ആ ബാദ്ധ്യത നിർവ്വഹിക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറാകുന്നില്ല. ആ തീരത്ത് താമസിക്കുന്ന പാവങ്ങളുടെ സ്ഥിതി ദയനീയമാണ്. അവർ കളക്ട്രേറ്റിന് മുമ്പിൽ പ്രക്ഷോഭം നടത്തുന്നു. വില്ലേജ് ആഫീസുകളിലും താലൂക്ക് ആഫീസു

കളിലും സമരം നടത്തുന്നുണ്ട്. പക്ഷേ അനങ്ങാപ്പാറ നയത്തിന്റെ ഭാഗമായി അവിടെ കുടിവെള്ളമില്ല. ഈ രൂക്ഷമായ പ്രശ്നം എത്രയോ തവണ ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവന്നിട്ടും അത് പരിഹരിക്കപ്പെടാൻ ഗവൺമെന്റിന് കഴിയുന്നില്ല എന്നുള്ളതാണ്. നമ്മുടെ ആവാസ വ്യവസ്ഥയെ തകർക്കുന്ന രീതിയിൽ ജല മാനേജ്മെന്റ് നീങ്ങുന്നു എന്നുള്ളതാണ്. നീർത്തട സംരക്ഷണ നിയമം കേരളത്തിൽ ഉണ്ടാക്കിയിട്ടുണ്ട്. ആ നീർത്തട സംരക്ഷണ നിയമം ശരിയായ രീതിയിൽ പാലിക്കുകയാണെങ്കിൽ നീർത്തടങ്ങളെ സംരക്ഷിക്കാൻ കഴിയും. അതിനാവശ്യമായ ഒരു വിലയിരുത്തൽ നമുക്കുണ്ടാകണം. കൃത്യമായ ഒരു ആസൂത്രണം അതിന്റെ ഭാഗമാകണം. നദീതടങ്ങളുടെ ആസൂത്രിത വികസനത്തിനും മാനേജ്മെന്റിനും പ്രത്യേക രീതികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആ രീതിയിൽ കൊണ്ടുവരികയാണെങ്കിൽ കേരളത്തിൽ കുടിവെള്ളത്തിന്റെ പ്രശ്നത്തിൽ നല്ല മുന്നേറ്റമുണ്ടാക്കാൻ കഴിയും. ഓരോ ആൾക്കും കുടിവെള്ളം ലഭിക്കാനാവശ്യമായ നടപടിയുണ്ടാക്കാൻ കഴിയും. മറ്റൊന്ന് നഗരകാര്യ ഭരണവുമായി ബന്ധപ്പെട്ടുള്ളതാണ്. വേസ്റ്റ് മാനേജ്മെന്റിൽ എന്തുകൊണ്ടാണ് രാത്രികാലത്ത് വേസ്റ്റ് എടുക്കാൻ തീരുമാനിക്കാത്തത്. വേസ്റ്റ് മാനേജ്മെന്റ് രാത്രികാലങ്ങളിൽ നടത്തുന്നതല്ലേ നല്ലത്. പകൽ ടൗണുകളിൽ ഓട്ടോറിക്ഷകളും ലോറികളുമെല്ലാം പാർക്ക് ചെയ്യുന്ന സമയത്ത് ശുചീകരണം നടത്താൻ കഴിയുമോ. രാവിലെ തന്നെ ടൗണുകളിൽ ആട്ടോറിക്ഷകൾ പാർക്ക് ചെയ്തിരിക്കും. നൈറ്റ് ക്ലീനിംഗാണ് ശരിയായിട്ടുള്ള ഒരു നിലപാട്. രാത്രികാലങ്ങളിൽ ക്ലീൻ ചെയ്താൽ രാവിലെ പത്രംവാങ്ങാനോ ചായകുടിക്കാനോ വരുന്നവർക്ക് പട്ടണം വളരെ സൗന്ദര്യവും ശുചിത്വവുമുള്ളതായി കാണപ്പെടും. ശുചീകരണപ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമ

തലയാണ്. ഈ അനിവാര്യ ചുമതല ഗവൺമെന്റ് നൽകിയിട്ടുണ്ടെങ്കിലും അതിലെ ക്ലാസ് പൂർണ്ണമായും അവർക്ക് നടപ്പിലാക്കാൻ കഴിയില്ല. 1994-ലുള്ള നിയമത്തിന്റെ ഭാഗമായി ഏതാണ്ട് 288 മുതൽ 296 വരെയുള്ള വകുപ്പുകൾ നഗരസഭകൾക്ക് അനിവാര്യ ചുമതലയായി എഴുതിക്കൊടുത്തിരിക്കുകയാണ്. പക്ഷേ ആ അനിവാര്യ ചുമതലയുടെ ഭാഗമായി അവർക്ക് ശരിയായ ശുചീകരണ പ്രവർത്തനം നടത്താൻ കഴിയുന്നില്ല എന്നുള്ളതാണ് സത്യം. ശുചീകരണ പ്രവർത്തനത്തിൽ ഞാൻ കാണുന്ന ഒരു ചെറിയ കാര്യം, വേസ്റ്റ് പ്രഭവസ്ഥാനത്തുനിന്ന് വേർതിരിക്കാൻ കഴിയുമോ എന്നുള്ളതാണ്. അങ്ങനെ വേർതിരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. വേസ്റ്റ് മാനേജ്മെന്റ് എന്നുപറഞ്ഞാൽ ക്ലീനിംഗ് തൊഴിലാളികൾ വേസ്റ്റ് എടുത്ത് വാഹനത്തിൽ കയറ്റുമ്പോൾത്തന്നെ അത് ജൈവികവും അജൈവികവുമായ രീതിയിൽ രണ്ടായി തരംതിരിക്കാൻ കഴിയണം. അങ്ങനെ തരംതിരിച്ചാൽ അതാത് കേന്ദ്രത്തിലേക്ക് കൊണ്ടുപോകാം. ജൈവിക രീതിയിലാണെങ്കിൽ നമുക്ക് വെർമ്മി കമ്പോസ്റ്റാക്കാം. അല്ലെങ്കിൽ ബയോമാസ്സാക്കി മാറ്റുകയോ അന്തരീക്ഷവായു കലർത്തിക്കൊണ്ട് അതിനെ വേസ്റ്റാക്കി മാറ്റുകയോ ചെയ്യാം. ബാക്കിവരുന്ന അജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ മറ്റ് മാർഗ്ഗങ്ങളുണ്ടാക്കാം. എന്തുകൊണ്ട് ഗവൺമെന്റ് ഒരു സീറോ വേസ്റ്റ് എന്ന നിലയിൽ ചിന്തിക്കുന്നില്ല. സീറോ വേസ്റ്റ് മാനേജ്മെന്റ് നമുക്ക് നടപ്പിലാക്കാൻ കഴിയുന്നതാണ്. കാരണം ഇപ്പോൾ തമിഴ്നാട്ടിൽ നിന്നുള്ള ആളുകൾ ഇവിടെവന്ന് കുപ്പിയും ഇരുമ്പ് കഷണങ്ങളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മറ്റ് വേസ്റ്റ് സാധനങ്ങളും ശേഖരിക്കുന്നുണ്ട്. അവർ അത് ശേഖരിച്ച് അവരുടെ സംസ്ഥാനത്ത് കൊണ്ടുപോയി സംസ്കരിച്ച് വീണ്ടും

ഉൽപ്പന്നങ്ങളായി, പ്ലസ്റ്റിക് ബക്കറ്റുകളായും പ്ലാസ്റ്റിക് കവറുകളായും ഇങ്ങോട്ടുതന്നെ തിരിച്ചുകൊണ്ടുവരുന്നു. അവർ പുനർചംക്രമണം നടത്തുന്നുണ്ട്. എന്തുകൊണ്ട് നമുക്ക് അങ്ങനെ നടത്തിക്കൂടാ; കേരളത്തിന് അതിനാവശ്യമായ ഒരു സംവിധാനം ഉണ്ടാക്കിക്കൂടെ; ഒരു സീറോ വേസ്റ്റ് മാനേജ്മെന്റ് നമുക്ക് ആലോചിച്ചുകൂടെ; അങ്ങനെ ആലോചിക്കാൻ കഴിയുന്നതാണ്. വിവിധങ്ങളായ രീതികൾ കേരളത്തിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പല നിർദ്ദേശവും വച്ചിട്ടുണ്ട്. അതെല്ലാം പ്രായോഗികമാണെങ്കിൽ അതിന് കഴിയും. വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് നമ്മൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള നിരവധി നിർദ്ദേശങ്ങൾ നമ്മുടെ മുന്നിൽ വന്നിട്ടുണ്ട്. എന്തുകൊണ്ട് ഒരു സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന നിലയിൽ നമ്മൾ ചിന്തിക്കുന്നില്ല. അങ്ങനെ ചിന്തിക്കണമെന്നുതന്നെയാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

ആൾമറയില്ലാത്ത കിണറുകൾക്ക് ഫ്ളാറ്റ് റൂഫില്ലെങ്കിൽ അത് കെട്ടിക്കൊടുക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ; വലയില്ലാത്തതുകൊണ്ട് മലിനജലവും വെയ്സ്റ്റും കിണറുകളിൽ പതിക്കുന്നുണ്ട്. പക്ഷികളും ക്ഷുദ്രജീവികളും ജന്തുക്കളുംമൂലമുള്ള മലിനവസ്തുക്കളും കിണറുകളിൽ പതിക്കുന്നുണ്ട്. വൃത്തിഹീനമായ പാത്രങ്ങൾ കഴുകിയ വെള്ളവും തൊട്ടടുത്ത കക്കൂസുകളിലെ വെള്ളവും കുളിമുറിക്ക് സമീപം തുണിയും മറ്റും അലക്കുന്ന മലിനവെള്ളവും കിണറുകളിലേക്ക് ഒഴുകിപ്പോകുന്നുണ്ട്. ഇങ്ങനെ നമ്മുടെ വീടുകളിലെ കിണറുകൾ മലിനപ്പെട്ടുപോകുന്നുണ്ടെന്നാണ് ഇപ്പോൾ കിട്ടുന്ന പരിശോധനാഫലം. ഈ പരിശോധനയ്ക്കാവശ്യമായ ഒരു സംവിധാനം ഏർപ്പെടുത്തിക്കൂടെ? എന്തുകൊണ്ട് സി.

ഡി.എസ്.-നെ ഉപയോഗിച്ച് അവർക്ക് ജലപരിശോധന നടത്താൻ കഴിയുന്നില്ല? അങ്ങനെ ഏല്പിച്ചുകഴിഞ്ഞാൽ ഫലപ്രദമായി നടത്താൻ കഴിയില്ലേ? ഞാൻ മനസ്സിലാക്കുന്നത് സി.ഡി.എസ്.-നെ ഉപയോഗിക്കുകയാണെങ്കിൽ ഇത് വളരെ ഫലപ്രദമായി നടപ്പാക്കാൻ കഴിയും. അത് പരിശോധിക്കാനും ക്ലോറിനേഷൻ ചെയ്യാൻ കഴിയുന്നിടത്ത് ക്ലോറിനേഷൻ ചെയ്യാനും കഴിയും. അങ്ങനെയുള്ള ഒരു മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുക്കാൻ കഴിയുന്നില്ലായെന്നുള്ളതാണ് ശുചീകരണരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു പ്രശ്നം. വെയ്സ്റ്റ് മാനേജ്മെന്റിൽ മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് കോഴി വെയ്സ്റ്റ് അലസമായി പുഴയിലേക്ക് തള്ളുന്നതാണ്. എന്റെ നാട്ടിലെ നാടേരി പാലത്തിന്റെ മുകളിൽ കൊണ്ടുപോയി വെയ്സ്റ്റ് പുഴയിലേക്ക് തള്ളുകയാണ്. കഴിഞ്ഞദിവസം ഒരുകുട്ടി വെള്ളത്തിലേക്ക് ചാടിയപ്പോൾ വെയ്സ്റ്റ് തള്ളിയതാണെന്നു വിചാരിച്ചു ആളുകളാരും പോയില്ല. ഇല്ലെങ്കിൽ കുട്ടിയെ രക്ഷപ്പെടുത്താൻ കഴിയുമായിരുന്നു. ഇതിന് ആവശ്യമായ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്? നിലപാടില്ലാത്ത രീതിയിൽ ഗവൺമെന്റ് പ്രവർത്തിക്കരുത്. ശക്തമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാനൊരു ചെറിയ കാര്യംകൂടി പറയാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ടീച്ചറുടെ നിയമനം സംബന്ധിച്ച് പറഞ്ഞപ്പോൾ എനിക്ക് സന്തോഷം തോന്നി; എന്നാൽ ടീച്ചർക്ക് കോട്ടൺഹിൽ ഹൈസ്കൂളിലേക്ക് സ്ഥലംമാറ്റികൊടുക്കാൻ കഴിയില്ലായെന്നതിൽ വേദനയും തോന്നി. ഞാൻ സ്കൂളിൽ പഠിക്കുന്ന സമയത്ത് എന്റെ ഒരു അനുഭവം പറയുകയാണ്. പഠിക്കുന്ന കാലത്ത് അദ്ധ്യാപകൻ തെറ്റ് തിരുത്താൻ ഒരു വാക്യം നൽകിയിരുന്നു. അദ്ധ്യാപകൻ വൈകിയെത്തിയതിന് വിദ്യാർത്ഥിയെ ശിക്ഷിച്ചു. അദ്ധ്യാപകൻ വൈകിയെത്തിയതിനു

കുട്ടിയെയാണോ ശിക്ഷിക്കേണ്ടത്? അപ്പോൾ ആ വാക്യത്തിന്റെ ഘടനയിൽ മാറ്റം ആവശ്യമാണ്. ഇവിടെ വൈകിയെത്തിയതിന് അദ്ധ്യാപകൻ കുട്ടിയെ ശിക്ഷിച്ചുവെന്നത് തിരുത്തിയെഴുതണം. ഇന്നോ, മന്ത്രി വൈകിയെത്തിയ തിന് അദ്ധ്യാപികയെ ശിക്ഷിച്ചു. 'മന്ത്രി വൈകിയെത്തിയതിന് അദ്ധ്യാപിക യെയാണോ ശിക്ഷിക്കുന്നത്?' എന്ന പത്രവാർത്ത തിരുത്തേണ്ടതില്ല. അതു ശരിയാണ്. ഇത്രയും പരിഹാസ്യമായ ഒരു സംഭവം കേരളത്തിൽ എല്ലാവരും വിമർശനവിധേയമാക്കിയിട്ടുണ്ട്. കേരളസമൂഹം ഇതിനെ വിമർശിച്ചിട്ടുണ്ട്. കണ്ണുമടച്ച് ഒരു വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇത്തരമൊരു നിലപാട് സ്വീകരി ക്കാമോ? കേരളത്തിന്റെ മതനിരപേക്ഷ സമൂഹത്തിൽ വലിയ ഒരു പ്രതിഷേ ധമാണ് അങ്ങനെ ഒരു നിലപാട് സ്വീകരിച്ചതുകൊണ്ട് ഉണ്ടായിട്ടുള്ളത്. കേര ളത്തിന്റെ വിദ്യഭ്യാസമേഖലയിൽ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് പച്ച ബോർഡുകൾ. പച്ച ബോർഡുകൾ എന്നുപറയുന്നത് കേരളത്തിൽ മുൻപ് ഇല്ലാത്ത ഒരു കാര്യമാണ്. പച്ച നന്നായിരിക്കാം. പക്ഷെ, പച്ചബോർഡുകൾ എന്നുപറഞ്ഞാൽ യഥാർത്ഥത്തിൽ വർഗ്ഗീയശക്തികൾക്കെല്ലാകാലത്തും ഉപ യോഗിക്കാൻ കഴിയുന്നതാണ്. മതനിരപേക്ഷ ആശയങ്ങൾക്ക് നേരെയുള്ള ............. ഞാൻ ആരോടും ചോദിക്കുന്നില്ല. ഞാൻ പൊതുവായി നിങ്ങളോട് ചോദിക്കുകയാണ്. മന്ത്രിമാർ ഇങ്ങനെ ചെയ്യുന്നതുകൊണ്ട് വർഗ്ഗീയതയുടെ വിഷവിത്തുകളാണ് മുളപ്പിക്കുന്നത്. അങ്ങനെ ഉണ്ടാകുന്നതെന്തുകൊണ്ടാണ്? അല്ലെങ്കിൽ വ്യക്തമായിട്ട് പറയണം. കേരളം മുഴുവനും ഇങ്ങനെയൊരു സംവിധാനം ഉണ്ടാക്കണം. ഇങ്ങനെയുള്ള സംവിധാനങ്ങളുണ്ടാകുന്നത് നമുക്ക് ദോഷം ചെയ്യുന്നുണ്ട്. അതുമാത്രമല്ല വിരമിക്കാൻ ചുരുങ്ങിയ ദിവ സമുള്ള ഒരു ടീച്ചറെ ഇങ്ങനെ സസ്പെൻഡ് ചെയ്യണോയെന്നുള്ളത് ബഹുമാ

നപ്പെട്ട മന്ത്രിമാർ ആലോചിക്കേണ്ടതുണ്ട്. എത്ര ലാഘവബുദ്ധിയോടെയാണ്; ഒരു മന:സാക്ഷിക്കുത്തുമില്ലാതെയാണ്; ഇത്തരമൊരു റിപ്പോർട്ട് എഴുതിക്കൊടുത്ത ആളുകൾ ചെയ്തിരിക്കുന്നത്. ചില ഉദ്യോഗസ്ഥന്മാരുണ്ട്. അവരാണല്ലോ ഈ റിപ്പോർട്ട് എഴുതിക്കൊടുത്തത്. അങ്ങനെ എഴുതിക്കൊടുക്കാമോ? അതിന്റെ അടിസ്ഥാനത്തിൽ അതിരുകവിഞ്ഞ ആശ്രിതമനോഭാവം പല ആളുകളും ഇന്ന് സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ: ......പ്ലീസ്............കൺക്ലൂഡ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: സർ, അരിയും തിന്നു ആശാരിയെയും കടിച്ചു .......... എന്നുകേട്ടിട്ടില്ലേ. താമസിച്ച് ചെന്നതും പോരാ ആശാരിയെയും കടിച്ചു, ആശാരിയുടെ ഭാര്യയെയും കടിച്ചു. എന്നിട്ടിപ്പോൾ താമസിച്ച് ചെന്നതും പോരാ അതിനെന്തോ വർത്തമാനം പറഞ്ഞവരെ പുറത്താക്കുക................

ശ്രീ. കെ. ദാസൻ: സർ, ഭരണകക്ഷിനേതാക്കന്മാരെ സുഖിപ്പിക്കുന്ന രീതിയിൽ ആരെങ്കിലും വർത്തമാനം പറഞ്ഞാൽ അവർക്ക് സംരക്ഷണം കൊടുക്കുകയെന്നുള്ള നിലപാട് സ്വീകരിക്കാൻ പറ്റുമോ? അങ്ങനെയൊരു നിലപാട്, ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ ആശ്രിതവത്സലന്മാരായി അവരെ സഹായിക്കാൻ തീരുമാനിച്ചാൽ അവർക്ക് സംരക്ഷണം കൊടുക്കാൻ പറ്റുമോ? ആശ്രിതവത്സലന്മാരായ ഒരു പറ്റം ആളുകളെ ഉണ്ടാക്കലല്ലേ ഈ നിലപാടിന്റെ ഭാഗമായി ഉണ്ടാകുന്നത്. സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ നിലപാടായിരിക്കണം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുമുണ്ടാകേണ്ടത്. അല്ലാതെ ഇത്തരം രീതി സ്വീകരിക്കാൻ പാടില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ. എം. ഷാജി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. ജലം ജീവന്റെ തുടിപ്പാണ്. ശാസ്ത്രജ്ഞർ പ്രപഞ്ചത്തിൽ ജീവനുണ്ടോയെന്നറിയാൻ ആദ്യം അന്വേഷിക്കുന്നത് എവിടെയെങ്കിലും ജലകണികകൾ ഉണ്ടോയെന്നാണ്; ജലകണികകളുണ്ടെങ്കിൽ അവിടെ ജീവനുണ്ടെന്നും; ജീവനുള്ളിടത്തൊക്കെ ജലമുണ്ടാകണമെന്നുള്ളതും അംഗീകരിക്കപ്പെടുന്ന ഒരു യാഥാർത്ഥ്യമാണ്. 44 നദികളും 34 കായലുകളും 30 ലക്ഷത്തിലധികം കിണറുകളുംകൊണ്ട് ജലസമൃദ്ധമാണ് നമ്മുടെ കേരളമെന്നാണ് ധാരണ. പക്ഷെ, ശുദ്ധജലത്തിന്റെ കുറവ് ഓരോ ദിവസവും ഓരോ മണിക്കൂറുകളും ഭീകരമാംവിധത്തിൽ കേരളം അഭിമുഖീകരിക്കുന്നുവെന്ന് നമ്മൾ മനസ്സിലാക്കുന്നില്ല. അത്രമേൽ ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ജലം അമൂല്യമാണ്. അത് പാഴാക്കരുത്. മലിനമാക്കരുതെന്നൊക്കെ പാഠപുസ്തകങ്ങളിൽ ചൊല്ലി പഠിക്കുന്നതിനപ്പുറം മുസ്ലീങ്ങളും ഹിന്ദുക്കളും ഏറ്റവും കൂടുതൽ ജലവുമായി ബന്ധപ്പെട്ട ആരാധനാക്രമങ്ങൾ ഉള്ളവരാണ്. നമ്മുടെ നാട്ടിലെ ക്ഷേത്രക്കുളങ്ങളും പള്ളിക്കുളങ്ങളുമൊക്കെ എത്രയാണ് തീർക്കപ്പെട്ടതെന്നും എത്രയാണ് ഇല്ലാതായിപ്പോയതെന്നും പരിശോധിക്കേണ്ടതാണ്. ഇപ്പോൾ വിശുദ്ധമായ റംസാൻ മാസമാണ്. പള്ളികളിലൊക്കെ ആരാധനകൾ വർദ്ധിക്കുന്ന സമയമാണ്. പള്ളികളിലൊക്കെ നന്നായി ജലം ഉപയോഗിക്കും. പ്രവാചകൻ (സ) തങ്ങൾ പറഞ്ഞത് ഒരു ഒളു എടുക്കാൻ ഒരു മുദ്ദുവെള്ളം മതിയെന്നാണ്. ഒരു മുദ്ദുവെള്ളമെന്നുപറയുന്നത് ഒരു കൈക്കുമ്പിളാണ്. റമദാനോട് ചേർന്ന് എല്ലാ പള്ളികളും നന്നാക്കും. പള്ളികളിലൊക്കെ ഹൗള് നന്നാക്കും. നല്ല ടൈൽ ഒട്ടിച്ച് ഹൗളുണ്ടാക്കുന്നയാളാണ് നല്ല പള്ളിക്കമ്മിറ്റി പ്രസിഡന്റാണെ

ന്നാണ് കണക്ക്. പക്ഷെ നിർലോഭമായി വെള്ളം ഉപയോഗിക്കുകയാണ്. നമ്മുടെ നാട്ടിലെ ജലസംരക്ഷണത്തിന് കേവലം ഗവൺമെന്റിന്റെ മാത്രം തീരുമാനങ്ങൾ പോരാ; കുട്ടികളെ പഠിപ്പിച്ചാൽ മാത്രം പോരാ; മതസംഘടന കളടക്കം ഇതിൽ ജാഗ്രത പാലിക്കുകയും മനുഷ്യർക്കുവേണ്ടിയാണ് മതങ്ങളെങ്കിൽ മനുഷ്യരുടെ നിലനിൽപ്പിനുവേണ്ടിയുള്ള നമ്മുടെ നാട്ടിലെ പള്ളിക്കുളങ്ങളും അമ്പലക്കുളങ്ങളുമൊക്കെ സംരക്ഷിക്കാൻ കഴിയുന്നതര ത്തിൽ മതങ്ങൾക്കകത്തുപോലും വലിയ ചിന്തകളും മാറ്റങ്ങളുമുണ്ടാകേണ്ട താണെന്ന് നമ്മൾ മനസ്സിലാക്കേണ്ടതാണ്. അല്ലെങ്കിൽ അപകടകരമായ അവ സ്ഥയിലേക്ക് നമ്മുടെ രാജ്യം പോകും. അങ്ങനെയാണ് കണക്കുകൾ നമ്മളെ ബോധ്യപ്പെടുത്തുന്നത്. യുണൈറ്റഡ് നേഷൻസ് എൻവ യോൺമെന്റൽ പ്രോഗ്രാം നൽകുന്ന മുന്നറിയിപ്പ് ഓരോ വർഷവും 5% ശുദ്ധ ജലം കുറഞ്ഞുവരുന്നുവെന്നതാണ്. ശുദ്ധജലം 5% വച്ച് കുറയുന്നുവെന്നുപ റഞ്ഞാൽ, എത്ര വർഷംകൊണ്ട് നമുക്ക് ലഭിക്കുന്ന വെള്ളം കുറയുന്നുവെ ന്നത് കണക്കുകൾ കൊണ്ട് പറയാൻ കഴിയും. ഓരോ വർഷവും 5% വീതം വെള്ളം കുറഞ്ഞുവരുന്നു. മാനവരാശി അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാ നപ്പെട്ട രണ്ടുപ്രശ്നങ്ങളാണ് ജലദൗർലഭ്യവും, ആഗോളതാപനവും. ലോക ജനസംഖ്യയുടെ 40 ശതമാനവും താമസിക്കുന്ന 80 രാജ്യങ്ങൾ ഇന്ന് ശുദ്ധ ജലത്തിന്റെ ഭീഷണി നേരിടുന്നുവെന്നാണ് പറയുന്നത്. ലഭ്യമാകുന്ന ശുദ്ധജ ലത്തിന്റെ അളവ് 20 കൊല്ലം കൊണ്ട് മൂന്നിലൊന്നായി ചുരുങ്ങുമെന്നും ഉപ ഭോഗം ഇരട്ടിയാകുമെന്നുമാണ് ഇതേ കണക്കുകൾ സൂചിപ്പിക്കുന്നത്. 2025 –ൽ ലോകത്തിൽ 500 കോടി മനുഷ്യർ നഗരവാസികളാകാൻ പോകുകയാ ണ്. നഗരത്തെക്കുറിച്ച് ചർച്ച ചെയ്യുന്ന ഒരു ദിവസമാണിന്ന്. അവർ ഉപയോ

ഗിക്കുന്ന ജലത്തിന്റെ ആവശ്യം എത്രമേൽ ഭീകരമാണെന്നത് ആലോചിച്ചാൽ മനസ്സിലാകും. എന്റെ കുട്ടിക്കാലത്ത് കേൾക്കുന്ന പ്രസംഗങ്ങളിലൊന്നാണ് ഇനി വരാൻപോകുന്ന ലോകം, നടക്കാൻ പോകുന്ന യുദ്ധം വെള്ളത്തിനുവേണ്ടിയാണെന്ന്. അമേരിക്കയ്ക്ക് ഇറാക്കിലും അറബ് രാജ്യങ്ങൾക്ക് മുകളിലുള്ള സ്വാധീനം അവിടത്തെ പെട്രോളിയത്തിനുവേണ്ടിയാണെങ്കിൽ ഇന്ന് ഗൾഫ് രാജ്യങ്ങളിൽ ഒരു ലിറ്റർ പെട്രോൾ അടിക്കണമെങ്കിൽ 25 ഇൻഡ്യൻ ഉറുപ്പിക വേണം. എന്നാൽ നമ്മുടെ നാട്ടിൽ ഒരുലിറ്റർ വെള്ളത്തിന് 15 ഉറുപ്പികയും ഫൈവ്സ്റ്റാർ ഹോട്ടലിൽ 50 ഉറുപ്പികയുമാണ്. എന്നുവച്ചാൽ പെട്രോളിന് തുല്യമാകുംവിധത്തിൽ നമ്മുടെ നാട്ടിലെ വെള്ളത്തിന് വില വർദ്ധിച്ചുകഴിഞ്ഞു. നമ്മളറിയുന്നില്ല. ഇത് ലോകത്തിന്റെ മാത്രം പ്രശ്നമല്ല. കേരളത്തിന്റെ അവസ്ഥ ഒട്ടും ഇതിൽനിന്ന് വ്യത്യസ്തമല്ലാതെ ആയിരിക്കുകയാണ്. നേരത്തെ പലരും പറഞ്ഞു; ഇപ്പോൾ അതിശക്തമായ തോരാത്ത മഴ പെയ്യേണ്ടകാലാവസ്ഥയാണ്; സഭയുടെ പുറത്തിറങ്ങിയാൽ എവിടെയും മഴയില്ല.

ഞാൻ വയനാട്ടുകാരനാണ്. നല്ല നൂൽമഴ പെയ്യുന്ന വയനാട്ടിൽപോലും ഇപ്പോൾ മഴയില്ല. കാലാവസ്ഥ പൂർണ്ണമായും മാറിയിരിക്കുന്നു. ഭൂഗർഭ ജലനിരപ്പ് ആഗോളവ്യാപകമായി അപകടകരമാംവിധം താഴ്ന്നുകൊണ്ടിരിക്കുന്നു. ഓരോ വേനൽക്കാലത്തിനുശേഷവും കിണറുകളുടെ ആഴം കൂട്ടേണ്ടിവരുന്നു. ഒരു എം.എൽ.എ. എന്ന നിലയ്ക്ക് പലപ്പോഴും ആളുകൾ വന്നിട്ട് പറയുന്നത് പഞ്ചായത്ത് കിണറുകൾ കുഴിക്കുന്നിടത്ത് കിണറിന് റിംഗ് ഇറക്കണമെന്നാണ്. ഓരോവർഷം കഴിയുമ്പോഴും റിംഗ് എങ്ങനെയാണ് ഇറക്കുന്നത്; എത്രത്തോളം താഴ്ചയിൽ നമുക്ക് കുഴിക്കാനാകും? ഭൂഗർഭജലം നഷ്ടപ്പെ

ടുന്നതുകൊണ്ടാണ് കിണറുകൾ താഴുന്നതെന്ന് നമുക്കറിയാം. കഴിഞ്ഞ ആഴ്ച എന്റെ മണ്ഡലത്തിൽ കുഴൽക്കിണർ കുഴിക്കാൻ വന്ന ആളുകൾ പറഞ്ഞത് രണ്ട് സ്ഥലത്ത് പരീക്ഷിച്ചിട്ടും വെള്ളം കിട്ടുന്നില്ലെന്നാണ്. ഭൂമി യുടെ ആഴങ്ങളിലേയ്ക്ക് ഊളിയിട്ടിറങ്ങിയിട്ടുപോലും നമുക്ക് വെള്ളം കിട്ടു ന്നില്ല. അത്രയേറെ ഭൂഗർഭജലനിരപ്പ് പൂർണ്ണമായി താഴ്ന്നുകൊണ്ടിരിക്കുകയാ ണ്. ഭൂപ്രകൃതിയനുസരിച്ച് കേരളം പടിഞ്ഞാറോട്ട് ചരിഞ്ഞ് കിടക്കുകയാണ്. ഇവിടെ ഒരുതുള്ളി വെള്ളംവീണാൽ അത് കടലിൽപോയി വീഴുമെന്ന് മന സ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും വേണ്ട. ഇവിടെ വീഴുന്ന വെള്ളം മുഴു വൻ അങ്ങനെതന്നെ പോവുകയാണ്. പണ്ട് ബാപ്പയുടെ കൈയും പിടിച്ച് കാപ്പിത്തോട്ടത്തിലൂടെ നടക്കുമ്പോൾ രണ്ട് കാപ്പിച്ചെടിക്ക് ഒരു കുഴിയുള്ളതാ യാണ് കണ്ടിട്ടുള്ളത്. കാപ്പിച്ചെടിയുടെ ഇലമുഴുവൻ ആ കുഴിയിലേക്ക് നീക്കിയിടുകയും മഴവെള്ളം വീഴുമ്പോൾ കുഴിയിൽതന്നെ കിടക്കുകയും ചെയ്യും. കാപ്പിച്ചെടിക്ക് ആവശ്യമായ വളവും ജലവും അങ്ങനെ ലഭിക്കും. ഇപ്പോൾ എല്ലാവരും വീടുവയ്ക്കുമ്പോൾ കാറിൽ നിന്നിറങ്ങി മുറ്റത്തേയ്ക്ക് കാലെടുത്തുവയ്ക്കുമ്പോൾ മുതൽ വീടിനകത്തേയ്ക്ക് കയറുന്നതുവരെ ഒരു തരി മണ്ണുപോലും കാലിൽ പറ്റരുത് എന്ന് വാശിപിടിച്ച് തറ മുഴുവൻ കോൺക്രീറ്റ് ചെയ്തിരിക്കുകയാണ്. അതിനാൽ ഒരുതുള്ളി ജലംപോലും മണ്ണിൽ താഴാതെ പുറത്തേയ്ക്കൊഴുകിപ്പോവുകയാണ് ചെയ്യുന്നത്. ജലം സംഭരിക്കാനുള്ള ഒരു സംവിധാനവുമിപ്പോഴില്ല. മഴവെള്ളസംഭരണികൾ നിർബന്ധമാക്കണം. ലോകത്തിൽ ഏറ്റവും കൂടുതൽ കിണറുള്ള നാടാണ് നമ്മുടേത്. ഏറ്റവും നല്ല ജലസംഭരണി കിണറുകളാണ്. ഒരു വീടിന്റെ പ്ലാൻ ചെയ്യുമ്പോൾതന്നെ അവിടത്തെ കിണറുകളിൽ മഴവെള്ളസംഭരണം നിർബന്ധമാക്കിയാൽ ഇതിനൊരു പരിഹാരം കാണാൻ സാധിക്കും. ഭൂമി

യുടെ വൃക്കകൾ എന്നുപറയുന്ന തണ്ണീർത്തടങ്ങളും പാടങ്ങളും കുളങ്ങളും ചതുപ്പുകളുമൊക്കെ നമ്മുടെ നാട്ടിൽനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പണ്ട് വയനാട്ടിൽനിന്ന് സ്കൂളിൽ പോകണമെങ്കിൽ ടാറിട്ട റോഡിലൂടെ പോയാൽ വേഗമെത്താമെങ്കിലും വളഞ്ഞുതിരിഞ്ഞ് വയലിലൂടെയാണ് ഞങ്ങൾ സ്കൂളിലേക്ക് പോയിരുന്നത്. പോകുന്നവഴി വയൽ വരമ്പിൽ മടമ്പുകൊണ്ട് ഒന്ന് താഴ്ത്തിയമർത്തി അഞ്ച് മിനിട്ട് കഴിഞ്ഞാൽ അതിൽനിന്നും വെള്ളം ഉറവ പൊട്ടിവരുന്നത് കണ്ടത് ഓർമ്മയുണ്ട്. ആ വയലുകളൊക്കെ ഇപ്പോൾ തരിശ്ശായിക്കിടക്കുകയാണ്. എല്ലാജലസ്രോതസ്സുകളും പൂർണ്ണമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. തണ്ണീർത്തടങ്ങളും വനങ്ങളും ലോകത്ത് പകുതിയിലധികം നശിച്ചുകഴിഞ്ഞുവെന്നാണ് Worldwatch Institute-ന്റെ കണക്കുകൾ പറയുന്നത്. സഭയിൽ ആദ്യത്തെ പ്രസംഗം നടത്തുമ്പോൾ നമ്മുടെ കണ്ടൽവനങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. കണ്ണൂർ ജില്ലയിലെ ഏറ്റവും മനോഹരമായ കണ്ടൽവനമുള്ള ഒരു പ്രദേശമാണ് വളപട്ടണം. വളപട്ടണം പാലത്തിന്റെ മുകളിൽനിന്ന് നോക്കിയാൽ വളരെ വിശാലമായ കണ്ടൽവനങ്ങൾ കാണാം. അടുത്തകാലത്ത് കണ്ടൽവനങ്ങൾ വ്യാപകമായി നശിപ്പിക്കുന്നുവെന്ന് അറിഞ്ഞ് ഞാൻപോയി നോക്കുകയുണ്ടായി. അവിടെയെത്തി ഫോട്ടോ എടുക്കാൻ തുടങ്ങിയപ്പോൾ അത് തടയാനായി കുറച്ചുപേർ ഓടിയടുത്തുവന്നു. എം.എൽ.എ. ആണെന്ന് മനസ്സിലായപ്പോൾ അവർ തിരിഞ്ഞോടി. വ്യാപകമായി അതിന്റെ ഉൾഭാഗങ്ങൾ മുഴുവൻ നശിപ്പിച്ചുകളയുകയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരാണ് കണ്ടൽവനങ്ങൾ സംരക്ഷിക്കാനുള്ളതെന്ന് ഞാൻ പലപ്പോഴും സഭയ്ക്കകത്തുപോലും പറഞ്ഞിട്ടുണ്ട്. എന്നാൽ അവർക്ക് കണ്ടൽവനങ്ങളെ പരിരക്ഷിക്കുവാൻ കഴിയുന്നില്ല. അത് വലിയൊരു

പ്രശ്നമാണ്. ഏത് വിഷയത്തിലായാലും ഏത് നിയമമായാലും നമുക്ക് വോട്ട് കിട്ടിയാൽ മതി. സഭയിൽ സമീപകാലത്തെടുത്ത ഓരോ വിഷയങ്ങളും അത് വനമായാലും പ്രകൃതിയുമായുമൊക്കെ ബന്ധപ്പെട്ടു പരിശോധിച്ചാൽ നമുക്കത് മനസ്സിലാകും. ബഹുമാനപ്പെട്ട മന്ത്രി കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുവേണ്ടിയെടുത്തിട്ടുള്ള എല്ലാ തീരുമാനങ്ങളേയും പൂർണ്ണമായി പിന്തുണക്കുകയും വളരെ ഗൗരവത്തോടുകൂടി ഭാവി നമുക്കു മേൽ ഉയർത്തുന്ന പുത്തൻ വെല്ലുവിളികളെ തരണംചെയ്യാൻ കഴിയുന്ന വിധത്തിലുള്ള നിയമങ്ങളുണ്ടാക്കണമെന്നുകൂടി ഞാൻ അപേക്ഷിക്കുകയാണ്. മിഷൻ 676–ൽ ഉൾപ്പെടുത്തി 184 കുടിവെള്ള പദ്ധതികൾ വരുന്നതിൽ കൂടാളി പഞ്ചായത്തിലെ പായങ്കോടൻപാറയുടെ കുടിവെള്ള പദ്ധതി 200 ദിവസത്തിനകം പൂർത്തീകരിക്കുമെന്ന തീരുമാനത്തെ എന്റെ മണ്ഡലമെന്ന നിലയ്ക്ക് അദ്ദേഹത്തെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഒരുപാട് തവണ ആവർത്തിച്ച വിഷയങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. എന്നാൽ ഇന്ന് എൽ.എസ്.ജി.ഡി–യുടെ എഞ്ചിനീയർമാരുടെ ഒഴിവ് നമ്മുടെ പ്രവർത്തനങ്ങളെ വളരെ അപകടകരമാംവിധം ബാധിക്കുന്നുണ്ട്. 47–ഓളം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, 53–ഓളം അസിസ്റ്റന്റ് എഞ്ചിനീയർമാർ 157–ഓളം ഓവർസിയർമാർ, ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഒരു ചീഫ് എഞ്ചിനീയർ, രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവരുടെയൊക്കെ കുറവുകളുണ്ട്. അത് പരിഹരിച്ച് നഗരത്തിന്റെ ശുചീകരണത്തിനും സുഗമമായി മുന്നോട്ടുള്ള പ്രയാണങ്ങൾക്കും ശക്തിപകരാൻ ബഹുമാനപ്പെട്ട നഗരവികസന

വകുപ്പുമന്ത്രിക്ക് സാധിക്കണം. എല്ലാ അർത്ഥത്തിലും ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിൻതുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, നഗരവികസനവുമായി ബന്ധപ്പെട്ട് നിയമ സഭയിലാദ്യമായി മന്ത്രിയുടെ ഭാഗത്തുനിന്ന് ഏറെ സ്വാഗതാർഹമായൊരു നിർദ്ദേശം വന്നിരുന്നു. 3 മന്ത്രിമാർ ചേർന്നുകൊണ്ടുള്ള ഒരു ഉപസമിതി രൂപീ കരിച്ച് ഒരുവർഷത്തിനകം മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്ന് ബഹുമാന്യനായ മന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നു. ലോകം മുഴുവൻ പ്രത്യേകിച്ച് നഗരങ്ങൾ കണ്ട മന്ത്രി എന്ന നിലയിൽ അതിന്റെ വേഗത വർദ്ധി ക്കുമെന്ന് സ്വാഭാവികമായും നമ്മൾ വിശ്വസിച്ചിരുന്നു. പക്ഷേ മാലിന്യ ത്തിന്റെ പ്രശ്നം ആ അർത്ഥത്തിൽ പരിഹരിക്കാൻ കഴിഞ്ഞില്ലെന്ന ദു:സ്ഥി തിയാണ് നമ്മുടെ മുമ്പിലുള്ളത്. അതൊരു കീറാമുട്ടിയായി നിൽക്കുകയാണ്. സീറോ വേസ്റ്റിനെക്കുറിച്ച് നമുക്കേവർക്കും സംസാരിക്കാൻ സാധിക്കും. പക്ഷേ അതിനുള്ള പരിഹാരം നമ്മുടെ മുമ്പിൽ ഉയർന്നുവരുന്നില്ല. ലോക മിന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ മാലിന്യപ്രശ്നത്തെക്കുറിച്ച് നല്ല പഠനം നടത്തിയത് എഡ്വേഡ് ഹ്യൂമസ് ആണ്. 'പാഴ് വസ്തുശാസ്ത്രം'. അറിഞ്ഞോ അറിയാതെയോ മാലിന്യങ്ങളോടുള്ള നമ്മുടെ പ്രണയത്തെയാണ് അദ്ദേഹമതിൽ സൂചിപ്പിച്ചത്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അത്തരം സാഹചര്യത്തിൽ ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരം കാണാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഒരു സാമൂഹികാവബോധമുയർത്തിക്കൊണ്ടുവ ന്നാലേ ഇതിന് ശാശ്വതമായൊരു പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. ഇവിടെ വെള്ളത്തെക്കുറിച്ച് സംസാരിക്കുന്നതുപോലെ അവിടത്തെ മാലിന്യ മുണ്ട്. മറ്റിതര മേഖലകളെക്കുറിച്ച് സംസാരിക്കുമ്പോൾ അവിടത്തെ മാലിന്യ

മുണ്ട്. ഇത് മാറ്റിയെടുക്കണമെങ്കിൽ ഒരു സാമൂഹികാവബോധം നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കണം. നാം വിസ്മരിച്ചുപോയതാണ്. അത്രയേറെ സംശുദ്ധമായ ജീവിതസാഹചര്യത്തിലൂടെ പഴയ തലമുറ നമ്മുടെ രാജ്യത്തെ മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിച്ചെങ്കിൽ അതൊക്കെ ഇല്ലാതാക്കുന്നത് ഇന്നത്തെ നാം ഉൾപ്പെടുന്ന തലമുറയാണ്. അതിനെതിരെയുള്ള നല്ലൊരു പരിശ്രമമാണ് വേണ്ടത്. കേരളത്തിൽ 44 നദികളുണ്ട്. അതിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ആശുപത്രിയിൽ നിന്നുൾപ്പെടെയുള്ള മാലിന്യങ്ങൾ നേരിട്ട് പുഴകളിലേയ്ക്കും നദികളിലേയ്ക്കും തള്ളുന്ന സമീപനങ്ങൾക്കെതിരെ ജനകീയ അവബോധവും പ്രതിരോധവും ഉയർന്നുവന്നില്ലെങ്കിൽ ഇതിനൊരു പരിഹാരമുണ്ടാക്കിയെടുക്കാൻ സാധിക്കുകയില്ല. അതിന് വിവിധ വകുപ്പുകളുടെ സംയോജനം അനിവാര്യമാണ്. ആ നിലയ്ക്ക് ഒരുശ്രമം നടത്തിയാൽ മാത്രമേ നമുക്കിത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഇന്ന് ഒട്ടേറെ ജീവജാലങ്ങൾ ഇല്ലാതായിരിക്കുകയാണ്. മനുഷ്യവംശംതന്നെ നശിക്കാനുള്ള സാധ്യതയുണ്ട്. മത്സ്യസമ്പത്ത് ഇല്ലാതായി. നമ്മുടെ പക്ഷികളിൽ കാക്കപോലും വളരെ കുറവാണ്. നമ്മുടെ വീട്ടുമുറ്റത്തുള്ള ഒട്ടേറെ മാലിന്യങ്ങൾ വൃത്തിയാക്കുന്നത് കാക്കയായിരുന്നു. ഇന്ന് കാക്കയുടെ എണ്ണം വളരെ കുറവാണ്. കാക്കയുടെ വംശനാശത്തെക്കുറിച്ച് ഒരു പഠനം നടത്തേണ്ടതാണ്.

അടുത്തകാലത്ത് കടപ്പുറത്ത് മരണാവസ്ഥയിൽ കണ്ടെത്തിയ ഒരു തിമിംഗലത്തിന്റെ വയറ് പരിശോധിച്ചപ്പോൾ 450 പൗണ്ട് പ്ലാസ്റ്റിക് മാലിന്യ

മാണ് കണ്ടെത്തിയത്. ചെറിയമത്സ്യത്തെ അതിനേക്കാൾ വലിയ മത്സ്യം വിഴുങ്ങുന്നു. അങ്ങനെ വിഴുങ്ങിവിഴുങ്ങി തിമിംഗലത്തിന്റെ അടുത്തെത്തു മ്പോഴേയ്ക്കും 450 പൗണ്ട് പ്ലാസ്റ്റിക് മാലിന്യം അതിന്റെ വയറ്റിലാകുന്നു. ഇത് വളരെ ഗൗരവമായി പരിഗണിക്കേണ്ട ഒരു കാര്യമാണ്. അനധികൃതമായി വീടുകളുടേയും ഫ്ളാറ്റുകളുടേയും നിർമ്മാണത്തിന് ഇളവ് കൊടുക്കാനാണ് ആലോചിച്ചത്. പണം നൽകിയാൽ ഏത് നിയമത്തേയും ലംഘിക്കാൻ കഴിയും എന്ന നിലയിലേയ്ക്ക് പോവുകയാണ്. തീർച്ചയായും അതീവ ഗുരു തരമായ ഭവിഷ്യത്താണ് ഇതുമൂലം ഉണ്ടാകുന്നത്. എന്തിനേയും നേരിടാൻ പോന്ന സമ്പത്തിന്റെ ഉടമകൾ, നഗരങ്ങളെ കീഴ്പ്പെടുത്തുന്ന തരത്തിലേയ്ക്ക് ഫ്ളാറ്റുകൾ ഉയർന്നുവരികയാണ്. അതിന് ഇളവുകൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു അനുമതിയും വാങ്ങാതെ ഫ്ളാറ്റുകൾ നിർമ്മിക്കുന്ന തിനുള്ള ക്ലീൻ ചിറ്റ് അവർക്ക് നൽകുകയും സൗധങ്ങൾ ഉയരുകയുമാണ്. ഡൽഹിയിലും മദ്രാസിലും വലിയ കെട്ടിടങ്ങൾ തകർന്നുവീണതായുള്ള വാർത്ത കഴിഞ്ഞ ദിവസത്തെ പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഴയ കെട്ടിടം തകർന്ന സംഭവം തിരുവനന്തപുരത്തുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇത്തരം ഫ്ളാറ്റുകളുടെ ഉറപ്പ് പരിശോധിക്കാൻ ഒരു സംവിധാനം ഉണ്ടാകണം. ഇല്ലെങ്കിൽ അതിന്റേതായ ഭവിഷ്യത്തുകൾ ഉണ്ടാകും. ഇത്തരം കെട്ടിടങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്ലാനിംഗുമായി ബന്ധപ്പെടുത്തി പരിഹരിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. ഇല്ലെങ്കിൽ ഇളവനുവദിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ശ്വാസം വിടാൻ പറ്റാത്ത തരത്തി ലുള്ള കോൺക്രീറ്റ് സൗധങ്ങൾ നമ്മുടെ നഗരങ്ങളിൽ ഉയരും. നമ്മുടെ പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധിപേർ ഇവിടെ സംസാരിച്ചതുകൊണ്ട്

അതിനെ സംബന്ധിച്ച് പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ പി. ഡബ്ല്യു.ഡി.യും വാട്ടർ അതോറിറ്റിയുമായി നല്ല ബന്ധം അനിവാര്യമാണ്. ഒട്ടേറെ റോഡുകൾ ബി.എം&ബി.സി അടിസ്ഥാനത്തിൽ പുനർ നിർമ്മിക്കുന്ന സാഹചര്യത്തിൽപ്പോലും പൈപ്പുകൾ പൊട്ടി വെള്ളം വലിയ തോതിൽ ഒഴുകുകയാണ്. ചെറിയ ഓട്ടോറിക്ഷകൾ പോലും തെറിച്ചുപോകാൻ ശക്തി യുള്ള ജലസ്രോതസ്സുകളാണ് പൈപ്പുകൾ പൊട്ടി വരുന്നത്. അത് മാറ്റാനുള്ള സംവിധാനം ഉണ്ടാക്കണം. ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചു രണ്ട് മണിക്കൂർ തുടർച്ചയായി കേരളത്തിലെ ഏത് മേഖലയിൽ മഴ പെയ്താലും ആ വെള്ളം കടലിലേയ്ക്കെത്തുകയാണ്. "വെള്ളം വെള്ളം സർവ്വത്ര ഉറ്റു കുടിപ്പാനില്ലത്രേ" എന്ന രീതിയിൽ കേരളക്കര മാറുകയാണ്. ആവശ്യത്തിന് മഴയില്ലാത്തതിനാൽ ഒരു മാസം കഴിഞ്ഞാൽ കുടിവെള്ളപ്രശ്നം വളരെ രൂക്ഷമാകുന്ന അവസ്ഥയിലേയ്ക്ക് മാറുകയാണ്. അതിനൊരു ബൃഹത് പദ്ധതി ഇപ്പോൾ തന്നെ തുടങ്ങിയില്ലെങ്കിൽ ജലദൗർലഭ്യം അനുഭവിക്കുന്ന സംസ്ഥാനമായി കേരളം മാറും. അതിന് ചെറുതും വലുതുമായ തടയണകൾ സൃഷ്ടിച്ച് മഴവെള്ളത്തിന്റെ ഒഴുക്കിനെ തടയുവാനുള്ള സംവിധാനമുണ്ടാ ക്കണം. കിണറുകളുടേയും, കുളങ്ങളുടേയും തടാകങ്ങളുടേയും സംരക്ഷണ ത്തിനായി ഗ്രാമപഞ്ചായത്തും ത്രിതല പഞ്ചായത്തും ഗവൺമെന്റും സംയുക്തമായി ആലോചിച്ച് പരിഹാരമുണ്ടാക്കണം. ഇന്ന് പച്ചവെള്ളം കുടിക്കാൻ കഴിയാത്ത സാഹചര്യമാണ്. ഇത് എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിച്ച് ഒരു പദ്ധതി ആവിഷ്ക്കരിച്ച് മുന്നോ ട്ടുപോകാൻ നമുക്ക് കഴിഞ്ഞില്ലെങ്കിൽ ഭാവിയിൽ പല പ്രശ്നങ്ങളുമുണ്ടാ കും. ചില വിദ്യാലയങ്ങളിൽ പി.റ്റി.എ. യുടെ നേതൃത്വത്തിൽ മഴവെള്ള

സംഭരണ പദ്ധതി ആരംഭിച്ചതും ജലസംഭരണത്തെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കുന്നതും സന്തോഷകരമായ വാർത്തയാണ്. ഗ്രാമീണ മേഖലകളിലും വീട്ടുപരിസരങ്ങളിലും ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. എന്നാൽ മാത്രമേ നമുക്കിതിനെ സംരക്ഷിക്കാൻ കഴിയൂ. പുഴകളുടെ ഉത്ഭവമേഖലകളിൽ വലിയ തോതിലുള്ള മൈനിംഗ് ആരംഭിക്കുകയാണ്. പുഴകൾ മരിച്ചുപോകുന്ന വിവരം നമ്മൾ അറിയുന്നില്ല. ഭാരതപ്പുഴ ഇപ്പോൾ വെറും മൺകൂനകളായി മാറിയിരിക്കുന്നു. അവിടെ പുല്ല് വളർന്ന് കാടായി മാറിയിരിക്കുകയാണ്. ഇത്തരം പുഴകളെ സംരക്ഷിക്കാനുള്ള, 44 നദികളെയും സംരക്ഷിക്കാനുള്ള ബൃഹത് പ്രോജക്ട് കേരളത്തിന്റേതായി ഉണ്ടാക്കിയെടുത്താൽ മാത്രമേ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയൂ. എന്റെ നിയോജകമണ്ഡലത്തിൽ ആറ് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുന്നുമ്മൽ കുടിവെള്ള അനുബന്ധ പദ്ധതിയുണ്ട്. ഈ മന്ത്രി അധികാരത്തിൽ വന്നതിനുശേഷം അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അത് സന്തോഷമുള്ള കാര്യമാണ്. പക്ഷേ ഇപ്പോൾ ഇതിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. ഗ്രാമീണ റോഡുകൾ പൂർണ്ണമായും തകർന്നിട്ടുണ്ട്. പഞ്ചായത്തുകൾക്കുള്ള ഫണ്ട് പി.ഡബ്ല്യൂ.ഡി. നിക്ഷേപിച്ചാലും രണ്ട് വർഷം കഴിഞ്ഞാൽ ആ നിക്ഷേപിച്ച ഫണ്ട് കൊണ്ട് റോഡുകൾ നിർമ്മിക്കാൻ കഴിയാത്ത അവസ്ഥ വരും. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ആ പദ്ധതി കമ്മീഷൻ ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം മൂന്ന് ചെറിയ തടയണകൾ സൃഷ്ടിക്കണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ വച്ചിട്ടുണ്ട്. അതുകൂടി പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നു. വയനാട് ഉണങ്ങുകയാണെന്ന് ഇവിടെ സൂചിപ്പിച്ചു. കബനീ നദിയിലെ

വെള്ളം ഉപയോഗപ്പെടുത്തി വയനാടിന്റെ പഴയ കാർഷിക സമ്പദ്ഘടന ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണമെന്നുകൂടി സൂചിപ്പി ച്ചുകൊണ്ടും ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, നഗരവികസനവും ജലസേചനവും വകുപ്പു കളിലേയ്ക്കായി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. നമ്മുടെ സംസ്ഥാനത്ത് നഗരപാലികാ – പഞ്ചായത്ത് രാജ് നിയമങ്ങൾ പാസാക്കിയതിനുശേഷം 1995 മുതൽ 2010 വരെ നടന്ന തെരഞ്ഞെടുപ്പുകളിൽ, ഒരു വർഷം കൂടി കഴിഞ്ഞാൽ ഭരണസമിതിയുടെ കാലാവധി പൂർത്തിയായാൽ, 20 വർഷം പൂർത്തിയാകും. ആ അവസരത്തിൽ ഈ നിയമത്തിലെ പാളിച്ചകൾ എന്തൊക്കെയാണെന്ന് പരിശോധിക്കേണ്ട സമയം കൂടിയാണിത്. ഈ നിയമം ആദ്യമായി കൊണ്ടുവരുന്നത് രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോഴാണ്. പക്ഷേ അദ്ദേഹം കൊണ്ടു വന്ന നിയമത്തിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളിലെ അദ്ധ്യക്ഷന്മാരെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന നിയമമാണ് അദ്ദേഹം ഉദ്ദേശിച്ചത്. രാജ്യസഭയിൽ അതിന് മൂന്നിൽ രണ്ട് ഭൂരിപക്ഷം കിട്ടാ ത്തതുകൊണ്ട് ആ ബിൽ പരാജയപ്പെട്ടു. പിന്നീട് 1992–ൽ അന്നത്തെ കേന്ദ്ര ഗവൺമെന്റ് ഈ നിയമം കൊണ്ടുവന്നു. അന്നത്തെ ഭരണകക്ഷിയായ കോൺഗ്രസ്സിന് ഭൂരിപക്ഷമില്ലാത്തതുകൊണ്ട് ഒരു സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം സ്വീകരിച്ചതിനുശേഷമാണ് ഈ നിയമം 1992 ഡിസംബറിൽ പാസാക്കിയത്. ഔട്ട്ലൈൻ മാത്രം കേന്ദ്രം നിർദ്ദേശി

ക്കുക, വിശദമായ കാര്യങ്ങൾ സംസ്ഥാനങ്ങളിൽ ചർച്ച ചെയ്ത് നിയമമാക്കുമെന്നാണ് അന്ന് എടുത്ത തീരുമാനം. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാരെ നേരിട്ട് തെരഞ്ഞെടുക്കുന്ന സംവിധാനമാണുള്ളത്. കേരളത്തിൽ അതിനെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ ഭരണപക്ഷത്തിലേയും പ്രതിപക്ഷത്തിലേയും മഹാ ഭൂരിപക്ഷവും പറഞ്ഞത് ഡയറക്ട് ഇലക്ഷൻ വേണ്ട, അംഗങ്ങളുടെ ഭൂരിപക്ഷം നോക്കി അദ്ധ്യക്ഷന്മാരെ നിശ്ചയിച്ചാൽ മതിയെന്നാണ്. ഇരുപത് വർഷം പൂർത്തിയാകുന്ന ഈ അവസരത്തിലും പലപ്പോഴും നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണ സ്തംഭനം ഉണ്ടാകുന്നത് എന്തു കൊണ്ടാണ്. അദ്ധ്യക്ഷപദവിയെക്കുറിച്ചുള്ള തർക്കങ്ങളാണ് ഇതിന് കാരണം. ഒരു മുന്നണിക്ക് ഭൂരിപക്ഷം കിട്ടിയാൽ 5 വർഷമാണ് ഭരണസമിതിയുടെ കാലാവധിയെങ്കിലും ഘടകകക്ഷികൾ തമ്മിൽ ആദ്യം വീതം വയ്ക്കും, അതു കഴിഞ്ഞാൽ പാർട്ടിയ്ക്കകത്ത് വീതം വയ്ക്കും. ഇതുകൊണ്ടുണ്ടാകുന്ന പരിണിത ഫലമെന്തെന്നാൽ ഒരു പഞ്ചായത്ത് പ്രസിഡന്റിനോ ഒരു കോർപ്പറേഷൻ മേയർക്കോ മുനിസിപ്പൽ ചെയർമാനോ ആ സ്ഥാനത്തിരുന്ന് ഭരണം തുടങ്ങുന്നതിനുമുമ്പ് രാജി വയ്ക്കേണ്ടിവരും. ചാർജ്ജെടുത്തതിന്റെ സ്വീകരണമെല്ലാം കഴിഞ്ഞ് ഭരണത്തിലേയ്ക്ക് കടക്കുമ്പോൾ കാലാവധി കഴിയും. ഉടനെ അദ്ധ്യക്ഷൻ രാജിവയ്ക്കും. ഇല്ലെങ്കിൽ അവിശ്വാസ പ്രമേയം കൊണ്ടുവരും. ശ്രീ. വർക്കല കഹാറിന്റെ നിയോജകമണ്ഡലത്തിൽ ഈ അടുത്തകാലത്ത് സ്വന്തം പാർട്ടിയുടെ പഞ്ചായത്ത് പ്രസിഡന്റ് മുനിസിപ്പൽ ചെയർമാനെതിരായി അവിശ്വാസ പ്രമേയം കൊണ്ടുവന്ന സംഭവങ്ങളുണ്ട്. തരംപോലെ നിറം മാറും, ഔദ്യോഗികക്കാരൻ റിബലാകും, റിബൽ ഔദ്യോഗികക്കാരനാകും, ഭരണം പിടിച്ചെടുക്കുന്നതിനും സ്ഥാനം

കിട്ടുന്നതിനുംവേണ്ടി ആരുമായും കൂട്ടുകൂടും. എന്റെ ഓർമ്മ ശരിയാണെങ്കിൽ ശ്രീ. ജോസ് തെറ്റയിലിന്റെ മണ്ഡലമായ അങ്കമാലിയിൽ ഇന്നുവരെ ഒരു ഭരണസമിതിക്കും ഭരണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അങ്കമാലിയിലാണ് വൻതോതിൽ കാലുമാറ്റം നടക്കുന്നത്. ഓരോതവണയും രാജി വയ്ക്കുക വീണ്ടും തെരഞ്ഞെടുക്കുക. കഴിഞ്ഞ ദിവസവും ഒരു രാജിയുണ്ടായി. ഇക്കാരണം കൊണ്ട് അദ്ധ്യക്ഷപദവിയിലുള്ളവർക്ക് ഒന്നും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, എല്ലാവരുമായി ഒരു സമവായത്തിലെത്തിയാലേ അത് നടപ്പാക്കാൻ കഴിയൂ. എന്റെ വ്യക്തിപരമായ അഭിപ്രായം കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ് ഈ മൂന്ന് സ്ഥാനങ്ങളെങ്കിലും, ബ്ലോക്കിലും ജില്ലയിലും കൂടി വന്നാൽ നല്ലകാര്യം, ഒരു ഡയറക്ട് ഇലക്ഷൻ വയ്ക്കാനുള്ള നിയമം കൊണ്ടുവന്നില്ലെങ്കിൽ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും അനുവദിച്ച ഫണ്ടുകൾ നമുക്ക് ഫലപ്രദമായി ചെലവഴിക്കാൻ കഴിയാതെ വരും. കഴിഞ്ഞ 20 വർഷക്കാലമായി എല്ലായിടത്തും കാലുമാറ്റങ്ങളും കുതികാൽവെട്ടും ഭരണസമിതിയെ മറിച്ചിടലുമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. പണ്ടുകാലത്താണെങ്കിൽ വല്ലപ്പോഴുമേ ഇലക്ഷൻ നടക്കുകയുള്ളൂ, അന്ന് ഇതുപോലെ അധികാരങ്ങളുമില്ല. അന്ന് പഞ്ചായത്ത് പ്രസിഡന്റിന് റോഡ് നിർമ്മിക്കണമെങ്കിൽ സെക്രട്ടേറിയറ്റിൽ വന്ന് അലഞ്ഞ് തിരിയണം. ഇന്ന് അങ്ങനെയല്ല. ഇന്ന് വിപുലമായ അധികാരങ്ങൾ അവർക്കുണ്ട്. വനിതാ സംവരണം 50% വന്നത് മോശമല്ല. സ്ത്രീകളും കാലുമാറ്റത്തിന്റെ കാര്യത്തിലും കുതികാൽവെട്ടിന്റെ കാര്യത്തിലും ഒട്ടും മോശമല്ല, പുരുഷന്മാരെക്കാൾ സമർത്ഥമായി അവരും കാര്യങ്ങൾ നിർവ്വഹിക്കുന്നുണ്ട്.

അതുകൊണ്ട് തീർച്ചയായും കോർപ്പറേഷൻ, മുനിസിപ്പൽ, പഞ്ചായത്ത് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്ക് ഡയറക്ട് ഇലക്ഷൻ വച്ചാൽ മാത്രമേ ഭരണം കാര്യമായി കൊണ്ടുപോകാൻ കഴിയുകയുള്ളൂ. അതുപോലെ തന്നെയാണ് സംവരണവും വാർഡുകളും. ഒരു ഇലക്ഷൻ കഴിഞ്ഞ് അഞ്ച് വർഷം കഴിയുമ്പോൾ വാർഡുകളുടെ ഘടനയും റിസർവേഷനും മാറുക യാണ്. ഒരു വാർഡ് വിഭജനം കഴിഞ്ഞാൽ മൂന്ന് ടേമെങ്കിലും നിലവിലുള്ള സംവിധാനം തുടർന്നുകൂടേ; വട്ടിയൂർക്കാവ് നിയോജകമണ്ഡലം നാളെ വനിതാസംവരണ മണ്ഡലം ആകുകയാണെങ്കിൽ ഞാൻ ഇങ്ങനെ പാടുപെട്ട് ഇങ്ങനെ നടക്കുമോ; അതുപോലെതന്നെയാണ് മറ്റുപലരുടെയും ചിന്ത. പാർട്ടി തീരുമാനിക്കും എന്നൊക്കെ പറഞ്ഞാലും മൽസരിക്കണം, ജയിക്കണം എന്ന് എല്ലാവരുടെയും മനസ്സിലുണ്ടാകും. ചിലർ തുറന്നു പറയുന്നില്ല. എന്നെപ്പോലെയുള്ളവർ തുറന്നുപറയുന്നു എന്നുമാത്രം. ഇത് പഞ്ചായത്തിലുമുണ്ട്. നമ്മൾ ശ്രദ്ധിച്ചാൽ ഒരു കാര്യം മനസ്സിലാക്കാൻ സാധി ക്കും. നാല് പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമാണ് 40 ശതമാനത്തോളം പഞ്ചായത്ത് മെമ്പർമാരും കോർപ്പറേഷൻ – മുനിസിപ്പൽ കൗൺസിലർമാരും പരാജയപ്പെടുന്നുണ്ട്. കാരണം അവരുടെ നോട്ടം എന്താണ്; പഞ്ചായത്ത് മെമ്പറോ കോർപ്പറേഷൻ കൗൺസിലറോ ആയിക്കഴിഞ്ഞാൽ ഏതായാലും എന്റെ വാർഡ് അടുത്ത തവണ സംവരണ വാർഡായിരിക്കും. എന്നാൽ പിന്നെ അടുത്ത വാർഡിലേക്കായിരിക്കും നോക്കുക. ഇവിടെയാണ് കൗൺസിലർ എങ്കിലും അടുത്ത വാർഡിലേ ക്കാണ് നോട്ടം. ഇത് കാരണം ഫലപ്രദമായ ഒരു കാര്യവും അവിടെ നടക്കുന്നില്ല. പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനി

ധികളെ ജനങ്ങൾ സമീപിച്ചാൽ സംവരണത്തിന്റെ ഭയവും സീറ്റ് മാറുമെന്നുള്ള ടെൻഷൻ കാരണം ഒരു നെഗറ്റീവ് അപ്രോച്ച് ഉണ്ടാകും. തീർച്ചയായും ഇതിൽ ഒരു മൂന്ന് ടേമെങ്കിലും നിർബന്ധമായി എക്സിസ്റ്റിംഗ് സംവിധാനം തുടരാനുള്ള ഒരു സംവിധാനമുണ്ടാക്കണം. ഇവിടെ ചർച്ചയിൽ പറഞ്ഞ ഒരു പ്രധാനകാര്യം ഒന്ന്, മാലിന്യനിർമ്മാജ്ജനവും തെരുവുനായ്ക്കളുടെ ശല്യവുമാണ്. നിരവധി തവണ ഇവിടെ ചർച്ച ചെയ്തതാണ്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ എനിക്ക് മന്ത്രിയോട് ഒരു കാര്യം ചോദിക്കാനുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും നമ്മൾ എത്ര തുക ഇതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്; ഇതുകൊണ്ട് എന്തുനേട്ടം നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുണ്ട്? തിരുവനന്തപുരം നഗരത്തെ സംബന്ധിച്ച് ഞാൻ പറയാം. ഇവിടെ ബയോഗ്യാസ് പ്ലാന്റ് കൊടുക്കാൻ കഴിയാഞ്ഞിട്ടല്ല. ഞാൻ തന്നെ പല റസിഡന്റ്സ് അസോസിയേഷൻ യോഗങ്ങളിൽ പങ്കെടുക്കുമ്പോൾ ഞങ്ങൾക്ക് ഇന്ന റോഡ് നേരെയൊക്കണം, എം.എൽ.എ. ഫണ്ട് വേണം എന്നൊക്കെ സാധാരണ എല്ലാവരും യോഗത്തിന്റെ സ്വാഗത പ്രസംഗത്തിൽ തന്നെ പറയും. മാലിന്യനിർമ്മാർജ്ജനത്തിന് നിങ്ങൾ ഒരു സ്ഥലം കാണിച്ചുതന്നാൽ എന്റെ പ്രാദേശിക ഫണ്ട് ഉപയോഗിച്ച് ഒരു ബയോഗ്യാസ് പ്ലാന്റ് ഇവിടെ നിർമ്മിക്കാം എന്ന് ഞാൻ പല സ്ഥലത്തും അങ്ങോട്ട് പറയാൻ തുടങ്ങി. ദൈവം സഹായിച്ച് ഇതുവരെ ആരും അത് എഗ്രി ചെയ്തുകൊണ്ട് സമീപിച്ചിട്ടില്ല. എന്തെങ്കിലും കാരണവശാൽ ഒരു പ്ലാന്റ് വന്നാൽ ഇവിടെ മറ്റൊരു മാലിന്യക്കൂമ്പാരമായി മാറുമോ എന്നുള്ള ഭയമാണ്. പ്രത്യേകിച്ച് വിളപ്പിൽശാല സംഭവം കൂടിയുള്ളതുകൊണ്ട് ഇത് മറ്റൊരു മാലിന്യകേന്ദ്രമായി മാറുമെന്നുള്ള ഭയം കൊണ്ട് ഒരു പ്ലാന്റും എവിടെയും വയ്ക്കാൻ സമ്മതിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെ

കോർപ്പറേഷൻ കൗൺസിലർമാരും തിരുവനന്തപുരത്ത് പലതവണ യോഗം കൂടുകയുണ്ടായി. ശുചിത്വമിഷന്റെ സഹകരണത്തോടുകൂടിയുള്ള ഒരുപാട് പദ്ധതികൾ പ്രഖ്യാപിച്ചു. പക്ഷേ പ്രഖ്യാപിച്ചുകഴിഞ്ഞാൽ, ഒരു പ്രദേശത്ത് ഒരു പ്ലാന്റ് വയ്ക്കാൻ തീരുമാനിച്ചാൽ അവിടെ പിറ്റേ ദിവസം സർവ്വകക്ഷി യോഗമാണ്. അതിൽ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഒരു വ്യത്യാസ വുമില്ല. ഈ പ്ലാന്റ് ഇവിടെ വേണ്ടാ എന്നുപറഞ്ഞ് പിറ്റേ ദിവസം അവിടെ യോഗമാണ്. രാത്രികാലങ്ങളിൽ അടുത്ത വീടുകളിലേക്ക് മാലിന്യങ്ങൾ കൊണ്ടിടുകയും ചെയ്യും. അല്ലെങ്കിൽ കുളങ്ങളിൽ കൊണ്ടിടും. എവിടെ യാണ് മാലിന്യങ്ങളൊക്കെ പോകുന്നത് എന്ന് നേരത്തേ ശ്രീ. കെ. ബി. ഗണേഷ് കുമാർ ചോദിച്ചു. കുളങ്ങളിലും തോട്ടിലുമൊക്കെ നോക്കിയാൽ മതി ധാരാളം മാലിന്യങ്ങൾ കിടക്കുന്നുണ്ട്. ഈ മാലിന്യങ്ങളൊക്കെ ഭക്ഷി ച്ചാണ് തെരുവുപട്ടികൾ ഇത്ര ആരോഗ്യത്തിൽ ഇവിടെ ജീവിച്ചുകൊണ്ടിരിക്കു ന്നത്. അതിന്റെ ശൗര്യമാണ് നമ്മുടെ നേരെ കാണിച്ചുകൊണ്ടിരിക്കുന്നത്. നാല് പട്ടികളുടെ ചിത്രം എടുക്കാനുള്ള സന്ദർഭം ഉണ്ടായി എന്ന് ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) പറഞ്ഞു. നാലെണ്ണം മാത്രമല്ലേ കണ്ടിട്ടുള്ളൂ. ഞാൻ തന്നെ പത്തെണ്ണത്തിനെ ഒരുമിച്ച് കണ്ടിട്ടുണ്ട്.

മി. സ്പീക്കർ: പട്ടി കടിക്കാൻ വന്നപ്പോൾ പടമെടുക്കാൻ നിന്നോ?

ശ്രീ. കെ. മുരളീധരൻ: പടമെടുക്കാൻ ചെന്നാൽ കടിക്കുമെന്നുള്ള കാര്യത്തിൽ സംശയമൊന്നും വേണ്ടാ. അദ്ദേഹം നാലെണ്ണത്തിനെ കണ്ടു എന്ന് പറഞ്ഞു. ഞാൻ പത്തെണ്ണത്തിനെ ഒന്നിച്ച് കണ്ടിട്ടുണ്ട്. നമ്മളൊക്കെ ഏതെങ്കിലും മരണവീട്ടിലോ, കോൺസ്റ്റിറ്റ്യുവൻസിയിലെ ഒരു പരിപാടിക്കോ പോകുമ്പോൾ എല്ലാ ദൈവങ്ങളെയും വിളിച്ചിട്ടാണ് പോകുന്നത്. എപ്പോഴാണ് ഇത് വന്ന് കടിക്കുക എന്നറിയില്ല. ഇവിടെ പറയുന്നതിൽ

എനിക്ക് ഏറ്റവും അത്ഭുതം തോന്നുന്ന ഒരു കാര്യം പേപ്പട്ടിയെ കൊല്ലാൻ പാടില്ലായെന്നുള്ളത് സുപ്രീം കോടതിയുടെ ഉത്തരവാണെന്ന് ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞു. ഇവിടെ ആടിനെ കൊന്ന് മട്ടൻ ഫ്രൈ ഉണ്ടാക്കു ന്നില്ലേ; ഗോവധം പാടില്ല എന്ന് പറയുന്ന നമ്മളൊക്കെ പശുവിനെ പൂജിക്കു ന്നതിനോടൊപ്പം അത്യാവശ്യം അതിനെ കൊന്ന് തിന്നുന്നുമില്ലേ; പശുവി നേയും ആടിനേയും കോഴിയേയും കൊല്ലാം. കോഴിയുടെ കാര്യം പിന്നെ പറയാനില്ല. അതിന് സർവ്വനാശമാണ്. ഇതിനെ എല്ലാത്തിനെയും കൊല്ലാം. പക്ഷേ ആളുകളെ കടിക്കുന്ന പട്ടിയെ കൊല്ലാൻ പാടില്ല.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, നമ്മളൊക്കെ കഴിക്കുന്ന പശു, പോത്ത് ഇവയൊക്കെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നുണ്ട്. അത് അറുത്ത് കഴിക്കുന്നുമുണ്ട്. നായയെ കഴിക്കുന്ന ചില സ്ഥലങ്ങളില്ലേ; നോർത്ത് ഈസ്റ്റ് പ്രദേശങ്ങളിലൊക്കെ ചില സ്ഥലങ്ങളുണ്ട്. ഇങ്ങോട്ട് കൊണ്ടുവരുന്നതുപോലെ അങ്ങോട്ട് ഇത് കയറ്റി അയച്ചുകൂടേ?

ശ്രീ. കെ. മുരളീധരൻ: അങ്ങോട്ട് കയറ്റി അയച്ചാൽ ഒരു പ്രശ്നമുണ്ട്. സുപ്രീം കോടതി ഉത്തരവ് എന്നുപറഞ്ഞാൽ കേരളത്തിന് മാത്രമല്ല ബാധകം. ആസാം, മിസോറാം ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉത്തരവ് ബാധകമാണ്. പക്ഷേ മിസോറാമിൽ ധാരാളമായി കൊന്നുതിന്നുന്നുണ്ട്. കേരളത്തിൽ മാത്രം പേപിടിച്ച പട്ടിയെ പിടിക്കാൻ പോയാൽ കോടതിവിധിയായി. നമ്മൾ എല്ലാ ത്തിനും ഓരോ സംശയങ്ങൾ വച്ചുകൊണ്ടിരിക്കും. ആളുകളെ പട്ടി കടിക്കു കയും ചെയ്യും. ഇതാണ് ഇന്നത്തെ നമ്മുടെ അവസ്ഥ എന്നുപറയുന്നത്. അതുകൊണ്ട് മാലിന്യനിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും പേപ്പട്ടിയെ പിടിക്കുന്ന കാര്യത്തിലും അടിയന്തരമായി നടപടി സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ നഗരങ്ങളുടെ സ്ഥിതി എന്താകും; രോഗികളുടെ എണ്ണം ദിനംപ്രതി

കൂടിവരികയാണ്. ആശുപത്രികളിലൊക്കെ ചെന്നാൽ സിനിമാ തീയേറ്റർ പോലെ ഹൗസ്ഫുൾ എന്ന ബോർഡ് വയ്ക്കുന്നില്ല എന്നേയുള്ളൂ. ഹൗസ്ഫുൾ ആണ്. കിടക്കാനുള്ള സ്ഥലമില്ല. മാരകമായ രോഗങ്ങൾ ഇവിടെ കീഴടക്കുന്നു. ഒരുദിവസം ആറ് മരണവീടുകളിലൊക്കെ ഞാൻ പോകാറുണ്ട്. മുൻപ് ഒരു ദിവസം ഒരു കാൻസർ രോഗിയാണ് മരിച്ചിരുന്നതെങ്കിൽ ഇപ്പോൾ രണ്ടും മൂന്നും കാൻസർ രോഗികളാണ് എന്റെ കോൺസ്റ്റിറ്റ്യുവൻസി യിൽത്തന്നെ മരിക്കുന്നത്. ഇങ്ങനെയുള്ള മഹാമാരികൾ വരുന്നു. നമ്മൾ ഇതിനെക്കുറിച്ച് ഒരു വ്യക്തതയില്ലാതെ മുന്നോട്ടുനീങ്ങുന്നു. തീർച്ചയായും നഗരവികസന വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുത്തു കൊണ്ട് ഒരു പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അടുത്ത പ്രശ്നം തിരുവനന്തപുരത്തിന്റെ മാസ്റ്റർ പ്ലാനിന്റെ കാര്യമാണ്. മാസ്റ്റർ പ്ലാൻ വളരെ വിവാദമായിരിക്കുകയാണ്. ഇക്കാര്യത്തിൽ എനി ക്കൊരു നിർദ്ദേശം മുന്നോട്ടുവയ്ക്കാനുള്ളത് അതാത് പ്രദേശങ്ങളിലെ വികസന കാര്യങ്ങളിൽ അതാത് പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെ സർവ്വ കക്ഷിയോഗം വിളിച്ചുചേർത്ത് ഒരു തീരുമാനമെടുക്കണം. ആ തീരുമാനമെടു ത്താൽ അത് ഇംപ്ലിമെന്റ് ചെയ്യാനുള്ള ഇച്ഛാശക്തിയുണ്ടാകണം. ഇപ്പോൾ ചില അരാഷ്ട്രീയവാദികൾ ഇറങ്ങിയിട്ടുണ്ട്. രാഷ്ട്രീയപാർട്ടികളെയൊക്കെ നന്നാക്കാം എന്നുള്ള ഭാവത്തിൽ ആം ആദ്മി മോഡലിൽ ചില ആളുകൾ ഇറങ്ങിയിട്ടുണ്ട്. കഴക്കൂട്ടത്ത് ആറ്റിപ്ര തുടങ്ങിയ പ്രദേശത്ത് മാസ്റ്റർ പ്ലാനിന്റെ പേരിൽ കുറേയാളുകൾ സംഘടിച്ചിരിക്കുകയാണ്. അവിടത്തെ ലോക്കൽ കൗൺസിലർ എൽ.ഡി.എഫ്. ആണ്. എം.എൽ.എ. ശ്രീ. എം. എ. വാഹീദ് യു.ഡി.എഫ്. ആണ്. ഈ മാസ്റ്റർ പ്ലാനിനെ തകർക്കാൻ വേണ്ടി രണ്ടുപേരെയും തല്ലിയേ തീരൂ എന്നുപറഞ്ഞ് കുറേ കൂട്ടർ ഇറങ്ങിയിരിക്കുക

യാണ്. ചിലയാളുകൾ ഇതിന്റെ ഇടയിൽ ഇന്ത്യ ഭരിക്കുന്നു എന്നുള്ള അഹങ്കാരത്തിൽ അവരും കൂടിയിട്ടുണ്ട്. അതുകൊണ്ട് മാസ്റ്റർ പ്ലാൻ അപ്രൂവ് ചെയ്യുന്നതിനുമുമ്പ് ജനപ്രതിനിധികളുടെ ഒരു യോഗം വിളിക്കുക. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിന്റെ കാര്യത്തിൽ ഞാൻ എല്ലാ രാഷ്ട്രീയപാർട്ടികളുടെയും വ്യാപാരി വ്യവസായികളുടെയും യോഗം വിളിച്ചു ചേർത്തു. ഇവിടെ വികസനം വേണം, ജംഗ്ഷൻ വികസിപ്പിക്കണെ മെന്ന് എല്ലാവരും യുനാനിമസ് ആയി തീരുമാനിച്ചു. ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിക്ക് ഇന്നുതന്നെ ഒരു നിവേദനം ഇത് സംബന്ധിച്ച് കൊടുത്തിട്ടുണ്ട്. ബഹു മാനപ്പെട്ട മന്ത്രി ചർച്ചയിൽ ആയിരുന്നതിനാൽ അദ്ദേഹത്തിന് നൽകാനുള്ള നിവേദനം എന്നെ ഏൽപ്പിച്ചിരിക്കുകയാണ്. അങ്ങനെ അവർ യുനാനിമസ് ആയി തീരുമാനിച്ചു. എന്തുവന്നാലും ഇവിടെ വികസനം കൊണ്ടുവരുമെന്ന ഒരു വാശിയിൽത്തന്നെ മുന്നോട്ടുനീങ്ങുകയാണ്. അതുപോലെ തന്നെ മറ്റിട ങ്ങളിലും വേണം. നമ്മുടെ നഗരങ്ങളൊക്കെ വികസിക്കാതെ പഴയപോലെ ഇരുന്നാൽ......... രാജ്യത്തിന്റെ വികസനത്തിനനുസരിച്ച് നമുക്കും വികസനം ഉണ്ടാകണ്ടേ; മോഡേൺ വാഹനങ്ങൾ നിരത്തുകളിൽ ഇറങ്ങിക്കൊണ്ടിരി ക്കുകയാണ്. ഇതിനൊക്കെ സഞ്ചരിക്കാൻ സ്ഥലം വേണ്ടേ; വികസനം ഒട്ടും സമ്മതിക്കുകയുമില്ല. നമുക്കറിയാം ദേശീയപാതയുടെ വികസനം. ആദ്യം 30 മീറ്റർ മതി എന്നുപറഞ്ഞു. ഇപ്പോൾ 45 മീറ്ററാക്കി സമ്മതിച്ചു. അപ്പോഴേക്കും ഒരുപാട് കാലം കടന്നുപോയി. ഇനി എപ്പോഴാണ് 45 മീറ്റർ വരിക എന്ന് നമുക്കറിഞ്ഞുകൂടാ. അതുകൊണ്ട് ഈ മാസ്റ്റർ പ്ലാനിന്റെ കാര്യത്തിൽ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് ഒരു സമവായത്തിൽ എത്തിയാൽ തീർച്ചയായും അതുമായി മുന്നോട്ടുപോകണം.

ഇറിഗേഷനെ സംബന്ധിച്ച്, ഇവിടെ ഒരു കാര്യത്തിൽ സന്തോഷമുണ്ട്. ഇപ്പോൾ പൈപ്പ് പൊട്ടലിന് കുറച്ചു സമാധാനമുണ്ട്. പക്ഷേ വകുപ്പുകൾ തമ്മിലുള്ള കോർഡിനേഷന്റെ അഭാവമുണ്ട്. JNNURM, JICA, Minor Irrigation, Major Irrigation ഇവ തമ്മിൽത്തന്നെ കോർഡിനേഷനില്ല. ഒരു ഭാഗത്ത് പൈപ്പിന് തകരാർ സംഭവിച്ചു എന്ന് പറഞ്ഞാൽ അത് ഞങ്ങളുടെ വകയല്ല JICA-യുടെയാണെന്ന് ചിലർ പറയും. അത് JNNRUM ആണെന്നും ചിലർ Minor Irrigation ആണെന്നും ചിലർ Major Irrigation ആണെന്നും പറയും. ഇങ്ങനെ ആളുകളെയിട്ട് വട്ടം കറക്കുകയാണ്. ഒരു പ്രധാനകാര്യമുണ്ട്, അങ്ങയുടെ നിയോജകമണ്ഡലമായ അരുവിക്കരയിൽ നിന്ന് ആരംഭിച്ച് പേരൂർക്കടയിലേയ്ക്കുള്ള പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ചു. അരുവിക്കരയിലെ പൈപ്പ് ലൈനിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ നമ്മുടെ നഗരത്തിന്റെ സ്ഥിതി എന്താകും. ഇവിടെ നമുക്കൊരു പാരലൽ ലൈൻ വേണ്ടേ? ഇപ്പോൾ വെള്ളായണി കായലിലെ വെള്ളം ശുദ്ധീകരിച്ച് നഗരത്തിലേയ്ക്ക് എത്തിക്കാനുള്ള ഒരു പ്രോജക്ട് ഗവൺമെന്റിന്റെ മുമ്പിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ പ്രോജക്ട് അംഗീകരിച്ച് നടപ്പിലാക്കിയില്ലെങ്കിൽ അരുവിക്കരയിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ നഗരം മുഴുവൻ കുടിവെള്ളക്ഷാമം കൊണ്ട് വീർപ്പുമുട്ടുന്ന ഒരു അവസ്ഥയുണ്ടാകും. അതുപോലെത്തന്നെയാണ് കാറ്റും മഴയും ഇടിയുമൊക്കെ വന്ന് അരുവിക്കരയിൽ കറണ്ട് പോയിക്കഴിഞ്ഞാൽ പിന്നീട് കറണ്ട് വരുന്നത് മൂന്നും നാലും മണിക്കൂർ കഴിഞ്ഞിട്ടാണ്. ആ നാല് മണിക്കൂർ കഴിഞ്ഞ് അരുവിക്കരയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് പേരൂർക്കടയിൽ

എത്തണമെങ്കിൽ പിന്നെയും 5 മണിക്കൂർ വേണം. അപ്പോൾ 9 മണിക്കൂർ എടുക്കും വെള്ളം ലഭിക്കാൻ. ഒരു ജനറേറ്റർ വാങ്ങി വച്ചാൽ എന്താണ് കുഴപ്പം; കോടിക്കണക്കിന് രൂപ ചെലവഴിച്ച് അരുവിക്കരയിൽ നിന്ന് പേരൂർക്കടയിലേക്ക് പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ചല്ലോ. ആ സ്ഥിതിയ്ക്ക് ഒരു ജനറേറ്റർ കൂടി വാങ്ങി വച്ചാൽ ഈ കറണ്ട് വരുന്നതുവരെ കാത്തിരി ക്കേണ്ട കാര്യമില്ല. ആ കാര്യത്തിൽ അടിയന്തരമായി ഒരു തീരുമാനമുണ്ടാക്ക ണം. നമ്മുടെ തലസ്ഥാനത്തിനെ സംബന്ധിച്ച് ഈ രണ്ട് കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. പിന്നെ മറ്റൊരു കാര്യം ഇവിടെ പറയാതിരിക്കാൻ നിവൃ ത്തിയില്ല. ഗുരുവായൂർ എം. എൽ. എ. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെയുണ്ട്. ഞാൻ എല്ലാ മാസവും ഗുരുവായൂരിൽ പോകുന്നതാണ്. എന്താണ് ഗുരുവായൂരിലെ റോഡുകളുടെ സ്ഥിതി? പൈപ്പ് ലൈനിനുവേണ്ടി എല്ലാം കുത്തിപ്പൊളിച്ചിട്ടിരിക്കുകയാണ്. അവിടെ ഈ അടുത്ത കാലത്ത് സാഹിത്യകാരന്മാരും ബുദ്ധിജീവികളും കൂടി ശയന പ്രദക്ഷിണം നടത്തി. ശയനപ്രദക്ഷിണം നടത്തിയവരുടെ തടി കേടായി എന്നല്ലാതെ ഇതുവരെയാ യിട്ടും അവിടത്തെ പ്രശ്നത്തിന് പരിഹാരം കണ്ടിട്ടില്ല. ഞാൻ മനസ്സിലാക്കു ന്നത് അവിടത്തെ എം.എൽ.എ. കത്ത് കൊടുത്തതിന്റെയും മന്ത്രി ഇടപെട്ടതിന്റെയും ഫലമായി നാളെ മുഖ്യമന്ത്രി ഒരു യോഗം വിളിച്ചിട്ടുണ്ട് എന്നാണ്. അടിയന്തരമായി അവിടെയുള്ള റോഡുകൾ നന്നാക്കണം. സാധാരണ തിരുപ്പതി അമ്പലത്തിലൊക്കെ... തിരുപ്പതി ഒരു ടൗൺഷിപ്പ് തന്നെ യാണ്. തിരുപ്പതി യൂണിവേഴ്സിറ്റിയുണ്ട്. നമുക്കിവിടെ അമ്പലത്തിലേയ്ക്ക് മര്യാദയ്ക്ക് തൊഴാൻ പോലും കഴിയാത്ത രീതിയിൽ റോഡ് മുഴുവൻ കുത്തി പ്പൊളിച്ചിട്ടിട്ട് പൈപ്പിന്റെ നിർമ്മാണം പോലും പൂർത്തീകരിക്കാൻ കഴിഞ്ഞി

ട്ടില്ല. അത് അടിയന്തരമായി പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു കാര്യം കൂടി ഇവിടെ പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ മിടുക്കനായിട്ടുള്ളൊരു ഉദ്യോഗസ്ഥനാണ്. എല്ലാ കാര്യത്തിനും മന്ത്രിയെ ബുദ്ധിമുട്ടിക്കാൻ സാധിക്കില്ലല്ലോ. ഞാൻ പല കാര്യങ്ങളും ഈ ഉദ്യോഗസ്ഥനോട് വിളിച്ചു പറഞ്ഞിട്ടാണ് ശരിയാക്കാറുള്ളത്. പക്ഷേ ഈ രാജ്യത്ത് എവിടെ തെരഞ്ഞെടുപ്പ് വന്നാലും അദ്ദേഹത്തിനെ observer ആയിട്ട് അയയ്ക്കും. ഇപ്പോൾത്തന്നെ പാർലമെന്റ് ഇലക്ഷന്റെ ഭാഗമായി 4 മാസം കാശ്മീരിൽ ആയതിനാൽ അദ്ദേഹത്തിന് ഇവിടെ ഇവിടെ വരാൻ കഴിഞ്ഞില്ല. ഇപ്പോൾ അദ്ദേഹത്തിനെ 50 ദിവസത്തെ ഐ.എ.എസ്-കാരുടെ ട്രെയിനിംഗിനായി അയച്ചിരിക്കുകയാണ്. അത് കഴിഞ്ഞ് വരുമ്പോഴേയ്ക്കും മഹാരാഷ്ട്രയിൽ ഇലക്ഷൻ പ്രഖ്യാപിക്കും. അപ്പോൾ ഇതുപോലെ പ്രധാനപ്പെട്ടൊരു ഡിപ്പാർട്ടുമെന്റിൽ, അതും നല്ലൊരു ഉദ്യോഗസ്ഥൻ, ജനപ്രതിനിധികളൊക്കെ മാനിക്കുന്ന നല്ലൊരു ഉദ്യോഗസ്ഥനാണ് അദ്ദേഹം. അങ്ങനെയുള്ള മിടുക്കരായ ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായിട്ടും ഇവിടെത്തന്നെ പ്രയോജനപ്പെടുത്താൻ കഴിയണം. പ്രത്യേകിച്ച് കുടിവെള്ളത്തിന്റെ കാര്യം കേരളത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. അപ്പോൾ അതുകൊണ്ട് അങ്ങനെയുള്ള ഉദ്യോഗസ്ഥരെ ഈ നിരീക്ഷകൻമാരാക്കാൻ അയയ്ക്കരുത്. നമുക്കിവിടെ ആവശ്യമില്ലാത്ത ഉദ്യോഗസ്ഥൻമാരൊക്കെയുണ്ടല്ലോ. അവരെയൊക്കെ വേണമെങ്കിൽ നിരീക്ഷകൻമാരായിട്ട് അയയ്ക്കാം. പക്ഷേ ആവശ്യത്തിനുള്ള ഉദ്യോഗസ്ഥൻമാരെ ഇവിടെത്തന്നെ നിർത്താനുള്ള ഒരു സംവിധാനം ഇവിടെ ഉണ്ടാക്കണമെന്നു മാത്രം

പറഞ്ഞുകൊണ്ട്, ഈ രണ്ടു ധനാഭ്യർത്ഥനകളെയും പിന്താങ്ങിക്കൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. കാളിദാസൻ അദ്ദേഹത്തിന്റെ സന്ദേശ കാവ്യത്തിൽ ഹിമാലയത്തെ അവതരിപ്പിക്കുന്നുണ്ട്.

അത്യുത്തനസ്യാം ദിസി ദേവതാത്മാ

ഹിമാലയോ നാമ നഗാധിരാജ

ഹിമാലയമെന്നു പേരുള്ള ഒരു പർവ്വത രാജാവ്, ദേവതാത്മാവായ പർവ്വത രാജാവ് വടക്ക് ഉണ്ടെന്നാണ്. ആ ഹിമാലയത്തിന്റെ ഒരു കൊടുമുടിയായ കൈലാസത്തിൽ വസിക്കുന്ന പരമശിവന്റെ ജടയിലേയ്ക്ക് ഗംഗാനദി വന്നു പതിക്കുകയും അത് ഭൂമിയിലേയ്ക്ക് വളരെ നന്നായി ഒഴുകിവന്നതുകൊണ്ടാണ് ഭഗീരഥന്റെ രാജ്യത്ത് പിടിപെട്ട വലിയ വരൾച്ചയിൽ നിന്ന് രക്ഷപെട്ടതെന്നാണ് ഭാരതീയരുടെ ഒരു വിശ്വാസം. പിതൃതർപ്പണം നടത്താൻ ഒരു തുള്ളി വെള്ളം പോലും ഇല്ലാതെ അദ്ദേഹത്തിന്റെ രാജ്യം വരണ്ട് ശുഷ്ക്കിച്ച സമയത്ത് 12000 വർഷം തപസ്സുചെയ്തതിനു ശേഷമാണ് ഈ സിദ്ധിയുണ്ടായത്. അങ്ങനെയാണ് ഭഗീരഥയത്നം എന്ന പ്രയോഗം തന്നെയുണ്ടായത്. യു.ഡി.എഫ്. ഗവൺമെന്റ് ഭഗീരഥ യത്നം നടത്തണമെന്നൊന്നും ഞാൻ പറയുന്നില്ല. നല്ലവനായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫിന് ഇപ്പോൾ ചില ശാരീരിക പ്രശ്നങ്ങളുണ്ട്. പക്ഷേ ഒരിക്കൽ ഹിന്ദു ദിനപത്രം നമ്മുടെ ജലസേചന പദ്ധതികളെക്കുറിച്ച് പറഞ്ഞപ്പോൾ അഴിമതിയുടെ ഒരു പർവ്വതാകാരമാണ് കേരളത്തിലെ ജലസേചന പദ്ധതികളെന്ന് ചരിത്രപരമായി

വീക്ഷിക്കുകയുണ്ടായി. ഇന്നും ആ പാരമ്പര്യം തുടരുകയാണ്. അതാണ് വർത്തമാനകാല സ്ഥിതിയെങ്കിൽ ചരിത്രത്തിൽ ഒരു കഥയാണെങ്കിൽ പോലും ഈ ഗംഗാനദിയെ കൊണ്ടുവന്നതടക്കം വസ്തുതാപരമായി ചരിത്ര കഥകളുമുണ്ട്. അയ്യായിരം വർഷക്കാലം മുമ്പാണ് ലോകത്തെ ഏറ്റവും വലിയ സാംസ്ക്കാരിക കേന്ദ്രമെന്ന് നമ്മളെന്നും അഭിമാനിക്കുന്ന ഹാരപ്പ യിലും മോഹൻജദാരോയിലും ലോകം ഇന്നും വിസ്മയത്തോടെ കാണുന്ന ജലസേചന പദ്ധതികളുണ്ടായിരുന്നു. വിശ്വാസത്തിന്റെ പ്രശ്നമാണെങ്കിലും ഏഴായിരം വർഷങ്ങൾക്കു മുമ്പ് പ്രചാരത്തിലുള്ള രാമായണത്തിൽ സേതു ബന്ധനം നടത്തി രാമനും വാനരൻമാരും കൂടി ശ്രീലങ്കയിലേയ്ക്ക് പോയ കഥയുണ്ട്. അത്രത്തോളമൊന്നും വേണ്ട, 3000 വർഷങ്ങൾക്ക് മുമ്പുണ്ടായി രുന്ന ചന്ദ്രഗുപ്ത മൗര്യന്റെ കാലത്തെ ജലസേചന പദ്ധതികളെപ്പറ്റി ഗ്രീക്ക് ചരിത്രകാരനായ മെഗസ്തനീസ് വാചാലമായി വർണ്ണിക്കുന്നുണ്ട്. മഹാനായി ട്ടുള്ള ഒരു മുഗൾ ചക്രവർത്തി, ഒരു ഇസ്ലാമിക ചക്രവർത്തി യമുനാനദിയെ വഴക്കി ജലസേചന പദ്ധതിയുണ്ടാക്കി. ഷാജഹാനും അക്ബറുമൊക്കെ അത് ചെയ്തിട്ടുള്ളവരാണ്. നമ്മുടെ ചോള രാജാക്കന്മാർ എത്രയോ അണക്കെട്ടു കൾ നിർമ്മിച്ചു. ബ്രിട്ടീഷുകാർ ആധുനിക എഞ്ചിനീയറിംഗ് ഇവിടെ കൊണ്ടു വന്നു. ഇതെല്ലാം നമ്മുടെ ചരിത്രമാണ്. ഇങ്ങനെയുള്ള നമ്മുടെ നാട്ടിൽ ജല സേചന പദ്ധതികൾ ദയനീയമായി പരാജയപ്പെടുകയും അതോടൊപ്പം തന്നെ അത് വമ്പിച്ച സാമ്പത്തികമായിട്ടുള്ള ധൂർത്തിന് വഴിവയ്ക്കുന്നതുമാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഇൻഡ്യയുടെ ഇറിഗേഷൻ കമ്മീഷൻ 1903–ൽ രൂപീകൃതമായെങ്കിൽ ഒരുപാട് അതോറിറ്റികളും മറ്റ് കാര്യങ്ങളും നമുക്ക് ഇന്നുണ്ടെങ്കിലും ഇറിഗേഷന്റെ പ്രായോഗികവും ശാസ്ത്രീയവുമായ

സങ്കൽപ്പത്തിന് എത്രയോ അകലെയാണ് കേരളത്തിലെ ഇറിഗേഷൻ പദ്ധതികളെന്നാണ്. Irrigation is the art and science of artificial application of water to land for the purpose of raising crops successfully എന്നാണ്. ജലം കൊടുത്ത് കൃഷിയെ വളർത്തുന്നതാണ്. കർത്താവ് പച്ചവെള്ളത്തെ തൊട്ടപ്പോൾ ചുവന്നു തുടുത്ത വീഞ്ഞായി മാറി എന്നു പറയുന്നുണ്ട്. ഇറിഗേഷൻ പദ്ധതിവഴി ജലം കാർഷിക മേഖലയിൽ പതിക്കുമ്പോൾ അത് നെല്ലായും മീനായും നാളികേരമായും അതുപോലെ സസ്യങ്ങളായും പച്ചക്കറികളായും പുഷ്പങ്ങളായും മാറുന്നതാണ്. പക്ഷേ അങ്ങനെ ഒരു സമ്പ്രദായം നമ്മുടെ കേരളത്തിലിന്നുണ്ടോ; 2006 മാർച്ച് 13-ലെ ഹിന്ദുവിന്റെ വിശകലന പ്രകാരം സ്വാതന്ത്ര്യ പ്രാപ്തി മുതൽ ഇന്നുവരെ നാം ഏറ്റെടുത്ത 30 പദ്ധതികളിൽ 16 എണ്ണമേ സാക്ഷാത്ക്കരിച്ചിട്ടുള്ളു. കേരളം വിഭവങ്ങൾ പാഴാക്കുന്നു എന്ന് സി. &എ.ജി. ശക്തമായി ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. കഴിഞ്ഞ 60 വർഷക്കാലത്തിനുള്ളിൽ നാം ലക്ഷ്യമിട്ട 22.70 കോടി ഹെക്ടറിലെ കൃഷി ഇന്ന് വെറും 17 ശതമാനം മാത്രമേ സാക്ഷാത്ക്കരിക്കപ്പെട്ടിട്ടുള്ളു. 14 മുതൽ 46 വർഷത്തെ കാലതാമസം എസ്റ്റിമേറ്റിന്റെ കാര്യത്തിലും നിർമ്മാണത്തിന്റെ കാര്യത്തിലും ഉണ്ടായതുകൊണ്ട് 300 മുതൽ 6000 മടങ്ങുവരെയാണ് നമ്മുടെ പദ്ധതി ചെലവുകൾ വർദ്ധിച്ചിരിക്കുന്നത്. അങ്ങനെ നമ്മുടെ ബെനിഫിറ്റും അതുപോലെത്തന്നെ നിർമ്മാണവും തമ്മിലുള്ള റേഷ്യോ അപകടകരമാംവിധം അങ്ങേയറ്റം സാമ്പത്തിക വിരുദ്ധവും പ്രയോജനവിരുദ്ധവുമായിട്ടുള്ള ഒരു സ്ഥിതിയിലാണ്. കൃഷിയിൽ

ഈ റേഷ്യോ 5 ശതമാനത്തിൽ താഴെയേ പ്രയോജനമുണ്ടാക്കുകയുള്ളു. കുടിവെള്ളത്തിൽ 50 ശതമാനത്തിൽ താഴെയാണ്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കുറെയെണ്ണം ഒരുകാലത്തുണ്ടായിരുന്നു. 5 കോടിയിൽ താഴെ തുക അടങ്കലാണ്. അത് ആരംഭിച്ചതെങ്കിലും അതുപലതും പൂർത്തിയാകാതിരുന്നതുകൊണ്ടും പൂർത്തിയായത് പല തരത്തിലും കേടായി നന്നാക്കാതിരിക്കുന്നതുകൊണ്ടും ഇന്ന് പ്രയോജനപ്പെടാത്തതാണ്. വൻകിട പദ്ധതികളെല്ലാം അഴിമതിയുടെ ഭീമാകാരമായ രൂപങ്ങളായി മാറിയിരിക്കുകയാണ്. ഉദാഹരണമാണ് കാരാപ്പുഴ, മൂവാറ്റുപുഴ, ഇടമലയാർ, ബാണാസുര സാഗർ പദ്ധതികൾ. 44 വർഷം മുൻപ് തുടങ്ങി 54.31 കോടി തുകയ്ക്ക് ആരംഭിച്ച ഇത് 2013 അവസാനിക്കുമ്പോൾ 1198.59 കോടിയായി അതിന്റെ ചെലവ് വന്നിരിക്കുകയാണ്. 80,234 ഹെക്ടർ ഭൂമി ജലസേചനം ചെയ്യുമെന്ന് ലക്ഷ്യമിട്ടെങ്കിൽ വെറും 32,000 ഹെക്ടർ കൊണ്ട് ലക്ഷ്യം അങ്ങനെ മുടങ്ങി നിൽക്കുകയാണ്. കാരാപ്പുഴ പദ്ധതിയ്ക്കുമാത്രം 5800 മടങ്ങാണ് അതിന്റെ എസ്റ്റിമേറ്റ് വർദ്ധിപ്പിക്കേണ്ടി വന്നത്. മൂവാറ്റുപുഴ പദ്ധതിക്ക് അതിന്റെ എത്രയോ മടങ്ങ് എസ്റ്റിമേറ്റ് വർദ്ധിപ്പിക്കേണ്ടി വന്നു. ഇടമലയാർ പദ്ധതിയുടെ എസ്റ്റിമേറ്റ് വർദ്ധിച്ചത് 3788 ശതമാനമാണ്. ബാണാസുര സാഗർ പദ്ധതിയിലാണെങ്കിൽ 2219 ശതമാനമാണ്. ഇതൊന്നും ശ്രീ. പി. ജെ. ജോസഫിന്റെ കാലത്തുണ്ടായതല്ല. അങ്ങ് കേട്ട് വിഷമിക്കുകയൊന്നും വേണ്ട. ചരിത്രപരമായി കേരളം എവിടെ നിൽക്കുന്നു എന്ന് ഞാൻ പറയുകയാണ്. ഈ വകുപ്പ് കർശനമായി പുനസംഘടിപ്പിക്കണം. ഇതിങ്ങനെ കൊണ്ടുപോകേണ്ട കാര്യമില്ല. എഞ്ചിനീ

യർമാരിൽ ഒരു വിഭാഗവും, കള്ളൻമാരായ ഒരു കൂട്ടം കോൺട്രാക്ടർമാരും, അഴിമതിക്കാരായ ഒരു കൂട്ടം രാഷ്ട്രീയക്കാരും ചേർന്ന് പദ്ധതി വിഹിതങ്ങൾ തട്ടിയെടുക്കുന്നു എന്ന് ജസ്റ്റീസ് വോറ കമ്മീഷൻ പാർലമെന്റിൽ ചർച്ച ചെയ്തപ്പോൾ എല്ലാ പാർട്ടികളും ചർച്ച ചെയ്തതാണ്. യാതൊരു വിധത്തിലു മുള്ള പരിഹാരം ഉണ്ടായിട്ടില്ല. അതുതന്നെയാണ് ഈ രംഗത്ത് ശക്തമായി നടക്കുന്നത്.

തിരുവിതാംകൂറിനെ കീറിമുറിച്ചുകൊണ്ടുപോയ കെ.ഐ.പി.യും പി. ഐ.പി.യുമെല്ലാം പാഴ്വേലയായി. എത്രമാത്രം സ്ഥലം പോയി. എത്രമാത്രം പൈസ നമ്മൾ ചെലവഴിച്ചു. പക്ഷെ കാര്യമായ യാതൊരു പ്രയോജ നവുമില്ലാതെ അതൊക്കെ പാഴാവുകയാണ്. കേരളത്തിന്റെ 38585 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണം, 580 കിലോമീറ്റർ നീളം, 35 മുതൽ 120 വരെ കിലോമീറ്റർ വീതിയുള്ള നമ്മുടെ 44 നദികൾ, അതിൽ 41 എണ്ണം പടിഞ്ഞാ റോട്ടും 3 എണ്ണം കിഴക്കോട്ടും ഒഴുകുന്നു. നമുക്ക് പീച്ചിയിൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടൊക്കെയുണ്ട്. പക്ഷെ ജലസേചനത്തിന് പഞ്ചായത്തുതല ആസൂ ത്രണവും നഗരതല ആസൂത്രണവും ഉണ്ടായിട്ടില്ല. അവരെ ഏൽപ്പിക്കേണ്ട പദ്ധതികളൊന്നും ഏൽപ്പിക്കാതെ ഇവിടെ ഭീമാകാരമായ വലിയ വലിയ ഓർഗനൈസേഷൻസ് അഴിമതിയിൽ മതിച്ചുകുളിക്കുന്നതാണ് നാം കാണുന്ന ത്. 1992 ജൂലൈ ഏഴ് മലയാള മനോരമയിലെ ബോബി തോമസും ബ്രെഞ്ചി കുര്യാക്കോസും എഴുതിയ പരമ്പരയിൽ എങ്ങനെയാണ് ആർബിട്രേറ്റർ അഴി മതി കാണിക്കുന്നതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇന്നും അതിന് വല്ല വ്യത്യാസവും ഉണ്ടായിട്ടുണ്ടോ? കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ആർബി

ട്രേറ്റർ, 31 ലക്ഷം ഹെക്ടർ നനയ്ക്കേണ്ട അവിടെ നഷ്ടപരിഹാരം കോൺട്രാക്ടർ ചോദിച്ചത് മൂന്ന് കോടി രൂപയാണ്. ആർബിട്രേറ്റർ നൽകിയത് 3.38 കോടി രൂപയാണ്. പൊൻമുട്ടയിടുന്ന താറാവാണ് ആർബിട്രേറ്റർ എന്നും കരാറുകാരൻ താൻ തന്നെയാണെന്ന മട്ടിലാണ് ആർബിട്രേറ്റർ പെരുമാറുന്നതെന്നും ഹൈക്കോടതി പറയുകയുണ്ടായി. ഈ ആർബിട്രേറ്ററെ അറസ്റ്റ് ചെയ്യാൻ ഇവിടെ ഭരണഘടനയില്ലെ; ഇയാളെ ജയിലിലടയ്ക്കാൻ ഇവിടെ സമ്പ്രദായമില്ലെ; ആരും ഒന്നും ചെയ്യുകയില്ല. കൃഷി കുറഞ്ഞു, പദ്ധതികളുടെ എണ്ണം കൂടി, ഒന്നും പൂർത്തിയായില്ല. നഷ്ടമായത് കോടികളാണ്. ഒന്നേകാൽ ലക്ഷം കോടി രൂപയോളം നമ്മുടെ പൊതു കടം വർദ്ധിച്ചതിന് മുഖ്യമായ ഒരു കാരണം ജലസേചന വകുപ്പിന്റെ പരമ്പരാഗതമായുള്ള ഈ അഴിമതിയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. എല്ലാ പത്രങ്ങളും അത് പറഞ്ഞിട്ടുണ്ട്. മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന് വകുപ്പുണ്ടായിരുന്നപ്പോൾ മൂവാറ്റുപുഴ പദ്ധതിയിൽ അഴിമതിയുണ്ട്, അന്വേഷണം വേണമെന്നൊക്കെ ഇവിടെപ്പറഞ്ഞു. മന്ത്രി സ്ഥാനം പോയപ്പോൾ അദ്ദേഹം മിണ്ടുന്നുമില്ല. തുടർ നടപടികൾ ഒന്നും എടുത്തിട്ടില്ല. സി.ഡി.എസ്.-ന്റെ 2001-ലെ പഠനപ്രകാരം ഇവിടെ ഉപഭോക്തൃ പങ്കാളിത്തമില്ല. കൃഷിക്കാരന്റെയോ വെള്ളം ആവശ്യമുള്ളവരുടേയോ പങ്കാളിത്തമില്ലാതെ ഉദ്യോഗസ്ഥ മേധാവിത്വപരമായ നിലപാടാണ് ഇവിടെ. ഇപ്പോൾ ഈ നിയമസഭ നടക്കുമ്പോൾതന്നെ ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ മണ്ഡലത്തിൽ ആർപ്പൂക്കരയിൽ പട്ടൂർമഠം എന്ന പദ്ധതി എം.എൽ.എ. അറിയാതെ ഉദ്ഘാടനം നടന്നിരിക്കുകയാണ്. ഉദ്യോഗസ്ഥ മേധാവിത്വമാണ് ഇപ്പോഴും നടക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പട്ടൂർമഠം പദ്ധതിയുടെ ഉദ്ഘാടനം നടന്നിട്ടില്ല.

ശ്രീ. ജി. സുധാകരൻ: സർ, ഉദ്ഘാടനം നടന്നിട്ടില്ലെങ്കിൽ നല്ല കാര്യം. മലയാള മനോരമയിലെ വാർത്ത ഞാൻ വായിച്ചു അതാണ് പറഞ്ഞത്. കേരളത്തിന്റെ 30 കിലോമീറ്റർ നീളമുള്ള കടൽത്തീര മണ്ഡലമായ അമ്പല പ്പുഴയിൽ നിന്നാണ് ഞാൻ വരുന്നത്. അവിടത്തെ മത്സ്യത്തൊഴിലാളികൾ ഹൃദയമെടുത്ത് കൈയ്യിൽ പിടിച്ചുകിടന്നാണ് ഉറങ്ങുന്നത്. അവിടെ നാല് കിലോമീറ്റർ ദൂരം കടൽഭിത്തിയില്ലാത്ത പുറക്കാട് പഞ്ചായത്ത് മുഴുവൻ കട ലെടുക്കാനും, ആ പുറക്കാട് പഞ്ചായത്ത് വേമ്പനാട് കായലിൽപോയി ലയി ക്കാനും ഇടയുള്ള സാദ്ധ്യതയെപ്പറ്റി മൂന്ന് വർഷമായി പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് പറയുന്നത്, രണ്ടാം കടൽഭിത്തി കെട്ടാൻ പാടില്ല, പണ്ടുകാലത്ത് കടൽഭിത്തി ഉണ്ടായിരുന്നത് മണ്ണിനടിയിൽപ്പോയതാണെന്ന്. ഇങ്ങനെയുള്ള കേന്ദ്രൻമാരെ മണ്ണിനടിയിലാക്കണം. അവർക്ക് ഈ രാജ്യത്ത് ജീവിച്ചിരി ക്കാൻ അവകാശമില്ലാത്തവരാണ്.

മി. സ്പീക്കർ: മണ്ണിനടിയിലാക്കിയാൽ അവരെല്ലാം മരിച്ചുപോ കത്തില്ലെ?

ശ്രീ. ജി. സുധാകരൻ: സർ, അവർ മരിക്കുന്നത് നല്ലതാണ്. എനിക്ക് യാതൊരു വിഷമവുമില്ല, നിയമമൊന്നുമില്ല. ഞാൻ പ്രാസംഗികമായി പറഞ്ഞെന്നു മാത്രമെയുള്ളൂ. കേരളത്തിന്റെ 560 കിലോമീറ്റർ കടൽ തീര മുള്ളതിൽ 147 കിലോമീറ്ററിൽ ഇനിയും കടൽഭിത്തി കെട്ടിയിട്ടില്ല. അത് കെട്ടാൻ അടിയന്തര നടപടി വേണം. പുലിമുട്ടുകളും, കടൽഭിത്തിയും, കടൽഭിത്തിയുമായി ബന്ധപ്പെട്ട് സംരക്ഷിക്കേണ്ട നമ്മുടെ മത്സ്യബന്ധന തുറ

മുഖങ്ങളും സംരക്ഷിച്ച്.......... ഞാൻ പറയുകയാണ്, ഒരു 5000 കോടി രൂപ യുടെ പദ്ധതി തയ്യാറാക്കിയാൽ എന്താണ്? ഈ പ്ലാനിംഗ് കമ്മീഷനും പ്ലാനിംഗ് ബോർഡുമൊക്കെ എത്രയോ ലക്ഷം കോടിയുടെ പദ്ധതികൾ ഓരോന്നിനും തയ്യാറാക്കുന്നു. നേരത്തെ പ്ലാനിംഗ് ബോർഡിനെപ്പറ്റി പറ ഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. എന്താണ് ഈ പ്ലാനിംഗ് ബോർഡിന്റെ ജോലി; ഒരു പാന്റുമിട്ട് കോട്ടുമിട്ട് ഒരു ഇംഗ്ലീഷ് കോണകവും കഴുത്തിൽ തൂക്കിയാൽ പ്ലാനിംഗ് ആകുമോ; ഈ ടൈയ്ക്ക് ഇംഗ്ലീഷ് കോണ കമെന്നാണ് ഞങ്ങളുടെ നാട്ടിൽ പറയുന്നത്. വലിയ കാര്യമൊന്നുമില്ല. ഇതൊക്കെ ആയാലെ പ്ലാനിംഗ് ആകൂ; ഭഗീരഥൻ നല്ല പ്ലാൻഡ് ആയിരു ന്നില്ലെ? പരമേശ്വരൻ ഏതെങ്കിലും കോളേജിൽ പഠിച്ചിട്ടാണോ; ഹനുമാൻ ഏത് കോളേജിലാണ് പഠിച്ചത്? വാൽ മാത്രമേ ഉണ്ടായിരുന്നുള്ളു, ടൈ ഉണ്ടാ യിരുന്നില്ല. അപ്പോൾ ഇതിലൊന്നും വലിയ കാര്യമില്ല. അതുകൊണ്ട് 5000 കോടി രൂപയുടെ, സാങ്കേതികമായി 4000 കോടി രൂപയുടെ പദ്ധതി തയ്യാ റാക്കി കടലിനെയും കടൽത്തീരത്തെയും രക്ഷിക്കണം. ഇ.എം.എസ്. ഗവൺമെന്റ് വരുമ്പോൾ ആകെ വരുമാനത്തിന്റെ 54 ശതമാനം കാർഷിക വരുമാനമാണ്. ഇപ്പോൾ നമ്മുടെ കാർഷിക വരുമാനം 13 ശതമാനമാണ്. അത് നിങ്ങളുടെ ആരുടെയും കുറ്റംകൊണ്ടല്ല. പടിപടിയായി കുറഞ്ഞ് അവിടെ എത്തി. ജൂൺ – ആഗസ്റ്റിലെ മൺസൂണും ഒക്ടോബർ – നവംബ റിലെ രണ്ടാമത്തെ മൺസൂണും ബാക്കിയെല്ലാ ഉഷ്ണകാലവുമടക്കം സമാന തയില്ലാതെ ഇവിടെ റെയ്ൻ ഫാൾ ഉണ്ടാകുന്നതിന്റെ ഭാഗമായിട്ടാണ് വെള്ള പ്പൊക്കവും വരൾച്ചയുമൊക്കെയുണ്ടാകുന്നത്. അതൊക്കെ മനസ്സിലാക്കി ഇറിഗേഷനും മറ്റു കാര്യങ്ങളും പ്ലാൻ ചെയ്യണം. അതിനാണ് എഞ്ചിനീയ

റിംഗ് കോളേജിൽ പോയി പഠിക്കുന്നത്. എഞ്ചിനീയർമാരിൽ ഭൂരിപക്ഷവും എഞ്ചിനീയറിംഗ് കോളേജിൽ അവർ പഠിച്ചല്ല കോപ്പിയടിച്ചാണ് ജയിച്ചതെന്ന മട്ടിലാണ് പ്ലാൻ ചെയ്യുന്നത്. അവർ പഠിച്ചിട്ടുണ്ടാവും പക്ഷെ പ്രയോഗത്തിൽ വരുന്നില്ല. കാശ് കണ്ടാൽ മഞ്ഞളിച്ചുപോകും. കാശാണ് വലിയൊരു വിഭാഗം എഞ്ചിനീയർമാരെയും ഭരിക്കുന്നതെന്ന് ഞാൻ പറയുകയാണ്. കഴിഞ്ഞ 14 വർഷക്കാലത്ത് നമ്മുടെ ടോട്ടൽ ഔട്ട്ലെ 3,900 കോടിയാണ്. അതിൽ 1,999 കോടി ചെലവഴിച്ചിട്ടില്ല. സ്വാതന്ത്ര്യ പ്രാപ്തിക്ക് ശേഷം ഇന്നു വരെയുള്ള നമ്മുടെ കേരളത്തിലെ ഇറിഗേഷന്റെ നിക്ഷേപം 37,920 കോടി രൂപയാണ്. പക്ഷെ എന്ത് പ്രയോജനമുണ്ടായി. ജലസേചന പദ്ധതിയുടെ വരുമാനവും കുറവാണ്. 100/- രൂപ മുടക്കിയാൽ എട്ട് രൂപ പോലും വരു മാനമുണ്ടാകുന്നില്ല. ഇതും പരിശോധിക്കണം. കേരളപ്പിറവി സമയത്ത് നമുക്ക് കോതയാർ നഷ്ടപ്പെട്ടു. നമുക്ക് ആകെ കിട്ടിയത് മലമ്പുഴ മാത്ര മാണ്. അതിനുശേഷമാണ് നമ്മുടെ ആധുനിക ഇറിഗേഷൻ പദ്ധതികളും അണക്കെട്ട് നിർമ്മാണവും കൂടുതലായിട്ടുള്ളത്. അണക്കെട്ടുകളെക്കുറിച്ച് ഞാനിപ്പോൾ പറയുന്നില്ല. നാല് ഡാമുകൾ അപ്പുറത്താണ് ഇപ്പുറത്താണ് എന്നാണ് പറയുന്നത്. അങ്ങനെയൊരു അണക്കെട്ടുതന്നെയില്ലായെന്നാണ് വാദിക്കുന്നത്, എല്ലാം മായയാണ് എന്ന് പറയുകയാണ്. ഒരുപാട് ചർച്ച ഇവിടെ നടന്നതുകൊണ്ട് അതിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. റൈസ് കൾട്ടിവേഷന് എന്ത് സഹായമാണ് ഇറിഗേഷൻ വഴിയുള്ളത്. 1957-ൽ നമു ക്കാവശ്യമുള്ള അരിയുടെ 40 ശതമാനം ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ 2014 -ൽ 12 ശതമാനമേയുള്ളൂ. നമ്മൾ 88 ശതമാനം ഇറക്കുമതി ചെയ്യണം. അങ്ങനെ ഗാന്ധിജിയുടെ ഗ്രാമസ്വരാജ്, ഗ്രാമമെല്ലാം സ്വയം സമ്പൂർണ്ണമാ

വട്ടെ. എവിടെയാണ് ഈ ഗ്രാമസ്വരാജ്? ബഹുമാനപ്പെട്ട മന്ത്രീ, അങ്ങേയ്ക്ക് കിട്ടിയിരിക്കുന്നത് വാസ്തവത്തിൽ ഗ്രാമസ്വരാജും നഗരസ്വരാജും ഒന്നുമല്ല. സങ്കീർണ്ണമായ ശവപ്പറമ്പുപോലെ, യുദ്ധക്കളംപോലെ അടിച്ചു പൊളിച്ചു തകർത്ത് വെട്ടിനുറുക്കിയിട്ടിരിക്കുന്ന ഗ്രാമങ്ങളും നഗരങ്ങളുമാണ്. അങ്ങേയ്ക്ക് എന്ത് ചെയ്യാൻ കഴിയും. ഇതേ യു.ഡി.എഫ്. ഗവൺമെന്റ് തന്നെ ഒരുതരം യുദ്ധക്കളമായതുകൊണ്ട് അങ്ങേയ്ക്ക് എന്ത് ചെയ്യാൻ കഴിയും. പ്ലാൻ ചെയ്യാൻ പറ്റുമോ? ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. സാവകാശം പ്ലാൻ ചെയ്യാൻ പറ്റുമോ; വകുപ്പുകൾ തമ്മിൽ പൈസ തരുമോ? ഒരുപാട് പ്രശ്നങ്ങളുണ്ട്. ഞാൻ രാഷ്ട്രീയത്തിലേയ്ക്കൊന്നും കടക്കുന്നില്ല. 88 ശതമാനം ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യാൻ നമ്മൾ പൈസ മുടക്കണം. ആ പൈസയും ഇറിഗേഷന് നഷ്ടപ്പെട്ട കോടിക്കണക്കിന് രൂപയും കൂടി കൂട്ടുമ്പോൾ എന്ത് ഭീമാകാരമായ കടക്കെണിയിൽ നമ്മൾ പെട്ടില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. നെല്ലിന്റെ ഉത്പാദനം 1947–ൽ 12 ലക്ഷം ഹെക്ടറിലുണ്ടായിരുന്നു. ഇപ്പോൾ ഒന്നര ലക്ഷം ഹെക്ടറിലാണ്. നമുക്ക് അറുപത്–എഴുപത് ലക്ഷം ടണ്ണായി നെല്ലുത്പാദനം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടായിരുന്നെങ്കിലും നടന്നില്ല. ഇനി വേണമെങ്കിലും കുറെയൊക്കെ വർദ്ധിപ്പിക്കാൻ കഴിയും. അതിന് ഇപ്പോൾ സാദ്ധ്യതയില്ലെന്ന മട്ടിലാണ്. ഇറിഗേഷൻ പദ്ധതികൾ പുനരാവിഷ്ക്കരിക്കപ്പെടണം. അതെല്ലാം പുന:പരിശോധനയ്ക്ക് വിടണം. ഒരു കാര്യം ഞാൻ പറയുകയാണ്, ഇറിഗേഷന് ലക്ഷ്യങ്ങൾ തെറ്റിയെങ്കിലും എഞ്ചിനീയറിംഗ് വിഭാഗത്തിലും കരാറുകാരുടെ വിഭാഗത്തിലും പണിയെടുത്ത ഒരു വലിയ വിഭാഗത്തിന്റെ സ്വത്തുകൾ വർദ്ധിച്ചിട്ടുണ്ട്. ഒരു കോൺട്രാക്ടർക്ക് ഇഷ്ടംപോലെ സ്വത്തുകണ്ടാക്കാൻ അവകാശമില്ല. എടു

ക്കുന്ന ലാഭത്തിന് കണക്കുണ്ട്. ഇതിനൊക്കെ അതീതമായി പൈസ ഉണ്ടാക്കുമ്പോൾ അത് പരിശോധിക്കാനും അധികസ്വത്ത് പിടിച്ചെടുക്കാനും ഇവിടെ നിയമം വേണ്ടേ; ശമ്പളം വാങ്ങുന്ന എഞ്ചിനീയർ ശമ്പളത്തിൽ കവിഞ്ഞ് സ്വത്തുണ്ടാക്കുന്നു, കെട്ടിടങ്ങൾ നിർമ്മിക്കുന്നു. അതൊക്കെ പിടിച്ചെടുക്കാൻ ഇവിടെ നിയമം വേണ്ടേ; അങ്ങനെയൊരു നിയമത്തിലേയ്ക്ക് പോകുന്നില്ലെങ്കിൽ ഇവിടെ എന്താണ് സംഭവിക്കാൻ പോകുന്നത്? അതുകൊണ്ട് അനാവശ്യമായി ഉണ്ടാക്കിയിട്ടുള്ള, അഴിമതി വഴി ഉണ്ടാക്കിയിട്ടുള്ള സ്വത്തുക്കൾ പിടിച്ചെടുക്കാൻ നിയമം ഇപ്പോൾ ഉണ്ടെങ്കിലും ആ നിയമത്തിന് ചട്ടങ്ങൾ ഉണ്ടാക്കി ഇനിയെങ്കിലും ഇത് ആവർത്തിക്കാതിരിക്കാൻ നടപടിയുണ്ടാവണം. കുട്ടനാട് പാക്കേജിനെപ്പറ്റി എനിക്ക് പറയാനുണ്ട്. സമ്പൂർണ്ണമായ പരാജയം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1900 കോടി രൂപയുടെ പ്രോജക്ട് കൊടുത്തിരുന്നു. അന്ന് തയ്യാറാക്കിയ പ്രോജക്ടുകളും നിങ്ങൾ തയ്യാറാക്കിയതുമടക്കം 2580 കോടി രൂപയുടേത് ഇപ്പോൾ അവിടെ കൊടുത്തിട്ടുണ്ട്. അതിന് കേന്ദ്രാനുമതി 1270 കോടി രൂപയ്ക്ക് കിട്ടി. പക്ഷെ കേന്ദ്രം തന്നത് 346.5 കോടി രൂപ മാത്രമാണ്. സംസ്ഥാനം ഇതുവരെ ഇട്ടത് വെറും 83 കോടി രൂപ മാത്രമാണ്. അങ്ങനെ 429.656 കോടി രൂപയാണ് നമ്മൾ ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ഇതിനുപുറമെ ധനകാര്യ കമ്മീഷൻ 300 കോടി രൂപ തന്നു. പദ്ധതി 2013-ൽ തീരണമായിരുന്നുവെങ്കിലും ഇതുവരെ ആരംഭിച്ചിട്ടുപോലുമില്ല. തണ്ണീർമുക്കം ബണ്ടിന്റെ പുനരാവിഷ്കാരം എവിടെ; തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം എവിടെ; വെള്ളപ്പൊക്ക നിയന്ത്രണം, റാണി, ചിത്തിര, സി.ഡി.ബ്ലോക്കുകൾ വല്ലതും നടന്നോ; എ.സി. കനാൽ പൂർത്തിയായോ; ഇല്ല. ആലപ്പുഴ ടൗണിൽ 104 കനാലുകൾ ഉണ്ട്.

ഒരു കനാലിൽപോലും ഈ കുട്ടനാട് പ്രോജക്ട് കടന്നുവന്നിട്ടില്ല. പാടശേഖരങ്ങളുടെ ബണ്ട് നിർമ്മാണം 10 ശതമാനം പോലുമായില്ല. ഒറ്റ ഗോഡൗണും റൈസ് മില്ലും നിർമ്മിച്ചിട്ടില്ല.

ചങ്ങനാശ്ശേരി, തിരുവല്ല, മാവേലിക്കര, കോട്ടയം, വൈക്കം, കായംകുളം, ചെങ്ങന്നൂർ, ആലപ്പുഴ നഗരങ്ങളിൽ ഈ പദ്ധതി തൊട്ടുനോക്കിയിട്ടില്ല. സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ പ്രഖ്യാപിച്ചിട്ടും, സ്വാമിനാഥന്റെ ശുപാർശയാണ് ഞാൻ പറയുന്നത്. സ്വാമിനാഥനും ഡബിൾ റോൾ ഉണ്ട്. പ്രശസ്തനാണ്, പക്ഷെ പദ്ധതി തന്നിട്ട് മൂപ്പിലാൻ മൂപ്പിലാന്റെ പാട്ടിനുപോയി. അദ്ദേഹം കുട്ടനാട്ടുകാരനാണ്, അവിടെ വന്നുനിന്ന് പദ്ധതി നോക്കാൻ അദ്ദേഹത്തിന് സൗമനസ്യമില്ല. അദ്ദേഹം സ്വയം ചെയ്യുന്നില്ലെങ്കിൽ ഗവൺമെന്റിനോട് ഞാൻ പറയുന്നത് ഇപ്പോൾ ഈ വഴിവിട്ട പ്രവർത്തനം നിർത്തിവയ്ക്കുക, സ്വാമിനാഥനെ വിളിക്കുക, അദ്ദേഹത്തോട് ആഡിറ്റുചെയ്യാൻ പറയുക. അദ്ദേഹം പറയുന്നതുപോലെ, പൈസവേണമെങ്കിൽ കൊടുക്കണം. കുട്ടനാടു പ്രോജക്ട് നല്ലരീതിയിൽ കൊണ്ടുവരാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. പി. ജെ. ജോസഫ് 18-6-2014-ന് എനിക്ക് മറുപടി തന്നു (ക്വസ്റ്റ്യൻ നമ്പർ 234), ഇത് പരാജയപ്പെടുവാനുള്ള കാരണം, എംപവേർഡ് കമ്മിറ്റി, അത് ഞങ്ങളാരുമല്ല ഇവിടത്തെ കുറേ ഐ.എ.എസ്.കാരാണ്. അവർ സ്വയം പവർ ആയിക്കൊണ്ടിരിക്കുകയാണ്. അവർ സ്വയം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. ചീഫ് സെക്രട്ടറിയാണോ വലിയ ആള്, മറ്റാരെങ്കിലുമാണോ വലിയ ആള്, ആയിക്കോട്ടെ, ആ തർക്കം നടക്കട്ടെ. പക്ഷെ ഈ ജോലി ചെയ്യുന്നവർ

എംപവേർഡ് കമ്മിറ്റി വിളിച്ചുകൂട്ടില്ല. പി.ഡബ്ല്യു.ഡി. പലതവണ ടെണ്ടർ ചെയ്യേണ്ടി വരുന്നു അതാണ് കള്ളത്തരം. ആ കള്ളത്തരം അവസാനിപ്പിക്കുവാൻ ഗവൺമെന്റിനു കഴിയേണ്ടേ. സാധാരണ പദ്ധതി പോലെ നടപ്പിലാക്കി. ഞങ്ങളാണോ നടത്തിയത്? ഉദ്യോഗസ്ഥന്മാരല്ലേ നടത്തിയത്; നിങ്ങൾ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചതെന്തിനാണ്? കാർഷിക പദ്ധതിക്കെന്തിനാണ് പി. ഡബ്ല്യു.ഡി. ടെണ്ടർ? കാർഷികപദ്ധതിക്ക് പ്രത്യേക അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ഡിവിഷനുണ്ടാക്കണം. വെള്ളപ്പൊക്കം വരുന്നത് കൊണ്ട് പദ്ധതി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്നാണ്. വെള്ളപ്പൊക്കം തടയാനുള്ള പദ്ധതി വെള്ളപ്പൊക്കം വന്നതുകൊണ്ട് നടപ്പിലാക്കാൻ പറ്റിയില്ലെന്ന് പറഞ്ഞാൽ കുട്ടനാടൻ പദ്ധതി പരാജയപ്പെട്ടില്ലേ; അഴിമതിയുടെ വെള്ളപ്പൊക്കമാണ് അവിടെ നടക്കുന്നത്. കൃഷിക്കാരോട് ആലോചിക്കാതെ നിർമ്മാണപ്രവർത്തനം നടത്തിയാൽ കൃഷിക്കാർ എതിർക്കും. അല്ലാതെ നടത്തിയാൽ അവർ എതിർക്കും. അവരോട് ആലോചിക്കണം. ഉദ്യോഗസ്ഥൻമാർക്ക് ഇതിൽ വല്ല അർത്ഥവുമുണ്ടോ? കടലിൽ കല്ലിട്ട്, കല്ലിടാതെ കാശു വാങ്ങിക്കുന്നവരല്ലേ അവർ. കായലിൽ കല്ലിട്ട്, കല്ലിടാതെ കാശ് വാങ്ങുന്നവരല്ലേ അവർ, വെള്ളപ്പൊക്കത്തിന് കല്ല് കെട്ടാൻ തൊഴിലാളികളുടെ കുറവെന്ന് പറയുമ്പോഴും മാതൃകാസംസ്ഥാനമാണ് കേരളമെന്നാണ് പറയുന്നത്. ആളൊക്കെയുണ്ട്, ഇല്ലാത്തതുകൊണ്ടല്ല. ഞാൻ കുട്ടനാട് പ്രോസ്പരിറ്റി കൗൺസിലിൽ ആവശ്യപ്പെട്ട, ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി അംഗീകരിച്ച കുട്ടനാട് പ്രോജക്ട് പരിശോധിക്കുവാനുള്ള ഫൈനാൻസും, വിജിലൻസും എവിടെ? അന്ന് അങ്ങനെയൊരു വിംഗ് എന്ന് പ്രഖ്യാപിച്ചു. ഒരു വിവരവുമില്ല. നിങ്ങളിപ്പോൾ വിജിലൻസിനെകൊണ്ട് കഴിഞ്ഞ ഗവൺമെന്റിലെ മന്ത്രിമാരെയൊക്കെ ജയിലിലടക്കുവാൻ ഓരോ അന്വേഷണ

വുമായി വിട്ടിരിക്കുകയല്ലേ. ഇതുവരെ ആരേയും കിട്ടിയില്ല. ഉടനേ കിട്ടുമെന്നാണ് പറയുന്നത്. നിങ്ങൾ ആരെ വേണമെങ്കിലും ജയിലിലടച്ചോ; ഞങ്ങളാരും അഴിമതിയൊന്നും കാണിച്ചിട്ടില്ല. ഇത്തരത്തിൽ ആവശ്യമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി വിജിലൻസിനെ കയറൂരിവിട്ടിരിക്കുകയാണ്. ഭൂപ്രകൃതിയെ പുന:സ്ഥാപിക്കണമെന്നുള്ളത് സ്വാമിനാഥൻ കമ്മീഷന്റെ പ്രധാന ശുപാർശയായിരുന്നു. പക്ഷെ ഭൂപ്രകൃതിയെ മുഴുവൻ മാറ്റി മറിച്ച് കരിങ്കല്ലിന്റെ ഒരു ആവാസകേന്ദ്രമായി കുട്ടനാടിനെ മാറ്റിയിരിക്കുന്നു. 3 ജില്ലകളിൽ 80 വില്ലേജുകളിലായി പരന്നുകിടക്കുന്ന കുട്ടനാട്ടിൽ 50,000 ഏക്കർ നിലമാണ് കഴിഞ്ഞ 10 വർഷമായി നികത്തിയിരിക്കുന്നത്. അതിന് കളക്ടറും ആർ.ഡി.ഒ.യും തഹസീൽദാരും വില്ലേജാഫീസറും മറ്റ് റവന്യൂ ഉദ്യോഗസ്ഥരുമൊക്കെ കൂട്ടുനിൽക്കുകയാണ്. പ്രമാണിമാർ വയൽ നികത്തിയെടുക്കുകയാണ്, പാവപ്പെട്ടവൻ വീട് വയ്ക്കാൻ രണ്ട് സെന്റ് സ്ഥലം നികത്തിയാൽ അവനെ പിടിച്ച് ജയിലിൽ ഇടുകയാണ്. ഇതെല്ലാം അന്വേഷിക്കണ്ടേ? കുട്ടനാടൊക്കെ പച്ചയായി നികത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെയൊന്നുമല്ല. ഞങ്ങളെല്ലാവരും കുട്ടനാടിന്റെ ഭാഗത്തുള്ളവരായതുകൊണ്ട് പറയുകയാണ്, ചില ഐ.എ.എസ്സുകാരും, റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരും, തദ്ദേശസ്വയംഭരണ വകുപ്പിലെ ഭാരവാഹികളും, റിയൽ എസ്റ്റേറ്റു ലോബിയും, മണ്ണുകച്ചവടക്കാരും, കരാറുകാരും ചേർന്ന അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായി കുട്ടനാടു പാക്കേജ് ഊർദ്ധശ്വാസം വലിക്കുകയാണ്. അങ്ങേക്ക് അതിനെ രക്ഷിക്കുവാൻ കഴിയുമോ? രാഷ്ട്രീയകർഷകനായ, കർഷകപ്രേമിയായ, സംഗീത വിദ്വാനായ, നല്ല മാനവികതയുള്ള അങ്ങേക്ക് എന്തെങ്കിലും ചെയ്യുവാൻ കഴിയുമോ? ഭഗീരഥനൊന്നുമായില്ലെങ്കിലും എന്തെങ്കിലും ചെയ്യുവാൻ കഴിയുമെങ്കിൽ ചെയ്യുക.

ലാൻഡ് യൂസ് ബോർഡ്, എന്ത് ലാൻഡ് യൂസ് ബോർഡാണ് ഇവിടെയുളളത്. ഒരു ഐ.എ.എസ്സു കാരൻ ഈ ബോർഡിന്റെ തലപ്പതിരിക്കുകയാണ്. അയാൾ ഭൂമി കണ്ടിട്ടുണ്ടോ? അയാൾ നിലം കണ്ടിട്ടുണ്ടോ? അയാൾക്ക് ലാൻഡ് യൂസ് വല്ലതും അറിയാമോ? പാഡി ബോർഡ്, എന്ത് പാഡി ബോർഡ്, ഇറിഗേഷൻ വകുപ്പ്, അഗ്രിക്കൾച്ചർ വകുപ്പ്, പി.ഡബ്ള്യു.ഡി വകുപ്പ്......ഇവിടെയൊക്കെ കുറേകാര്യങ്ങൾ നടക്കുന്നുണ്ട്. ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. അതുപോലെതന്നെ അഴിമതിയും കാര്യമായി നടക്കുന്നുണ്ട്. സോയിൽ കൺസർവേഷൻ, ഒരു സോയിൽ കൺസർവേഷനുമില്ല, മണ്ണെല്ലാം ഒലിച്ചുപൊയ്ക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥ കുലംകുത്തികളാണിവർ. നമ്മുടെ ആവാസ ഭൂമിയെ കുത്തികുത്തിയെടുത്ത് വിറ്റ്, നക്കി ജീവിക്കുന്നവരും ദരിദ്രവാസികളും, പണത്തിന് വേണ്ടി മാത്രം ജീവിക്കുന്ന ഇവരെപ്പറ്റിയെന്താണ് പറയേണ്ടത്. എം.എൽ.എ ആയ എനിക്കോ നിങ്ങൾക്കോരോരുത്തർക്കും, എം.എൽ.എ മാരായിവന്ന മന്ത്രിമാർക്കും കൃഷിക്കാർക്കുള്ള വികാരം എന്തുകൊണ്ട് ഈ അധികാരിവർഗ്ഗത്തിനുണ്ടാവുന്നില്ല. പണത്തിനുവേണ്ടിയുളള ഈ ആർത്തിയുണ്ടല്ലോ അതാണീ പ്രകൃതിയെ നശിപ്പിക്കുന്നത്. ജീവിതത്തിന്റെ കുലസ്ഥാനങ്ങൾ അവർ കുത്തിയടർത്ത് വിൽക്കുകയാണ്. ഇവിടെ ജനകീയ ശക്തിയുടെ ചാട്ടവാർകൊണ്ട് പ്രഹരിച്ച്, തുറുങ്കിലടച്ച്, നല്ല ഒന്നാന്തരം കുട്ടനാടൻ പുഞ്ചയുടെ അരിയും ചോറും കൊടുത്ത് നന്നാക്കാൻ കഴിയുമോ? അവർക്ക് ചോറു കൊടുക്കണം, കുട്ടനാടൻ ചോറുതന്നെ കൊടുക്കണം അല്ലെങ്കിൽ പാലക്കാടൻ ചോറ് കൊടുക്കണം. അങ്ങനെ കൊടുത്തുനോക്കണം. ഇവിടെ മണി മാളികകളും, വസ്തുവകകളും, ബാങ്ക് നിക്ഷേപങ്ങളും കൊളളയടിച്ചുണ്ടാക്കിയതിൽ ന്യായമായുള്ളത് വിട്ടുകൊടുത്തിട്ട് ബാക്കിയുള്ളത് പിടിച്ചെടുക്കാൻ ഇവിടെ

നിയമമുണ്ടോ? ഇല്ലെങ്കിൽ നാട്ടുകാർ പിടിച്ചെടുത്താൽ അവരെ അറസ്റ്റ് ചെയ്യാതിരിക്കുമോ എന്നു ഞാൻ ചോദിക്കുകയാണ്. ബ്ലേഡുകമ്പനിക്കാരെ നിങ്ങൾ പിടിക്കുന്നുണ്ടല്ലോ. നാട്ടുകാർ പിടിച്ചെടുത്തോളാം, നിങ്ങൾ അറസ്റ്റു ചെയ്യാതിരുന്നാൽ മതി. ഞങ്ങൾ കയറിക്കോളാം ഭൂമി വീതിച്ചു കൊടുത്തു കൊളളാം. അപ്പോൾ നിങ്ങൾ ഞങ്ങളെ അറസ്റ്റു ചെയ്യും, നിയമങ്ങളെല്ലാം അവർക്കുവേണ്ടിയാകും രണ്ടു പണിയും കൂടി നടക്കുകയില്ല. ആലപ്പുഴ നഗരത്തെ പുതുക്കി പണിയുന്നതിനായി 5000 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കണം, ഉടനേ നടപ്പാക്കാൻ വേണ്ടിയല്ല. നഗരാസൂത്രണത്തിന് ഒരു ഉദ്ദേശമുണ്ട്. കേരള വാട്ടർ അതോറിറ്റി, അതോറിറ്റിയേയുള്ളൂ, ഒരു തുള്ളി വെള്ളമില്ല. അത് പുന:സ്ഥാപിക്കണം. ഒരു ഗ്രാമപഞ്ചായത്തിലോ, മുനിസിപ്പാലിറ്റിയിലോ, കോർപ്പറേഷനിലോ അവിടെ സോഴ്സ് ഉണ്ടെങ്കിൽ അവിടെയുള്ള എല്ലാ ജലപദ്ധതികളും അവരെ ഏൽപ്പിക്കണം. ഭരണഘടനാ ഭേദഗതിയിൽ ഇത് പറഞ്ഞിട്ടുണ്ട്. ഈ അവകാശങ്ങൾ ലോക്കൽ ബോഡീസിനാണ്, അവർക്ക് കൊടുക്കാതെ ഇതെല്ലാം കൈവശം വച്ചുകൊണ്ടിരിക്കുന്നത് എന്തിനാണ്? ശുദ്ധജലവിതരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ കഴിവനുസരിച്ചുള്ളത് വിട്ടുകൊടുക്കണം. വൻകിട പദ്ധതികൾ കെ. ഡബ്ല്യു.എ. ഏറ്റെടുക്കണം. അനധികൃതമായി നടത്തുന്ന റിസോർട്ട് നിർമ്മാണത്തെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറുണ്ടോ? ഒരു ഉദാഹരണം പറയാം, ആലപ്പുഴ ജില്ലയിൽ എന്റെ വീടിന്റെ അടുത്ത് ആലപ്പുഴ എസ്.ഡി. കോളേജിന്റെ പടിഞ്ഞാറ് റിലയൻസ് അഞ്ചു നിലകെട്ടിടം പണിയുകയാണ്. അതിൽ ഒരു നില ഭൂമിക്കടിയിലാണ്. പെർമിഷൻ എടുത്തിട്ടില്ല, ആവശ്യമായ ഒരു ചട്ടവും പാലിച്ചിട്ടില്ല. ആ നാട് നശിപ്പിക്കുകയാണ്. അത് റദ്ദ് ചെയ്ത് ആ സ്ഥലവും കെട്ടിടവും ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? റിലയൻസ്

ആയതുകൊണ്ട് മുട്ടിടിക്കുമോ എനിക്കറിയില്ല. മാലിന്യ സംസ്കരണത്തിനു ഒരു പുതിയ സംവിധാനം വേണം, അത് ചർച്ചചെയ്ത് തീരുമാനിക്കണം. മാധ്യമങ്ങൾ ആശയകുഴപ്പമുണ്ടാക്കരുത്. ജനകീയാസൂത്രണത്തിന് ഇതുവരെയുള്ള അനുഭവങ്ങൾ കണക്കിലെടുത്ത് അത് ആഡിറ്റുചെയ്ത് എങ്ങനെ കാലികമായി മെച്ചപ്പെടുത്താമെന്നതിനെക്കുറിച്ച് ചർച്ചചെയ്യണം. കുടുംബശ്രീയുടെ പ്രവർത്തനം ആഡിറ്റു നടത്തി ലക്ഷ്യത്തിലേക്ക് തിരികെ വരാത്തവരെ ലക്ഷ്യത്തിലേയ്ക്ക് കൊണ്ടുവരണം. പ്ലാനിംഗ് ബോർഡ് അനാവശ്യമായി പഞ്ചായത്തുകളുടെ കാര്യത്തിൽ ഇടപെടരുത്. അവർ എന്തിനാണ് ഒരു വീടിന് ഇത്ര കല്ല് വേണം, ഇത്ര മുള വേണം എന്നൊക്കെ പറയുന്നത്. അതൊക്കെ നാട്ടുകാർക്ക് അറിയാം, വെറും മേൽനോട്ടമല്ലാതെ ആവശ്യമില്ലാതെ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും അധികാരത്തിൽ കൈകടത്താനുള്ള പ്രവണത ആവസാനിപ്പിക്കണം. ഭവന നിർമ്മാണ പദ്ധതികൾ പ്രയോജനപ്പെടുന്നില്ല. കുപ്പിവെള്ളം സർക്കാർ വിൽക്കുമ്പോൾ എന്തിനാണ് 15 രൂപയിട്ടു വിൽക്കുന്നത്. 5 രൂപയേ അതിന് ചിലവുള്ളൂ. കുപ്പിവെള്ളം വിറ്റ് കാശുണ്ടാക്കാൻ ഗവൺമെന്റിനെ ഉപദേശിക്കുന്ന ആരായാലും അവർ ജീവിതത്തിൽ നിഷേധികളാണ്, ഒരിക്കലും അങ്ങനെ ചെയ്യരുത്. ശിവപ്രസാദ് തയ്യിൽ എന്നു പറയുന്ന ആള് ഗൾഫിൽ നിന്ന് എനിക്ക് ഫെയ്സ് ബുക്കിൽ മെസേജ് അയച്ചു, ഏഴര രൂപക്ക് നേവൽ ബെയ്സിൽ ഈ വെള്ളം കിട്ടുന്നു, സർക്കാരിന്റെ വെള്ളത്തിന് 15 രൂപയാണ്, ശരിയല്ലേ അയാൾ പറഞ്ഞത്. പ്രകൃതി ഗായകനായ , കൃഷിക്കാരനായ , മാനവികതയുള്ള അങ്ങയോട് ഞാൻ പറയുകയാണ് അങ്ങും അങ്ങയുടെ പാർട്ടിയും യു.ഡി.എഫ്. ആകുന്ന തളം കെട്ടിക്കിടക്കുന്ന ഈ മലിനജലത്തിൽ, അതിന്റെ നടക്കു നിങ്ങളാകുന്ന ശുദ്ധജലം, മലിനമായിക്കൊണ്ടിരി

ക്കുകയാണ്. നിങ്ങൾ അവിടെയിരുന്നു ഒരു പുതിയ ജലസേചന പദ്ധതി വെട്ടിത്തുറക്കണം, അതിനകത്ത് കിടക്കുമ്പോഴും, കിടക്കുന്ന വെള്ളത്തിനു ചുറ്റം ഒരു രജതരേഖ ചെറുതായി ഇപ്പോഴും കാണാം നിങ്ങൾ കേരളത്തെ രക്ഷിക്കാനുണ്ടായ കോൺഗ്രസ്സാണെങ്കിൽ ഈ രാഷ്ട്രീയ മലിനജലത്തിൽ നിന്നും പുതിയ ഇറിഗേഷൻ കെട്ടിപ്പടുത്ത് വിശാലമായ ഇടതുപക്ഷ കർഷക ഭൂമിയിൽ കുറച്ച് വെള്ളം കൂടി തരൂ, ഞങ്ങൾക്ക് വേണം. ഈ ധനാഭ്യർത്ഥന കളെ എതിർക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. 2013-14 സാമ്പത്തിക വർഷം വികസനഫണ്ട്, മെയിന്റ നൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നീ ഇനങ്ങളിൽ നഗരസഭകൾക്ക് അനുവദിച്ച 1142 കോടി രൂപയിൽ 537 കോടി രൂപ കോർപ്പറേഷനുകൾക്കും 605 കോടി രൂപ മുനിസിപ്പാലിറ്റികൾക്കും നൽകി. 264 കോടി രൂപയായി രുന്നു ഓപ്പണിംഗ് ബാലൻസ്. ഇതിൽ ഏറ്റവും കൂടുതൽ സംഖ്യ ചെലവഴി ച്ചത് തിരുവനന്തപുരം കോർപ്പറേഷനും തൃശൂർ കോർപ്പറേഷനും ഏറ്റവും കുറച്ച് ചെലവഴിച്ചത് കോഴിക്കോട് കോർപ്പറേഷനാണ്. മുനിസിപ്പാലിറ്റികൾ 75 ശതമാനം തുക ചെലവഴിച്ചപ്പോൾ മലപ്പുറം, നിലമ്പൂർ, പാല എന്നീ മുനി സിപ്പാലിറ്റികൾ 100 ശതമാനം തുകയും ചെലവഴിച്ചു. ഇരിങ്ങാലക്കുട, വർക്കല നഗരസഭകൾ 56 ശതമാനം തുക മാത്രമേ ചെലവഴിച്ചുള്ളൂ. ലോക് സഭാ ഇലക്ഷന്റെ പെരുമാറ്റചട്ടവും മറ്റുചില ടെക്നിക്കൽ പ്രോബ്ലംസും വന്ന തുകൊണ്ടാണ് കഴിഞ്ഞ പ്രാവശ്യം മുഴുവൻ തുകയും ചെലവഴിക്കാൻ കഴി

യാതെപോയത്. ഈ പ്രാവശ്യം അത് 95 ശതമാനമാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ 48 ശതമാനം ആളുകളും ടൗണുകളിലാണ് ജീവിക്കുന്നത്. പത്ത് വർഷം മുമ്പ് അത് വെറും 24 ശതമാനം മാത്രമായിരുന്നു. നഗരസഭകളുടെ അടിസ്ഥാന സൗകര്യങ്ങളും ആവശ്യങ്ങളും സർക്കാർ ഗ്രാന്റ് കൊണ്ടുമാത്രം പൂർത്തീകരിക്കാൻ കഴിയില്ല. ഈ കാര്യം മനസ്സിലാക്കിക്കൊണ്ട് ഫെബ്രുവരിയിൽ എറണാകുളത്തുവച്ച് ഒരു നിക്ഷേപക സംഗമം നടത്തുകയും നഗരസഭകൾ തീരുമാനിച്ച 61 പദ്ധതികൾ അവിടെ അവതരിപ്പിക്കുകയും ചെയ്തു. 4291 കോടി രൂപയുടെ പ്രോജക്ടുകൾ 101 നിക്ഷേപകരാണ് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ആയി ഒപ്പിട്ടത്. ഷോപ്പിംഗ് മാളുകൾ, മൾട്ടിപ്പിൾ തിയേറ്ററുകൾ, ബസ് സ്റ്റാന്റുകൾ തുടങ്ങിയ പല പദ്ധതികളും അതിൽ അവതരിപ്പിച്ചു. ആ സമയത്ത് ഇലക്ഷൻ ഡിക്ലയർ ചെയ്തതുകൊണ്ട് ആ പദ്ധതി നിറുത്തിവയ്ക്കേണ്ടിവന്നു. അതിപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. മാത്രമല്ല, പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പാർട്ട്ണർ കേരള മിഷൻ എന്ന ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ട്. നഗരസഭകളിലെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പുതന്നെ പകുതിയിലധികം പദ്ധതികൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നഗരസഭകളുടെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽ നികുതി പരസ്യനികുതി വിനോദനികുതി എന്നിവയാണ്. കഴിഞ്ഞ വർഷം കെട്ടിടനികുതി ഇനത്തിൽ 241 കോടി രൂപയും തൊഴിൽ നികുതി ഇനത്തിൽ 157 കോടി രൂപയും പരസ്യനികുതി ഇനത്തിൽ 6.76 കോടി രൂപയും വിനോദനികുതി ഇനത്തിൽ 48 കോടി രൂപയുമുൾപ്പെടെ ആകെ 453.88 കോടി രൂപയാണ് പിരിച്ചെടുത്തത്. നികുതി പിരിവ് ഇത്രയധികം കുറയാ

നുള്ള പ്രധാനപ്പെട്ട കാരണം സ്റ്റാഫിന്റെ അപര്യാപ്തതയാണ്. നികുതി പിരിക്കാൻ സ്റ്റാഫില്ലാത്തതുൾപ്പെടെ മറ്റ് പല പ്രശ്നങ്ങളും നഗരസഭകൾക്കുണ്ട്. 1999 ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും നഗരസഭകൾക്കുള്ളത്. എന്നാൽ, ധാരാളം അധികാരങ്ങൾ ഈ ഗവൺമെന്റ് താഴെത്തട്ടിലേയ്ക്ക് കൊടുത്തതിന്റെ ഫലമായി കുറേയധികം കാര്യങ്ങൾ അവിടെ നടപ്പിലാക്കിയെങ്കിലും സ്റ്റാഫ് സ്ട്രെങ്ത് ഇതുവരെ ഉയർത്തിയിട്ടില്ല. നഗരസഭകളുടെ ഗ്രേഡ് ഉയർത്തിയാൽ അവർക്കാവശ്യമുള്ള സ്റ്റാഫിനെ നിയമിക്കാൻ സാധിക്കും. അതുകൊണ്ട് 15 നഗരസഭകളെ എ ഗ്രേഡിലേയ്ക്കും 17 നഗരസഭകളെ ബി ഗ്രേഡിലേയ്ക്കും ഉയർത്താനുള്ള ഫയൽ ഇന്ന് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അത് ഉടൻതന്നെ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതിക്ഷിക്കുന്നത്. സ്റ്റാഫ് കൂടുതൽ വരുമ്പോൾ നികുതി പിരിവ് ഊർജ്ജിതമാവും. മറ്റൊരുകാര്യം, ഇപ്പോഴുള്ള നികുതികൾ പിരിച്ചെടുക്കുന്നതോടൊപ്പം തന്നെ വരുമാനത്തിനായി പുതിയ സ്രോതസ്സുകൾ കണ്ടെത്തണം. 65 നഗരസഭകളിലെ പരസ്യനികുതി വരുമാനം 6.75 കോടി രൂപയാണ്. കോയമ്പത്തൂർ കോർപ്പറേഷനിൽ മാത്രം ഇത് 22 കോടി രൂപയും ഹൈദ്രാബാദ് കോർപ്പറേഷനിൽ 30 കോടി രൂപയുമാണ്. കേരളത്തിന്റെ മുഴുവൻ കണക്കെടുത്ത് പരിശോധിക്കുകയാണെങ്കിൽ ഏകദേശം 100-150 കോടി രൂപയുടെയെങ്കിലും പരസ്യനികുതി വരുമാനത്തിലൂടെ സ്വരൂപിക്കാൻ കഴിയും. നമ്മുടെ നാട്ടിൽ ഇലക്ട്രിസിറ്റി ബോർഡുകളിലൊക്കെ യാതൊരനുപാതവുമില്ലാതെ തലങ്ങും വിലങ്ങും പല രീതിയിലുള്ള പരസ്യങ്ങളും ഉണ്ടാവുന്നുണ്ട്. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അക്കാര്യത്തിൽ ശ്രദ്ധിക്കുന്നില്ല. ഇതിലൂടെ നഗരം വൃത്തികേടാവുന്നുവെന്ന് മാത്രമല്ല, വളരെ വലിയൊരു സംഖ്യ അതിലൂടെ

നഷ്ടമാവുകയും ചെയ്യുന്നു. ഈ അടുത്ത കാലത്ത് രൂപീകരിച്ച ക്ലീൻ കേരള കമ്പനിയും നഗരസഭകളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും പി.ഡബ്ല്യൂ. ഡി.യും സഹകരിച്ച് ഒരു പുതിയ പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇലക്ട്രിസിറ്റി ബോർഡിൽ ഒന്നുകിൽ പെയിന്റടിച്ചോ അലൂമിനിയം ഗ്ലാഡിംഗോ മറ്റ് എന്തെങ്കിലും ചെയ്തോ വൃത്തിയാക്കി അവിടെ പരസ്യബോർഡുകൾ ഒട്ടിച്ചുകൊണ്ട് പരസ്യം ലഭിക്കുകയാണെങ്കിൽ അത് നഗരസഭകളക്ക് വലിയൊരു വരുമാനമാകും. ആ പദ്ധതി നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്. മറ്റൊരുകാര്യം, ഇരുപത് വർഷത്തിനുശേഷം ആദ്യമായിട്ടാണ് വസ്തുനികുതി വർദ്ധിപ്പിച്ചത്. 2011–12–ൽ വസ്തുനികുതി ഇനത്തിൽ 204 കോടി രൂപയും 2012–13–ൽ 226 കോടി രൂപയും 2013–14 –ൽ 241 കോടി രൂപയുമായിരുന്നു ലഭിച്ചത്. പക്ഷെ, ഇപ്പോഴും കാര്യമായിട്ടുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിൽതന്നെ അത് പ്രായോഗികമാക്കിയിട്ടില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ അതിനെപ്പറ്റി പറയുകയുണ്ടായി. പക്ഷെ, വീടുകൾക്കുള്ള നികുതി കുറഞ്ഞവർദ്ധന 25 ശതമാനമാണ്. 20 വർഷം മുമ്പാണ് ഇതിൽ ഒരു വർദ്ധനവ് വരുത്തിയത്. അതിനുശേഷം വീടുകൾക്ക് കുറഞ്ഞ വർദ്ധന 25 ശതമാനവും കൂടിയത് 60 ശതമാനവും വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പരമാവധി വർദ്ധന 150 ശതമാനവും കുറഞ്ഞത് 25 ശതമാനവുമാണ്. ധാരാളം ബിൽഡിംഗുകളും വീടുകളും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈയിനത്തിൽ കഴിഞ്ഞപ്രാവശ്യം 40 ശതമാനം വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷെ, കാര്യമായിട്ടുള്ള ഒരു വർദ്ധനവ് ഉണ്ടായിട്ടില്ല. വെറും പത്ത് ശതമാനം വർദ്ധനവ് മാത്രമാണുണ്ടായിട്ടുള്ളത്. വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ പാഴ്ചെല

വുകൾ ഇല്ലാതാക്കുകയും വേണം. തെരുവിളക്കുകൾക്കുവേണ്ടി മാത്രം 307 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് ഒരു വർഷം ഉപയോഗിക്കുന്നത്. തൊണ്ണൂറ് കോടി രൂപയാണ് നഗരസഭകൾ ഇതിനായി ചെലവഴിക്കുന്നത്. ഈ ബൾബുകൾ മാറ്റുകയും അതുപോലെ തന്നെ അറ്റകുറ്റപ്പണികളുമൊക്കെ യഥാസമയം കെ.എസ്.ഇ.ബി. ചെയ്യാത്തതുകൊണ്ട് പലപ്പോഴും പലഭാഗങ്ങളിലും സംഘർഷമുണ്ടാകുന്നുണ്ട്. ഇതു മനസ്സിലാക്കിക്കൊണ്ടാണ് എൽ.ഇ.ഡി. വിളക്കുകളിലേയ്ക്ക് പോകണമെന്നുള്ള ഒരു ഉദ്ദേശ്യമുണ്ടായത്. നിലവിലുള്ള തെരുവിളക്കുകളെല്ലാം എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റിയാൽ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ കഴിയുമെന്ന് മാത്രമല്ല, അതിന് വലിയ തോതിലുള്ള മെയിന്റനൻസ് ആവശ്യവുമില്ല. നഗരങ്ങളിൽ ഇപ്പോഴുള്ള ലൈറ്റുകൾ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുകയാണെങ്കിൽ ഒരു 45 കോടി രൂപ ഒരുവർഷം ഗവൺമെന്റിന് ലാഭിക്കാൻ സാധിക്കുമെന്നാണ് വിചാരിക്കുന്നത്. അതിനുവേണ്ടി കേന്ദ്ര ഊർജ്ജ വകുപ്പിനുകീഴിലുള്ള ഇ.എസ്.എൽ. എന്ന ഏജൻസിയുമായി ചർച്ച നടത്തി, നഗരജ്യോതിയെന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പൈലറ്റ് പദ്ധതി പെരിന്തൽമണ്ണയിൽ ആരംഭിച്ചു. വരുന്ന ഒരു വർഷത്തിനകം നിലവിലെ ലൈറ്റിംഗ് സിസ്റ്റം മാറ്റി എൽ.ഇ.ഡി. ആക്കാൻ കഴിയും. തിരുവനന്തപുരം കോർപ്പറേഷൻ ഇതുവരെയും അത് ഒപ്പിട്ടിട്ടില്ലെന്നുള്ളതാണ് സത്യം.

ഡോ. റ്റി.എം. തോമസ് ഐസക്: പെരിന്തൽമണ്ണയിൽ ഈ പദ്ധതി ആരംഭിച്ചുവെന്ന് പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. കഴിഞ്ഞ മാർച്ച് മാസത്തിൽ ഈ പറയുന്ന കമ്പനിക്ക് ആറ് കോടി രൂപ കെട്ടിവച്ചു. ബാക്കികൊടുക്കാനുള്ള രണ്ട് കോടി രൂപ ഈ വർഷത്തെ പദ്ധതിയിലുണ്ട്. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഈ പദ്ധതി ആരംഭിക്കുവാനുള്ള ഏർപ്പാടുണ്ടാക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: അതിന് യാതൊരു സംശയവുമില്ല. പക്ഷെ, ഇതിനായി പണം കെട്ടിവയ്ക്കേണ്ട ആവശ്യമില്ല. ഇവർ പറയുന്നതെന്താണെന്നുവച്ചാൽ കേന്ദ്രസർക്കാരിന്റെ ഒരു സബ്സിഡിയറി കമ്പനിയാണിത്. ആ കമ്പനിയായിരിക്കും ഇതിന്റെ ഇൻവെസ്റ്റ്മെന്റ് മുഴുവൻ വഹിക്കുന്നത്. അവർ മുഴുവൻ ട്യൂബുകളും സി.എഫ്.എൽ. ലൈറ്റുകളും എല്ലാം മാറ്റി അതിനു പകരം എൽ.ഇ.ഡി. ലൈറ്റ് വയ്ക്കും. അതിനായി പ്രത്യേകിച്ച് വയറിംഗ് നടത്തും, സെപ്പറേറ്റ് മീറ്റർ വയ്ക്കും. കൃത്യമായി അത് വർക്ക് ചെയ്യും. അതിന്റെ മെയിന്റനൻസൊക്കെ അവർതന്നെയാണ് നോക്കുന്നത്. ഇതിനായി ആകെ ചെലവാകുന്ന സംഖ്യ അഞ്ചോ ആറോ വർഷം കൊണ്ട് റിക്കവർ ചെയ്യുമെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. എന്നാൽ തന്നെയും അതിൽ പത്ത് ശതമാനം ലാഭം ഗവൺമെന്റിനുണ്ടാവും. ഇതിനായി ആറ് കോടി രൂപ കൊടുത്തിട്ടുണ്ടെങ്കിൽ തീർച്ചയായും എത്രയും പെട്ടെന്ന് ഇത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാം. നഗരസഭകളുടെ മാസ്റ്റർ പ്ലാനിനെപ്പറ്റി ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഇവിടെ സംസാരിച്ചു. ആസൂത്രണമില്ലായ്മയുടെ പോരായ്മകൾ മിക്കവാറും എല്ലാ ടൗണുകളിലുമുണ്ട്. ദീർഘവീക്ഷണത്തോടുകൂടിയുള്ള മാസ്റ്റർ പ്ലാൻ വേണം. ടൗണിന്റെ വികസന ജാതകമാണ് മാസ്റ്റർ പ്ലാൻ എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആസൂത്രിത വികസനവും കാര്യക്ഷമമായ അടിസ്ഥാന സൗകര്യമുള്ള ഒരു ശൃംഖലയുള്ള ഒരു മാസ്റ്റർ പ്ലാൻ ഉറപ്പാക്കുന്നുണ്ട്. 43 വർഷം മുമ്പ് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം നഗരത്തിന്റെ വികസനം ഇപ്പോൾ നടക്കുന്നത്. അതുപോലെതന്നെ 2001-ൽ തയ്യാറാക്കിയ മാസ്റ്റർ പ്ലാനാണ് കൊച്ചിക്കുള്ളത്. കോഴിക്കോട് നഗരത്തിന്റെ മാസ്റ്റർ പ്ലാൻ 1994 -ൽ തയ്യാറാക്കിയതാണ്. ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ

ഉദ്ദേശിച്ചിരുന്നു. ഇതിൽ അഞ്ചെണ്ണം അംഗീകരിച്ചുകിട്ടിയിട്ടുണ്ട്. പറവൂരും ചങ്ങനാശ്ശേരിയും വൈക്കവും തലശ്ശേരിയും മലപ്പുറവും അതുപോലെ 12 പട്ട ണങ്ങളുടെ മാസ്റ്റർ പ്ലാനിന്റെ കരടും പ്രസിദ്ധീകരിച്ചു. മറ്റ് 15 നഗരസഭകളുടെ പ്രസിദ്ധീകരണം വിവിധ ഘട്ടങ്ങളിലാണ്. ഇതിന്റെ പ്രധാനപ്പെട്ട പ്രശ്നം കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽതന്നെ നഗരസഭകൾ ഫൈനലൈസ് ചെയ്ത് സർക്കാരിലേയ്ക്ക് തരുന്നില്ലെന്നുള്ളതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: അങ്ങ് പറഞ്ഞതുപോലെ മാസ്റ്റർ പ്ലാൻ ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണ്. എല്ലാ നഗരസഭകൾക്കും കോർപ്പറേഷനു കൾക്കും മാസ്റ്റർ പ്ലാൻവേണം. അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീ യാസൂത്രണത്തിന്റെയും കാലഘട്ടത്തിൽ മാസ്റ്റർപ്ലാൻ ജനപങ്കാളിത്തത്തോടു കൂടി ജനകീയസമിതികൾ ചർച്ചചെയ്ത് ജനപ്രതിനിധികളുടെ അംഗീകാര ത്തോടുകൂടി അവരുടെ നിർദ്ദേശം കൂടി വച്ചാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കേ ണ്ടത്. സി.റ്റി.പി.യിൽ ഇരിക്കുന്ന ഏതാനും ഉദ്യോഗസ്ഥന്മാർ അവരുടെ മന സ്സിൽ തോന്നുന്ന കാര്യങ്ങൾ മാത്രം വരച്ചുവച്ചാൽ അത് മാസ്റ്റർ പ്ലാൻ ആവി ല്ല. അതാണ് ഇവിടെ സംഭവിച്ചത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കേണ്ടത് സി.റ്റി.പി.യിലുള്ള ഉദ്യോഗസ്ഥന്മാർ ഒരു ഡ്രാഫ്ട് ഉണ്ടാക്കുന്നു. ഡ്രാഫ്റ്റ് തയ്യാറാക്കാനുള്ള സൗകര്യം ഇപ്പോൾ കോർപ്പറേഷനില്ല. അങ്ങനെ ഡ്രാഫ്റ്റു ണ്ടാക്കി കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. അവർ അത് കംപ്ലീറ്റായി പഠിച്ചതിനു ശേഷം അവർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡ്രാഫ്റ്റ് പബ്ലിഷ് ചെയ്തത്. അതല്ലാതെ സി.റ്റി.പി. ഓഫീസോ സെക്രട്ടേറിയറ്റോ അല്ല അതി ന്മേൽ തീരുമാനമെടുത്തിട്ടുള്ളത്. അതിന്മേലുള്ള തീരുമാനമെടുത്തത് നഗര സഭ തന്നെയാണ്. പക്ഷെ, ആ സമയത്ത് അവർ കാര്യമായി ശ്രദ്ധിച്ചില്ല.

ഇപ്പോഴുള്ള ഈ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളൂ. അവരുടെ പരാതികൾ മനസ്സിലാക്കിക്കൊണ്ട് അത് പരിഹരിക്കാനുള്ള ഏർപ്പാടുകൾ നടത്തും.

2015 മാർച്ച് മാസത്തിനകം സംസ്ഥാനത്തെ 65 നഗരസഭകൾക്കുള്ള മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. മാർച്ച് മാസത്തിനുമുമ്പ് നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനുവേണ്ടി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) എന്നുള്ള ഒരു തസ്തിക സൃഷ്ടിച്ച് വർക്ക് തുടങ്ങിക്കഴിഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമത്തെപ്പറ്റി വളരെ വിശദീകരിച്ച് സംസാരിച്ചു. 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട്, ട്രാവൻകൂർ–കൊച്ചിൻ ടൗൺ പ്ലാനിംഗ് ആക്ട് 1108, ദി ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട് 1120 എന്നിവയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഭരണഘടനയുടെ 73, 74 ഭേദഗതികൾ വന്നതോടെ പുതിയ നിയമം വേണമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരുന്നു. പക്ഷേ പല കാരണങ്ങളാൽ, മാറിമാറി വന്ന ഗവൺമെന്റുകളൊന്നുംതന്നെ പുതിയ നിയമം കൊണ്ടുവന്നില്ല. 2011 ഫെബ്രുവരിയിൽ കോടതി നിർബന്ധമായും പെട്ടെന്നുതന്നെ നിയമം പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ധൃതിപിടിച്ച് ഒരു നിയമം ഉണ്ടാക്കുകയായിരുന്നു. 2003 മുതലാണ് അതുണ്ടാക്കിയത്. ഇതിനായി പല ഘട്ടങ്ങളിലായി നിരവധി ചർച്ചകളൊക്കെ നടത്തിയെന്നല്ലാതെ അത് പബ്ലിഷ് ചെയ്തിരുന്നില്ല. ഇപ്പോൾ അത് ഓർഡിനൻസായി ഇറക്കിയിട്ടുണ്ട്. ഈ നിയമസഭാ സമ്മേളന കാലയളവിൽത്തന്നെ ഇത് കൊണ്ടുവരാനുള്ള

തീരുമാനം മിക്കവാറും നാളത്തെ ബി.എ.സി.-യിൽ എടുക്കുന്നുണ്ട്. അത് സഭയിൽ കൊണ്ടുവരുമ്പോൾ അതിനെക്കുറിച്ച് വളരെ വിശദമായി ചർച്ച ചെയ്യാം. നഗരസഭകളുടേയോ പഞ്ചായത്തിന്റേയോ അല്ലെങ്കിൽ മറ്റുള്ളവരുടേതോ ആയ ഒരു അധികാരവും നമ്മൾ കവർന്നെടുക്കുന്നില്ല. ഡി.റ്റി.പി. അവരുടെ ജോബ് ഡിസ്ക്രിപ്ഷനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ ഒരു പ്രശ്നവുമുണ്ടാകില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇവിടെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിയെക്കുറിച്ച് പറയുകയുണ്ടായി. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മുൻ സർക്കാർ നടത്തിയിട്ടുള്ള ഭേദഗതികൾ നിർമ്മാണമേഖലയെ വളരെ കാര്യമായി ബാധിച്ചു. നിക്ഷേപത്തിൽ വലിയ കുറവുണ്ടായി. എല്ലാ കോണുകളിൽനിന്നും ആവശ്യങ്ങൾ ഉയർന്നു. അത് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനത്തിനും വിലയിരുത്തലിനുംശേഷം ഗുണപരമായ എല്ലാ മാറ്റങ്ങളും ഉൾക്കൊണ്ടു കൊണ്ട് കെട്ടിടനിർമ്മാണച്ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തി. അതായത് 2009-ന് മുമ്പുള്ള ആ ഭേദഗതികളിലേയ്ക്ക് പോയി. പക്ഷേ നല്ല നിർദ്ദേശങ്ങളും മാറ്റങ്ങളുമെല്ലാം ഉൾക്കൊണ്ടുകൊണ്ട് തന്നെയാണ് പിന്നിലേയ്ക്ക് പോയിട്ടുള്ളത്. അതുകൊണ്ടുതന്നെ നിർമ്മാണമേഖലയിൽ ഒരു പുത്തൻ ഉണർവ്വുണ്ടായി. ഇന്ന് നമ്മൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയൊരു പ്രശ്നം, കൺസ്ട്രക്ഷൻ മേഖലയിൽ പല കമ്പനികളും ഉപഭോക്താക്കളെ വഞ്ചിക്കുന്നതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഒരു വർഷത്തിനകം വീട് നിർമ്മിച്ചുനൽകുമെന്നുള്ള വാഗ്ദാനം നൽകി ഫുൾ എമൗണ്ടും കളക്റ്റ് ചെയ്തതിനുശേഷം വർഷങ്ങൾ കഴിഞ്ഞാണ് വീടുകളുണ്ടാക്കിക്കൊടുക്കുന്നത്. ഗുണനിലവാരമില്ലാത്ത സാമഗ്രികളാണ്

കെട്ടിട നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. ബോംബെയിലും ചെന്നൈയിലുമൊക്കെ കെട്ടിടം തകർന്നതിനെക്കുറിച്ചുള്ള വാർത്തകൾ നമ്മൾ കണ്ടതാണ്. ഗുണനിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് ബിൽഡിംഗുകളുണ്ടാക്കുമ്പോൾ പെട്ടെന്നുതന്നെ അത് പൊളിഞ്ഞു പോകുന്നു. പെർമിറ്റുപോലുമെടുക്കാതെ, പലരും പരസ്യം ചെയ്ത് പണം വാങ്ങുന്നുണ്ട്. അതുപോലെതന്നെ ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിൽ ബിൽഡിംഗ് നിർമ്മിച്ച് വിൽക്കുന്നുണ്ട്. ഈ രീതിയിലുള്ള പല പദ്ധതികളും നടപ്പിലാക്കുന്നതുകൊണ്ട്, ഇത് നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണ് കേരളാ റിയൽ എസ്റ്റേറ്റ് ഡെവലപ്മെന്റ് റഗുലേഷൻ അതോറിറ്റി ബിൽ. അത് തയ്യാറാക്കിക്കഴിഞ്ഞു. ഉടൻതന്നെ നിയമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, അങ്ങയുടെ പ്രസ്താവന ഞാൻ പല പ്രാവശ്യം വായിച്ചു. അതിൽ മുനിസിപ്പാലിറ്റികൾ രൂപീകരിക്കു ന്നതിനെക്കുറിച്ച് പറഞ്ഞിരുന്നു. അങ്ങ് ഇതുവരെ സംസാരിച്ചതിൽ അതിനെ ക്കുറിച്ച് പറഞ്ഞില്ല. എന്നുമാത്രമല്ല, ബഡ്ജറ്റിലുണ്ടായിരുന്ന, നയപ്രഖ്യാപന ത്തിൽ പറഞ്ഞ എരുമേലി-ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; എന്താണ് തീരുമാനം?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അവസാനം അതിനെക്കുറിച്ച് പറയാം. ഇപ്പോൾ ബിൽഡിംഗ് ലൈനിന്റെ കാര്യങ്ങൾ ഒരു ഫ്ളോയിൽ പറഞ്ഞുകൊണ്ടിരിക്കുകയാണ്. വീട് നിർമ്മിക്കുന്നതിനുള്ള അനുമതിക്കുള്ള അപേക്ഷ നൽകിക്കഴിഞ്ഞാൽ വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിൽ കൺസ്ട്രക്ഷൻ മേഖലയിൽ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇനിമുതൽ ഈ മേഖല

ഓൺലൈനിലേയ്ക്ക് മാറ്റുകയാണ്. അതായത് സ്വന്തം വീട്ടിലോ ഓഫീസിലോ ഇരുന്ന് കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകൾ സമർപ്പിക്കാം. ഉടമയുടെ സാന്നിദ്ധ്യം സ്ഥലപരിശോധനാ സമയത്ത് മാത്രം മതിയാകും. അതുവരെ ഉടമകൾക്ക് കെട്ടിട നിർമ്മാണ അനുമതിക്കായി ഓഫീസുകളിൽ കയറിയിറങ്ങി ബുദ്ധിമുട്ടേണ്ട ആവശ്യമില്ല. എയർപോർട്ട്, സി.ആർ.ഇസഡ്, ഫയർഫോഴ്സ് തുടങ്ങിയവയുടെ, പ്രത്യേക അനുമതി ആവശ്യമില്ലാത്ത – എല്ലാ കൺസ്ട്രക്ഷനുകൾക്കുമുള്ള പെർമിറ്റ് 30 ദിവസം കൊണ്ട് നൽകാൻ കഴിയും. 40,000 സ്ക്വയർഫീറ്റിന് മുകളിലുള്ള കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയാണെങ്കിൽ അത് ഡി.റ്റി.പി. വഴി 45 ദിവസത്തിനകവും സി.റ്റി.പി. കാണേണ്ട അപേക്ഷകളാണെങ്കിൽ അതിന് 60 ദിവസത്തിനകവും പെർമിറ്റ് നൽകാൻ കഴിയും.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, കോർപ്പറേഷനും മുനിസിപ്പാലിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമൊക്കെ സി.ആർ.ഇസഡ്. അനുമതിയും പരിസ്ഥിതി അനുമതിയുമൊക്കെ കൊടുക്കേണ്ട ചില കെട്ടിടങ്ങൾക്ക് പിന്നീട് അനുമതി വാങ്ങിക്കൊള്ളാമെന്ന ധാരണയിൽ ബിൽഡിംഗ് നിർമ്മാണത്തിനുള്ള അനുമതി കൊടുത്ത് പണിയുകയാണ്. കെട്ടിടത്തിൽ ഇരുപത്തിയഞ്ചും അമ്പതും നിലകളൊക്കെ ആയതിനുശേഷമാണ് അവർ പരിസ്ഥിതി ക്ലിയറൻസിനുള്ള അപേക്ഷ കൊടുക്കുന്നത്. ഇപ്പോൾത്തന്നെ ഇതുമായി ബന്ധപ്പെട്ട് വലിയ വിവാദങ്ങളുണ്ടാകുകയാണ്. അങ്ങ് ഇപ്പോൾ ഓൺലൈൻ രജിസ്ട്രേഷൻ പറഞ്ഞതുപോലെ, ഇനിയെങ്കിലും സി.ആർ. ഇസഡ്. ക്ലിയറൻസും പരിസ്ഥിതി ക്ലിയറൻസുമൊക്കെ കൊടുക്കേണ്ട കെട്ടിട നിർമ്മാണങ്ങൾക്ക് ആ ക്ലിയറൻസ് കിട്ടിയതിനുശേഷം മാത്രമേ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റിയും കോർപ്പറേഷനുമടക്ക മുള്ള സ്ഥാപനങ്ങളിൽനിന്നും ബിൽഡിംഗ് നിർമ്മാണത്തിനുള്ള അനുമതി കൊടുക്കാവൂ എന്നുള്ള നിർബന്ധമായ നിർദ്ദേശം നൽകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ ഏത് മുനിസിപ്പാലിറ്റിയി ലായിരുന്നാലും കോർപ്പറേഷനിലായിരുന്നാലും പഞ്ചായത്തിലായിരുന്നാലും കെട്ടിടനിർമ്മാണ ലൈസൻസ് കൊടുക്കുന്ന സ്ഥലത്താണ് പലതവണ ഓഫീസുകളിൽ കയറിയിറങ്ങിയും മറ്റും ജനങ്ങളെ ഏറ്റവുമധികം ബുദ്ധിമുട്ടി ക്കുകയും ഏറ്റവും കൂടുതൽ അഴിമതി നടക്കുകയും ചെയ്യുന്നത്. നേരത്തെ തിരുവനന്തപുരം കോർപ്പറേഷനിൽ വൺഡേ പെർമിറ്റുണ്ടായിരുന്നു. വൺഡേ പെർമിറ്റെന്നുപറഞ്ഞാൽ അപേക്ഷ കൊടുത്താൽ അന്നുതന്നെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിനുശേഷം പെർമിറ്റ് കൊടുക്കുകയും അതിനുശേഷം ഇതിന്റെ പരിശോധന നടത്തി അൺആതറൈസ്ഡ് അപേക്ഷയാണെങ്കിൽ നടപടിയെടുക്കുന്ന സ്ഥിതിയുമുണ്ട്. ആ രീതി നടപ്പിലാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൺഡേ പെർമിറ്റ് പല നഗരസഭകളിലും ഇപ്പോഴും നടക്കുന്നുണ്ട്. തിരുവനന്തപുരത്ത് ആ സിസ്റ്റം എന്തുകൊണ്ടാണ് പെട്ടെന്ന് നിർത്തിയതെന്നറിയില്ല. ഇവിടെ ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ പറഞ്ഞ പ്രശ്നം അങ്ങോട്ടുമിങ്ങോട്ടും റിലേറ്റഡാണ്. ചിലപ്പോൾ സി.ആർ.ഇസഡ്. അല്ലെങ്കിൽ മറ്റേതെങ്കിലും അനുമതി വാങ്ങാനായി പോകുമ്പോൾ ആദ്യം ബിൽഡിംഗ് പെർമിറ്റ് വാങ്ങണം, അതിനുശേഷം ബാക്കിയുള്ള അനുമതി നൽകാമെന്ന് പറയും. നമ്മൾ ബിൽഡിംഗ് പെർമിറ്റ് കൊടുക്കുന്ന സമയത്ത് സി.ആർ.ഇസഡ്.-ന്റെയോ മറ്റ് ഏതെങ്കിലും തരത്തിലുള്ള ക്ലിയറൻസോ അതിൽ ഏതാണ്

വേണ്ടതെന്നുള്ളതിനെക്കുറിച്ച് വളരെ കൃത്യമായി എഴുതും. പെർമിറ്റിന്റെ കാര്യത്തിൽ വാശിപിടിക്കാൻ കഴിയില്ല. പെർമിറ്റ് വേണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ക്ലിയറൻസ് കൊടുക്കുകയുള്ളൂവെന്ന് ചിലപ്പോൾ പറയും. ഏതായാലും അതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പരിശോധിക്കാം. എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യാം. കഴിഞ്ഞ ഒന്നുരണ്ട് മാസങ്ങളായി പല നഗരസഭകളിലും ഓൺലൈൻ സംവിധാനം നടത്തിയിട്ടുണ്ട്. എല്ലാ നഗരസഭകളിലും വളരെ വിഗറസായിട്ടുള്ള ട്രെയിനിംഗ് കൊടുത്തു. ഈ മാസം ജൂലൈ മുതൽ ഹാർഡ് കോപ്പിയായിട്ടുള്ള ഒരു ആപ്ലിക്കേഷനുകളും സ്വീകരിക്കില്ല, എല്ലാം ഓൺലൈനായിരിക്കും. അതിലൂടെ ബിൽഡിംഗ്മേഖലയിലുള്ള ഏറ്റവും വലിയൊരു പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ അനധികൃത നിർമ്മാണ ക്രമവൽക്കരണത്തെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും കാര്യമായി മനസ്സിലാക്കേണ്ടത്, ചട്ടങ്ങളിൽനിന്നും വ്യതിചലിച്ച് ബോധപൂർവ്വമോ അല്ലാതെയോ ധാരാളം കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. കുറച്ചു മാസങ്ങൾക്കു മുമ്പ് പരിശോധന നടത്തിയപ്പോൾ, 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽമാത്രം ഇരുപത്തയ്യായിരത്തോളം കെട്ടിടങ്ങൾക്കേ കോർപ്പറേഷനുകൾ യു.എ.(Un Authorised) നമ്പർ നൽകിയിട്ടുള്ളൂ, അതിന് 3 ഇരട്ടി ടാക്സ് പിരിക്കും. ഇതിൽ ചെറിയ ചെറിയ വീടുകൾ മുതൽ വലിയ കെട്ടിടങ്ങൾവരെയുണ്ട്. പക്ഷേ കൂടുതലും ചെറിയ വീടുകളാണ്. ഇതെല്ലാം പൊളിച്ചുകളയുക എന്നുപറയുന്നത് പ്രായോഗികമല്ല. ഒരിക്കലും നമുക്കതിന് കഴിയില്ല. കുറെക്കഴിയുമ്പോൾ ഉദ്യോഗസ്ഥരേയും മറ്റും സ്വാധീനിച്ച് യു.എ.

മാറ്റിക്കളയുകയും അവിടെ പിന്നെ വെറും നമ്പർ മാത്രമായിരിക്കും ഉണ്ടാകുക. അപ്പോൾ റവന്യൂ നഷ്ടം വരുന്നു, അൺആതറൈസ്ഡ് എന്നുള്ളത് ആതറൈസ്ഡായി പോകുന്നു. ഇത് ക്രമീകരിക്കാതെ നിവൃത്തിയില്ലെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിലാണ് വളരെ വലിയ കണ്ടീഷനുകളൊക്കെ വച്ച് നമ്മുടെ സേഫ്റ്റിയിലും സെക്യൂരിറ്റിയിലും എന്തെങ്കിലും വീഴ്ച വരുത്തിയ കെട്ടിടങ്ങൾക്ക് അനുമതി കൊടുക്കാതെ കണ്ടീഷൻ വച്ച് ക്രമവൽക്കരിക്കാൻ തീരുമാനിച്ചത്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിൽ ആകെ രണ്ട് പ്രാവശ്യം മാത്രമാണ് ക്രമവൽക്കരണ ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നത്. 6 മാസങ്ങൾക്കുമുമ്പ് ഈ സർക്കാർ ക്രമവൽക്കരണ ചട്ടങ്ങൾ പുറപ്പെടുവിച്ചെങ്കിലും, ഒരു അപേക്ഷ പോലും ഇതുവരെയും സർക്കാരിലെത്തിയിട്ടില്ല എന്നുള്ളതാണ് സത്യം. കാരണമെന്താണ്? ഫൈൻ വളരെ കൂടുതലായിരുന്നു. പാർക്കിംഗ് വയലേഷൻ, നേരത്തെ 1 ലക്ഷം രൂപ പിഴയുണ്ടായിരുന്നത് ഇപ്പോൾ 5 ലക്ഷം രൂപയാക്കി. മൊബൈൽ ടവറുകൾക്കുള്ള പിഴ 1 ലക്ഷം രൂപയിൽ നിന്ന് 5 ലക്ഷം രൂപയായി ഉയർത്തി. പഴയകാലത്ത് 1 ലക്ഷം രൂപ വാങ്ങിയിട്ടുണ്ടെങ്കിൽ റെഗുലറൈസ് ചെയ്തുകൊടുത്തിരുന്നു. അത് ഇപ്പോൾ 5 ലക്ഷമായി. 1400 സ്ക്വയർഫീറ്റുള്ള വീടുകളിൽ അൺആതറൈസ്ഡായി എന്തെങ്കിലും, അത് മുഴുവനും അൺആതറൈസ്ഡ് എന്നല്ലപറഞ്ഞത്, ചെറിയ വയലേഷനുണ്ടെങ്കിൽ പഴയ കാലത്ത് അതിന് 14,000 രൂപയായി രുന്നു ഫൈൻ. അത് ഇപ്പോൾ 28,000 രൂപയായി ഉയർന്നു. 4200 സ്ക്വയർഫീറ്റുള്ള കെട്ടിടങ്ങൾക്ക് പഴയകാലത്ത് 32 ലക്ഷം രൂപയായിരുന്നത്

ഇപ്പോൾ 45 ലക്ഷം രൂപയായി ഉയർന്നു. കൂടുതൽ വ്യത്യാസം വരുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ഇപ്പോൾ നമുക്കൊരു സി.റ്റി.പി. വിജിലൻസുണ്ട്. മുമ്പുള്ള സി.റ്റി.പി. വിജിലൻസിൽ ഒരാൾ മാത്രമുണ്ടായിരുന്നിടത്ത് ഇപ്പോൾ 16 ആൾക്കാരുണ്ട്. അതുകൊണ്ടുതന്നെ വളരെ വലിയൊരു ചെക്കിംഗ് നടന്നുകൊണ്ടിരിക്കുന്നുണ്ട്. 1 വർഷത്തിനകം എല്ലാ അൺആതറൈസ്ഡ് കൺസ്ട്രക്ഷനുകളും ബുക്ക് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. കെ. മുരളീധരൻ)

ഡൽഹിയിൽ ഒരു പഴയ കെട്ടിടം തകർന്ന് കുറേ ആളുകൾ മരിച്ചുവെന്ന് ഇന്നലെ നമ്മൾ പത്രങ്ങളിലൊക്കെ വായിച്ചു. അത് പലപ്പോഴും ഡൽഹിയിലും ബോംബെയിലുമൊക്കെയുണ്ടാകുന്നു. പഴക്കമുള്ള കെട്ടിടങ്ങൾ ഒട്ടും സുരക്ഷിതമല്ലായെന്നതിന് തെളിവാണ് കഴിഞ്ഞ ദിവസങ്ങളിൽ ചെന്നൈയിലും ഡൽഹിയിലും നടന്ന അപകടങ്ങൾ. നമ്മുടെ സംസ്ഥാനത്തെ നഗരഹൃദയങ്ങളിൽപ്പോലും നൂറ്റാണ്ടുകൾ പഴക്കമുള്ള കെട്ടിടങ്ങളുണ്ട്. ഇത്തരം പഴകിയതും ജീർണ്ണിച്ചതുമായ കെട്ടിടങ്ങൾ പലപ്പോഴും പുതുക്കിപ്പണിയാൻ അനുമതി ലഭിക്കാനിടയില്ല. അടുത്തടുത്തുള്ള ഇത്തരം കെട്ടിടങ്ങളുടെ ഉടമകൾ ഒന്നിച്ചുചേർന്ന് പുതിയ കെട്ടിടം പണിയുന്നതിന് പദ്ധതി സമർപ്പിച്ചാൽ അവർക്ക് ഉപാധികളോടെ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കാൻ സർക്കാർ ആലോചിച്ച് വരുന്നുണ്ട്. അതിലൂടെ പഴയ കെട്ടിടങ്ങൾ ഇല്ലാതാക്കാനും നഗരങ്ങളുടെ മുഖച്ഛായ മാറ്റുന്നതിനും നമുക്ക് കഴിയും. വേറൊന്നുള്ളത്, കേന്ദ്ര

സർക്കാരിന്റെ പദ്ധതികളാണ്. കെ.എസ്.യു.ഡി.പി. 1422 കോടി രൂപയുടെ പദ്ധതികളാണ് കേരളത്തിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ 40 പദ്ധതികൾ പൂർത്തീകരിച്ചു. 33 പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. എ.ഡി.-നിശ്ചയിച്ച ടാർജറ്റ് നേടിയെടുക്കാൻ കഴിഞ്ഞതിനാൽ ഈ വർഷം നമുക്ക് കമ്മിറ്റ്മെന്റ് ചാർജ്ജിനത്തിൽ ഒരു നയാപൈസയയും ചെലവഴിക്കേണ്ടതായി വന്നില്ല. ഇത് വളരെ വലിയൊരു നേട്ടമാണ്. പഴയ കാലങ്ങളിലൊക്കെ എല്ലാ വർഷവും നമ്മൾ കമ്മിറ്റ്മെന്റ് ചാർജ്ജ് കൊടുത്തിരുന്നു. സ്വാതന്ത്ര്യലബ്ധി ക്കുശേഷം കേരളത്തിലാദ്യമായി തിരുവനന്തപുരത്ത് 75 കോടി രൂപ ചെലവിൽ 107 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു മാതൃകാ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞു. ഇത് കേരളത്തിൽ ആദ്യമായുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റാണ്. ഇതേ രീതിയിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ കോഴിക്കോടും എറണാകുളത്തും കൊല്ലത്തും തുടങ്ങുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. കൊല്ലത്തെ അടിപ്പാതയുടെ നിർമ്മാണം കുറേ നാളുകളായി മുടങ്ങിക്കിടന്നിരുന്നതാണ്. അത് പുനരാരം ഭിച്ചു. അടുത്ത ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ കേന്ദ്ര പദ്ധതികളായ JNNURM പദ്ധതിവഴി 919 കോടി രൂപയുടെ കുടിവെള്ള ഖരമാലിന്യ സംസ്ക്കരണ സ്വീവേജ് പദ്ധതികളും ചെറുകിട ഇടത്തരം പദ്ധതികളുടെ വികസനത്തിനുവേണ്ടി UIDSSMT വഴി 409 കോടി രൂപയുടെ കുടിവെള്ള ഖരമാലിന്യ സംസ്ക്കരണ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. വേസ്റ്റ്

മാനേജ്മെന്റിന്റെ കാര്യത്തിൽ ശ്രീ. വി. ശിവൻകുട്ടിയും ഞാനും തർക്കത്തിലേർപ്പെടുമെന്ന് എനിക്കറിയാം. തിരുവനന്തപുരം കോർപ്പറേഷനോട് ചിറ്റമ്മ നയമാണ് കാണിക്കുന്നതെന്ന് ബഹുമാനപ്പെട്ട വി. ശിവൻകുട്ടി പറഞ്ഞു. ചിറ്റമ്മ നയമുണ്ടോ ഇല്ലയോയെന്ന് ബഹുമാനപ്പെട്ട അംഗത്തിനുതന്നെ അറിയാം. അല്ലെങ്കിൽ കോഴിക്കോട് കോർപ്പറേഷന്റെ മേയറോടോ കൊല്ലത്തെ മേയറോടോ ചോദിച്ചാൽ എങ്ങനെയാണ് ഈ സർക്കാർ അവരോട് പെരുമാറുന്നതെന്ന് കൃത്യമായി അറിയാം. ശ്രീ. വി. ശിവൻകുട്ടി, ഒരു പാലമിട്ടാൽ അങ്ങോട്ടും ഇങ്ങോട്ടും ഒരേപോലെ വേണം. അല്ലാതെ ഒരു ഭാഗത്തേയ്ക്കുമാത്രം ട്രാഫിക് ആക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട അങ്ങ് മേയറായിരുന്ന കാലത്തുണ്ടാക്കിയ വിളപ്പിൽശാല പ്ലാന്റ് ആദ്യഘട്ടങ്ങളിലൊക്കെ വളരെ നന്നായിപ്പോയി. കഴിഞ്ഞ കുറേ വർഷങ്ങളായി അവിടെ കൃത്യമായ പ്രോസസ്സിംഗ് നടക്കുന്നില്ല. രണ്ടുലക്ഷം ടണ്ണോളം വേസ്റ്റാണ് കുന്നുകൂടി കിടന്നിരുന്നത്. അവിടെ ലീച്ചെറ്റ് വന്നു. വളരെ വലിയ പ്രശ്നങ്ങളുണ്ടായിരുന്നു. വലിയ വലിയ തടിയൻ ഈച്ചകൾ വന്നു, അതിനു ചുറ്റും ഭയങ്കരമായ ദുർഗന്ധമുണ്ടായി, ചുറ്റുപാടുകളിലൊക്കെ വലിയ പ്രശ്നങ്ങളുണ്ടായി. അങ്ങനെയാണ് അവസാനം ഗത്യന്തരമില്ലാതെ അത് പൂട്ടാൻ സർക്കാർ നിർബന്ധിതമായത്. അത് സർക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തന്നെയാണ്. ഒരു ട്രക്കുപോലും അങ്ങോട്ട് കൊണ്ടുപോകാൻ പറ്റില്ലായെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് അത് പൂട്ടാൻ നിർബന്ധിതമായത്. അരാഷ്ട്രീയവാദികളും തീവ്രവാദി സംഘടനകളും ഈ പ്രശ്നം മുതലെടുത്ത് മറ്റ് പ്ലാന്റുകളിലും ഇതേ രീതിയിലുള്ള പ്രശ്നങ്ങളുണ്ടാക്കി. എറണാകുളത്തും കോഴിക്കോടും മറ്റുള്ള സ്ഥലങ്ങളിലുമൊക്കെ ഒരളവുവരെ നമ്മൾ അത് മാനേജ് ചെയ്തു. പക്ഷേ

തിരുവനന്തപുരത്ത് കാര്യമായ സഹായം കോർപ്പറേഷന്റെ ഭാഗത്തുനിന്ന് കിട്ടിയില്ല. ഈ പ്രശ്നങ്ങൾ വന്നപ്പോൾ, ഇവിടെ രണ്ട് റെയിൽവേ പ്ലാറ്റ് ഫോമുണ്ടാക്കി. രണ്ട് റെയിൽവേ പ്ലാറ്റ് ഫോമുകൾ. ഇത് ഇന്ത്യയിൽത്തന്നെ ആരും ഇതുവരെ ചെയ്തിട്ടില്ലാത്തതാണ്, ലോകത്തിനുതന്നെ മാതൃകയാണ്. ഏകദേശം 700 ടൺ വേസ്റ്റാണ് വേളിയിൽ കൊണ്ടുപോയി നിക്ഷേപിച്ചത്. അത് വളരെ മനോഹരമായ പ്ലാറ്റ്ഫോമാണ്. അതിന് നമ്മുടെ കോർപ്പറേഷൻ സഹായങ്ങളൊന്നും ചെയ്തുതന്നില്ല. അപ്പോൾ മുരുക്കുംപുഴയിലേയ്ക്ക് പോയി. അവിടെയും അത് പറ്റിയില്ല. ചില ജനപ്രതിനിധികളും മറ്റുള്ള ആളുക ളുമൊക്കെവന്ന് അത് നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടു. ഇതുപോലെ 47 പ്ലാറ്റ് ഫോമുകൾ നമുക്ക് ഉണ്ടാക്കാമായിരുന്നു. അതിന് റെയിൽവേ സമ്മതിച്ചതുമാ ണ്. അതിന് നമ്മുടെ കോർപ്പറേഷന്റെവക സഹായങ്ങളൊന്നും ലഭിച്ചിട്ടില്ലാ ത്തതിന്റെ അടിസ്ഥാനത്തിൽ അത് ഒഴിവാക്കി. അപ്പോൾ വലിയ പ്ലാന്റുകൾ കൊണ്ടുവരാൻ തീരുമാനിച്ചു. അങ്ങനെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുമൊക്കെ മുൻകൈയെടുത്തുകൊണ്ട് 35 ടണ്ണിന്റെ പദ്ധതി ചാലയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. 10 മാസമാണ് അതിന്റെ എഗ്രിമെന്റ് കോർപ്പറേഷനിൽ വച്ചിരുന്നത്. അവർ ഒപ്പിട്ട് തന്നില്ല. പല പ്രാവശ്യം റിമൈൻഡ് ചെയ്തപ്പോഴാണ് ഒപ്പിടാതെ കുറേയധികം മാറ്റ ങ്ങൾ വേണമെന്നുപറഞ്ഞ് ആ കടലാസ് തിരിച്ചുതന്നത്. എം.ഒ.യു. ഒപ്പിട്ട കമ്പനി കുറേ വെയ്റ്റ് ചെയ്തു. അവസാനം അവർ തിരിച്ചുപോയി. ഇങ്ങനെ പോകുകയാണെങ്കിൽ ഇത് ശരിയാകില്ല, കൃത്യമായി നടക്കുകയില്ലെന്ന് അവർ പറഞ്ഞു. ഇവിടെയുള്ള വേസ്റ്റ് മാത്രമാണ് ഇടുന്നതെങ്കിൽ പ്ലാന്റ് സ്ഥാപിക്കാമെന്ന് ചാലയിലുള്ള ആളുകളെല്ലാംകൂടി സംഘടിച്ച് പറഞ്ഞു. മറ്റു

ളള സ്ഥലത്തെ വേസ്റ്റ് ഇടണമെങ്കിൽ ഇതുപോലെയുള്ള ഓരോ പ്ലാന്റുകൾ ആരംഭിക്കണമെന്ന് പറഞ്ഞു. എങ്ങനെയാണ് ഇതേ രീതിയിലുള്ള ഓരോ പ്ലാന്റുകൾ എല്ലാ സ്ഥലത്തും നമുക്ക് ആരംഭിക്കാൻ കഴിയുന്നത്? ഇത് ആരംഭിക്കുന്നതിന് കോടിക്കണക്കിന് രൂപയുടെ ചെലവുണ്ട്. അത് ബ്രേക്ക് ഈവനാകണമെങ്കിൽത്തന്നെ ഏകദേശം 100 ടൺ വേസ്റ്റ് വേണം. പക്ഷേ അന്നത്തെ മന്ത്രിമാർ വളരെ താൽപ്പര്യമെടുത്ത് നിർബന്ധപൂർവ്വം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഒരു സാമ്പിൾ എന്നുള്ള നിലയിൽ ഇവിടെ ആരംഭിക്കാൻ ഉദ്ദേശിച്ചത്. പക്ഷേ അതിന് ഇവിടെനിന്ന് സഹായിച്ചില്ല. അതിന്റെ അടിസ്ഥാനത്തിലാണ് അത് പോയത്. അതുകൊണ്ട് നമ്മൾ മനസ്സിലാക്കിയ ഒരു കാര്യം, തിരുവനന്തപുരത്ത് പെട്ടെന്ന് കാര്യങ്ങളൊന്നും നടക്കുന്നില്ല. അപ്പോൾ ഞങ്ങൾ എറണാകുളത്തേയ്ക്ക് ഷിഫ്റ്റ് ചെയ്തു. എറണാകുളത്തുള്ള പ്ലാന്റിന്റെ ആർ.എഫ്.ക്യു. കഴിഞ്ഞു. ഉടനെതന്നെ ആ പ്ലാന്റിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. കേരളത്തിൽ ഒരിടത്തും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ല. ഇന്ത്യയിൽത്തന്നെ ഒന്നോ രണ്ടോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് മാത്രമേയുള്ളൂ. അത് വളരെ ഉപയോഗപ്രദമാണെന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വർക്ക് നമ്മൾ ആരംഭിച്ചു. ആഗസ്റ്റ് മാസത്തോടുകൂടി എറണാകുളത്ത് ആരംഭിച്ച സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനമാരംഭിക്കാൻ കഴിയും. കൊച്ചിയിലും ആരംഭിക്കാൻ പോകുന്നുണ്ട്. അടുത്ത് ആലപ്പുഴയിലാണ് ഉദ്ദേശിക്കുന്നത്. അവിടെ സ്ഥലം ലഭിക്കുകയാണെങ്കിൽ അവിടെയും അല്ലെങ്കിൽ പാലക്കാട് സ്ഥലം തരാമെന്ന് പറഞ്ഞിട്ടുണ്ട്. എവിടെയെങ്കിലും ഒരു സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്കൂടി

ആരംഭിക്കുന്നതാണ്. കുറച്ച് കാലത്തിനിടയിൽ എല്ലാ ജില്ലകളിലും ഓരോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കാനുള്ള പദ്ധതികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. തിരുവനന്തപുരത്ത് പദ്ധതി ഒഴിവാക്കിയതല്ല. അവിടെ ഇപ്പോൾ ആരംഭിച്ചു. നമ്മുടെ സെക്രട്ടറിമാരും ഉദ്യോഗസ്ഥൻമാരും എഞ്ചിനീയർമാരുമൊക്കെ ബാംഗ്ലൂരിലും പൂനയിലുംപോയി രണ്ടുമൂന്ന് പ്ലാന്റുകൾ സന്ദർശിച്ചു. അത് ശരിയാണെന്ന് പറഞ്ഞപ്പോൾ ഞാനും പോയി ആ പ്ലാന്റ് കണ്ടു. എം.എസ്.ഡബ്ല്യു., ലായനി രൂപത്തിലാക്കി മിക്സ് ചെയ്ത് മാവ് രൂപത്തിലാക്കിയിട്ട് അതിൽനിന്ന് ഗ്യാസ് ഉൽപ്പാദിപ്പിക്കുകയാണ്. ആ ഗ്യാസിനെ CNG (Compressed Natural Gas) എന്നാണ് പറയുന്നത്. ഏകദേശം അത് ബയോഗ്യാസ് പ്ലാന്റിൽനിന്ന് കിട്ടുന്നതുപോലെയുള്ള ഗ്യാസ് തന്നെയാണ്. പക്ഷേ അത് രണ്ടോ മൂന്നോ പ്രാവശ്യം സൈക്കിൾ ചെയ്താൽ ക്ലീൻ ചെയ്തിട്ട് എൽ.പി.ജി. വരുന്ന അതേ രീതിയിലുള്ള ബോട്ടിലിലേയ്ക്ക് ഫിൽ ചെയ്ത് ഹോട്ടലുകളിലും വീടുകളിലുമൊക്കെ വിൽപ്പന നടത്തുന്നുണ്ട്. അതേരീതിയിലുള്ള ഒരു പദ്ധതിയുടെ ഇ.ഒ.ഐ. ആയിക്കഴിഞ്ഞു. അതിൽ പന്ത്രണ്ടോളം കമ്പനികൾ പങ്കെടുത്തിട്ടുണ്ട്. അതിലൊന്ന് നമ്മൾ തിരുവനന്തപുരത്ത് ആരംഭിക്കുന്നു. പക്ഷേ അത് കോർപ്പറേഷന്റെ കീഴിലല്ല. പുതുതായി ആരംഭിച്ച ക്ലീൻ കേരള കമ്പനിയുടെ കീഴിലാണ്. അത് നന്നായി വർക്ക് ചെയ്യുകയാണെങ്കിൽ കോർപ്പറേഷന് ഭാവിയിൽ ഹാൻഡ് ഓവർ ചെയ്യാം. അതല്ലാതെ കോർപ്പറേഷന് ഏൽപ്പിക്കുകയാണെങ്കിൽ ഒരു സംശയവുമില്ല, പിന്നെയും കോർപ്പറേഷൻ അതിൽ എന്തെങ്കിലും തെറ്റുകൾ കാണും. അത് നല്ല രീതിയിൽ മുന്നോട്ട്

കൊണ്ടുപോകില്ല. അപ്പോൾ ഞങ്ങൾതന്നെ അത് നിർമ്മിച്ച് പൂർത്തീകരിച്ച് നല്ല രീതിയിൽ പോകുകയാണെങ്കിൽ അവർക്ക് ഹാൻഡ് ഓവർ ചെയ്യാം.

ബഹുമാനപ്പെട്ട. വി. ശിവൻകുട്ടി പറഞ്ഞതുപോലെ ചിറ്റമ്മ നയമൊന്നുമില്ല. എൽ.ഇ.ഡി. ലൈറ്റുകളെ സംബന്ധിച്ചുള്ള രേഖയിൽ പോലും അവർ ഒപ്പിട്ടു തന്നിട്ടില്ല. കോഴിക്കോട് നഗരസഭയും കൊല്ലം നഗരസഭയും മറ്റുള്ള പല നഗരസഭകളും ഒപ്പിട്ടു. ആലപ്പുഴയുടെ കാര്യം അഡ്വാൻസായി തീരുമാനിച്ചിട്ടുണ്ട്. ഓരോ മെമ്പർമാർ പറഞ്ഞ കാര്യം കൂടി പറഞ്ഞിട്ട് ഞാൻ അവസാനിപ്പിക്കാം. പട്ടിശല്യത്തെക്കുറിച്ച് ഞാൻ ഇന്നലെ സൂചിപ്പിച്ചതാണ്. ഇതിനുവേണ്ടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. അതിനുള്ള സഹായങ്ങൾ അവർ ചെയ്തുതരാമെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണൻ സംസാരിച്ചപ്പോൾ സ്ഥലം വിട്ടു തരുന്നവർക്ക് പ്രത്യേക ആനുകൂല്യം നൽകണമെന്ന് പറഞ്ഞിരുന്നു. അത് സർക്കാരിന്റെ പരിഗണനയിലാണ്. പല പ്രാവശ്യം പി.ഡബ്ല്യു.ഡി.-യുമായി ചർച്ച ചെയ്തതാണ്. അത് പെട്ടെന്നുതന്നെ തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പെൻഷൻ ഫണ്ട് 70 കോടി രൂപയാണ് കഴിഞ്ഞ വർഷം സർക്കാർ നൽകിയത്. ഇനിയും കുറച്ചുകൂടി ആവശ്യമുണ്ടെന്ന് എല്ലാ നഗരസഭകളും പറയുന്നുണ്ട്. അതുകൂടി ഗവൺമെന്റിന്റെ സജീവമായ പരിഗണനയിലാണ്. ബഹുമാനപ്പെട്ട കെ. രാജു എഞ്ചിനീയർമാർ ഇല്ലാത്ത പ്രശ്നത്തെക്കുറിച്ചാണ് പറഞ്ഞത്. ഇതുസംബന്ധിച്ച കേസ് കോടതിയിൽ നിലവിലുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, 47 ആളുകളുടെ പ്രൊമോഷനുമായി ബന്ധപ്പെട്ടുള്ള ഒരു കേസാണ് നിലവിലുള്ളത്. അതുകൊണ്ടാണ് ഇത് ഫിൽ ചെയ്യാൻ സാധിക്കാത്തത്. ഉടൻതന്നെ പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശ്രീ. സി. എഫ്.

തോമസ് പറഞ്ഞത് സർവ്വീസ് പ്രൊവൈഡേഴ്സിനെക്കുറിച്ചാണ്. അങ്ങനെ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ കൃത്യമായി പരിശോധിക്കുന്നതാണ്. പുതിയതായി ആരംഭിച്ച ക്ലീൻ കേരള കമ്പനിയിൽ ഒരു ടെക്നിക്കൽ ടീമിനെ ഞങ്ങൾ നിയമിച്ചിട്ടുണ്ട്. ഏതെങ്കിലും മുൻസിപ്പാലിറ്റികൾക്കോ കോർപ്പറേഷനുകൾക്കോ ആവശ്യമുണ്ടെങ്കിൽ അവരുടെ സർവ്വീസ് ഉപയോഗിക്കാം. എന്തെങ്കിലും ഒരു പ്രശ്നം വരികയാണെങ്കിൽ ക്ലീൻ കേരള കമ്പനിയോട് ഫോൺ ചെയ്ത് പറഞ്ഞാൽ മതിയാകും. ഇന്നാണ് പ്ലാൻ ഫണ്ടിനുള്ള ലാസ്റ്റ് ഡേറ്റ് എന്ന് പറയുകയുണ്ടായി. രണ്ടാഴ്ച കൂടി അത് നീട്ടാനുള്ള നിർദ്ദേശം നൽകുന്നതാണ്. ശ്രീ. കെ. അച്ചുതൻ പറഞ്ഞത് സ്പെഷ്യൽ ഗ്രാന്റ് വേണമെന്നാണ്. അങ്ങയുടെ മുൻസിപ്പാലിറ്റിക്ക് 50 ലക്ഷം രൂപ രണ്ടുവർഷം മുമ്പ് സ്പെഷ്യൽ ഗ്രാന്റായി നൽകിയിട്ടുണ്ട്. അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിയിൽ ആവശ്യപ്പെട്ട തുക മുഴുവൻ കൊടുത്തിട്ടുണ്ട്. ഇനി തുക എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഒരു സംശയവുമില്ല, അത് നൽകുന്നതാണ്. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) പറഞ്ഞത് അദ്ദേഹത്തിന്റെ പഞ്ചായത്തിനെക്കുറിച്ചും മുൻസിപ്പാലിറ്റിയെക്കുറിച്ചുമാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പും ഈ വിഷയത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ശ്രീ. ബെന്നി ബെഹനാൻ അദ്ദേഹത്തിന്റെ പ്രദേശത്തെ മെട്രോ ടൗണാക്കണമെന്നാണ് ആവശ്യപ്പെട്ടത്. ഇതും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. ഒരു സംശയവുമില്ല, പഞ്ചായത്തുകളുടെ സാമ്പത്തിക വരുമാനവും പോപ്പുലേഷനും കണക്കുകൂട്ടി ശരിയാകുകയാണെങ്കിൽ കുറച്ചു പഞ്ചായത്തുക്കളെ നഗരസഭകളാക്കാനുള്ള തീരുമാനം സർക്കാരിനുണ്ട്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, പന്തളം നഗരസഭയുമായി ബന്ധപ്പെട്ട് അങ്ങ് തന്ന ഉത്തരം പഞ്ചായത്ത് ഭരണസമിതിയുടെ കാലാവധി തീരുന്ന മുറയ്ക്ക് പന്തളത്തെ നഗരസഭയാക്കാമെന്നാണ്. അതിനെ സംബന്ധിച്ചുകൂടി വ്യക്തമാക്കണം.

<u>ശ്രീ. മഞ്ഞളാം കുഴി അലി</u> : സർ, പന്തളത്തെ നഗരസഭയാക്കണമെന്ന് വളരെ താല്പര്യത്തോടുകൂടി അവിടെയുള്ള എല്ലാ ആൾക്കാരും കക്ഷി രാഷ്ട്രീയത്തിനതീതമായി ആവശ്യപ്പെട്ടിരിക്കുകയാണ്. മാത്രമല്ല അതൊരു പിൽഗ്രിം സിറ്റിയാണ്. അപ്പോൾ സ്വാഭാവികമായും അത് വളരെ സജീവമായ പരിഗണനയിലാണ്. ഇതുകഴിഞ്ഞാൽ അതിനെക്കുറിച്ച് ഒരു തീരുമാനമെടുക്കാം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, കൊട്ടാരക്കരയെ വർഷങ്ങൾക്കു മുമ്പുതന്നെ മുൻസിപ്പാലിറ്റി ആക്കാനുള്ള എല്ലാ സൗകര്യങ്ങളും വന്നിട്ടുള്ളതാണ്. തീർച്ചയായിട്ടും അത് ഇത്തവണ വരുമോ ഇല്ലയോ എന്നുള്ള കാര്യം അങ്ങ് വ്യക്തമാക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഏറ്റവും ആവശ്യമുള്ള ഒരു പഞ്ചായത്താണ് കൊട്ടാരക്കര. ഒരു സംശയവുമില്ല, അതുണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശ്രീ. കെ. ദാസൻ, മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ഒരാളാണ്. അദ്ദേഹം പറഞ്ഞത് രാത്രി കാലങ്ങളിൽ വേസ്റ്റ് ക്ലീനിംഗ് നടത്ത രുത് എന്നാണ്. രാത്രിയിലാണ് ലോകം മുഴുവൻ ഇത് നടത്തിക്കൊണ്ടിരിക്കു ന്നത്. വിദേശരാജ്യങ്ങളിൽ പകൽസമയങ്ങളിൽ വേസ്റ്റ് കാണാറില്ല. രാത്രി പത്തു മണി ആയതിനുശേഷം അത് മൂവ് ചെയ്യാൻ തുടങ്ങും. അതേ രീതിയി ലുള്ള ഒരു പദ്ധതി ഇവിടെ നടത്തണം. പക്ഷേ, അതിന് നമ്മളെല്ലാവരും ഒരു മിച്ച് തയ്യാറായെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. അല്ലെങ്കിൽ ഇത് പറഞ്ഞ

ഉടനെ നാളെമുതൽ ഇവിടെ സമരമായിരിക്കും. ഉള്ളത് തന്നെ നിലച്ചു പോകും. അതുകൊണ്ട് എല്ലാവരും കൂടി സഹകരിച്ചാൽ ഒരു സംശയവുമില്ലാതെ നമുക്കത് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. ഡോ. ടി. എം. തോമസ് ഐസക്, അതുപോലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ധാരാളം ആൾക്കാർ ഇവിടെയുണ്ട്. എനിക്ക് പറയാനുള്ളത് പഴയ 73, 74 അമന്റ്മെന്റോടുകൂടി എല്ലാ അധികാരങ്ങളും നഗരസഭകൾക്ക് കൊടുത്തിട്ടുണ്ട്. പക്ഷേ, അതിൽ കുറെയധികം പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അവർക്ക് കിട്ടിയ അധികാരം കൃത്യമായി ഉപയോഗിക്കാൻ പറ്റാത്ത ഒരു രീതിയിലാണ്. വലിയ വലിയ പദ്ധതികൾ കെ.എസ്.യു.ഡി.പി. പദ്ധതികൾ, കേന്ദ്രസർക്കാരിന്റെ പദ്ധതികൾ, മെയിന്റനൻസ് ഇതൊന്നും അവർക്കൊരിക്കലും ചെയ്യാൻ കഴിയില്ല. ഈ കാര്യങ്ങളൊക്കെ സംബന്ധിച്ച് കൃത്യമായി എല്ലാവരും കൂടി ആലോചിക്കണം. അല്ലാതെ എഴുതിവച്ചിട്ട് കാര്യമില്ല. വേസ്റ്റിനെക്കുറിച്ച് എഴുതി വച്ചിരുന്നത് നഗരസഭകളുടെ സ്വത്താണെന്നാണ്. വേസ്റ്റ് സ്വത്തായി എല്ലാവരും ചെലവഴിക്കാതെ അവിടെ കൂട്ടിവച്ചിരിക്കുകയാണ്. ഇതിന് ഒരു പരിഹാരം കാണണം. ഒരു എസ്.പി.വി. ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി....... കേന്ദ്ര സർക്കാരിന്റെ ഹൗസിംഗുമായി ബന്ധപ്പെട്ട ധാരാളം പദ്ധതികളുണ്ട്. 4000 കോടി രൂപയുടെ ആർ.എ.വൈ. പദ്ധതി ഇപ്പോൾ അടുത്തുവരികയാണ്. അത് നടപ്പിലാക്കാൻവേണ്ടി ബി.എസ്.യു.പി.-യുടെ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ അത് നല്ല രീതിയിൽ പോകുന്നില്ല എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥനാത്തിൽ എസ്.പി.വി. പ്രാവർത്തികമായിട്ടുണ്ട്. അതൊരിക്കലും നഗരസഭയുടെ ഒരധികാരവും കവർന്നെടുക്കുന്നില്ല. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് അത് എത്രയും പെട്ടെന്നു തന്നെ നടത്താൻ വേണ്ടിയാണ്. അതുകൊണ്ട് ഒരു വലിയ ചർച്ച

ആവശ്യമാണ്. അതിൽ എന്തെങ്കിലും കൃത്യമായി ഒരു വ്യത്യാസത്തിൽ ഉണ്ടാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇത് പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക്, സംസാരിച്ചപ്പോൾ എല്ലാവരും കൂടുതൽ സമയം എടുത്തു. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയുമ്പോൾ എല്ലാവരും അസ്വസ്ഥരാവുകയാണ്. സമയം കൂടുതൽ എടുക്കുന്നതനുസരിച്ച് മന്ത്രിമാർക്ക് മറുപടി പറയാനുണ്ടാകും. ഇങ്ങനെ അധികം അസ്വസ്ഥരാകരുത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഞാൻ അധിക സമയം എടുക്കുന്നില്ല. ഇവിടെ ഏറ്റവും പ്രധാനമായും വന്ന കാര്യങ്ങൾ ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്നുള്ളതാണ്. ഇത് യാഥാർത്ഥ്യമാക്കാൻ കഴിയുമോ; ഇതൊരു വെല്ലുവിളിയായി ഏറ്റെടുക്കാൻ സാധിക്കുമോ? ഇപ്പോൾ പൈപ്പുവഴിയുള്ള വെള്ളം കൊടുക്കുന്നത് 30 ശതമാനമേയുള്ളൂ. ഇത് 100 ശതമാനമാക്കുക എന്നുള്ളത് വളരെ ശ്രമകരമായ ജോലിയാണെന്ന് അറിയാം. എങ്കിലും ഇപ്പോൾ 1247 പദ്ധതികളാണ് കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ളത്. 30 ശതമാനം ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 1391.7 കോടി രൂപയുടെ 74 പദ്ധതികൾ പൂർത്തികരിച്ചു. ഈ സർക്കാരിന്റെ കാലയളവിൽതന്നെ 'മിഷൻ 676'-ൽ ഉൾപ്പെടുത്തി വലുതും ചെറുതുമായ 184 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ 83 ലക്ഷം ജനങ്ങൾക്ക്

അധികമായി പ്രയോജനം ലഭിക്കുന്നതാണ്. ഇതുകൂടാതെ ജലനിധി, ഭൂഗർഭ ജലവകുപ്പ് തുടങ്ങിയവയുടെ പത്തുലക്ഷം രൂപയ്ക്കുള്ള പദ്ധതികളുമുണ്ട്. ഇത്രയും പദ്ധതികൾ പൂർത്തീയാകുമ്പോൾ 60 ശതമാനം ജനങ്ങൾക്ക് വെള്ളം ലഭിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1934 കോടി രൂപയുടെ 345 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ സ്കീമിൽ ഉൾപ്പെടുത്തി 1146 കോടി രൂപയ്ക്കുള്ള 138 പദ്ധതികളും നബാർഡിൽപ്പെട്ട 421 കോടി രൂപയ്ക്കുള്ള 73 പദ്ധതികളും സ്റ്റേറ്റ് പ്ലാനിൽപ്പെട്ട 253 കോടി രൂപയ്ക്കുള്ള പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ കുറെ പദ്ധതികൾ 2017–18–ഓടുകൂടി മാത്രമേ പൂർത്തിയാകുകയുള്ളൂ. അതുംകൂടി പൂർത്തിയാകുമ്പോൾ 70 ശതമാനം ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതുപോലെ ആളോഹരി വിഹിതവും കൂടും. ബാക്കിയുള്ള 30 ശതമാനം ഗവൺമെന്റിന്റെ ഒരു ആഗ്രഹമാണ്...

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, പമ്പയിലെയും അച്ചൻ കോവിലിലെയും വെള്ളം കൂടെ ജയലളിത മദ്രാസിലേയ്ക്ക് തട്ടികൊണ്ടുപോകാനുള്ള ശ്രമം നടത്തികൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോ? പുതിയ പ്രധാനമന്ത്രിക്ക് അവർ നിവേദനം കൊടുത്തിരിക്കുകയാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് എന്ത് നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. പി. ജെ. ജോസഫ്: ജലസേചനത്തെക്കുറിച്ച് പറയുന്ന സമയത്ത് അതുസംബന്ധിച്ച് പറയാം. നമ്മുടെ എം.എൽ.എ.–മാർ, ജനപ്രതിനിധികൾ

ഓരോ പഞ്ചായത്തും വാട്ടർ സപ്ലൈ സ്ക്കീം ഏറ്റെടുക്കണമെന്നാവശ്യപ്പെടാറുണ്ട്. എസ്.എൽ.എസ്.എസ്.സി (സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷണിംഗ് കമ്മിറ്റി)–യിൽ ഉൾപ്പെടുത്തണമെന്നുള്ള ആവശ്യം ഉന്നയിക്കാറുണ്ട്. അത് ചെയ്യണമെങ്കിൽ സർവ്വേ നടത്തി അതിനുള്ള എഞ്ചിനീയറിംഗ് പ്ലാൻ തയ്യാറാക്കിയിരിക്കണം. അപ്പോൾ ഇനി കുടിവെള്ളം കിട്ടാത്ത മേഖലകൾ ഏതൊക്കെയാണെന്ന് തിട്ടപ്പെടുത്തി, അവിടെ സ്ഥലലഭ്യത ഉറപ്പുവരുത്തി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രോജക്ട് ഡിവിഷനുകീഴിലുള്ള ഐ.പി.ഡി. യൂണിറ്റിൽ നിലവിലുള്ള സ്റ്റാഫിനെ ഉപയോഗിച്ചും – അവർക്ക് മുഴുവൻ പൂർത്തിയാക്കാൻ പറ്റില്ല, ബാക്കി ഔട്ട്സോഴ്സ് ചെയ്തും സർവ്വേ നടത്തി പ്രോജക്ടുകൾ തയ്യാറാക്കുന്നതാണ്. കേരളത്തിലാകെ കുടിവെള്ളമെത്തിക്കാനുള്ള ബൃഹത്തായ ഒരു പദ്ധതി രൂപകൽപ്പന ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി മുൻകാലങ്ങളിൽ ഒന്നുമുതൽ രണ്ടുവർഷംവരെ സമയമെടുത്ത ടെണ്ടർ നടപടികൾ പൊതുവെ മൂന്നുമാസമായി ചുരുക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ പദ്ധതികളിൽ ശുദ്ധജലം ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രധാന ഘടകങ്ങളായ ഇൻടേക്ക് വെൽ, റോവാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണികൾ എന്നിവ ടെണ്ടർ ചെയ്ത് മുന്നോട്ട് നീങ്ങിയതിനുശേഷമെ പൈപ്പുകളിടാൻ പാടുള്ളൂ എന്ന തീരുമാനമെടുത്തിട്ടുണ്ട്. പൈപ്പിട്ട് വളരെക്കാലം വേസ്റ്റാക്കുന്നു എന്നുള്ള ആക്ഷേപം ഒഴിവാക്കാനാണിത്. എന്നാൽ വാട്ടർ പ്രൊഡക്ഷന്റെ വർക്കുകൾ പൂർത്തിയാകുന്നതോടുകൂടി പൈപ്പുലൈനുകളും പൂർത്തിയാകുകയെന്നുള്ളതാണ്. ഗ്രാമീണപ്രദേശങ്ങളിൽ സുരക്ഷിതമായി കുടിവെള്ളമെത്തിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഗ്രാന്റോടെ ആരംഭിച്ച

രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി 2009 മുതൽ 'നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാം' എന്നറിയപ്പെടുന്നു. ഗ്രാമീണ മേഖലയിലെ ജന ങ്ങളിലൊരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയി ലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്യുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാല ത്ത്, അഞ്ചുവർഷക്കാലഘട്ടത്തിൽ മേൽപ്പറഞ്ഞ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിക്ക് 456.6 കോടി രൂപയുടെ സ്റ്റേറ്റ് ലെവൽ സ്കീം സാങ്ഷണിംഗ് കമ്മിറ്റിയുടെ അംഗീകാരം കിട്ടിയിരുന്ന സ്ഥാനത്ത് ഈ സർക്കാരിന്റെ ആദ്യ മൂന്നുവർഷക്കാലയളവിനുള്ളിൽ 1145 കോടി രൂപയുടെ അടങ്കൽ തുക യ്ക്കുള്ള 138 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കേരള സർക്കാ രിന്റെ ഗ്രാമീണ കുടിവെള്ള മേഖലയിലെ പ്രവർത്തന മികവിന്റെ അംഗീകാര മായാണ് കേന്ദ്ര ഗവൺമെന്റ് 2012–13–ൽ 100 കോടി രൂപ ബോണസ്സായി വാട്ടർ അതോറിറ്റിക്ക് നൽകിയത്. അതുപോലെ 2013–14–ലും 67 കോടി രൂപ നമ്മുടെ പെർഫോമൻസിന്റെ അടിസ്ഥാനത്തിൽ ബോണസ്സായി നൽകു കയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് സഹാ യത്തോടുകൂടി 20 പദ്ധതികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. ജല ച്ചോർച്ച തടയുന്നതിന്റെ ഭാഗമായി പഴയതും ഉപയോഗശൂന്യമായതുമായ പൈപ്പുകൾ മാറ്റുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 339 കോടി രൂപയുടെ പണികൾ ഏറ്റെടുത്തതിൽ കുറെ പൂർത്തിയാ ക്കി, കുറെ നടന്നുകൊണ്ടിരിക്കുന്നു. എപ്പോഴും പരാതിയുണ്ടായിരുന്ന അരു വിക്കരമുതൽ പേരൂർക്കടവരെയുള്ള പൈപ്പ്ലൈൻ 13 മാസക്കാലംകൊണ്ട് വളരെ വലിയൊരു പദ്ധതി, കോൺക്രീറ്റ് പൈപ്പ് 100 കൊല്ലത്തേക്ക് പൊട്ടില്ലെ ന്നുറപ്പുള്ള എം.എസ്. പൈപ്പാക്കി മാറ്റിയിട്ടുണ്ട്. അതിനുശേഷം നമുക്ക

തിൽനിന്നും ലഭിക്കുന്ന ജലത്തിന്റെ അളവും കൂടുകയുണ്ടായി. അതുപോലെതന്നെ പ്രധാനപ്പെട്ട ഒരു കാര്യം ഒരു പൈപ്പ് പോളിസി ഉണ്ടാക്കി എന്നുള്ളതാണ്. കോൺക്രീറ്റ് പൈപ്പും എ.സി. പൈപ്പുമാണ് എപ്പോഴും പൊട്ടുന്നത്. ഈ രണ്ട് പൈപ്പുകളും ഇനി വാങ്ങേണ്ട എന്ന തീരുമാനമെടുത്തു. അതുപോലെ നഗരപ്രദേശങ്ങളിൽ കുടിവെള്ള പദ്ധതികളിൽ പൈപ്പിന്റെ ഏറ്റവും കുറഞ്ഞ വ്യാസം 150 എം.എം. ആയും ഗ്രാമപ്രദേശങ്ങളിൽ 80 എം.എം. ആയും നിജപ്പെടുത്തിയിട്ടുണ്ട്. ഈ പോളിസിമൂലം അടങ്കൽ തുക വർദ്ധിക്കുമെങ്കിലും പൈപ്പുകളുടെ ഗുണനിലവാരം വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഇനിമുതലിടുന്ന പൈപ്പുകൾ പൊട്ടരുത് എന്നുള്ളൊരു തീരുമാനത്തോടുകൂടിയാണ് ഇരട്ടിത്തുക ചെലവാകുമെങ്കിലും ഇത്തരത്തിലുള്ളൊരു തീരുമാനമെടുത്തത്. അതുപോലെതന്നെ ഈ രീതിയിൽ കുടിവെള്ള പദ്ധതികൾ സംസ്ഥാനത്ത് മൊത്തത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നു. ജല അതോറിറ്റിയുടെ സേവനം ജനങ്ങളിലേയ്ക്ക് ഏറ്റവും സൗകര്യപ്രദമായി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റിയുടെ ഏത് കൗണ്ടറിലും പോസ്റ്റോഫീസുകളിലും ജനസേവന – അക്ഷയ കേന്ദ്രങ്ങളിലും പണമടയ്ക്കാനുള്ള സൗകര്യം ലഭ്യമാണ്. കൂടാതെ ഓൺലൈൻ സൗകര്യവും ബാങ്ക് അക്കൗണ്ടുവഴിയുള്ള ഇ.സി.എസ്. സൗകര്യവും പണമടയ്ക്കാനായി ഒരുക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് പുതിയ കണക്ഷൻ എടുക്കുന്നതിനുള്ള നടപടിക്രമം ലഘൂകരിച്ചതിന്റെ ഭാഗമായി സബ്ഡിവിഷൻ ഓഫീസിൽനിന്നും സെക്ഷൻ ഓഫീസിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വെള്ളക്കരം കുടിശ്ശിക പരാതികൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഈ വർഷംമുതൽ അദാലത്തു

കൾ സംഘടിപ്പിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും നടത്തുന്ന അദാലത്തുകളിൽ വെള്ളക്കരം സംബന്ധിച്ചുള്ള പരാതികൾ തീർപ്പാക്കുന്നതാണ്. അതായത്, ഇപ്പോൾ 16 ലക്ഷം കണക്ഷനെന്നുള്ളത് ഈവർഷം പുതിയതായി 4.19 ലക്ഷം കണക്ഷനുകൾകൂടി നൽകുന്നതാണ്. ജപ്പാൻ ബാങ്കിന്റെ സഹായത്തോടു കൂടി നടപ്പാക്കുന്ന പദ്ധതികളിൽ **ആലപ്പുഴ**–ചേർത്തല പദ്ധതിയെ സംബ ന്ധിച്ച് കുറെ പരാതികളുണ്ട്. 18 പഞ്ചായത്തുകളിലെ പഴയ പൈപ്പുലൈനു കൾ മാറ്റണമെന്നുള്ള ആവശ്യമുന്നയിച്ചിരുന്നു. അതിന് പദ്ധതി അവതരി പ്പിച്ച് 60 കോടി രൂപ നബാർഡിൽനിന്നും നമുക്ക് കിട്ടി. ആ വർക്കുകളെല്ലാം ഇപ്പോൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 60 കോടി രൂപ 18 പഞ്ചായത്തുകളിലേക്കു വേണ്ടി മാറ്റിവച്ചിട്ടുണ്ട്. ചേർത്തല മുനിസിപ്പാലിറ്റിയിലേയും പഴയ പൈപ്പു കൾ മാറ്റാനുള്ള തുക അനുവദിച്ചിട്ടുണ്ട്. ജപ്പാൻ ബാങ്കിന്റെ സഹായത്തോടു കൂടി ഏറ്റവും വലിയ പദ്ധതിയായ കോഴിക്കോട് പദ്ധതിയുടെ അടങ്കൽത്തുക 805 കോടി രൂപയാണ്. ഈ പദ്ധതിയുടെ ഭാഗമായി 174 എം.എൽ.ഡി. ശേഷിയുള്ള ആധുനിക ശുദ്ധീകരണശാലയും 20 ശുദ്ധജല സംഭരണികളും 1859 കി.മീറ്റർ ദൈർഘ്യമുള്ള വിതരണ ശൃംഖലയുമുൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ പണികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2014 സെപ്റ്റംബർ മാസത്തോടുകൂടി ഭാഗികമായും 2015 മാർച്ച് അവസാനത്തോടെ പൂർണ്ണമായും കമ്മിഷൻ ചെയ്യാൻ കഴിയുന്നതാണ്. UIDSSMT-ലെ കാര്യ ങ്ങൾ എന്റെ സുഹൃത്തിവിടെ സംസാരിച്ചുകഴിഞ്ഞു. അതിൽ പെരിന്തൽമണ്ണ പദ്ധതി കമ്മിഷൻ ചെയ്തു. ഇനിയുള്ള അഞ്ചുപദ്ധതികൾ സംബന്ധിച്ച് വേഗത പോരായെന്നുള്ള ആക്ഷേപമുണ്ടെങ്കിലും ആലപ്പുഴ, ഒറ്റപ്പാലം, ഗുരു വായൂർ, ചാവക്കാട്, കൽപ്പറ്റ, ചിറ്റൂർ, തത്തമംഗലം – ഈ പദ്ധതികൾ വളരെ

വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. JNNURM, UIDSSMT പദ്ധതികളിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കൊച്ചി കോർപ്പറേഷനുകളിലും 15 മുനിസിപ്പാലിറ്റികളിലുമായി 2384 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. അത് വീണ്ടും പുതിയ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി മുന്നോട്ടുനീങ്ങുന്നതാണ്. അതുപോലെ കൊച്ചി കോർപ്പറേഷനിൽ മരട് മുനിസിപ്പാലിറ്റി, കുമ്പളങ്ങി, ചെല്ലാനം എന്നീ പഞ്ചായത്തുകളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമായി ഏറ്റെടുത്ത 2009–ൽ പ്രവൃത്തി ആരംഭിച്ച 201 കോടി രൂപയുടെ ജൻറം പദ്ധതി പൂർത്തീകരണഘട്ടത്തിലാണ്. അത് 2014 ഒക്ടോബർ മാസത്തോടെ കമ്മീഷൻ ചെയ്യും. കുട്ടനാട് പ്രദേശത്തെ കുടിവെള്ള പരിഹാരത്തിനായുള്ള പദ്ധതി, നീരേറ്റുപുറത്ത് അതിന്റെ ശുദ്ധീകരണശാല ഉദ്ഘാടനം ചെയ്തു. ബാക്കി സ്ഥലത്തേക്കുള്ള പൈപ്പുലൈനുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുക യാണ്. ജലസേചനത്തെ സംബന്ധിച്ചാണ് ഇനി പറയാനുള്ളത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ശുദ്ധജല വിതരണത്തെക്കുറിച്ചാണ്. ഇൻവെസ്റ്റിഗേഷൻ വിംഗ് ഫലത്തിലിപ്പോഴില്ല. ഇൻവെസ്റ്റിഗേഷനെ പ്രോജക്ടുമായി ലയിപ്പിച്ചു. പക്ഷേ പ്രോജക്ടുമായി ലയിപ്പിച്ചപ്പോൾ ഇൻവെസ്റ്റിഗേഷനിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല ഇതുവരെ കൊടു ത്തിട്ടില്ല. ഇക്കാര്യത്തെക്കുറിച്ച് അങ്ങേയ്ക്ക് ഞാൻ കത്ത് തന്നിരുന്നു. ഇൻവെസ്റ്റിഗേഷൻ പ്രോജക്ടിന്റെ കീഴിൽത്തന്നെ നിൽക്കട്ടെ. അപ്പോൾ ഇൻവെസ്റ്റിഗേഷൻ വിംഗിന് പ്രത്യേക ചുമതല കൊടുത്തില്ലെങ്കിൽ വളരെ വ്യാപകമായ പ്രശ്നങ്ങളുണ്ടാകും. ഒരു ഡി.ഐ.ആർ.–ഉം എസ്.എൽ.എസ്. എസ്.സി.–ക്ക് കൊടുക്കാൻ കഴിയാതെ വരും.

ശ്രീ. പി. ജെ. ജോസഫ്: ഐ.പി.ഡി. യൂണിറ്റിനെക്കൊണ്ടുതന്നെ ഇൻവെസ്റ്റിഗേഷൻ ചെയ്യിക്കുന്നതാണ്. അതുപോലെതന്നെ പൂർത്തിയാക്കാൻവേണ്ടി ഔട്ട്സോഴ്സിംഗും ചെയ്യുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പൈപ്പ് പോളിസിയെക്കുറിച്ചിവിടെ പറയുകയുണ്ടായി. അതിൽ പഴക്കംചെന്ന പല പ്രോജക്ടുകളുമുണ്ട്. റിസോഴ്സുകളിൽ വെള്ളത്തിന്റെ കുറവൊന്നുമില്ല. പൈപ്പ്ലൈൻ കൊടുത്തുകഴിഞ്ഞാൽ അവസാനഭാഗംവരെ വെള്ളം കിട്ടാനുള്ള സോഴ്സുണ്ട്. പക്ഷേ പഴയ പൈപ്പുകളായതുകൊണ്ട്, ഉദാഹരണമായി നാട്ടിക പ്രോജക്ട് വളരെ പ്രസ്റ്റീജിയസ് പ്രോജക്ടായിരുന്നു. അതിന്റെ എക്സ്പാൻഷൻ പലതും നടന്നിട്ടുണ്ടെങ്കിലും അവിടെനിന്ന് വെള്ളം ഫുൾഫോഴ്സിൽ വിടാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അതിന്റെ മെയിൻ പൈപ്പ്ലൈൻ ഉൾപ്പെടെയുള്ള പൈപ്പ്ലൈനുകൾ മാറ്റിയാൽ മാത്രമേ നടക്കുകയുള്ളൂ. അങ്ങ് പറഞ്ഞതുപോലെയുള്ള പൈപ്പാണ് അവിടെയുള്ളത്. ഇന്ന് മതിലകത്തെ ജനങ്ങൾ എഞ്ചിനീയറെ തടഞ്ഞുവച്ചിരിക്കുകയാണ്. അപ്പോൾ ആ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി പൈപ്പ് പോളിസിയുടെ ഭാഗമായി എല്ലാ പൈപ്പുകളും റീപ്ലേസ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ്: സർ, ഈ സർക്കാർ വന്നതിനുശേഷം പുതുതായി ആവിഷ്ക്കരിച്ചതാണ് റീപ്ലെയ്സ്മെന്റ് പദ്ധതി. ഇതിനായി 386 കോടിരൂപ അനുവദിച്ചു. അതുകൊണ്ട് എല്ലാ പദ്ധതികളും ആയിട്ടില്ല. ശ്രീ. വി. എസ്. സുനിൽകുമാർ സൂചിപ്പിച്ച നാട്ടിക പ്രോജക്ടിന്റെ കാര്യം

പ്രത്യേകമായി പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ, ഈ വിഷയം എഴുതിത്തരണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, പൈപ്പ് റീപ്ലെയ്സ്മെന്റ് പദ്ധതി അങ്കമാലി മുനിസിപ്പാലിറ്റിയിൽ അനുവദിച്ചിട്ടില്ല.

ശ്രീ. പി.ജെ. ജോസഫ്: സർ, പൈപ്പ് റീപ്ലെയ്സ്മെന്റിന്റെ ഭാഗമായി അങ്കമാലി മുനിസിപ്പാലിറ്റിക്ക് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ ആകെ 95 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഈവർഷം മഴ ഇതിനോടകംതന്നെ 24 ശതമാനം കുറവാണെന്നാണ് കണ്ടിരിക്കുന്നത്. ഒഴുകിപ്പോകുന്ന വെള്ളം നഷ്ടപ്പെടാതിരിക്കാൻവേണ്ടി തടയണകൾ നിർമ്മിക്കുക എന്നുള്ളതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 72 തടയണകൾ പൂർത്തിയാക്കിയിട്ടുണ്ട്. 142 ചെക്ക് ഡാമുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. വരൾച്ചാപ്രതിരോധത്തിന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സ് ശക്തിപ്പെടുത്തുന്നതിന് 183 ചെക്കുഡാമുകളുടെ പണികൾക്കായി 106 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയുൾപ്പെടെ 8 തടയണകളുണ്ട്. കാസർഗോഡ് ജില്ലയ്ക്ക് ഒരു പദ്ധതിയും ഇല്ലെന്ന് പറയുന്നത് ശരിയല്ല. അവിടെയുള്ള രാമങ്കയം പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. കൃഷ്ണൻ: സർ, തടയണകളുടെ കാര്യം പറഞ്ഞപ്പോൾ, പയ്യന്നൂർ മണ്ഡലത്തിൽ മൂന്നുവർഷമായി തോക്കാട്, കരിങ്കുഴി പോലുള്ള ചെറിയ നാല് പ്രോജക്ടുകൾ സമർപ്പിച്ചെങ്കിലും ഇതുവരെ ഭരണാനുമതി ലഭി

ച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജലവിഭവവകുപ്പുമന്ത്രിയെ മൂന്നുനാലുപ്രാവശ്യം ഞാൻ വന്നുകണ്ടതാണ്. ഇതെല്ലാംതന്നെ മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട ചെറിയ പദ്ധതികളാണ്.

ശ്രീ. പി.ജെ. ജോസഫ്: സർ, ഒരുകോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്ക് ഡിസൈൻ വേണമെന്നുള്ളതുകൊണ്ട് ഐ.ഡി.ആർ.ബി.-ക്ക് പോയതാണോ എന്നുള്ളകാര്യം പരിശോധിക്കുന്നതാണ്. ഇക്കാര്യം പ്രത്യേകം പരിഗണിക്കാം.

ജലസേചന വകുപ്പിൽ പ്രോജക്ടുകൾ തീരുന്നില്ല എന്നുള്ളത് സംബന്ധിച്ച് ശ്രീ. ജി. സുധാകരൻ സൂചിപ്പിക്കുകയുണ്ടായി. അത് വളരെ കഴമ്പുള്ളതാണ്. അവ പൂർത്തിയാക്കുന്നതിന് വളരെ കാലതാമസമെടുത്തിട്ടുണ്ട്. പല പദ്ധതികളും മുടങ്ങിക്കിടക്കുകയാണ്. രണ്ട് മേജർ പ്രോജക്ടുകളായ ഇടമലയാർ പ്രോജക്ടിലും മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിലും കുറച്ചുപുരോഗതി ഇത്തവണ ഉണ്ടായിട്ടുണ്ട്. മിസ്സിംഗ് ലിംഗ്സ് തീർക്കാനായി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിൽ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ചിറ്റൂർ താലൂക്കിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ചുള്ളിയാർ ഡാം നിറയ്ക്കുന്നതിനുവേണ്ടി 2005-ൽ നാല് ഭാഗങ്ങളായി തിരിച്ച് പണിയാരംഭിച്ച പലകപ്പാണ്ടി ഡൈവേർഷൻ സ്കീമിന്റെ മൂന്നുഭാഗങ്ങളുടെയും പണി പൂർത്തിയായിട്ടുണ്ട്. നാലാമത്തെ ഭാഗത്തിന്റെ പണി അവസാന ഘട്ടത്തിലുമാണ്.

കാവേരി ട്രിബ്യൂണലിന്റെ ഭാഗമായുള്ള പദ്ധതിയിൽ പട്ടിശ്ശേരിയിൽ ഒരു ഡാം ഇതിനോടകംതന്നെ ടെണ്ടർ ചെയ്തിട്ടുണ്ട്. കബനി ബേസിനിൽ ലഭ്യമായിരിക്കുന്ന വെള്ളം ഉപയോഗപ്പെടുത്തുന്നതിന് 9 പുതിയ പദ്ധതിക

ളുടെ സാധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ട്. പനമരം–മാനന്തവാടി –നൂൽപ്പുഴ–ബാവലി എന്നീ പുഴകളിലും അവയുടെ സബ്സ്ട്രീമുകളിലും റെഗുലേറ്റർ നിർമ്മിച്ച് 10 ടി.എം.സി. വെള്ളം ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് പ്രാഥമിക പഠനങ്ങളിൽനിന്നും മനസ്സിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഒട്ടനവധി കർഷകർക്ക് പ്രയോജനം ലഭിക്കുന്ന, മൂലത്തറ വലതു കനാലിന് 30 കോടി രൂപയുടെ ഭരണാനുമതി ഉണ്ട്. അതിന് അളഗിരി സ്വാമിചെട്ടിയാരുടെ 70 സെന്റ് ഭൂമി കിട്ടാത്തതായിരുന്നു തടസ്സം. ഇന്നതിന് അനുമതി കിട്ടിയിരിക്കുന്നു. അതിന്റെ പശ്ചാത്തലത്തിൽ, ഏറ്റവും വേഗത്തിൽ പണികൾ ആരംഭിക്കുന്നതാണ്. ബാവിക്കര റെഗുലേറ്ററിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബാവിക്കര റെഗുലേറ്റർ പുനരാവിഷ്ക്കരി ക്കണമെന്നുള്ള അഭിപ്രായമുണ്ടായി. കാസർഗോഡ് ജില്ലയിലെ ബാവിക്കര റെഗുലേറ്റർ ഏറ്റവും പ്രധാനപ്പെട്ട ഒന്നായതിനാൽ ക്യാബിനറ്റിൽ പ്രത്യേക തീരുമാനമെടുത്താണ് അനുവാദം കൊടുത്തത്. ഉപ്പുവെള്ളം തടയുന്നതി നുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയും കൂടിയാണിത്. അത് ഏറ്റവുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഉപ്പുവെള്ളം തടയുന്നതിന് എറണാകുളം ജില്ലയിൽ പാതാളം റെഗുലേറ്റർ–കം–ബ്രിഡ്ജിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് ഏറ്റവും വേഗത്തിൽ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുകയും പണികൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

തിരുവനന്തപുരം നഗരത്തിലെ വെള്ളക്കെട്ടിനെ സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി സൂചിപ്പിക്കുകയുണ്ടായി. കരമനയാർ, കിള്ളിയാർ എന്നീ പ്രദേശ ങ്ങളെയെല്ലാം ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ പഠനം നടത്തുന്നതിനായി

റൈറ്റ്സിനെ ചുമതലപ്പെടുത്തിട്ടുണ്ട്. ബൃഹത്തായ രണ്ട് പദ്ധതികൾ - ഒന്ന്, വെള്ളപ്പൊക്കം തടയാൻ- 600 കോടി രൂപയുടെ പദ്ധതിയും; രണ്ട്, മലിനീകരണം തടയാൻ - 444 കോടി രൂപയുടെ പദ്ധതിയും തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

മറ്റൊരു പ്രധാന വിമർശനമുണ്ടായത് കുട്ടനാട് പാക്കേജിനെ സംബന്ധിച്ചാണ്. ഈ പാക്കേജ് വേണ്ടത്ര രീതിയിൽ പുരോഗതി പ്രാപിച്ചിട്ടില്ല എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല, എന്നാൽ കുറച്ചു മാറ്റങ്ങളുണ്ടായിട്ടുണ്ട്. വൈക്കം നിയോജകമണ്ഡലത്തിൽ 28 കോടിരൂപ ചെലവഴിച്ച് കരിയാർ ബണ്ടിന്റെ പണി ആരംഭിച്ച്, പൂർത്തിയാക്കി ഉദ്ഘാടനവും ചെയ്തു. തണ്ണീർമുക്കം ബണ്ടിന് 181 കോടി രൂപയുടെ സെൻട്രൽ പോർഷന്റെ നിർമ്മാണം എഗ്രിമെന്റുവച്ച് പണി ആരംഭിച്ചു. കോടതിയിൽ കേസ് ഉണ്ടായിരുന്നു, ഇപ്പോൾ അത് മാറി പണികൾ മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. എ.സി. കനാലിന്റെ ഒരു റീച്ചിനുള്ള പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 376 വർക്കുകൾ കുട്ടനാട് മേഖലയിൽ ടെണ്ടർ ചെയ്തപ്പോൾ ആകെ 12 കരാറുകാരാണ് മുന്നോട്ടുവന്നത്. കല്ലിന്റെ ദൗർലഭ്യമാകാം, അങ്ങനെയുള്ള ചില പ്രായോഗിക പ്രശ്നങ്ങളുണ്ട്. പാടശേഖര കമ്മിറ്റികൾ അത് ഏറ്റെടുത്ത് നടത്താൻ കഴിയുമോ എന്നുള്ളത് സംബന്ധിച്ച് ആലോചന നടന്നുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് നമുക്ക് വളരെയേറെ കാര്യമായി പ്രവർത്തിക്കേണ്ടതുണ്ട് എന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദി സംയോജന പദ്ധതി കേന്ദ്ര സർക്കാർ ദേശീയ പദ്ധതികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും കേരളം ഇതിനെ ശക്തിയായി എതിർത്തിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പ്രത്യേക കോൺഫറൻസിൽ ഈവിഷയം ഉന്നയിച്ചിരുന്നു. ആ കാലത്ത് നമ്മൾ ഒരു വാട്ടർ സ്റ്റഡി റിപ്പോർട്ട് സമർപ്പിച്ചു. പമ്പ-അച്ചൻകോവിൽ അധിക ജലമില്ല എന്ന് ഐ.ഐ.ടി., ഡൽഹിയുടെ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞപ്പോൾ, അന്ന് തമിഴ്നാട് സർക്കാർ യാതൊരു ഒബ്ജക്ഷനും പറഞ്ഞിരുന്നില്ല. ആ നിലയിൽ ആ ചർച്ച ക്ലോസ് ചെയ്തിരിക്കുകയാണ്. ഇനി പുതുതായി ഉന്നയിച്ചുവന്നാൽ അതിനെ എങ്ങനെ നേരിടണമെന്നുള്ളത് നമുക്ക് നോക്കാവുന്നതാണ്.

<u>ശ്രീ. എ.കെ. ബാലൻ</u>: 2012-ൽ ഇങ്ങനെയൊരു രൂപത്തിൽ സുപ്രീംകോടതിയുടെ പരാമർശം വന്നപ്പോൾ നമ്മൾ ഇതിൽ ഇടപെടണ്ടെ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 2012-നുശേഷമാണ് ഈ ചർച്ച നടന്നത്. ഈ വിഷയം ഒരു ഹൈ ലെവൽ മീറ്റിംഗിൽ ചർച്ചചെയ്തപ്പോൾ ഇതുമായി മുന്നോട്ട് പോകില്ലെന്ന് അന്നത്തെ കേന്ദ്രമന്ത്രി പറയുകയുണ്ടായി. ഇനി പുതുതായി ഉന്നയിച്ചാൽ നമുക്കതിനെ നേരിടേണ്ടതായിട്ടുണ്ട്. .........ഞാൻ ഒരു വിഷയംകൂടി പറഞ്ഞിട്ട് ഇരിക്കാം.

<u>മി. സ്പീക്കർ</u>: എല്ലാവരുംകൂടി എഴുന്നേറ്റാൽ മന്ത്രി എങ്ങനെയാണ് മറുപടി പറയുന്നത്?

ശ്രീ. പി. ജെ. ജോസഫ്: സർ, കേരള തീരത്ത് പല ഭാഗത്തും വർഷാവർഷം രൂക്ഷമായ കടലാക്രമണമാണ് അനുഭവപ്പെടുന്നത്. ഇതുമൂലം ഒട്ടനവധി റോഡുകളും വീടുകളും വൈദ്യുതിയും കുടിവെള്ള വിതരണവും തകരാറിലാകുന്നു. ധാരാളം ആളുകളെ മാറ്റി പാർപ്പിക്കേണ്ടതായും വരുന്നു. ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാകേണ്ടതാണ്. മദ്രാസ് ഐ.ഐ.ടി. പഠനം നടത്തി പ്രോജക്ട് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴയിൽ ഒരു പ്രോജക്ടിന് നബാർഡിൽനിന്ന് അടുത്തകാലത്ത് സാംഗ്ഷൻ ലഭിച്ചിരുന്നു. പഠനം നടത്താതെ പ്രോജക്ട് കൊടുത്താൽ അനുവാദം ലഭിക്കാറില്ല. അതുകൊണ്ട് ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിനും നബാർഡിനുമായി പ്രോജക്ട് തയ്യാറാക്കി കൊടുക്കണം. ഏറ്റവും രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ കണക്കെടുത്തപ്പോൾ തിരുവനന്തപുരത്ത് 15 കിലോ മീറ്റർ, കൊല്ലത്ത് 14 കിലോ മീറ്റർ, ആലപ്പുഴ 20 കിലോ മീറ്റർ, എറണാകുളം 10 കിലോ മീറ്റർ, തൃശ്ശൂർ 12 കിലോ മീറ്റർ, മലപ്പുറം 14 കിലോ മീറ്റർ, കോഴിക്കോട് 15 കിലോ മീറ്റർ, കണ്ണൂർ 10 കിലോ മീറ്റർ, കാസർഗോഡ് 7 കിലോ മീറ്ററുമായി ആകെ 117 കിലോ മീറ്റർ പ്രദേശത്താണ് നമ്മൾ അടിയന്തരമായി ഇടപെടേണ്ടത്. ഇതിന് ഡി.പി.ആർ. തയ്യാറാക്കാൻ ഐ.ഐ.ടി. യെക്കൊണ്ട് പഠനം നടത്തേണ്ടതായിട്ടുണ്ട്. അവർ 1 കിലോമീറ്ററിന് 5 ലക്ഷം രൂപയാണ് പഠനത്തിനുവേണ്ടി ചാർജ് ചെയ്യുന്നത്. ഇതിനായി 585 ലക്ഷം രൂപ ആവശ്യമായി വരും. ഇത് പ്രത്യേകമായി മന്ത്രിസഭയിൽ ചർച്ച ചെയ്ത് അടിയന്തരമായി 585 ലക്ഷം രൂപ അനുവദിപ്പിക്കാം എന്നാണ് ഞാൻ കരുതുന്നത്. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇതിനോട് യോജിക്കും

എന്ന് ഞാൻ കരുതുന്നു. പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് സമർപ്പിച്ചാൽ മാത്രമേ കേന്ദ്ര ഗവൺമെന്റിൽനിന്ന് സാംഗ്ഷൻ ലഭിക്കുകയുള്ളൂ. ബൃഹത്തായ മറ്റ് പദ്ധതികളെ സംബന്ധിച്ച് പിന്നീട് ആലോചിക്കാം. കടലാക്രമണ നിയന്ത്രണത്തിന് കുറച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 18 കോടി രൂപ പ്രത്യേകമായി ...........(മൈക്ക് ഓഫ്) ........... അത് സഫിഷ്യന്റല്ല. അന്ന് കിട്ടിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മിക്കവാറും ജില്ലകൾക്ക് ഓരോ കോടി രൂപ ........... ഇതൊരു സ്ഥായിയായ പരിഹാരമാണെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് മൈനർ ഇറിഗേഷന്റെ വർക്കുമായി ബന്ധപ്പെട്ട് പല പ്രോജക്ടുകളെക്കുറിച്ചും ഇവിടെ വിവരിക്കുകയുണ്ടായി. മൈനർ ഇറിഗേഷൻ വർക്കിന് കൊല്ലം ജില്ലയിൽ തുകയൊന്നും മാറ്റിവച്ചിട്ടില്ല. ഈസ്റ്റ് കല്ലടയിലെ ചിറ്റുമല ചിറ വലിയൊരു പ്രോജക്ടാണ്. ഏറ്റവും കൂടുതൽ ഇറിഗേഷൻ വർക്കുള്ള കുന്നത്തൂർ മണ്ഡലത്തിലും ചവറ, ഇരവിപുരം, പുനലൂർ, ചടയമംഗലം തുടങ്ങി ഒരു മണ്ഡലത്തിനും ഇറിഗേഷൻ വർക്കിന് തുകയൊന്നും മാറ്റിവച്ചിട്ടില്ല.

ശ്രീ. പി.ജെ. ജോസഫ്: സർ, ഈ പരാതി പ്രത്യേകം പരിശോധിക്കാം.

ശ്രീ. എം. വി ശ്രേയാംസ് കുമാർ: സർ, മുഖ്യമന്ത്രി നിയമസഭയിൽ നൽകിയ മറുപടിയിൽ വയനാട് ജില്ലയിൽ കുറെയധികം ഇറിഗേഷൻ പ്രോജക്ട് ആരംഭിക്കുന്നതായി പറയുകയുണ്ടായി. വയനാട്ടിൽ കാരാപ്പുഴ പദ്ധതി തുടങ്ങിയിട്ട് ഒരു സെന്റ് ഭൂമിപോലും ഇറിഗേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. കാവേരി വാട്ടർ ഡിസ്പ്യൂട്ട്സ് ട്രിബ്യൂണൽ അവാർഡിന്റെ ഭാഗമായി ഫലഭൂയിഷ്ഠമായ പ്രദേശങ്ങളിൽ ഇത്തരം ഡാമുകൾ വരികയും ............ ഇതിന്റെ ഡിമാന്റ് വരുന്നത് കൃഷി വകുപ്പിൽനിന്നാണോ ഇറിഗേഷൻ വകുപ്പിൽനി

ന്നാണോ? ഇറിഗേറ്റ് ചെയ്യപ്പെടേണ്ട ഏരിയ തീരുമാനിക്കുന്നത് കൃഷി വകുപ്പല്ലേ? അതുകൊണ്ട് വയനാട് പോലുള്ള ജില്ലയിൽ കൂടുതൽ ഡാമുകൾ വരുന്നതിന്റെ ഔചിത്യം മനസിലാകുന്നില്ല. അങ്ങനെയൊരു പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ ദോഷവശങ്ങൾ പരിഗണിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. സി. കെ. സദാശിവൻ: സർ, കുട്ടനാട് പാക്കേജിന്റെ ഭാഗമായുള്ള ഓണാട്ടുകര പാക്കേജ് 252 കോടി രൂപയുടെ പ്രോജക്ടാണ്. 12 വാട്ടർ ഷെഡുകളായി തിരിച്ചാണ് ജലനിർഗമന പദ്ധതികൾ അവിടെ നടപ്പാക്കുന്നതിനുവേണ്ടി പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒറ്റ വർക്കുപോലും ടെണ്ടർ ചെയ്തിട്ടില്ല. ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മി. സ്പീക്കർ: പ്ലീസ്......... ഇന്ന് റംസാൻ മാസം ആരംഭിച്ച ദിവസമായതിനാൽ നേരത്തെ സഭ പിരിയേണ്ടതായിട്ടുണ്ട്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഓണാട്ടുകര, തുറവൂർ, പട്ടണക്കാട് പ്രദേശത്തെ തോടുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണത്തിന് കുറെ വർക്കുകൾ ടെണ്ടർ ചെയ്തു. ................ പൂർത്തിയായിട്ടില്ല എന്നത് ശരിയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, എന്റെ പ്രസംഗത്തിൽ ഒരു കാര്യം ഞാൻ സൂചിപ്പിച്ചിരുന്നത് പമ്പ–അച്ചൻകോവിൽ–വൈപ്പാർ സംബന്ധമായി ഇന്റർലിങ്കിങ് ഓഫ് പെനിൻസുലാർ റിവേഴ്സിനെക്കുറിച്ച് തമിഴ്നാട് മുഖ്യമന്ത്രി കുമാരി ജയലളിത സെൻട്രൽ ഗവൺമെന്റിന് ഒരു മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. 27–02–2012-ൽ യൂണിയൻ മിനിസ്റ്റർക്ക് കൊടുത്ത മെമ്മോറാണ്ടത്തിൽ

Formation of the Committee- special committee for the implementation

of the interlinking of rivers എന്നാണ് കമ്മിറ്റി ഫോർമേഷനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. അതിന് കൗണ്ടറായി എന്ത് കാര്യമാണ് സംസ്ഥാന ഗവൺമെന്റ് പറഞ്ഞിട്ടുള്ളത് എന്നത് പറയണം. ഇത് വളരെ സുപ്രധാനമായ കാര്യമാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ വിഷയം ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചോദിച്ചതിന് മറുപടിയായി ഞാൻ പറഞ്ഞിരുന്നു. ഈ വിഷയം ഒരു ഹൈലെവൽ കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നു. അന്ന് തമിഴ്നാട് സർക്കാർ ഒബ്ജക്ഷനൊന്നും പറഞ്ഞിരുന്നില്ല. ആ നിലയിൽ അത് ക്ലോസ് ചെയ്തിരിക്കുകയാണ്. ഇനി അങ്ങനെ ഉന്നയിച്ചാൽ പ്രത്യേകമായി ശ്രദ്ധിക്കാം.

മി. സ്പീക്കർ: അങ്ങ് വൈൻഡ് അപ് ചെയ്യണം.

ശ്രീ. പി. ജെ. ജോസഫ്: സർ, പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും മുന്നോട്ട് വച്ചിട്ടുള്ള വിലപ്പെട്ട നിർദ്ദേശങ്ങൾക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, ശ്രീ. എം. ചന്ദ്രൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക

2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ

48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u> 57

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീ. ജെയിംസ് മാത്യു
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോസ് തെറ്റയിൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ

34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. വി. ശിവൻകുട്ടി
51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
52. ശ്രീ. ജി. സുധാകരൻ
53. ശ്രീ. വി. എസ്. സുനിൽകുമാർ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ഡോ. ടി. എം. തോമസ് ഐസക്
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 72 |
| പ്രതികൂലിക്കുന്നവർ | : | 57 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. എ.കെ. ബാലൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള

32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ

62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ: </u>57

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ

18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീ. ജെയിംസ് മാത്യു
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോസ് തെറ്റയിൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി

48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. വി. ശിവൻകുട്ടി
51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
52. ശ്രീ. ജി. സുധാകരൻ
53. ശ്രീ. വി. എസ്. സുനിൽകുമാർ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ഡോ. ടി. എം. തോമസ് ഐസക്
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

അനുകൂലിക്കുന്നവർ : 72

പ്രതികൂലിക്കുന്നവർ : 57

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശ്രീ. കെ. ദാസൻ, ശ്രീ. എം. ഹംസ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2014-15 സാമ്പത്തിക

വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 72

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. കുമാരി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. പി. എ. മാധവൻ
34. ശ്രീ. സി. മമ്മൂട്ടി
35. ശ്രീ. കെ. എം. മാണി
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. മോൻസ് ജോസഫ്
39. ശ്രീ. സി. പി. മുഹമ്മദ്
40. ശ്രീ. ആര്യാടൻ മുഹമ്മദ്
41. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
42. ഡോ. എം. കെ. മുനീർ
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
45. ശ്രീ. ഉമ്മൻ ചാണ്ടി
46. ശ്രീ. അടൂർ പ്രകാശ്
47. ശ്രീ. റ്റി. എൻ. പ്രതാപൻ
48. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

49. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
50. ശ്രീ. രമേശ് ചെന്നിത്തല
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ഷാഫി പറമ്പിൽ
57. ശ്രീ. കെ. എം. ഷാജി
58. ശ്രീ. എൻ. ഷംസുദ്ദീൻ
59. ശ്രീ. ആർ. സെൽവരാജ്
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള
68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ:</u> 57

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്

5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. ബാബു എം. പാലിശ്ശേരി
7. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. എം. ചന്ദ്രൻ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. വി. ചെന്താമരാക്ഷൻ
13. ശ്രീ. കെ. ദാസൻ
14. ശ്രീ. ബി. ഡി. ദേവസ്സി
15. ശ്രീ. സി. ദിവാകരൻ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീ. ജെയിംസ് മാത്യു
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. കെ. കെ. ജയചന്ദ്രൻ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോസ് തെറ്റയിൽ
25. ശ്രീ. എളമരം കരീം
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
30. ശ്രീമതി കെ. കെ. ലതിക
31. ശ്രീ. മാത്യു റ്റി. തോമസ്
32. ശ്രീ. കെ. കെ. നാരായണൻ
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. പുരുഷൻ കടലുണ്ടി

35. ശ്രീ. കെ. രാധാകൃഷ്ണൻ
36. ശ്രീ. പി. റ്റി. എ. റഹീം
37. ശ്രീ. ആർ. രാജേഷ്
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. സി. കെ. സദാശിവൻ
44. ശ്രീ. സാജു പോൾ
45. ശ്രീമതി കെ. എസ്. സലീഖ
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. വി. ശശി
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. ബി. സത്യൻ
50. ശ്രീ. വി. ശിവൻകുട്ടി
51. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
52. ശ്രീ. ജി. സുധാകരൻ
53. ശ്രീ. വി. എസ്. സുനിൽകുമാർ
54. ശ്രീ. കെ. സുരേഷ് കുറുപ്പ്
55. ഡോ. ടി. എം. തോമസ് ഐസക്
56. ശ്രീ. ഇ. കെ. വിജയൻ
57. ശ്രീ. കെ. വി. വിജയദാസ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | : | 72 |
| പ്രതികൂലിക്കുന്നവർ | : | 57 |
| നിഷ്പക്ഷത പാലിക്കുന്നവർ | : | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂലൈ മാസം 1–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.03–ന് പിരിഞ്ഞു.)

*************